❑Kozhikode ❑Volume No: 3 ❑Issue No: 2 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

2024
ഏപ്രിൽ 1
വിഷുപ്പതിപ്പ്



## അഭിരാമിനെ അനുഗ്രഹിച്ചത്
# പ്രധാനമന്ത്രി മോദി

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം



Tension
Fullstop
Celebration
Nonstop
Kerala's Best Water Theme Park
Fantasy Park
The Water World
MALAMPUZHA, PALAKKD
Malampuzha, Palakkad
+91 85890 60633




It's Not Fantasy
It's Snow Fantasy
SNOW FANTASY
-10°C
INDIA'S FINEST SNOWPARK
HILITE MALL, KOZHIKODE
BROOKEFIELDS MALL, COIMBATORE
FIZA BY NEXUS MALL, MANGALURU

യോഗക്ഷേമസഭ
# സ്വസ്തി
ത്രൈമാസിക



യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5126 ചൈത്രം കൊല്ലവർഷം 1199 മേടം വസന്ത ഋതു

**2024 April 1 ❑Kozhikode ❑Volume No: 3 ❑Issue No: 2 ❑email: swasthitrimonthly@gmail.com ❑website: swasthi.org**

**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ
മൊബൈൽ: 9072383651

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ
മൊബൈൽ: 9895621493

**പ്രിന്റർ ആന്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471

**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611

**പരസ്യം & സർക്കുലേഷൻ:**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

**മാനേജിംഗ് കമ്മിറ്റി:**
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9447136571
ജനറൽ മാനേജർ
താമരക്കുളം ദിവാകരൻ 9447337337

**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600

**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674

**കസ്റ്റമർ കെയർ:**
മൊബൈൽ: 9495369337

# പ്രധാനമന്ത്രിയുടെ സന്ദർശനം

നമ്പൂതിരിമാരെ സംബന്ധിച്ച് കഴിഞ്ഞ മാസം ചില നല്ല വാർത്തകളുണ്ടായി. അതിലൊന്ന് തൃശൂർ ബ്രഹ്മസ്വം മഠവുമായി ബന്ധപ്പെട്ടതാണ്. അവിടത്തെ ഏറ്റവും പ്രായം കുറഞ്ഞ ഉണ്ണിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ശിരസ്സിൽത്തൊട്ട് അനുഗ്രഹിച്ചു. ഇരിങ്ങാടപ്പിള്ളി മന്യ്ക്കൽ അഭിരാമിനെ.

അഭിരാം വേദം പഠിക്കുന്ന ഉണ്ണിയാണ്. പ്രധാനമന്ത്രിയുടെ മുന്നിൽ നടത്തിയ വേദഘോഷം അദ്ദേഹത്തെ വിസ്മയിപ്പിച്ചു. ഈ ചെറു പ്രായത്തിൽ സ്ഫുടമായി വേദം ചൊല്ലുന്നു. അതും സ്വരത്തോടു കൂടി. പുതു തലമുറയിലെ പലരും വേദത്തോടു പുറം തിരിഞ്ഞു നിൽക്കുമ്പോൾ അഭിരാം നല്ലൊരു മാതൃകയായി.

കേരളത്തിൽ വേദാദ്ധ്യയനം നടത്തുന്ന അപൂർവം പാഠശാലകളിലൊന്നാണ് തൃശൂർ ബ്രഹ്മസ്വം മഠം. കേരളസന്ദർശനത്തിനിടയിൽ അവിടത്തെ കുട്ടികളെയും അദ്ധ്യാപകരെയും കാണാൻ പ്രധാനമന്ത്രി ഇങ്ങോട്ടു താല്പര്യപ്പെടുകയായിരുന്നു. ബ്രഹ്മസ്വം മഠത്തിന് കേന്ദ്രഗവർമ്മെന്റിൽ നിന്ന് സഹായങ്ങൾ ലഭ്യമാവാൻ ഈ താല്പര്യം ഇട വരുത്തുമെന്ന് നമുക്ക് ആശിക്കാം.

പ്രധാനമന്ത്രിയെ തൃപ്രയാറിലേക്ക് ക്ഷണിച്ചത് തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം തന്ത്രി തരണനല്ലൂർ നമ്പൂതിരിപ്പാടാണ്. അയോദ്ധ്യയിലെ പ്രാണപ്രതിഷ്ഠക്കു മുമ്പ് കേരളത്തിലെ പ്രധാനപ്പെട്ട ഈ രാമക്ഷേത്രം സന്ദർശിക്കാനുള്ള അവസരം പ്രധാനമന്ത്രി കയ്യോടെ സ്വീകരിക്കുകയായിരുന്നു.

തരണനല്ലൂർ നടത്തിയ പോലുള്ള ഇടപെടൽ യോഗക്ഷേമ സഭക്ക് മാതൃകയാക്കാവുന്നതാണ്. കേരളത്തിലെ ബ്രാഹ്മണസമുദായം നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുകയും പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്ന നല്ലൊരു പഠന റിപ്പോർട്ട് സമർപ്പിക്കുകയാണെങ്കിൽ അത് പരിഗണിക്കപ്പെടുമെന്ന് തീർച്ച. ആ വഴിക്കാവട്ടെ നമ്മുടെ ശ്രമങ്ങൾ.

പതിവു പോലെ മികവിനു വേണ്ടി ഇത്തവണയും ശ്രമിച്ചിട്ടുണ്ട്. അതിലൊന്നാണ് ആദ്യത്തെ വിധവാ വിവാഹത്തിലെ നങ്ങേമ എഴുതിയ കുറിപ്പുകൾ. തൊണ്ണൂറു വർഷം മുമ്പ് നടന്ന ആ സംഭവം അനുഭവസ്ഥയുടെ പേനത്തുമ്പിലൂടെ മലയാളത്തിൽ ആദ്യമായി അച്ചടി മഷി പുരളുകയാണ്. അതിന് ഭാഗ്യം ലഭിച്ചത് സ്വസ്തിക്കാണ് എന്ന് അറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്.

ഏവർക്കും വിഷു ആശംസകളോടെ.

പത്രാധിപർ

Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
**Vol No:3 Issue No: 2 Registration Number : KERMAL/2022/83817**

# വിവാഹ വാർഷികാശംസകൾ



2024 ഏപ്രിൽ 3 ന് 37 -ാം
വിവാഹ വാർഷികം
ആഘോഷിക്കുന്ന

**താമരക്കുളം ദിവാകരൻ നമ്പൂതിരിയും മീരയും**



*ആശംസകളോടെ....*

മക്കൾ: **വിഷ്ണുപ്രസാദ്, ഡോ. തുളസി**
മരുമക്കൾ: **ദേവിപ്രിയ, ഡോ കേശവൻ**
പേരക്കുട്ടികൾ: **നിവേദ് വിഷ്ണു, ധ്രുവ് ദിവാകരൻ.**

**കവിത**
**കണിക്കൊന്ന**
ഉണ്ണിക്കൃഷ്ണൻ വാകയാട്ടില്ലം 07



**പ്രാണപ്രതിഷ്ഠ കണ്ട നമ്പൂതിരി**
**രാമല്ലൂര് നിന്ന് രാംലല്ലയിലേക്ക്**
കൃഷ്ണദാസ് മുടുവമ്പുറം 08



**സ്വസ്തി എക്സ്ക്ലൂസീവ്**
**ആദ്യ ഭർത്താവിന്റെ പിണ്ഡത്തിന്റെ അന്നാണ് ഞാൻ ഗർഭിണിയാണെന്നറിഞ്ഞത്**
ഉമ എന്ന നങ്ങേമ അന്തർജനം 12



**കഥ**
**സെൻസെക്സ് ഇതുവരെ** ഉമാദേവി വി.ജെ. 22

**തൃപ്രയാർ ശ്രീരാമനെ കണ്ട പ്രധാനമന്ത്രി**
**ആ ഫോൺ കോൾ വന്നത് പ്രധാനമന്ത്രിക്കു വേണ്ടി**
വടക്കുമ്പാട് പശുപതി നമ്പൂതിരി 26

**പ്രധാനമന്ത്രിയെ കണ്ട അഭിരാം**
**പ്രധാനമന്ത്രി എന്നോട് പേരു ചോദിച്ചു**
അഭിരാം ഇരിങ്ങാടപ്പിള്ളി 30



**അറിയേണ്ട അന്തർജനം**
**സ്നേഹം ചുരത്തുന്നോരമ്മ**
പാലേലി മോഹൻ 32



**ബ്രഹ്മസ്വം മഠത്തിൽ ABCD എത്തിച്ച ആൾ**
വെങ്ങല്ലൂർ സതീശൻ 37

**നെഹ്റുവിനെ കണ്ട കഥ പറഞ്ഞ അച്ചോൾ**
നിവേദിത വി.എം. 41



**അറിയേണ്ട നമ്പൂതിരി**
**ഒന്നും എന്റെ മിടുക്കല്ല'** ഒ.എൻ.രാജേഷ് 42

**കുടുംബം**
**എന്റെ പ്രേമലു**
മന്ദാകിനി നാരായണൻ 45

**ലക്ഷം സർജറികൾ ചെയ്ത നമ്പൂതിരി**
ഉദയൻ നമ്പൂതിരിപ്പാട് 51

**കവിത**
**പ്രയാണം** കെ.പി.പുരുഷോത്തമൻ നമ്പൂതിരി
**ഉണ്ണിക്കുട്ടന്റെ ലോകം** ശ്രീദേവി ഏളപ്പില 54

**വി.ടി.-കുറൂർ അനുസ്മരണം**
**വി.ടി.അനുസ്മരണ പ്രഭാഷണം**
അഡ്വ. എ.ജയശങ്കർ 55



**ഇല്ലപ്പെരുമ**
**കവിതയുടെ ഇല്ലം, ഫിസിക്സിന്റെയും**
വിനോദ് മങ്ങത്തായ 64

**സെലിബ്രിറ്റി ഗസ്റ്റ്**
**രോഗികളെ കുളിപ്പിച്ച 'ഫാസിസ്റ്റ്' നമ്പൂതിരിപ്പാട്**
ഈശ്വർകുമാർ തരവത്ത് 71

**കവിത** **രണ്ടാം ബാല്യം**
അനിയൻ മാങ്ങോട്ട്ടി 73

**കഥ** **ഇനി തുടങ്ങാമല്ലേ...**
കെ എം എസ് ഭട്ടതിരിപ്പാട് 75

**പാർവ്വതിയുടെ ശ്യാമയി** 80

**'കൃഷ്ണായനം–84'**
ദിലീപ് കരുവാട് 82

**രാഷ്ട്രപതിയിൽ നിന്നും ലഭിച്ച വിഷുക്കൈയ്യൊപ്പ്**
മട്ടന്നൂർ നാരായണൻ നമ്പൂതിരി 86

**കവിത** **പതിറ്റടിപ്പൂ**
ഗിരിജ ചെമ്മങ്ങാട്ട് 88

**ശ്രീകോവിൽ കത്തി @1985 നിർമ്മിച്ചതൊരു മഹാക്ഷേത്രം @2023**
പെരുമാങ്ങോട് വാസുദേവൻ 94

**കവിത** **വിഷുവായി**
മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി. 95

111 ❑ നൈനിക നാരായണൻ
111 ❑ അഞ്ജന എൻ
111 ❑ ഭഗത് വിഷ്ണു കെ പി
111 ❑ സാന്ദ്ര എം എ
111 ❑ കേശവദേവ്
111 ❑ കൃഷ്ണദേവ്
112 ❑ മാളവിക കെ പി
112 ❑ സാരംഗി ആർ കൃഷ്ണ
112 ❑ ദേവദത്ത ടി കെ
113 ❑ വരുൺ വാഴാമ്പറ്റ
113 ❑ ശ്രീദേവി കൃഷ്ണ

വായനക്കാരുടെ പ്രതികരണങ്ങൾ ❑ യോഗക്ഷേമസഭാ വാർത്തകൾ ❑
വിഷ്ണുപാദം പൂകിയവർ ❑ അനുമോദനങ്ങൾ ❑ തുടങ്ങി സ്ഥിരം പംക്തികളും


യോഗക്ഷേമസഭ സ്വസ്തി (ത്രൈമാസിക) കോഴിക്കോട് 2024 ഏപ്രിൽ 1. പുസ്തകം 3. ലക്കം 2 യോഗക്ഷേമസഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

## വിഷു ആശംസകൾ.....



ഓണാട്ട് ഭഗവതി ക്ഷേത്രം ട്രസ്റ്റ് & റ്റി. ഡി. നമ്പൂതിരി ഹാൾ
വലിയകുളങ്ങര, ഓച്ചിറ PO
സെക്രട്ടറി: കെ.എസ് മുരളി 9495702801

---

പിറന്നാൾ ആഘോഷിക്കുന്ന മന വെജിന്റെ വിഷുവാശംസകൾ..

മന വെജ്
MANA VEG
FOODS & CATERING

പിറന്നാൾ, ഗൃഹപ്രവേശം, വിവാഹം തുടങ്ങിയ ആഘോഷങ്ങൾക്കായുള്ള പാചകവും വിളമ്പലും
കേരള, സൗത്ത്/നോർത്ത് ഇന്ത്യൻ, ചൈനീസ് വിഭവങ്ങൾ, പായസങ്ങൾ

മേപ്പാട് ടവർ, കോതമംഗലം, കൊയിലാണ്ടി
FOR BOOKING - 9072046948, 8547881855

---




പ്രിയ സ്വസ്തി വായനക്കാർക്ക്
വിഷു ആശംസകൾ...

കെ എം ഉദയൻ നമ്പൂതിരിപ്പാടും
കുടുംബവും, ഉല്ലാസ്, മഞ്ചേരി,
മലപ്പുറം ജില്ല
8281926325

---

സ്വസ്തിക്ക്, വായനക്കാർക്ക് ഐശ്വര്യപ്രദമായ
വിഷു ആശംസിക്കുന്നു.



കെ എം എസ് ഭട്ടതിരിപ്പാടും
കുടുംബവും
ഗുരുപവൻ
കോട്ടക്കൽ, മലപ്പുറം ജില്ല.
9744999300

---

എല്ലാവർക്കും നന്മ നിറഞ്ഞ
വിഷു ആശംസിക്കുന്നു ..



പഴയിടം
മോഹനൻ നമ്പൂതിരി
കോട്ടയം ജില്ല
പഴയിടം വെജ്..
തിരുവല്ല, ഏറ്റുമാനൂർ, ചങ്ങരംകുളം,
ഗുരുവായൂർ. Mob: 9207401001

---



*പൂജാമുറിയിൽ ഉണ്ണിക്കണ്ണൻ; പൂമുഖത്ത് സ്വസ്തി*

*കമലാനേത്രനെ കണി കണ്ടുണരാൻ*
*വായനക്കാർക്ക് വിഷുവാശംസകൾ*

ശശിശേഖരൻ നമ്പൂതിരിയും കുടുംബവും
സിവിൽ എഞ്ചിനീയർ
TC 36/993, മംഗളം, NSS കരയോഗം ലൈൻ
പെരുന്താന്നി, വള്ളക്കടവ് പി ഒ തിരുവനന്തപുരം.
Mob: 9447172 334

---

*വിഷു ആശംസകൾ*

ഉണ്ണിമായ, വിനോദ്, മഞ്ജു,
ആര്യ, അഞ്ജന



നടുവിലേടത്ത് ഇല്ലം
കോഴിക്കോട്.
ഫോൺ : വിനോദ്,
ചാർട്ടേർഡ് എക്കൗന്റ്. 9846379961

---



സ്വസ്തി വായനക്കാർക്കും
പ്രവർത്തകർക്കും
കോഴിപ്പിള്ളി മന
കുടുംബാംഗങ്ങളുടെ
വിഷു ആശംസകൾ
Mob: 9383448959

---

മുത്തശ്ശന്റെ കുറുമ്പനും കുടുംബാംഗങ്ങൾക്കും,
സ്വസ്തിയുടെ എല്ലാ വരിക്കാർക്കും
വിഷു ആശംസകൾ



രാമൻ A. H. ആനാംപറമ്പ്,
മണ്ണുത്തി, തൃശൂർ
9447239336

# കണിക്കൊന്ന



ഉണ്ണികൃഷ്ണൻ വാകയാട്ടില്ലം

കൊടിയവേനലിൽ കത്തുമുഷ്ണത്തിന്റെ-
നെറുകിലല്ലയോ കൊന്നകൾ പൂക്കുന്നു!
ഇലപൊഴിച്ചിതാ സ്വർണ്ണവർണ്ണത്തിന്റെ-
കണിമലർചൂടി നിൽക്കുന്നു കൊന്നകൾ.

വെയിലുപൊള്ളിച്ച ചില്ലയോരോന്നിലും
പുതിയ സ്വപ്നങ്ങൾ പൂത്തു വിടർന്ന പോൽ
നിറയുമാഭംഗി കാണുന്ന മാത്രയിൽ
കൊഴിയുമുള്ളിലെ ദുഃഖങ്ങളൊക്കെയും.

വളവുമില്ലിങ്ങു വെള്ളവുമില്ലെത്ര-
വലിയ ദുഃഖത്തിൽ പെട്ടുഴലുമ്പൊഴും.
തളിരിടാനുണ്ടു നല്ലൊരു നാളെയെ-
ന്നൊരു വിഷുപ്പക്ഷി മന്ത്രിച്ചിരുന്നുവോ.?

പലരിലെത്രയോ കാലങ്ങളായുള്ള
പതിവുതെറ്റാത്ത ശീലങ്ങളല്ലയോ..!
ഉലകിൽ വറ്റാത്ത നൻമകൾക്കൊക്കെയും
ഉറവു നൽകുന്നതെന്നുമങ്ങോർത്തുവോ..?

പുതിയ വർഷമായേറ്റം പ്രതീക്ഷയായ്,
വറുതിയൊക്കെയും വെല്ലും ചിരിയുമായ്,
തലയുയർത്തിയീ കൊന്നയിരിപ്പുണ്ടു-
കണിയിലങ്ങനെ കണ്ണന്റെ ചാരെയായ് ●

ഉണ്ണികൃഷ്ണൻ വാകയാട്ടില്ലം
പി ഒ വരിക്കോളി, കല്ലാച്ചി,
കോഴിക്കോട് ജില്ല, പിൻ: 673506
മൊബൈൽ: 9946507103





അയോദ്ധ്യയിലെ പ്രാണ പ്രതിഷ്ഠാ ദിവസം കോഴിക്കോട്ടെ രാമല്ലൂരിൽ നിന്ന് അവിടെയെത്തിയ ഒരു നമ്പൂതിരിയുടെ അസുലഭമായ അനുഭവം

# രാമല്ലൂര് നിന്ന് രാംലല്ലയിലേക്ക്

**കൃഷ്ണദാസ് മുടുവമ്പുറം**



പതിനൊന്നു തവണ അയോദ്ധ്യയിൽ പോയതാണ്. ഒറ്റയ്ക്കും പലരേയും കൂട്ടിയും. നേപ്പാൾ യാത്രയ്ക്കിടെയാണ് ആദ്യമായിപ്പോയത് .ഒരു സാധാരണ ഉത്തരേന്ത്യൻ ഗ്രാമം. കുറച്ച് മാത്രം കടകളും വളരെ ചെറിയ ഒരു റയിൽവേ സ്റ്റേഷനും .ഭക്ഷണവും താമസവും സംഘടിപ്പിയ്ക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. റയിൽവേ സ്റ്റേഷനടുത്ത് ഒരു ഗുജറാത്തി രസോയി മാത്രമുണ്ട് ആശ്രയിക്കാൻ. കർസേവ കഴിഞ്ഞ് അല്പം മാറി ശ്രീരാമനെ ഒരു ടെന്റിനുള്ളിൽ പ്രതിഷ്ഠിച്ചിരിയ്ക്കുന്നു. ബാലാലയം എന്നുപോലും പറയാമോ എന്നറിയില്ല. അന്നും സുരക്ഷാവലയത്തിലാണ് അമ്പലം. ശക്തമായ പരിശോധന നടത്തിയശേഷം മാത്രമേ ദർശനത്തിന്ന് അനുവദിയ്ക്കുകയുള്ളു.അങ്ങിങ്ങ് നടന്നു നീങ്ങുന്ന ഗ്രാമീണരും ഗലികളിൽ അലഞ്ഞു നടക്കുന്ന കന്നുകാലികളും. തന്റെ മാഹാത്മ്യം അറിയാതെ ഉറങ്ങുന്ന ഒരിടം.

ശ്രീരാമനെ ടെന്റിൽ പ്രതിഷ്ഠിച്ചത് കണ്ട് സങ്കടം തോന്നിയിട്ടുണ്ട്. ഉത്തരദിക്കിൽ മുഴുവൻ കൊണ്ടാടുന്ന ദേവനാണ്, എന്നിട്ടും. അന്നേ മനസ്സിലുറപ്പിച്ചതാണ്, പ്രാർത്ഥിച്ചതാണ് ശരിയ്ക്കും അമ്പലമാവുമ്പോൾ ആദ്യം തൊഴാനാവണമേയെന്ന്. ഒടുവിൽ പ്രാണപ്രതിഷ്ഠാനാളിൽത്തന്നെ അതു സാദ്ധ്യമായി.

രാമല്ലൂർ.കോഴിക്കോടുനിന്നും ബാലുശ്ശേരിക്കുള്ള റൂട്ടിൽ ഏകദേശം 16– 17 കി.മീ ദൂരം. വിഷ്ണുവിന്റെ ദശാവതാരങ്ങളുടെ അമ്പലങ്ങൾ ചുറ്റുപാടുമായുള്ള സ്ഥലം. കൽക്കിയുടേത് മാത്രം കണ്ടുകിട്ടിയിട്ടില്ല. പ്രാധാന്യം ശ്രീരാമനാണ്. ദേശത്തിന്റെ



ദേവൻ. ദേവന്റെ പേരിലുള്ള ദേശം. പഴയകാലത്തെ ഇരുപത്തൊന്നു ദേശത്തിൽപ്പെട്ട സ്ഥലം. ക്ഷേത്രം ഊരാളന്മാരായ ആറില്ലങ്ങളിൽപ്പെട്ട കിഴിയേടം എന്നു കൂടിപ്പേരുള്ള മുഡുവമ്പുറത്ത് ജനിച്ചതിനാൽ ശ്രീരാമനോട് ഒരു പ്രത്യേക ഇഷ്ടം ഉണ്ട് .

ശ്രീരാമനെ ടെന്റിൽ പ്രതിഷ്ഠിച്ചത് കണ്ട് സങ്കടം തോന്നിയിട്ടുണ്ട് . ഉത്തരദിക്കിൽ മുഴുവൻ കൊണ്ടാടുന്ന ദേവനാണ് ,എന്നിട്ടും. അന്നേ മനസ്സിലുറപ്പിച്ചതാണ്, പ്രാർത്ഥിച്ചതാണ് ശരിയ്ക്കും അമ്പലമാവുമ്പോൾ ആദ്യം തൊഴാനാവണമേയെന്ന്. 2024 ജനുവരി 22 ന് പ്രാണപ്രതിഷ്ഠയുടെ അറിയിപ്പ് വന്നു. അയോധ്യയിലേയ്ക്ക് ശ്രീരാമൻ വീണ്ടും വരുന്ന ആ ദിവസം എങ്ങിനെയെങ്കിലും അവിടെയെത്തണം എന്ന് തീരുമാനിച്ചു . ഒരു മാസം മുമ്പ് തന്നെ  യാത്ര പ്ലാൻ ചെയ്തു.  ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്യാൻ ചെന്നപ്പോഴാണ് പേടി തോന്നിത്തുടങ്ങിയത്. വിചാരിച്ച വണ്ടികളിലൊന്നും  ടിക്കറ്റ് കിട്ടാനില്ല . അവസാനം ബോംബെ വഴി ലഖ്നൗ വരെ വിമാനത്തിലും അവിടെ നിന്ന് തീവണ്ടിയിലും പോകാൻ നിശ്ചയിച്ചു. മടക്കയാത്രയ്ക്കുള്ള ടിക്കറ്റും ബുക്ക് ചെയ്തു.

ജനുവരി 22 ന് രാവിലെ 6 മണിയ്ക്ക്  ലഖ്നൗവിൽ വിമാനം എത്തി. വിമാനത്താവളത്തിലെ പരിശോധനകൾ കഴിഞ്ഞ്  പുറത്തിറങ്ങി. മെട്രോയിൽ കയറി

നോക്കുന്ന ദിക്കിലെല്ലാം വാഹനത്തിലായയാലും, കടകളിലായയാലും വീടുകളിലായയാലും എല്ലാം ശ്രീരാമന്റേയും ഹനുമാൻറെയും സീതാദേവിയുടെയും ചിത്രങ്ങൾ വെച്ച് കൊടിതോരണങ്ങൾ കൊണ്ടലങ്കരിച്ച് പൂജകൾ ചെയ്തും പാട്ടു വെച്ച് ഡാൻസ് ചെയ്തും ഭക്ഷണങ്ങൾ നൽകിയും മധുരപലഹാരങ്ങൾ വിതരണം ചെയ്തും ജനങ്ങൾ ആഘോഷിച്ചുകൊണ്ടിരിയ്ക്കുന്നു.

ലഖ്നൗ റയിൽവേ സ്റ്റേഷനിലെത്തി . പുറത്ത് ശ്രീരാമന്റെ കൂറ്റൻ കട്ടൗട്ടുകൾ നിറഞ്ഞിരിയ്ക്കുന്നു . സ്റ്റേഷനിലിറങ്ങി നോക്കുമ്പോൾ ചുറ്റും പുരുഷാരമാണ് . അയോധ്യയിലേക്ക് ട്രയിനില്ല.   തീവണ്ടിയും ബസ്സും ഇരുപതാം തീയ്യതി മുതൽ അയോധ്യയിലേയ്ക്ക് പോകുന്നില്ല, എല്ലാം ക്യാൻസൽ ചെയ്തു എന്ന് മനസ്സിലായി. വിചാരിച്ചപോലെ എത്താൻ പറ്റില്ലേയെന്ന്  ഉള്ളിൽ വിഷമം ഉയർന്നു തുടങ്ങി

നോക്കുന്ന ദിക്കിലെല്ലാം വാഹനത്തിലായയാലും, കടകളിലായാലും വീടുകളിലായയാലും എല്ലാം ശ്രീരാമന്റേയും ഹനുമാന്റെയും സീതാദേവിയുടെയും ചിത്രങ്ങൾ വെച്ച് കൊടിതോരണങ്ങൾ കൊണ്ടലങ്കരിച്ച് പൂജകൾ ചെയ്തും പാട്ടു വെച്ച് ഡാൻസ് ചെയ്തും ഭക്ഷണങ്ങൾ നൽകിയും മധുരപലഹാരങ്ങൾ വിതരണം ചെയ്തും ജനങ്ങൾ ആഘോഷിച്ചുകൊണ്ടിരിയ്ക്കുന്നു. എവിടെ നോക്കിയാലും ഉത്സാഹത്തിന്റേയും സന്തോഷത്തിന്റെയും അന്തരീക്ഷം.

അയോധ്യയിലെത്താനുള്ള വഴി നോക്കിയിറങ്ങി. പതിനായിരക്കണക്കിന് ആൾക്കാർ ചുറ്റിലും . ജനങ്ങൾ ഒഴുകുകയാണ് . നടന്നും സൈക്കിളിലും ഓട്ടോയിലും വാനിലും എന്നുവേണ്ട കിട്ടിയ എല്ലാ വണ്ടികളിലും തിങ്ങി നിറഞ്ഞ്  ആൾക്കാർ അയോദ്ധ്യയിലേയ്ക്ക് . ഏകദേശം 140 കിലോമീറ്ററുണ്ട് ദൂരം  . എങ്കിലും വെറുതെ നിരത്തിലിറങ്ങി നിന്നാൽത്തന്നെ ആ ഒഴുക്കിൽ പെട്ട് നാം അയോദ്ധ്യയിലെത്തും . എപ്പോഴെത്തുമെന്നൊന്നും അറിയാത്ത ഓട്ടം .

കണ്ണിൽപ്പെട്ട വണ്ടിക്കാരോടു മുഴുവൻ ഇരന്നെങ്കിലും , എല്ലാവരും നിസ്സഹായരായിരുന്നു . വണ്ടികളിൽ ഒരു കാൽ വെയ്ക്കാൻ കൂടിയുള്ള സ്ഥലമില്ലായിരുന്നു. ആശങ്ക അതിന്റെ പാരമ്യത്തിലെത്തിത്തുടങ്ങി. നൂറ്റിനാല്പത് കിലോമീറ്റർ നടന്നെങ്കിലും ദർശ




നം നടത്തുമെന്ന് നിശ്ചയിച്ചുറച്ച് അവസാനം നടന്ന് തുടങ്ങിയപ്പോൾ ദൂരെ മാറി നിർത്തിയിട്ടിരുന്ന ഉത്തർപ്രദേശ് രാജ്യ സടക്ക് പരിവഹൻ നിഗമിന്റെ (നമ്മുടെ KSRTC പോലെയുപിയിലെ SRTC) ഒരു വണ്ടി കണ്ടു. ബോർഡൊന്നും വെച്ചിരുന്നില്ല . എന്തോ കാരണം കൊണ്ട് അയോദ്ധ്യയിലേയ്ക്ക് തിരിച്ച് പോവുന്ന ബസ്സ്. കണ്ടക്ടറുടേയും ഡ്രൈവറുടേയും കയ്യും കാലും പിടിച്ച് വണ്ടിയിൽ കയറിപ്പറ്റി. ബാരിക്കേഡുകളും ഇടയ്ക്കിടയ്ക്കുള്ള പരിശോധനകളും. റോഡ് നിറയെ തടസ്സങ്ങളും ആൾക്കാരുമാണെങ്കിലും മെല്ലെ വണ്ടി മുന്നോട്ട് പോയിക്കൊണ്ടിരുന്നു. പല തടസ്സങ്ങളും കടന്ന് അയോദ്ധ്യയിൽ നിന്നും അഞ്ചു കിലോമീറ്റർ അകലെ വണ്ടിയിൽ നിന്നുമിറങ്ങിയത് കഠിനമായ തണുപ്പിലേക്കാണ്. 6 ഡിഗ്രിയാണ് താപനില. കാൽ നടക്കാരെയും ഇരുചക്രവാഹനങ്ങളെയും മാത്രം അവിടെ നിന്നും കടത്തിവിടുന്നുള്ളൂ

എന്റെ യാത്രകളിൽ സ്ഥിരമായി വിളിയ്ക്കാറുള്ള ഡ്രൈവറെ വിളിച്ചു. സാധാരണ പോവുന്ന വഴികളെല്ലാം അടച്ചിട്ടിരിയ്ക്കുന്നു. ഏതെല്ലാമോ ഊടുവഴികളും ഗലികളും താണ്ടി അയാൾ എത്തി . കിടക്കാനൊരിടം നോക്കാൻ പറഞ്ഞപ്പോൾ അസാദ്ധ്യമെന്നായിരുന്നു മറുപടി . കുറേ അലഞ്ഞ്തിരിഞ്ഞു. എവിടേയും മുറി ഒഴിവില്ല. അവസാനം അയാളുടെ സഹായത്തോടെ ഡോർമെറ്ററിയിൽ ഒരു കിടക്ക സംഘടിപ്പിച്ചു. ആദ്യം വലിയ ഒരുതുക വാടക പറഞ്ഞെങ്കിലും പേശിപ്പേശി പോക്കറ്റിലൊതുങ്ങുന്ന പൈസയിൽ ഉറപ്പിച്ചു. ഭക്ഷണത്തിന്ന് പക്ഷെ കാശൊന്നും വേണ്ടി വന്നില്ല . ഉത്സവാന്തരീക്ഷത്തിൽ സൗജന്യമായി ഭക്ഷണം നൽകുന്ന ധാരാളം ആൾക്കാർ അവിടെയുണ്ടായിരുന്നു. വലിയ ആഘോഷം എല്ലായിടത്തും.

പല തടസ്സങ്ങളും കടന്ന് അയോദ്ധ്യയിൽ നിന്നും അഞ്ചു കിലോമീറ്റർ അകലെ വണ്ടിയിൽ നിന്നുമിറങ്ങിയത് കഠിനമായ തണുപ്പിലേക്കാണ്. 6 ഡിഗ്രിയാണ് താപനില. കാൽ നടക്കാരെയും ഇരുചക്രവാഹനങ്ങളെയും മാത്രം അവിടെ നിന്നും കടത്തിവിടുന്നുള്ളൂ

പ്രാണ പ്രതിഷ്ഠയുടെ ദിവസം പൊതുപ്രവേശനമില്ലാത്തതിനാൽ കഴിഞ്ഞതവണ വന്നു പോയതിനു ശേഷം ഉണ്ടായ മാറ്റങ്ങൾ നടന്നു കണ്ടു. റോഡുകളൊക്കെ വീതി കൂട്ടിയിരിയ്ക്കുന്നു. ദിശാസൂചകങ്ങൾ ഒക്കെ വെച്ചിരിയ്ക്കുന്നു. പഴയ റയിൽവേ സ്റ്റേഷണന്റെ സ്ഥാനത്ത് പുതുക്കി വലുതാക്കിയ സ്റ്റേഷൻ ഉണ്ടാക്കിയിരിയ്ക്കുന്നു. ഒരു പുതിയ വിമാനത്താവളം വന്നിരിയ്ക്കുന്നു. കുറേ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിരിയ്ക്കുന്നു. നിർമ്മാണത്തിന്റെ പലേ ഘട്ടങ്ങളിലായി കുറെയേറെ കെട്ടിടങ്ങളുടെ പണി നടന്നു വരുന്നു

ഇരുപത്തിമൂന്നാം തീയ്യതി നേരത്തേ എഴുന്നേറ്റ് ക്ഷേത്രത്തിലേയ്ക്ക് നീങ്ങി. അതികഠിനമായ തണുപ്പ് പോലും രാംലല്ലയെ ദർശിക്കാനുള്ള ഉത്സാഹത്തിൽ നിസ്സാരമായി . രണ്ടര കിലോമീറ്ററോളം നീളത്തിൽ പരന്നുകിടക്കുന്ന വരിയാണ്. ഇന്നലെ തലചായ്ക്കാനിടം തരപ്പെടുത്തിയതിനുശേഷം ഇല്ലാതായ ആശങ്ക വീണ്ടും തലപൊക്കി. ധാരാളം കവാടങ്ങൾ സജ്ജീകരിച്ചിട്ടുണ്ടത്രെ. എട്ടുമണിക്ക് നടകൾ തുറക്കുമെന്ന അറിയിപ്പ് വന്നു. മലയാളിയുടെ സ്വതസിദ്ധമായ ആവേശത്തോടെ തിക്കിത്തിരക്കി ഏഴേമുക്കാലോടെ വരിയിൽ മുമ്പിലെത്തി. എങ്ങും ജയ് ശ്രീ റാം , ജയ് സിയാറാം തുടങ്ങിയ മുഴക്കങ്ങൾ മാത്രം. ഭക്തിയുടെ,



ഉന്മാദത്തിന്റെ, ആനന്ദത്തിന്റെ ഭാവങ്ങൾ ഓരോ മുഖങ്ങളിലും .

എട്ടുമണിയ്ക്ക് തുറക്കാറായതോടെ എല്ലാ പോലീസ് നിയന്ത്രണങ്ങളും പാളി. ഇരച്ചുകയറിയ ജനക്കൂട്ടത്തിനൊപ്പം ഞാനും അമ്പലത്തിനുള്ളിൽ. പുഞ്ചിരിച്ചു നിൽക്കുന്ന ഏകദേശം പത്തുവയസ്സുകാരന്റെ പൊക്കത്തിലുള്ള ഭഗവാന്റെ തൊട്ടു മുമ്പിൽ . ആലവട്ടവും വെഞ്ചാമരങ്ങളും ചാർത്തി നടത്തിയ ആരതി കൺകുളുർക്കെ കണ്ടു . പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു സന്തോഷം, ഒരു സുഖം, ഒരു പ്രത്യേക അഭിമാനം, മനസ്സിലാകെ ഓളം വെട്ടുന്നു. പൊതുവെ നമ്മുടെ സമ്പ്രദായത്തിലല്ലല്ലോ മറ്റു ദിക്കുകളിൽ പൂജ. ആരതി വളരെ പ്രധാനമാണ്. ഉത്തരേന്ത്യയിലെ മറ്റുചില അമ്പലങ്ങളിലേതുപോലെ ഇവിടെ ഗർഭഗൃഹത്തിലേയ്ക്ക് പ്രവേശനമില്ല.

രണ്ട് മണിക്കൂറിനുശേഷം കൂടുതൽ പോലീസെത്തി. വിവരമറിഞ്ഞ് ഉന്നത ഉദ്യോഗസ്ഥർ ഉടനെത്തി . സ്ഥിതി നിയന്ത്രണവിധേയമാക്കുന്നതിനിടയ്ക്ക് മനം നിറഞ്ഞ് രാംലല്ലയെ തൊഴാനും അമ്പലത്തിന്നകത്ത് ധാരാളം സമയം ചെലവിടാനും പറ്റി. നല്ലോണം സ്ഥലമുള്ള ഗംഭീരമായ നിർമ്മിതി . വിശാലമായ ഉൾഭാഗത്ത് നല്ല സൗകര്യങ്ങളുമുണ്ട് . കൊത്തുപണികളും അലങ്കാരങ്ങളും അതിഗംഭീരം. തലേദിവസത്തെ അലങ്കാരങ്ങളൊന്നും അമ്പലത്തിൽ നിന്നും മാറ്റിയിട്ടില്ല. കസേരകളും മറ്റും അവിടവിടെ കിടക്കുന്നു . കൊടികളും മാലകളും തോരണങ്ങളും അതേപോലെ തന്നെയുണ്ട് .

പൊതുവെ നമ്മുടെ സമ്പ്രദായത്തിലല്ലല്ലോ മറ്റു ദിക്കുകളിൽ പൂജ. ആരതി വളരെ പ്രധാനമാണ്. ഉത്തരേന്ത്യയിലെ മറ്റുചില അമ്പലങ്ങളിലേതുപോലെ ഇവിടെ ഗർഭഗൃഹത്തിലേയ്ക്ക് പ്രവേശനമില്ല.

വൈകുന്നേരം സരയൂനദിയുടെ തീരത്ത് നടന്ന ആരതി കണ്ടു . കാശിയിലേയോ ഹരിദ്വാറിലേയോ അത്ര വലുതൊന്നും അല്ലെങ്കിലും ദിവ്യമായ അന്തരീക്ഷത്തിൽ സന്ധ്യാദീപം. ആൾക്കാർ ഇലക്കുമ്പിളിൽ ചെറിയ ചെറിയ ദീപങ്ങൾ നദിയിൽ ഒഴുക്കിവിടുന്നുണ്ടായിരുന്നു. ഭജനകളും ഭക്തിയിൽ മുഴുകി നർത്തനവുമായി ആൾക്കാർ. തിരക്കോ കൂടുതൽ ആൾക്കാരെത്തുന്നതിനാലുള്ള അസൗകര്യമോ ആരെയും ബാധിയ്ക്കുന്നതായേ തോന്നിയില്ല . എല്ലാവരും ഏതോ മായിക ലോകത്തെത്തിപ്പെട്ടവരെപ്പോലെ .

സ്ഥിരം ഡ്രൈവറെ വിളിച്ച് ലഖ്നൗവിലേക്കുള്ള ബസ്സിനായി സ്റ്റാന്റിലെത്തുമ്പോഴേയ്ക്കും സമയം ഏറെ വൈകിയിരിയ്ക്കുന്നു. ബസ്സൊന്നും കാണുന്നില്ല . പിറ്റേന്ന് നേരത്തെയാണ് തിരിച്ച് മുംബൈക്കുള്ള വിമാനം . ചെക്ക് ഇൻ സമയത്തിലെത്താൻ പറ്റുമോയെന്ന് സംശയമായിരുന്നു. എവിടുന്നെന്നറിയാതെ ഒരു യുപിഎസ്സ് ആർ ടി സി യുടെ ബസ്സ് വന്നുനിന്നു . ഇരച്ചെത്തിയ ആൾക്കാരുടെ ഇടയിലൂടെ ഊളിയിട്ട് ബസ്സിൽ കയറിപ്പറ്റിയപ്പോഴാണ് ശ്വാസം നേരെ വീണത്.

അയോദ്ധ്യയും കാശിയുമടക്കം ഭാരതത്തിലെ അനേകം സ്ഥലങ്ങൾ തുടർച്ചയായി സന്ദർശിക്കാറുള്ള എനിയ്ക്ക് ദേശദേവനായ ശ്രീരാമന്റെ അനുഗ്രഹം കൊണ്ടാണ് അയോധ്യയിൽ പ്രാണപ്രതിഷ്ഠ കഴിഞ്ഞ ഉടൻ ദർശനം സാധ്യമായത് എന്നതിൽ തർക്കമില്ല. ●

എം. കൃഷ്ണദാസ്
മുഡുവമ്പുറത്ത് ഇല്ലം
പി ഒ കാക്കൂർ,
കോഴിക്കോട്, പിൻ: 673613
ഫോൺ : 9847684838

**പതിനെട്ടാമത്തെ വയസ്സിൽ വിവാഹിതയും പതിനഞ്ചു ദിവസത്തിനുള്ളിൽ വിധവയും പിന്നീട് നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാ വിവാഹത്തിലെ നായികയുമായ ഇട്ട്യാം പറമ്പ് മനയ്ക്കൽ ഉമ എന്ന നങ്ങേമ അന്തർജനത്തിന്റെ ജീവിതാനുഭവങ്ങൾ.വർഷങ്ങൾക്ക് മുമ്പ് എഴുതിയ അനുഭവക്കുറിപ്പ് അവരുടെ മകൾ സരള മധുസൂദനൻ സ്വസ്തിക്ക് അയച്ചു തന്നത്.**

# ആദ്യഭർത്താവിന്റെ പിണ്ഡത്തിന്റെ അന്നാണ് ഞാൻ ഗർഭിണിയാണ് എന്നറിഞ്ഞത്

**ഉമ എന്ന നങ്ങേമ അന്തർജ്ജനം**

എന്റെ ബാല്യകാല മധുരസ്മരണകൾ ഒരു സ്വപ്നമായി മാത്രം ഞാനിന്ന് ഓർത്തുപോവുകയാണ്. ഒരിക്കലുമൊരിക്കലും മടങ്ങിവരാത്ത ആ കാലം. ആ ഓർമ്മയുടെ ചുരുളുകൾ നിവർന്ന് തെളിഞ്ഞു തെളിഞ്ഞു വരികയാണ്. ഒരു ഇടത്തരം കുടുംബത്തിലായിരുന്നു എന്റെ ജനനം. അച്ഛൻ മൂന്നു വേളി കഴിച്ചിരുന്നു. കേവലം പത്തു വയസ്സുള്ളപ്പോഴായിരുന്നു അമ്മയുടെ വേളി എന്ന് അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. അങ്ങനെ രണ്ട് അമ്മമാർ, ഒരു ചെറിയമ്മ, രണ്ടു മുത്തശ്ശിമാർ, ഒരു മുത്തശ്ശൻ, അച്ഛൻ, മൂന്ന് അപ്ഫൻമാർ, പിന്നെ ഞങ്ങളും. എന്നു വെച്ചാൽ അമ്മ പ്രസവിച്ച പതിമൂന്നു മക്കൾ. ഇത്രയും ആൾക്കാരാണ് എന്റെ ഓർമ്മ വെച്ച അന്ന് ഇല്ലത്തുണ്ടായിരുന്നത്.

പാലക്കാട് ജില്ലയിലെ ചളവറയിൽ ഇട്ടിയാം പറമ്പത്തില്ലത്തെ വാസുദേവൻ നമ്പൂതിരിയുടേയും കയ്പറമ്പ് കൂറൂർ ഇല്ലത്തെ ഉമാ അന്തർജ്ജനത്തിന്റേയും മകളായി 1913 ലാണ് എന്റെ ജനനം. പഴമയും അതിനോടു ചേർന്നു നിന്നിരുന്ന ആചാരങ്ങളും അനാചാരങ്ങളും വളരെ നിഷ്കർഷയോടെ ഇല്ലത്തുള്ളവർ പരിപാലിച്ചുപോന്നു. അതുകൊണ്ടുതന്നെ സ്കൂളിൽ പോകാനോ ഔപചാരിക വിദ്യാഭ്യാസം നേടാനോ കഴിഞ്ഞില്ല.

അമ്പലത്തിലെ ശാന്തിക്കാരനും ഇല്ലത്തെ കാര്യസ്ഥനുമായ മാണി എമ്പ്രാന്തിരിയായിരുന്നു എന്റെ ഗുരു. പൂജ കഴിഞ്ഞു വന്നാൽ മണലിൽ 51 അക്ഷരവും എഴുതി



*1934ൽ വിധവാ വിവാഹം നടന്ന ദിവസം എടുത്ത ഫോട്ടോ എം ആർ ഭട്ടതിരിപ്പാടും ഉമാ അന്തർജ്ജനവും ഉമയുടെ ആദ്യ വിവാഹത്തിലെ മകൾ ലീലയും*

രണ്ടാമത്തെ പ്രസവം കഴിഞ്ഞ് ഇല്ലത്തു നിന്ന് പോകുന്നതിനു മുമ്പ് ഏടത്തി (വി.ടി.ഭട്ടതിരിപ്പാടിന്റെ പത്നി) എന്നോട് ചോദിച്ചു. **'നീ വീണ്ടും വിവാഹം കഴിക്കാൻ തയ്യാറുണ്ടോ.?'** അത് കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. ഉടൻ തന്നെ ഉത്തരവും പറഞ്ഞു. **'ഇല്ല'** ഈ ചോദ്യം എന്നിലുണ്ടാക്കിയ വിചാര വികാരങ്ങൾ പലതായിരുന്നു.

ക്കും. എന്റെ നേരെ താഴെയുള്ള അനുജത്തി തേതിയെയും എന്നെയും ഒരേ ദിവസമാണ് എഴുത്തിനിരുത്തിയത്. കാതുകുത്തൽ, തലമുടി കളയൽ എന്നിങ്ങനെ അക്കാലത്ത് നടത്താറുള്ള ക്രിയാദികളും പിന്നീട് വിവാഹവും ഒരേ ദിവസമാണ് നടത്തിയത്. (വർഷങ്ങൾക്കുശേഷം അനുജത്തി അകാലത്തിൽ മരിച്ചപ്പോൾ അവരുടെ കൈക്കുഞ്ഞിനെ വളർത്താനുള്ള നിയോഗവും ജേഷ്ഠത്തിയായ എനിയ്ക്കായിരുന്നു.)

എമ്പ്രാന്തിരിയുടെ കീഴിൽ പഠിപ്പ് രണ്ടുമൂന്ന് മാസം പിന്നിട്ടപ്പോഴേക്കും മാപ്പിള ലഹള പൊട്ടിപ്പുറപ്പെട്ടു. ലഹളക്കാർ ചളവറയിലെ പല വീടുകളിലും കയറി ഭീഷണിപ്പെടുത്തി നെല്ലും മറ്റു സാധനങ്ങളും ബലം പ്രയോഗിച്ചു കൊണ്ടുപോയി. ഈ പരിതഃസ്ഥിതിയിൽ



*വിപ്ളവ ദമ്പതിമാർ: എം.ആർ.ബി എന്ന മുല്ലമംഗലം രാമൻ ഭട്ടതിരിപ്പാടും പത്നി ഇട്ട്യാം പറമ്പ് മനയ്ക്കൽ ഉമാ അന്തർജ്ജനം എന്ന നങ്ങേമയും*

ഇല്ലത്തുള്ളവരും അടുത്തുള്ള മറ്റു ചില ഇല്ലക്കാരും ചളവറ വിടുവാൻ നിർബന്ധിതരായി.

തീവണ്ടിയോ ബസോ ഒന്നും ഇല്ലാതിരുന്ന കാലം. കാളവണ്ടിയിലാണ് അമ്മയുടെ ഇല്ലമായ കയ്പ്പറമ്പിലെ കൂറൂരിലെത്തിയത്.



*സരള മധുസൂദനൻ, എം.ആർ. ബിയുടെ മകൾ*

# ആ നിയോഗം സ്വസ്തിക്ക്

എറണാകുളം
മറൈൻ ഡ്രൈവ്
31.01.2024

നമസ്കാരം

വർഷങ്ങൾക്കു മുൻപ് അമ്മ നോട്ടുബുക്കിൽ കുറിച്ചിട്ട അപൂർണ്ണമായ കുറിപ്പാണിത്. അമ്മ എന്നോട് പറഞ്ഞിരുന്നു. 'നീ അത് പൂർത്തിയാക്കി ഏതിലെങ്കിലുമൊന്നിന് പ്രസിദ്ധീകരിയ്ക്കാൻ കൊടുക്ക്.' എന്ന്. യോഗക്ഷേമസഭയുടെ പ്രസിദ്ധീകരണമായ 'ഉണ്ണിനമ്പൂതിരി' മാസികയിലോ മാതൃഭൂമിയിലോ എന്നാണ് ഉദ്ദേശിച്ചത്. പല കാരണങ്ങളാലും അത് നടന്നില്ല.

അമ്മ പിന്നെ തന്റെ അനുജൻ ഐ.എസ്. അമ്മാമനെ ബുക്ക് ഏല്പിച്ച് തന്റെ ആഗ്രഹം പറഞ്ഞു. അദ്ദേഹത്തിനും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. പുസ്തകം അമ്മാമന്റെ കയ്യിലായിരുന്നു. അമ്മാമന്റെ മകൻ വാസുദേവൻ പുസ്കങ്ങളെല്ലാം പൊടി തട്ടി അടുക്കിപ്പെറുക്കി വക്കുമ്പോൾ കിട്ടിയ ഈ ബുക്ക് എന്നെ ഏല്പിച്ചു. അങ്ങനെ ബുക്ക് വീണ്ടും എന്റെ കയ്യിൽ കിട്ടിയപ്പോൾ അത് പ്രസിദ്ധീകരിക്കാൻ ഏതിലാണ് കൊടുക്കേണ്ടതെന്ന് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല, സ്വസ്തി. സ്വസ്തി തന്നെയാണ് ഉചിതം. കൂടുതൽ വായനക്കാരിലെത്തുമെന്നും ഞാൻ വിശ്വസിക്കുന്നു. അതുവഴി അമ്മയുടെ ആത്മാവിന് സന്തോഷം നൽകാനും അമ്മയുടെ ആഗ്രഹം സഫലീകരിക്കാൻ എനിക്കു സാധിച്ചു എന്ന ചാരിതാർത്ഥ്യം എനിക്കും. നോട്ടു ബുക്ക് ജീർണ്ണിച്ച് പൊടിഞ്ഞു പോയിരിക്കുന്നു. അതുകൊണ്ട് അത് അയയ്ക്കാൻ പ്രയാസമാണ്. അമ്മയുടെ കൈപ്പട വാട്സാപ്പിൽ ഇടാം.

ക്ഷേമാശംസകളോടെ
നന്ദിപൂർവ്വം
*സരള മധുസൂദനൻ*
ഫോൺ- 9746116990



*സഹോദരൻ ഐ.സി. പി. നമ്പൂതിരി*

കുറൂർ മന കൊച്ചി രാജ്യത്തായിരുന്നു. മലബാറിൽ മാത്രമാണ് ലഹള നടന്നത്. കൊച്ചിയിൽ രാജ്യഭരണം ആയിരുന്നതുകൊണ്ട് ലഹളക്കാർ അങ്ങോട്ട് കടക്കുകയില്ല എന്ന ധാരണയായിരുന്നു എല്ലാവർക്കും ഉണ്ടായിരുന്നത്. അതുപോലെ തന്നെ ലഹള മലബാറിൽ തന്നെ പ്രത്യേകിച്ച് ഏറനാട് താലൂക്കിൽ ഒതുങ്ങി നിന്നു. അങ്ങനെ ഒരു കൊല്ലത്തോളം അവിടെ താമസിച്ചു.

അവിടെ അമ്മാമന്റെ മകൾ ദേവസേന ( സുപ്രസിദ്ധ കഥകളി ഗായകൻ കലാമണ്ഡലം ഹരിദാസിന്റെ അമ്മ ) വായിക്കുന്നത് കേട്ട് പഠിയ്ക്കാനുള്ള ആഗ്രഹം വർദ്ധിച്ചു. ഏത് പുസ്തകം കയ്യിൽ കിട്ടിയാലും അറിവുള്ളവരോട് അർത്ഥം ചോദിച്ച് വായിക്കാനുള്ള പരിശ്രമം തുടങ്ങി. അങ്ങനെയാണ് രാമായണം, ഭാരതം , ഭാഗവതം തുടങ്ങിയവ തെറ്റ് കൂടാതെ വായിക്കാൻ പഠിച്ചത്.

സ്കൂളിൽ പോയി വിദ്യാഭ്യാസം ഒന്നും നേടാൻ കഴിയാത്ത എന്റെ അമ്മയിൽ നിന്നാണ് ഞാൻ പലതും ഗ്രഹിക്കുന്നത്. ആരെങ്കിലും ക്രമക്കേട് കാട്ടുകയാണെങ്കിൽ ഭാഗവതത്തിലെ ധ്രുവചരിതം വായിക്കുവാൻ പറയും. ധ്രുവന്റെ അമ്മയുടെ ക്ഷമയും സഹനശക്തിയും പ്രകീർത്തിച്ചുകൊണ്ട് അമ്മ പറയും വായിച്ചാൽ മാത്രം പോരാ അവയിൽ നിന്ന് നല്ലതെല്ലാം പഠിക്കണമെന്ന്.

നൂറു മക്കളെ കൊന്ന ഭീമനെ മാത്രമല്ല ലോകത്തെ മുഴുവൻ നശിപ്പിക്കത്തക്ക തപഃശക്തി ഉണ്ടായിരുന്ന ഗാന്ധാരി യാതൊന്നും ചെയ്യാതെ എല്ലാറ്റിനും കാരണഭൂതനായ ശ്രീകൃഷ്ണനെ മാത്രമാണ് ശപിച്ചത്. അതും അദ്ദേഹത്തിന്റെ അഭിമതം അറിഞ്ഞുകൊണ്ട് മാത്രം. ഇത്തരത്തിലുള്ള വിവരങ്ങളൊക്കെ അന്ന് ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെങ്കിലും പിന്നീടുള്ള ജീവിതയാത്രയിൽ ദുരിതങ്ങളെ നേരിടേണ്ടി വന്നപ്പോൾ പലതും ഉൾക്കൊള്ളാൻ സഹായിച്ച ഘടകങ്ങളായിരുന്നു അവ.

ഒരു കൊല്ലത്തിനു ശേഷമാണ് അമ്മാത്തായ കയ്പറമ്പിൽ നിന്ന് ചളവറയിലെ ഇല്ലത്തേക്ക് മടങ്ങിയത്. സംഭവ ബഹുലങ്ങളായ കൊല്ലങ്ങൾ പലതും പിന്നിട്ടു. ഞാൻ ഋതുമതിയായി. അന്ന് ഇല്ലങ്ങളിൽ നിലനിന്നിരുന്ന ശുദ്ധാശുദ്ധങ്ങളും ആചാരങ്ങളും പാലിക്കുന്നതിൽ അച്ഛനും അമ്മമാരും അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. എന്നാൽ അച്ഛൻ കാലത്തിന്റെ പുതിയ പ്രവണതയോട് ഇണങ്ങി നിന്നു. ചില പരിഷ്കാര ശ്രമങ്ങളെ അച്ഛൻ അനുകൂലിച്ചു. അങ്ങനെ പിച്ചള വളകളുടെ എണ്ണം 21 ൽ നിന്ന് 5 ആയി ചുരുങ്ങി. മുട്ടോളം മാത്രമുണ്ടായിരുന്ന ഉടുത്തു കെട്ട് അടിവരെയാക്കി മാറ്റി. കാത് നീട്ടി വളർത്തി ഇടാറുള്ള മരക്കുരട് തീരെ ഉപേക്ഷിച്ചു.

ഇതൊന്നും മറ്റുള്ളവർക്ക് തീരെ രസിച്ചില്ല. അവർ മുറുമുറുപ്പോടെ പലതും പറയുവാൻ തുടങ്ങി. 'ഇത് കുറിയേടത്തെ താത്രിയെ പോലെയാകും' എന്നൊക്കെ മുത്തശ്ശിയമ്മ പറഞ്ഞപ്പോൾ ഞങ്ങൾക്കൊന്നും മനസ്സിലായില്ല. ആരാ കുറിയേടത്തു താത്രി? അവർക്കെന്താ പറ്റിയത്? എന്ന് ഞങ്ങൾ പരസ്പരം ചോദിച്ച്

> ചില പരിഷ്കാര ശ്രമങ്ങളെ അച്ഛൻ അനുകൂലിച്ചു. പിച്ചള വളകളുടെ എണ്ണം 21 ൽ നിന്ന് 5 ആയി ചുരുങ്ങി. മുട്ടോളം മാത്രമുണ്ടായിരുന്ന ഉടുത്തു കെട്ട് അടിവരെയാക്കി മാറ്റി. കാത് നീട്ടി വളർത്തി ഇടാറുള്ള മരക്കുരട് തീരെ ഉപേക്ഷിച്ചു. ഇതൊന്നും മറ്റുള്ളവർക്ക് തീരെ രസിച്ചില്ല. ഇത് കുറിയേടത്തെ താത്രിയെ പോലെയാകും എന്നൊക്കെ മുത്തശ്ശിയമ്മ പറഞ്ഞപ്പോൾ ഞങ്ങൾക്കൊന്നും മനസ്സിലായില്ല.

## അമ്മയുടെ ശേഷക്രിയയിൽ നിന്ന് ഇ എം ഈ വിവാഹത്തിൽ പങ്കെടുത്ത

'സമുദായ ചരിത്രം തിരുത്തിയ പ്രഥമ വിധവാ വിവാഹം' എന്ന ഇ എം എസിന്റെ ലേഖനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

'ഇതിൽ എനിക്കുണ്ടായിരുന്ന പങ്കാളിത്തം എന്റെ കുടുംബത്തിലും പ്രശ്നമായി. വിധവാ വിവാഹത്തിലെ പങ്കാളി എന്ന നിലയിൽ എന്നെ ഭ്രഷ്ടനാക്കണമെന്നും കുടുംബത്തിൽ ഒരുമിച്ചു കഴിയാൻ സാധ്യമല്ലെന്നും എന്റെ മൂത്ത ജ്യേഷ്ഠൻ വാശിപിടിച്ചു. എങ്കിൽ തറവാട് സ്വത്ത് ഭാഗിച്ചാൽ മതി എന്ന് ഞാൻ പറഞ്ഞു. അദ്ദേഹം സമ്മതിച്ചു. അങ്ങനെയാണ് ഞങ്ങളുടെ തറവാട്ടിൽ ഭാഗം നടന്നത്. ഭാഗം കഴിഞ്ഞ് എന്റെ നേരെ ജ്യേഷ്ഠനും അദ്ദേഹത്തിന്റെ ഭാര്യയും ഞങ്ങളുടെ അമ്മയും ഞാനും കൂടി വേറെ




*ഇ എം എസ് നമ്പൂതിരിപ്പാട്*

താമസിക്കാൻ തുടങ്ങി. പഴയ തറവാട് വിട്ട് എന്റെ കൂടെ താമസിക്കാൻ അമ്മ തയ്യാറാകുമെന്ന് ആരും കരുതിയില്ല. ജേഷ്ഠനും ഭാര്യക്കും താമസിക്കുന്നതിന് വേ

## എസിനെ വിലക്കിയത് ഭ്രഷ്ട് കാരണം

റൊരു വീട് പണിയാൻ ഞങ്ങൾ തീരുമാനിച്ചു. പക്ഷേ അത് പൂർത്തിയാകും മുമ്പ് അമ്മ മരിച്ചു. ശേഷക്രിയക്ക് ഞാൻ കൂടിയാൽ യാഥാസ്ഥിതികനായ മൂത്ത ജ്യേഷ്ഠൻ പങ്കെടുക്കില്ലെന്ന് വന്നു. ഞാൻ അതിൽ നിന്നൊഴിയാൻ സമ്മതിച്ചു.

മരിക്കുന്നത് വരെ എന്റെ കൂടെ താമസിച്ച് എന്നോടുള്ള സ്നേഹ വാത്സല്യങ്ങൾ പ്രകടിപ്പിച്ച അമ്മയുടെ ശേഷക്രിയ ഭംഗിയായി നടത്തുന്നതിനു ഞാൻ ഒഴിഞ്ഞു നിൽക്കാമെന്നു പറഞ്ഞു. എന്റേത് ഒറ്റപ്പെട്ട അനുഭവമല്ല. വിധവാ വിവാഹത്തിൽ പങ്കെടുത്ത മറ്റു മിക്കവർക്കും ഇതു പോലുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ അതെല്ലാം ധൈര്യത്തോടെ നേരിട്ട് മുന്നോട്ടു പോകാൻ ഞങ്ങൾ തീരുമാനിച്ചു.' ●




*ഇട്ട്യാംപറമ്പ് വാസുദേവൻ നമ്പൂതിരിയും പത്നി കൈപ്പറമ്പ് കുറൂർ മനയ്ക്കൽ ഉമാ അന്തർജ്ജനവും ഇവരുടെ മകളാണ് എം.ആർ.ബിയുടെ പത്നിയും ആദ്യവിധവാ വിവാഹത്തിലെ നായികയുമായ ഉമ അന്തർജനം*

ഉത്തരം കിട്ടാതെ കുഴങ്ങി.

വർഷങ്ങൾ കൊഴിഞ്ഞു പോകവേ ജേഷ്ഠത്തിയുടെയും ജ്യേഷ്ഠന്റെയും വിവാഹം നിശ്ചയിച്ചു. ജ്യേഷ്ഠത്തിയുടെ വിവാഹത്തിന് എന്തോ പന്തികേടുണ്ടെന്ന് അമ്മമാർ തമ്മിൽ തമ്മിൽ പറഞ്ഞു കരയുന്നതിൽ നിന്നും മനസ്സിലാക്കി. 'വേറെ ഏതെങ്കിലും ജാതകം കൊള്ളാവുന്നതുണ്ടോ എന്ന് നോക്കിയിട്ട് മതി ഒരു വൃദ്ധനുമായിട്ടുള്ള വിവാഹം നിശ്ചയിക്കുക് എന്ന് അമ്മയും മുത്തശ്ശിമാരും അഭിപ്രായപ്പെട്ടു.

തിങ്കളാഴ്ച നോൽമ്പും ശിവപുരാണം ദശമം മുതലായവ വായിച്ചും കഴിഞ്ഞിരുന്ന പ്രകൃതമായിരുന്നു ജേഷ്ഠത്തിയുടേത്. രാവിലെ നേരത്തെ കുളിച്ച് തേവാരത്തിൽ മുഴുകി കഴിഞ്ഞിരുന്ന ജേഷ്ഠത്തിയെ എല്ലാവർക്കും ഇഷ്ടവും സമ്മതവും ആയിരുന്നു.

വിവാഹാലോചനകൾ നടക്കുമ്പോൾ സ്ഥലത്തില്ലാതിരുന്ന ജ്യേഷ്ഠൻ തിരിച്ചെത്തി. പുരോഗമനാശയങ്ങൾ നടപ്പിൽ വരുത്താൻ നമ്പൂതിരി യുവജനസംഘം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമയം. വൃദ്ധവിവാഹങ്ങൾ തടയൽ, അധിവേദനം നിർത്തലാക്കൽ, മുതലായവയെല്ലാം യുവജന സംഘത്തിന്റെ പ്രവർത്തനങ്ങളിൽ പെട്ടവയായിരുന്നു. ഈ സംഘത്തിലെ ഒരു അംഗമായിരുന്നു ഏട്ടൻ. അങ്ങനെ എല്ലാവരുടെയും ശ്രമഫലമായി വി.ടി ഭട്ടതിരിപ്പാട് ജേഷ്ഠത്തിയെ വിവാഹം കഴിച്ചു. അങ്ങനെ വിഷമദിവസങ്ങൾ നീങ്ങി. എല്ലാവർക്കും സമാധാനമായി. ഏടത്തിയുടെ കുടിവെപ്പു കഴിഞ്ഞു.

ആയിടെ സുഖമില്ലാതെ കിടപ്പിലായിരുന്ന എന്റെ അനുജൻ മരിച്ചു. ഈ ദുഃഖം വളരെക്കാലം ഞങ്ങളുടെ കുടുംബത്തിൽ നിലനിന്നു. കാലപ്പഴക്കം ഏതു ദുഃഖത്തെയും മറവിയിലേക്ക് മാറ്റി നിർത്തുമല്ലോ? ഈയവസരത്തിലാണ് വി.ടി.യുടെ ഇല്ലത്തുണ്ടായ കോലാഹലം.

എല്ലാവരും കുളിയ്ക്കാൻ പോയ തക്കം നോക്കി വാതിലെല്ലാം അടച്ചു പൂട്ടി വി.ടിയുടെ ജ്യേഷ്ഠൻ എങ്ങോട്ടോ പോയി. ഇതെല്ലാം കേട്ട് എല്ലാവരും സങ്കടപ്പെട്ടു. ഇക്കാലത്ത് ആലത്തിയൂരിൽ വി.ടി.ചെയ്ത പ്രസംഗം എന്നെ വളരെ ആവേശം കൊള്ളിച്ചു. അന്ന് വി.ടി.യുടെ പ്രസംഗം വായിച്ച് എല്ലാ വികാരവിചാരങ്ങളും ഒരു കത്തു മൂലം അദ്ദേഹത്തെ അറിയിക്കാൻ ജ്യേഷ്ഠത്തിയുടെ കയ്യിൽ എഴുതി കൊടുത്തു. പിന്നീടു വന്ന ഉണ്ണി നമ്പൂതിരിയിൽ 'ഒരു ഋതുമതിയായ പെൺക്കിടാവ് വി.ടി.യ്ക്കയച്ച കത്തും അതിനുള്ള മറുപടിയും' എന്ന പേരിൽ എന്റെ കത്തു പുറത്തു വന്നപ്പോൾ ഉണ്ടായ ഭയം എത്രയെന്ന് പറയാൻ വയ്യ.

ആരെല്ലാമാണ് ഇത് അറിഞ്ഞിട്ടുള്ളത്. ഇത് കാരണം കൊണ്ട് എന്നെ ഇല്ലത്തു നിന്നും പുറത്താക്കുമോ എന്നൊക്കെയായിരുന്നു എനിയ്ക്കുണ്ടായിരുന്ന ഭയം. പക്ഷേ ഒന്നും സംഭവിച്ചില്ല.

(വി.ടി.യുടെ മകൻ വി.ടി.വാസുദേവൻ മലയാളം വാരികയിൽ ഈയിടെ എഴുതിയ 'ഓർമ്മക്കുറിപ്പിൽ' ഇങ്ങനെ എഴുതിയിട്ടുണ്ട്.

'രജനീരംഗ കർത്താവേ,
മത്സഹോദരീ തൻ പ്രിയാ,
നിങ്ങൾ ചെയ്ത പ്രസംഗത്തെ,
യൊന്നു കേൾപ്പതിനാഗ്രഹം.'
അതിനു മറുപടി :
'ഓതിക്കോനോതുന്നതെല്ലാ-
മോത്തെന്നു ധരിക്കുകിൽ
നങ്ങേമേ ജീവിതക്കപ്പൽ
ഓടയായി നശിച്ചിടും'

**അന്ന് വി.ടി.യുടെ പ്രസംഗം വായിച്ച് എല്ലാ വികാരവിചാരങ്ങളും ഒരു കത്തു മൂലം അദ്ദേഹത്തെ അറിയിക്കാൻ ജ്യേഷ്ഠത്തിയുടെ കയ്യിൽ എഴുതി കൊടുത്തു. പിന്നീടുവന്ന ഉണ്ണി നമ്പൂതിരിയിൽ ഒരു ഋതുമതിയായ പെൺക്കിടാവ് വി.ടി.യ്ക്കയച്ച കത്തും അതിനുള്ള മറുപടിയും എന്ന പേരിൽ എന്റെ കത്തു പുറത്തു വന്നപ്പോൾ ഉണ്ടായ ഭയം എത്രയെന്ന് പറയാൻ വയ്യ.**

മാമൂലിന്റെ തോടുപൊട്ടിച്ചു പുറത്തു കടക്കാൻ മടിക്കേണ്ടതില്ലെന്ന ആ മറുകുറിപ്പ് ഒരു സ്ത്രീ ജന്മത്തിന്റെ ശിരോരേഖയായി മാറി. വിപ്ലവാത്മകമായ ജീവിതരീതി കൈക്കൊള്ളുവാൻ ഉമ എന്ന നങ്ങേമ എം.ആർ.ബി.യോടൊപ്പം തയ്യാറാവുകയായിരുന്നു. ഇത് ചരിത്രം. )

വി.ടിയുടെ പ്രസംഗം, യാചന യാത്ര, മഹാത്മജിയുടെ ആഹ്വാനമനുസരിച്ച് ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നിയമലംഘനം, ഗുരുവായൂർ സമ്മേളനത്തിൽ എം.ആർ.ബി യുടെ മറക്കുടയ്ക്കുള്ളിലെ മഹാനരകം അവതരിപ്പിച്ചത് എല്ലാമെല്ലാം എന്നെ ആവേശം കൊള്ളിച്ചു. വന്നേരി സാവിത്രി അന്തർജ്ജനത്തിന്റെ കഥകളും കവിതകളും വായിക്കാൻ തുടങ്ങിയിരുന്നു. യുവാക്കൾ മാത്രമല്ല യുവതികളും പുറത്തു വരാൻ തുടങ്ങി എന്നുള്ളത് കൂടുതൽ മുന്നോട്ട് പോകാനുള്ള ഊന്നു വടിയായി എനിയ്ക്കനുഭവപ്പെട്ടു.

കൊല്ലങ്ങൾ പിന്നേയും കടന്നുപോയി. ഏട്ടന്റെ വിവാഹം നിശ്ചയിച്ചു, പഴയ സമ്പ്രദായത്തിലായിരുന്നു വിവാഹം. വെൺമണി ഇല്ലത്തെ പാർവ്വതിയാണ് വധു. കുടിവെയ്പ് പുരോഗമന രീതിയിൽ വേണമെന്നായിരുന്നു ഏട്ടന്റെ തീരുമാനം. ജയിൽ വാസമനുസരിച്ച മോഴികുന്നത്തിനെ ക്ഷണിയ്ക്കാനും വി.ടിയുടെ അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് പ്രഹസനം കളിയ്ക്കാനും തീരുമാനമായി.


ഇതിൽ പ്രതിഷേധിച്ച് അപ്ഫൻമാരിൽ ചിലർ ഇല്ലത്തുനിന്ന് ഇറങ്ങിപോക്കു നടത്തി. മറ്റു ചിലർ പിറു പിറുക്കാൻ തുടങ്ങി. ഫലമുണ്ടായില്ല. ബന്ധുക്കളെല്ലാം പോകുന്നതിന് മുൻപ് എന്റേയും അനുജത്തി തേതിയുടെയും വിവാഹ നിശ്ചയവും അപ്ഫന്റെ വേളിയും നടത്താൻ തീരുമാനിച്ചു. എന്നാൽ അപ്ഫൻ വേളി കഴിയ്ക്കാൻ നിശ്ചയിച്ച കുട്ടിയ്ക്ക് ഭ്രഷ്ടായതുകൊണ്ട് വേളി മുടങ്ങി. എനിക്കും അനുജത്തിയ്ക്കും ഞങ്ങളുടെ വിവാഹ കാര്യത്തെപ്പറ്റി ഒന്നും അറിയുമായിരുന്നില്ല.

അപ്ഫന്റെ വേളിയ്ക്ക് അടുത്തുള്ളവരെ ക്ഷണിയ്ക്കാൻ പോവുകയാണെന്നാണ് ജോലിക്കു നിൽക്കുന്ന സ്ത്രീകൾ പറഞ്ഞു കേട്ടത്. വിവാഹത്തിന്റെ തലേ ദിവസം കോടിഅലക്കിയ രണ്ടു ശീല തന്നിട്ടു അമ്മ പറഞ്ഞു. :


'നാളെ നേരത്തെ എണീറ്റു കുളിച്ച് ഈ കോടി അലക്കിയത് ഉടുക്കണം'.

അപ്പോഴാണ് പിറ്റേന്ന് എന്റെ വിവാഹമാണെന്നറിയുന്നത്.

ആരാണ് വിവാഹം കഴിയ്ക്കുന്നത്? യുവാവാണോ വൃദ്ധനാണോ, പഴമക്കാരനാണോ പുരോഗമനവാദിയാണോ എന്നൊന്നും



*അനുഭവക്കുറിപ്പ് എഴുതിയ ഉമാ അന്തർജനത്തിന്റെ കൈപ്പട*



*വി.ടി.ഭട്ടതിരിപ്പാട്*

**വിവാഹത്തിന്റെ തലേദിവസം കോടിഅലക്കിയ രണ്ടു ശീല തന്നിട്ടു അമ്മ പറഞ്ഞു. നാളെ നേരത്തെ എണീറ്റു കുളിച്ച് ഈ കോടി അലക്കിയത് ഉടുക്കണം എന്ന്. അപ്പോഴാണ് പിറ്റേന്ന് എന്റെ വിവാഹമാണെന്നറിയുന്നത്. ആരാണ് വിവാഹം കഴിയ്ക്കുന്നത്? യുവാവാണോ വൃദ്ധനാണോ, പഴമക്കാരനാണോ പുരോഗമനവാദിയാണോ എന്നൊന്നും അറിയാതെ ഉള്ളം നീറിപ്പുകഞ്ഞു കൊണ്ടിരുന്നു.**



*ഉമാ അന്തർജനത്തിന്റെ സഹോദരന്മാരായ ഐ എസ് നമ്പൂതിരിയും പത്നി ആര്യാ അന്തർജ്ജനവും ഐ സി പി നമ്പൂതിരിയും പത്നി പാർവ്വതി അന്തർജ്ജനവും.*

ദീനക്കിടക്കയിൽ എന്നെ കണ്ടപ്പോൾ സംസാരിയ്ക്കാൻ പോലും കഴിയാത്ത അവസ്ഥയിലായിരുന്നു. എന്നെ വേളി കഴിച്ച അദ്ദേഹത്തെ ശരിയ്ക്കു കണ്ടതു തന്നെ അന്നാണ്. എല്ലാ മോഹന സ്വപ്നങ്ങളും തകരാൻ പോവുകയാണെന്ന തോന്നലോടു കൂടി തന്നെ ഞാൻ അന്നു തന്നെ തിരിച്ചു പോന്നു.


അറിയാതെ ഉള്ളം നീറിപ്പുകഞ്ഞു കൊണ്ടിരുന്നു. ജേഷ്ഠത്തിയോടൊ ഏട്ടന്റെ ഭാര്യയോടോ ചോദിക്കാനാണെങ്കിൽ ബന്ധുക്കളുടെ തിരക്കു കാരണം അവരെ ഒറ്റയ്ക്ക് കിട്ടിയതുമില്ല.

എന്നെ കൊടുക്കുന്നത് രാത്രി 9 മണിക്കും അനിയത്തി തേതിയെ വെളുപ്പാൻ കാലത്ത് 3 മണിക്കു ശേഷമുള്ള മുഹൂർത്തത്തിലുമാണ് നിശ്ചയിച്ചിരുന്നത്. പഴയ മട്ടിലുള്ള ക്രിയകളെല്ലാം കഴിഞ്ഞ് പുറത്ത് വന്നപ്പോൾ തേതിയെ വിവാഹം കഴിയ്ക്കുന്ന ആൾ വരില്ലെന്ന വാർത്തയാണ് കേട്ടത്. വടുക്കിനിയിലെ ഒരു മൂലയിൽ ആയിനി ഊണും കഴിഞ്ഞ് മയിലാഞ്ചിയുമിട്ട് ഒന്നുമറിയാതെ തേതി തലയും കുമ്പിട്ടിരിയ്ക്കുന്നു. തേവരുടേയും ഭദ്രദീപത്തിന്റേയും മുൻപിൽ ദുഃഖം സഹിയ്ക്ക വയ്യാതെ നാമം ജപിച്ചുകൊണ്ട് അമ്മയും ഇരിയ്ക്കുന്നു.

അന്നും വി.ടി തന്നെയാണ് ഇതിനൊരു പ്രായോഗികവഴി അച്ഛന്റെ മുന്നിൽ അവതരിപ്പിച്ചത്. ദേഹണ്ഡപ്പുരയിൽ പാചകക്കാരെ സഹായിച്ച് ഓടി നടന്നിരുന്ന വി ടി യുടെ അനുജൻ നാരായണൻ പിറ്റേ ദിവസം അമ്പലക്കുളത്തിൽ പോയി കുളിച്ച് വന്ന് അച്ഛന് അഭിവാദ്യവും ചെയ്ത് ആർപ്പും വിളിയുമായി വരനായി അകത്ത് കടന്ന് വേളി കഴിച്ചു. അങ്ങനെ എല്ലാവർക്കും ഒരുവിധം സമാധാനമായി. എന്നെ വേളി കഴിയ്ക്കുന്നത് എടമന വെളുത്തേടത്തെ നാരായണൻ നമ്പൂതിരിയാണെന്ന് ഒരു ബന്ധു മുഖേന ഞാൻ അറിഞ്ഞിരുന്നു. വി.ടിയുടെ സാമുദായിക പ്രവർത്തനങ്ങളിൽ താല്പര്യമുള്ള അദ്ദേഹം യോഗക്ഷേമ പ്രവർത്തകനുമായിരുന്നു.

വേളി കഴിഞ്ഞ് പിറ്റേദിവസത്തെ പത്രത്തിൽ ഒരു പരസ്യം കണ്ടു. അതിന്റെ ഉള്ളടക്കം ഇതായിരുന്നു. 'എടമന ഇല്ലത്തുള്ള സ്വത്തിന് നാരായണൻ നമ്പൂതിരി വേളി കഴിച്ച അന്തർജ്ജനത്തിനോ അതിലുണ്ടാകുന്ന സന്തതികൾക്കോ അവകാശമില്ല.' എല്ലാ അംഗങ്ങളുടേയും ഒപ്പോടു കൂടിയായിരുന്നു പരസ്യം. നാരായണൻ നമ്പൂതിരിയുടെ പുരോഗമന ആശയങ്ങൾ ഉൾക്കൊള്ളാൻ ഇല്ലത്തുള്ളവർക്ക് കഴിയുമായിരുന്നില്ല. അതുകൊണ്ട് തന്നെയാകാം ഇങ്ങനെ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയത്.

ആരുടെ സമ്മതം ഇല്ലെങ്കിലും പിറ്റേ ആഴ്ചയിൽ കുടിവെപ്പു നടത്താനുള്ള ഏർപ്പാടു ചെയ്തു വരാമെന്നും പറഞ്ഞ് അദ്ദേഹം ഇല്ലത്തു നിന്നു പോയി. ഒരു ദിവസത്തെ സഹവാസം കൊണ്ട് ഒരു കാര്യവും സംസാരിയ്ക്കാൻ അന്നത്തെ സാഹചര്യത്തിൽ സാധിച്ചിരുന്നില്ല. അദ്ദേഹം പോയത് കണയത്ത് വി.ടി.യുടെ അടുത്തേ



*ഇട്ട്യാംപറമ്പ് വാസുദേവൻ നമ്പൂതിരിയും പത്നി കൈപ്പറമ്പ് കുറൂർ മനയ്ക്കൽ ഉമാ അന്തർജ്ജനവും ഇവരുടെ മക്കളും വി.ടി.ഭട്ടതിരിപ്പാട് വിശേഷിപ്പിച്ച വിപ്ലവത്തിന്റെ ഈറ്റില്ലമായ ഇട്ടിയാംപറമ്പത്തില്ലത്തിന്റെ മുറ്റത്തു വെച്ച് എടുത്ത ഫോട്ടോ എത്രയോ വർഷങ്ങൾക്കു മുമ്പെടുത്തത്*

ക്കാണെന്ന് പിന്നീടറിഞ്ഞു.

അവിടെ എത്തിയപ്പോഴേയ്ക്കും അദ്ദേഹത്തിന് പനിയും വയറിളക്കവും തുടങ്ങി. പിറ്റേന്ന് വൈദ്യനെ കൊണ്ടു പോകാൻ കണയത്തു നിന്ന് ആളു വന്നു. ദീനം ഗൗരവമുള്ളതാണെന്ന് വൈദ്യൻ മടങ്ങി വന്നപ്പോൾ പറഞ്ഞു. കണയത്തു നിന്ന് ആളു വന്നു. ദീനക്കിടക്കയിൽ എന്നെ കണ്ടപ്പോൾ സംസാരിയ്ക്കാൻ പോലും കഴിയാത്ത അവസ്ഥയിലായിരുന്നു. എന്നെ വേളി കഴിച്ച അദ്ദേഹത്തെ ശരിയ്ക്കു കണ്ടതു തന്നെ അന്നാണ്. എല്ലാ മോഹന സ്വപ്നങ്ങളും തകരാൻ പോവുകയാണെന്ന തോന്നലോടു കൂടി തന്നെ ഞാൻ അന്നു തന്നെ തിരിച്ചു പോന്നു.

അമ്മയ്ക്ക് എന്നെ കണ്ടപ്പോൾ സങ്കടം സഹിക്ക വയ്യാതായി. പല ദിക്കിലേക്കും വഴിപാടുകൾ നേർന്നു. 'കാവിലെ ഭഗവതിയെ നല്ലോണം വിചാരിച്ചോളൂ' എന്ന് മുത്തശ്ശിയമ്മമാർ. നാലു ദിവസങ്ങൾ കൂടി കടന്നു പോയി. ഒരു ദിവസം 'എടപ്പാളിൽ നിന്ന് ആളു വന്നിട്ടുണ്ട് നങ്ങേമ എവിടെയാണ് അമ്മേ' എന്നു അച്ഛൻ ചോദിയ്ക്കുന്നത് കേട്ടു. ശബ്ദം ഇടറിയിരുന്നതിനാൽ എല്ലാവർക്കും കാര്യം മനസ്സിലായി. തെക്കിനിപ്പടിയിൽ കമിഴ്ന്നു കിടന്ന് അച്ഛൻ പൊട്ടിപ്പൊട്ടി കരഞ്ഞു. പിന്നീടവിടെ എന്തു നടന്നെന്നോ എത്ര സമയം ഇങ്ങനെ കഴിഞ്ഞെന്നോ എനിയ്ക്കറിഞ്ഞു കൂടാ.

ഇല്ലത്തടുത്തുള്ള അഷ്ടത്തെ അമ്മ വന്ന് എന്നോടു പറഞ്ഞു:

'നങ്ങേമ എന്താണ് വിവരമില്ലാത്തവരെപ്പോലെ ഇങ്ങനെ കിടക്കുന്നത്? പോയി കുളിച്ചു വന്ന് നാമം ജപിച്ച് ധൈര്യമായിരിയ്ക്കു. അമ്മയ്ക്കും മറ്റെല്ലാവർക്കും സമാധാനം കണ്ടെത്തണമെങ്കിൽ നങ്ങേമ സമാധാനത്തോടെ ഇരിയ്ക്കണം'

ഞാൻ ഇത്തരം സന്ദർഭത്തിൽ മനോധൈര്യം സ്വയം കണ്ടെത്താൻ ബഹളങ്ങളിൽ നിന്നൊഴിഞ്ഞുമാറി മൂന്നാം നിലയിൽ കയറി ഇരിയ്ക്കൽ ഒരു പതിവാക്കി.

ഞാൻ കുളിയ്ക്കാൻ പോകുമ്പോൾ ആരോ വന്നു പറഞ്ഞു

'മുങ്ങിക്കേറി തോർത്താതെ പുറത്തു കൂടെ വന്ന് വടക്കേ അറയിൽ പോയി ഇരിയ്ക്കൂ'



*ഉമാ അന്തർജനത്തിന്റെ ഏട്ടൻ ഐ.സി പി നമ്പൂതിരി, അന്നത്തെ കമ്മ്യൂണിസ്റ്റ് പത്രം പ്രഭാതത്തിന്റെ പബ്ളിഷർ*

**ഏട്ടൻ പുസ്തകങ്ങൾ വായിക്കാൻ കൊണ്ടു വന്നു തരും. ഇടയ്ക്ക് ഒരു ദിവസം ചോദിച്ചു. യോഗക്ഷേമസഭയ്ക്ക് പോകാൻ താല്പര്യമുണ്ടെങ്കിൽ കൊണ്ടുപോകാം. ഓരോന്ന് വിചാരിച്ച് വിഷമിക്കേണ്ട കാര്യമില്ല എന്ന്. കെ. എൻ. കുട്ടൻ നമ്പൂതിരിപ്പാടിന്റെ വിധവയായ സഹോദരി സാരിയും ബ്ലൗസും അണിഞ്ഞ് എല്ലാ മീറ്റിങ്ങിലും വരുന്നത് കണ്ടിട്ടുണ്ട്. മനസ്സമാധാനത്തിന് നിനക്കും പോയിക്കൂടെ.**

അമ്മ അടുത്തു വന്നിരുന്ന് പലതും പറഞ്ഞ് കരയാൻ തുടങ്ങി. ഞാൻ അമ്മയോട് പറഞ്ഞു

'അമ്മ ഇപ്പോൾ അങ്ങോട്ടു പൊയ്ക്കൊള്ളു. ഞാൻ കുറച്ച് നേരം തനിച്ചിരുന്ന് സമാധാനം കണ്ടെത്താൻ ശ്രമിച്ചോട്ടെ.' ഞാൻ പറഞ്ഞു

അച്ഛന് ഇതൊന്നും ഇഷ്ടപ്പെട്ടില്ല. അദ്ദേഹം പറഞ്ഞു.

'ഈറൻ മാറാതിരുന്നാൽ വല്ല സൂക്കേടും പിടിയ്ക്കും. ചോറും കൊടുക്കാം.'

പക്ഷേ അച്ഛന്റെ അമ്മ– മുത്തശ്ശിയമ്മ പറഞ്ഞു.

'അടുത്ത ജന്മത്തിലെങ്കിലും നല്ലതു വരട്ടെ. വല്ല കായയോ കിഴങ്ങോ ചുട്ടു കൊടുത്താൽ മതി .അല്ലാതെ ചോറു കൊടുക്കുന്ന പതിവൊന്നുമില്ല.'

ഈ രീതിയിൽ തന്നെ ഏഴു ദിവസം കഴിഞ്ഞു. എട്ടാമത്തെ ദിവസം കുളിയ്ക്കാൻ പോകുമ്പോൾ തലചുറ്റി വീഴാൻ പോയി. വല്ലാത്ത ക്ഷീണവും. ഒരു വിധത്തിൽ അമ്മയെ വിളിച്ച് ഉറക്കെയുറക്കെ കരഞ്ഞു. വിശന്നിട്ടു വയ്യമ്മേ എന്നു പറഞ്ഞാണ് കരഞ്ഞത്.

അപ്പോഴേയ്ക്കും അച്ഛനും അഫ്ഫനും മറ്റും വന്ന് എന്താണെന്ന് അന്വേഷിച്ചു. എന്റെ ജ്യേഷ്ഠന്റെ ഭാര്യ – ഇട്ടിപ്പാപ്തി അമ്പരന്ന് എന്നെ നോക്കുന്ന മുഖഭാവം എനിക്ക് മറക്കാൻ വയ്യ. എന്നേക്കാൾ നാലഞ്ച് വയസ്സ് താഴെയാണ് അവർ. കരച്ചിൽ കേട്ട് ഓടി വന്നവരോട് അമ്മ പറഞ്ഞു. 'അതിന് വിശന്നിട്ട് വയ്യാന്ന് പറയാണ് ഞാൻ എന്താണ് ചെയ്യേണ്ടത് ന്റെ ഈശ്വരാ.'

അച്ഛന് സംശയമൊന്നുമുണ്ടായില്ല

'ഗോതമ്പരി വെച്ച് ചോറുണ്ടാക്കി കൊടുക്കു' എന്ന് പറഞ്ഞു. അന്നു മുതൽ ഗോതമ്പു ചോറു കഴിച്ചു തുടങ്ങി. അങ്ങനെ ക്ഷീണത്തിന് അല്പം വ്യത്യാസമുണ്ടായി. ആദ്യഭർത്താവിന്റെ പിണ്ഡത്തിന്റെ അന്നാണ് ഞാൻ ഗർഭിണിയാണെന്നറിഞ്ഞത്. അപ്പോൾ സന്തോഷമോ സന്താപമോ ഏതാണ് അധികമുണ്ടായതെന്ന് പറയാൻ വയ്യ. അങ്ങനെ

ദീക്ഷയും വ്രതവും ഗർഭാലസ്യവുമായി ദിവസങ്ങൾ നീങ്ങി. ഏട്ടൻ പുസ്തകങ്ങൾ വായിക്കാൻ കൊണ്ടുവന്നു തരും.

ഇടയ്ക്ക് ഒരു ദിവസം ചോദിച്ചു.

'യോഗക്ഷേമസഭയ്ക്ക് പോകാൻ താല്പര്യമുണ്ടെങ്കിൽ കൊണ്ടുപോകാം. ഓരോന്ന് വിചാരിച്ച് വിഷമിക്കേണ്ട കാര്യമില്ല എന്ന്. കെ.എൻ. കുട്ടൻ നമ്പൂതിരിപ്പാടിന്റെ വിധവയായ സഹോദരി സാരിയും ബ്ലൗസും അണിഞ്ഞ് എല്ലാ മീറ്റിങ്ങിലും വരുന്നത് കണ്ടിട്ടുണ്ട്. മനസ്സമാധാനത്തിന് നിനക്കും പോയിക്കൂടെ'.

ഇങ്ങനെ പറഞ്ഞപ്പോൾ അപ്ഫന്മാർക്കും അമ്മമാർക്കും അഹിതമായി എന്തെങ്കിലും പ്രവർത്തിക്കാൻ ധൈര്യമുണ്ടായില്ല. എനിക്ക് എല്ലാ പുതുമയും ഇഷ്ടമായിരുന്നു. എങ്കിലും ഈ സന്ദർഭത്തിൽ എല്ലാറ്റിനോടും ഭയമായിരുന്നു. എന്റെ വയറ്റിൽ കിടക്കുന്ന കുട്ടിയെ ജീവനോടെ കിട്ടണെ എന്നു മാത്രമായിരുന്നു പ്രാർത്ഥന.

ഏടത്തി രണ്ടാമത്തെ പ്രസവം കഴിഞ്ഞ് ഇല്ലത്തു നിന്ന് പോകുന്നതിനു മുമ്പ് എന്നോട് ചോദിച്ചു.


'നീ വീണ്ടും വിവാഹം കഴിക്കാൻ തയ്യാറുണ്ടോ'.

അത് കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. ഉടൻ തന്നെ ഉത്തരവും പറഞ്ഞു.

'ഇല്ല '.

ഈ ചോദ്യം എന്നിലുണ്ടാക്കിയ വിചാര വികാരങ്ങൾ പലതായിരുന്നു. ഒരു പെൺകുട്ടിയും പെരുവഴിയും എന്നാണ് എന്റെ നില എങ്കിലും വിവാഹം ഒരു പ്രതിവിധിയായി കാണാൻ കഴിഞ്ഞില്ല. ഇങ്ങനെ തന്നെ കഴിയുന്നതും പ്രയാസമായി തോന്നിത്തുടങ്ങി. ഒരു ദിവസം ആര്യാപള്ളം ഇല്ലത്ത് വന്നു. പലതും പറഞ്ഞ കൂട്ടത്തിൽ പഠിക്കാൻ ആഗ്രഹമുണ്ടോ എന്ന് ചോദിച്ചു. ദേവകി നരിക്കാട്ടിരിയും പള്ളത്തിന്റെ മകൾ ദേവകിയും ഗാന്ധിജിയുടെ ആശ്രമമായ വാർദ്ധയിൽ പഠിക്കാൻ പോയ കാലമായിരുന്നു. ഈ ആശയം എനിക്കിഷ്ടപ്പെട്ടു.

പഠിക്കാൻ ആഗ്രഹമുണ്ടെന്ന് പറഞ്ഞാൽ ഏട്ടൻ സസന്തോഷം വേണ്ട സഹായം ചെയ്തു


[illegible] വമ്പിച്ച

ഒരുക്കങ്ങൾ

ശ്രീമാൻ എൻ. പി. ദാമോദരൻ സപ്തമ്പർ 11-ാംനു- പട്ടാമ്പിയിൽനിന്നു ഇപ്രകാരം കമ്പി അടിച്ചിരിക്കുന്നു:—

ശ്രീമാൻ വി. ടി. രാമൻഭട്ടതിരിയുടെ തൃത്താലയിലുള്ള "രസികസദന"ത്തിൽവെച്ചു നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള വിധവാ വിവാഹം സംബന്ധിച്ചു ഒരുക്കങ്ങൾ ജാഗ്രതയായി നടന്നുവരുന്നു. കേരളത്തിലും പുറത്തുമുള്ള പല മാന്യന്മാരിൽനിന്നും അഭിനന്ദനകത്തുകൾ [illegible] ലഭിച്ചുകൊണ്ടിരിക്കുന്നു. [illegible] വരാമെന്നു [illegible] കുട്ടൻനമ്പൂതിരിപ്പാട്, [illegible], രാമവർമ്മതമ്പാൻ, കുമാരമംഗലത്ത് കുട്ടൻനമ്പൂതിരിപ്പാട്, കെ. ടി. ചാത്തുനമ്പ്യാർ, നാലപ്പാട്ട് നാരായണമേനോൻ എന്നീ മാന്യന്മാരും, ശ്രീമതിമാർ ആര്യാപള്ളം, പാർവ്വതി നെന്മിനിമംഗലം, മിസിസ് [illegible], കാർത്ത്യായനി അമ്മ, പാർവ്വതി അയ്യപ്പൻ എന്നീ മഹതികളും വിവാഹത്തിൽ [illegible] വാഗ്ദാനംചെയ്തിട്ടുണ്ട്. ശ്രീമാന്മാർ കെ. കേളപ്പൻ, [illegible] എത്തിച്ചേരുമെന്നു പ്രതീക്ഷിക്കുന്നു. [illegible] ഉൽപതിഷ്ണുക്കളുടേയും ഇടയിൽ ഈ വിവാഹം [illegible] 12-ാംനു- [illegible] എത്തിച്ചേരുവാൻ പൊതുജനങ്ങളെ ക്ഷണിച്ചുകൊള്ളുന്നു.

*നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാവിവാഹത്തെക്കുറിച്ച് 1934 ൽ മാതൃഭൂമിയിൽ വന്ന വാർത്ത. പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ ശേഖരത്തിൽ നിന്ന്.*

തരുമെന്ന് എനിക്കുറപ്പുണ്ട്. പക്ഷേ കുട്ടിയെ ഇല്ലത്തു നിർത്തി പോകേണ്ടി വരും. അതെനിക്ക് പ്രയാസമായി തോന്നി. പ്രസംഗവേദിയിലും പത്രം മുഖേനയും വിധവാവിവാഹത്തിന് ഒരുക്കമാണെന്ന് പറയുന്നവർ പോലും ഒരു കുട്ടിയുള്ള എന്നെ സ്വീകരിക്കാൻ തയ്യാറാവുമെന്ന് എനിയ്ക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അങ്ങനെ വേർപ്പെടുത്താൻ സാധിയ്ക്കാത്ത കെട്ടുപിണഞ്ഞ ചിന്തകളാൽ ഞാൻ വിഷമത്തിലായി.

ഈയൊരു ഘട്ടത്തിലാണ് വി.ടി.യുടെ ഇല്ലത്ത് ഭാഗം നടന്നത്. വി.ടി.കുടുംബസമേതം തൃത്താലയ്ക്കു സമീപം ആലൂരിൽ സ്ഥലം വാങ്ങി അവിടെ താമസം തുടങ്ങി. രസിക സദനം എന്ന വസതിയിൽ കുടിയിരിക്കുന്ന ദിവസം ആര്യാപള്ളത്തിന്റെ നേതൃത്വത്തിൽ മറക്കുട വലിച്ചെറിഞ്ഞ് അടുത്തുള്ള സ്കൂളിൽ മീറ്റിങ്ങിന് പോയ കൂട്ടത്തിൽ ഏട്ടന്റെ പത്നി ഇട്ടിപ്പാപ്തിയും അനുജത്തി തേതിയും ഉണ്ടായിരുന്നു. ഇതെല്ലാം അപ്ഫൻമാരുടേയും മുത്തശ്ശിയമ്മമാരുടേയും ഇടയിൽ കോളിളക്കം സൃഷ്ടിച്ചു.

'ഉമ്മച്ചിമാരെപ്പോലെ അഫൻമാരുടെ മുൻപിൽ ചെല്ലരുതെന്ന് ' അവർ കർശനമായി താക്കീതു നൽകി. അങ്ങനെ ഇട്ടിപ്പാപ്തി അവരുടെ മുന്നിൽ ചെല്ലാതായി. ഏടത്തി ഒരു ദിവസം ഇല്ലത്തു വന്നപ്പോൾ ഞാനും അച്ഛനും കൂടി വി ടിയുടെ താമസ സ്ഥലമായ രസിക സദനത്തിലേക്കു പോയി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അച്ഛൻ മടങ്ങിപ്പോയി. ഒരാഴ്ച്ച കഴിഞ്ഞാൽ എന്നെ ആരെങ്കിലും ഇല്ലത്തെത്തിയ്ക്കും എന്ന തീരുമാനത്തോടെ.

'പുനർ വിവാഹത്തിന് ഒരുക്കമുണ്ടോ' എന്ന ചോദ്യം അവിടെ നിന്ന് ആവർത്തിക്കപ്പെട്ടു.

'നങ്ങേമയുടെ അഭിപ്രായം തുറന്നു പറയാം. ഞാനും ഐ .സി.പി യും മാത്രമല്ല നമ്മുടെ സംഘടന മുഴുവൻ നങ്ങേമയെ സഹായിക്കാനുണ്ടാവും'

വി.ടിയുടെ ഈ വാക്കുകൾ എന്റെ കെട്ടിപ്പിടിഞ്ഞ ചിന്താഗതികൾക്ക് ധൈര്യവും ഏകീകരണവും നൽകി. ഏട്ടന്റെയും അനുജന്റെയും കുടുംബ പ്രാരാബ്ധങ്ങൾക്കിടയിലുള്ള ജീവിതത്തിന് മാറ്റം വരാതിരിക്കില്ല. അവരുടെ ഇടയിൽ എന്റെയും കുട്ടിയുടെയും ജീവിതം എങ്ങനെയാവും? കുട്ടിയെ നല്ല നിലയിൽ വളർത്താനാകുമോ ഈ വക ചിന്തയാൽ മനസ്സ് കലങ്ങി മറിഞ്ഞു. യോഗക്ഷേമ സഭയുടെ ഉപസഭയിൽ ഒരു വിധവയെ കൈക്കൊള്ളാൻ ആരെങ്കിലും തയ്യാറുണ്ടോ എന്ന പാർവതീ നെന്മിനിമംഗലത്തിന്റെ വെല്ലുവിളിയെ കൂസൽ കൂടാതെ നേരിട്ട രണ്ട് വ്യക്തികളെപ്പറ്റി കേട്ടിരുന്നു.

ഏറെ ചിന്തിച്ചതിനുശേഷം വിവാഹത്തിന് തയ്യാറാണെന്ന് ഏടത്തി മുഖാന്തിരം വി.ടി യെ അറിയിച്ചു. രസിക സദനത്തിൽ പല മഹദ് വ്യക്തികളും വന്നും പോയുമിരുന്നു. അവരെല്ലാവരും



*ഇട്ട്യാംപറമ്പ് വാസുദേവൻനമ്പൂതിരിയുടെ പത്നി കൈപ്പറമ്പ് കുറൂർ ഉമാ അന്തർജനം മക്കളായ കോടീരി ഉണിക്കാളി അന്തർജ്ജനം വി.ടി.ഭട്ടതിരിപ്പാടിന്റെ പത്നി വി.ടി.ശ്രീദേവി അന്തർജ്ജനം, മൂർത്തിയേടത്തെ സാവിത്രി അന്തർജ്ജനം*

**വിവാഹക്കാര്യം ആരും അറിയുന്നതിന് മുമ്പേ ഇല്ലത്തു നിന്ന് പോരണമല്ലോ എന്ന് വിചാരിച്ചപ്പോൾ ആകെ വല്ലാത്ത പേടി തോന്നി. അമ്മ അറിഞ്ഞ് അത് ചെയ്യരുതെന്ന് പറഞ്ഞാൽ എനിക്കത് ചെയ്യാൻ സാധിയ്ക്കില്ല. ഏട്ടനോടും ഇട്ടിപ്പാപ്തിയോടും അപ്ഫനോടും വിവരങ്ങൾ പറഞ്ഞു. പ്രായമായ അനുജത്തിമാരും മനസ്സിലാക്കിയിരുന്നു. നേരിട്ട് പറയാൻ വയ്യാത്ത പ്രിയപ്പെട്ട എല്ലാ കാരണവന്മാരുടെയും അനുഗ്രഹാശിസ്സുകൾ ഉണ്ടാകണേ എന്ന് പ്രാർത്ഥിച്ചു.**

കൂടി ആലോചിച്ച് ഒരു ദിവസം തീരുമാനിക്കുകയും ചെയ്തു. ഇത്രയുമായപ്പോൾ ഇല്ലത്തു പോയി എല്ലാവരെയും ഒന്നുകൂടി കണ്ടുവരണമെന്ന് ആഗ്രഹം ഏടത്തിയോട് പറഞ്ഞു. വി.ടി അറിഞ്ഞപ്പോൾ അത് വേണ്ടെന്ന അഭിപ്രായമായിരുന്നു.

നാലപ്പാടനും അന്നവിടെ ഉണ്ടായിരുന്നു. അദ്ദേഹവും എന്റെ ആഗ്രഹത്തേ ശക്തിയായി എതിർത്തു. ഇതറിഞ്ഞ് ഇല്ലത്തുള്ളവർ തടഞ്ഞാൽ എന്തുചെയ്യും? തിരികെ എത്താൻ കഴിഞ്ഞില്ലെങ്കിൽ വലിയൊരു വിപത്തിനെയായിരിക്കും നേരിടേണ്ടി വരിക എന്നുള്ള അവരുടെ അഭിപ്രായം എന്നെ ഭയപ്പെടുത്തി. വിവാഹം കഴിഞ്ഞാൽ പിന്നീട് ഇല്ലത്തു പോകാൻ സാധിയ്ക്കയില്ലെന്ന വിശ്വാസം കൊണ്ട് തന്നെ പോകാൻ തീരുമാനിച്ചു.

അങ്ങനെ ഇല്ലത്തെത്തി.

'നീ ഒരാഴ്ച കഴിഞ്ഞേ വരൂ എന്നാണല്ലോ കേട്ടത് എന്താ അസുഖമൊന്നുമില്ലല്ലോ ' എന്ന് ചോദിച്ചുകൊണ്ട് ചെറിയമ്മയും മുത്തശ്ശി അമ്മമാരും അടുത്ത് വന്നു.

'ഒന്നുല്ല്യാ ഞാൻ ഉടുക്കാനുള്ള ശീലകളും കുട്ടിയുടെ എണ്ണയും മറ്റും എടുത്തിരുന്നില്ല്യ ' എന്ന് വിഷമത്തോടെ എങ്ങനെയോ പറഞ്ഞൊപ്പിച്ചു.

വിവാഹക്കാര്യം ആരും അറിയുന്നതിന് മുമ്പേ ഇല്ലത്തു നിന്ന് പോരണമല്ലോ എന്ന് വിചാരിച്ചപ്പോൾ ആകെ വല്ലാത്ത പേടി തോന്നി. അമ്മ അറിഞ്ഞ് അത് ചെയ്യരുതെന്ന് പറഞ്ഞാൽ എനിക്കത് ചെയ്യാൻ സാധിയ്ക്കില്ല. ഏട്ടനോടും ഇട്ടിപ്പാപ്തിയോടും അപ്ഫനോടും വിവരങ്ങൾ പറഞ്ഞു. പ്രായമായ അനുജത്തിമാരും മനസ്സിലാക്കിയിരുന്നു. നേരിട്ട് പറയാൻ വയ്യാത്ത പ്രിയപ്പെട്ട എല്ലാ കാരണവന്മാരുടെയും അനുഗ്രഹാശിസ്സുകൾ ഉണ്ടാകണേ എന്ന് പ്രാർത്ഥിച്ചു.

അമ്മ തൊടാൻ പാടില്ലാതെ ഇരിക്കുകയായതിനാൽ അതിനുള്ള പ്രത്യേക മുറിയിലായായിരുന്നു. ഇനി എന്ന് വരും എന്ന് അമ്മയുടെ ചോദ്യത്തിന് രണ്ടാഴ്ച താമസമുണ്ടാകുമെന്ന് പറഞ്ഞപ്പോൾ അയ്യോ അത്രയും ദിവസം ഞാൻ എങ്ങനെ കുട്ടിയെ

**അന്തർജന സഹോദരികളേ! ചാർച്ചക്കാർക്കു മാത്രമല്ല, കേരളത്തിലെ ഓരോ അന്തർജനത്തിനും എണ്ണിയെണ്ണി ക്ഷണമുണ്ടു. പലരുടെയും മേൽവിലാസം വിവരമില്ലായ്കയാൽ പ്രത്യേകം എഴുതി അയക്കാൻസാധിച്ചില്ലെന്ന് വന്നേക്കാം. എന്നാലും പരക്കെ ക്ഷണമുണ്ടു.**



*മാതൃഭൂമി ദിനപത്രത്തിൽ ആ വിധവാ വിവാഹത്തെക്കുറിച്ച് വന്ന മൂന്ന് കുറിപ്പുകൾ. 1934സെപ്തംബർ 4 ന് പ്രസിദ്ധീകരിച്ച പുറപ്പെടുക എം.അർ.ബിയുടെ വേളിക്ക് എന്ന പാർവതി നെന്മിനി മംഗലത്തിന്റെ ആഹ്വാനം. സെപ്തംബർ 5 ന് പ്രസിദ്ധീകരിച്ച വരാൻ പോകുന്ന സുദിനം എന്ന ആര്യാ പള്ളത്തിന്റെ ലേഖനം. സെപ്തംബർ 14 ന് പ്രസിദ്ധീകരിച്ച കത്ത് കിട്ടിയപ്പോൾ എന്ന ടി സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ കവിത.*



*തിരുനാവായ അമ്പലത്തിൽ തൊഴാൻ പോയപ്പോൾ എടുത്ത ഫോട്ടോ: ഉമ അന്തർജനത്തിന്റെ അനിയത്തി പ്രിയദത്താ കല്ലാട്ട് , തൃപ്രങ്ങോട് ദേവകി അന്തർജനം, പുതച്ചു നിൽക്കുന്നത് കരിപ്പാല ആര്യ അന്തർജ്ജനം (കൂറൂർ മഹൾ), വാഴപ്പള്ളി മഹൾ അരപ്പനാട്ട് ഇട്ടിപ്പാപ്തി അന്തർജനം, വി.ടി.യുടെ പത്നി ശ്രീദേവി അന്തർജ്ജനം എം ആർ ബിയുടെ പത്നി ഉമാ അന്തർജ്ജനം*

കാണാതിരിക്കും എന്ന അമ്മയുടെ വാക്കുകൾ എന്നെ വല്ലാതെ ദുഃഖിപ്പിച്ചു. അമ്മ കാണാതെ ഞാൻ കിഴക്കിനിയിൽ അമ്മയുടെ മുമ്പിലെന്ന സങ്കൽപ്പത്തിൽ നമസ്കരിച്ചു. വീണ്ടും അവിടേക്ക് വരാൻ സംഗതി ഉണ്ടാക്കി തരണേ എന്റെ കാവിൽ ഭഗവതി എന്ന് പ്രാർത്ഥിച്ചു. വടക്കിനിയിൽ നേദിച്ചു കൊണ്ടിരിക്കുന്ന മുത്തശ്ശിയമ്മയെയും തേവരേയും പ്രദക്ഷിണം വെച്ച് നമസ്കരിച്ചു യാത്ര പറഞ്ഞു പോന്നു.

തിരിച്ചു രസിക സദനത്തിൽ എത്തിയപ്പോൾ എല്ലാവർക്കും സമാധാനമായി. ഞാൻ വിവാഹ ജീവിതത്തിന്റെ മധുരസ്വപ്നം അയവിറക്കുന്നതിനേക്കാൾ അതുകൊണ്ട് ഇല്ലത്തുണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകളും വിഷമങ്ങളും ഓർത്താണ് കുണ്ഠിതപെട്ടിരുന്നത്. ഉടൻതന്നെ മറിച്ചും ചിന്ത വരും. ഈ പുനർവിവാഹം കൊണ്ട് എന്നെപ്പോലുള്ള പല വിധവകൾക്കും ധൈര്യസമേതം കയറി വരാനുള്ള ഒരേണിപ്പടിയായി തീരുകയാവും ചെയ്യുക. നമ്പൂതിരി യുവജനസംഘം തികച്ചും വിധവാ വിവാഹത്തിന് അനുകൂലിക്കുന്ന സാഹചര്യത്തിൽ എന്തു തന്നെ നേരിട്ടാലും അതെല്ലാം സഹിച്ചേ കഴിയൂ എന്ന് ഞാനുറച്ചു.

അങ്ങനെ പല മഹാന്മാരും മഹതികളും പങ്കെടുത്ത് ആർഭാടപൂർവ്വം ഞങ്ങളുടെ വിവാഹം രസിക സദനത്തിൽ വെച്ച് വി.ടിയുടെ കാർമികത്വത്തിൽ നടന്നു. എന്റെ നാട്ടിൽ നിന്ന് വൈശ്രവണൻ മൂസ്സും എം. ആറിന്റെ ഇല്ലത്തു നിന്ന് അനുജൻ എം.പി യും വന്നിരുന്നു. അന്തർജ്ജനസമാജ പ്രവർത്തകയായ ആര്യാപള്ളത്തിന്റെ പന്ത്രണ്ടു വയസ്സായ മകൻ മരിച്ച് ആറാം ദിവസമായിരുന്നു ഞങ്ങളുടെ വിവാഹം. അവർ രസിക സദനത്തിൽ വരികയും സ്റ്റേജിൽ കയറി ആവേശപൂർവ്വം പ്രസംഗിക്കുകയും ഞങ്ങളെ ആശിർവദിക്കുകയും ചെയ്തു എന്നുള്ളത് അന്നവിടെ പങ്കുകൊണ്ട ആയിരക്കണക്കിനാളുകളെ പൊട്ടിക്കരയിച്ചു. അവർക്ക് സമുദായത്തോടും സമുദായത്തിലെ പരിവർത്തനങ്ങളോടുമുള്ള കൂറ് എത്രമാത്രമുണ്ടെന്ന് തെളിയിച്ചു. ഒരിയ്ക്കലും മറക്കാനാവാത്ത സംഭവമാണിത്.

വിവാഹത്തിൽ പങ്കു കൊള്ളാൻ സാധിക്കാത്ത പലരും കമ്പി സന്ദേശമയച്ച് അനുമോദനം അറിയിച്ചു. മഹാത്മാഗാന്ധി, മഹാകവി വള്ളത്തോൾ കെ.എ. ദാമോദരമേനോൻ തുടങ്ങിയവർ അവരിൽ ചിലർ മാത്രം. വിവാഹം കഴിച്ചവരെ മാത്രമല്ല, അതിൽ പങ്കുകൊണ്ടവരേയും സമുദായം ഭ്രഷ്ട് കൽപ്പിച്ചു. ●

(എം.ആർ.ബിയുടെ മകളാണ് സരള മധുസൂദനൻ മൊബൈൽ 9746116990,Sarala Madhusudanan , Tower: 1,15A,Tata Tritvam,Goshree pachalam link road,Marine Drive Extension, Ernakulam North-682018)

## ‘തലയിലെഴുത്ത് തിരുത്തിയ കൈ’

എന്ന ലേഖനത്തിൽ ഉമാ അന്തർജനം ഇങ്ങനെ എഴുതി:

‘സുഖ സമ്പൂർണ്ണമായ ഒരു മണിയറയിലേക്കായിരിയ്ക്കയില്ല ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുന്നത്. അവിടെ പുഷ്പങ്ങൾ മാത്രമല്ല കല്ലുകളും മുള്ളുകളും കണ്ടേക്കാം. ഏതു എതിർപ്പിനേയും നേരിടാനുള്ള കരുത്തും കഴിവും നിങ്ങൾക്കുണ്ടാകുമാറാകട്ടെ.’

വി.ടിയുടെ ഈ വാക്കുകൾ എന്നിൽ എപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഏതു എതിർപ്പിനേയും നേരിടുകയും കഷ്ടപ്പാടുകളെ സഹിയ്ക്കുകയും ചെയ്യുമെന്ന ഉറച്ച തീരുമാനത്തോടെ ഞങ്ങൾ ഞങ്ങളുടെ ദാമ്പത്യ ജീവിതത്തിലേക്കു പ്രവേശിച്ചു.

പിന്നീടുള്ളത് ചരിത്രം. 62 കൊല്ലത്തോളം അവർ ഒരുമിച്ച് ജീവിച്ച് ആദ്യം ഇഹലോകവാസം വെടിഞ്ഞത് ഉമാ അന്തർജനം. 1996 ൽ. 2001 ൽ എം.അർ.ബിയും കാണാമറയത്തായി. ●

കഥ



# സെൻസെക്സ് ഇതുവരെ

ഉമാദേവി. വി.ജെ.



ഒരു കല്ലെടുത്തു നദിയിലേക്ക് എറിഞ്ഞു ആ കല്ലുണ്ടാക്കിയ ചുഴി നോക്കി സുനിൽ ആത്മഗതമെന്നോണം മൊഴിഞ്ഞു ' അല്ല , നമ്മുടെ ജീവിതവും ഒഴുക്കുള്ള നദി പോലെയല്ലേ. ആ ഒഴുക്കിൽ ഓളങ്ങളായി ബാല്യവും യൗവ്വനവും, വാർധക്യവും, ചുഴികളിൽ നിന്നു തെന്നിമാറി ഒഴുകി മരണമാകുന്ന കടലിൽ അലിഞ്ഞുചേരുകയല്ലേ. പെട്ടെന്നു മൊബൈൽ റിംഗ് ചെയ്തു. 'പ്രതീക്ഷാ ' വൃദ്ധസദനത്തിൽ നിന്നാണ്. അഛന്റ ശ്വാസ,നിശ്വാസങ്ങൾ താളം തെറ്റിയിട്ടു ഒരു ദിവസമായി. ദേഹി ദേഹത്തോടു വിട പറയുന്നത് വീഡിയോ കാൾ വഴി അങ്ങു യു.എസിൽ ഇരിക്കുന്ന മകന് കാണിച്ചു കൊടുക്കാൻ മാനേജർ കരുണൻ സാർ വിളിച്ചതായിരുന്നു. 10 നിമിഷത്തിനകം ആ വേർപാടും സംഭവിച്ചു കഴിഞ്ഞു.

> പഴയ നമ്പർ തേടി പിടിച്ചു വിവരമറിയിക്കാൻ ഒന്നു മെസേജ് ചെയ്തു. നമ്പർ മാറിയോ അറിയില്ല. കരുണൻ സാർ വിളിച്ചപ്പോൾ സംസ്കാരം നടത്തിക്കൊള്ളുവാൻ അനുവാദം കൊടുത്തു..

വലിയൊരു സമസ്യയാണ് മുന്നിൽ. സീതയോടും മോനോടും പുഴക്കരയിലേക്കു തനിക്കൊരാശ്വാസമേകാൻ ഒന്നു വരാൻ പറഞ്ഞു.

രണ്ടാഴ്ചക്കു മുൻപാണ് ഐ. ടി. മേഖലയിലെ പെട്ടെന്നുണ്ടായ റിസഷൻ കാരണം തനിക്കു ജോലി നഷ്ടപ്പെട്ടത്. അടുത്ത ജോലി കിട്ടുന്നതു വരെ നാട്ടിൽ പോയാൽ വിസ പ്രശ്നമാവും. അഛനു കൂടുതലാണസുഖം എന്നറിഞ്ഞിട്ടും ഒന്നു പോയി കാണാൻ പറ്റാത്ത അവസ്ഥ. ഇപ്പോൾ മരിച്ചിട്ടും സംസ്കാരത്തിനു പോലും പോവാൻ സാധിക്കാത്ത സ്ഥിതി. പിന്നെയുള്ളത് എന്നോ തെറ്റിപിരിഞ്ഞു പോയ ഏടത്തിയമ്മയും മോനും അവരുടെ പഴയ നമ്പർ തേടി പിടിച്ചു വിവരമറിയിക്കാൻ ഒന്നു മെസേജ് ചെയ്തു. നമ്പർ മാ

റിയോ അറിയില്ല. കരുണൻ സാർ വിളിച്ചപ്പോൾ സംസ്കാരം നടത്തി ക്കൊള്ളുവാൻ അനുവാദം കൊടുത്തു.. അങ്ങനെ വീടുമായുള്ള അവസാനത്തെ കണ്ണിയും അറ്റു വീണു.

ഈ പകൽ മായുന്ന സന്ധ്യയിൽ, കൂട്ടിനായി ഭൂതകാലത്തിലെ , ഒററപ്പെടലിന്റ നൊമ്പര ചിന്തകൾ മാത്രം. ഹൈസ്കൂളിൽ പ്രധാനാധ്യാപകനായ അഛനും, ബാങ്കുദ്യോഗസ്ഥയായ അമ്മയും.. തന്നേക്കാൾ 10 വയസ്സു മീതേയുള്ള ഏട്ടനും താനും അടങ്ങിയ സാമ്പത്തിക അടിത്തറയുള്ള ഒരു സംതുഷ്ട കുടുംബം. എന്നിരുന്നാലും സ്നേഹക്കുറവായിരിക്കാം കുടുംബ ബന്ധങ്ങളെ കീഴ്മേൽ മറിച്ചത്. സ്നേഹം ഹൃദയത്തിൽ മാത്രം മതി പ്രകടിപ്പിച്ചാൽ കുട്ടികൾ വഷളാവും , അതിൽ അഛൻ അടിയുറച്ചു വിശ്വസിച്ചു അതു പ്രായോഗികമാക്കാൻ അവനവനു പുറമേഅമ്മയേകൂടിനിർബ്ബന്ധിച്ചപ്പോൾ വാടിപ്പോയ ജീവിതങ്ങളാണ് അമ്മയുടേയും ഏട്ടന്റേതും. സ്നേഹത്തിൽ നിന്നുദിക്കുന്നൂ ലോകം സ്നേഹത്താൽ വൃദ്ധി തേടുന്നു എന്നു മറന്നുപോയ മലയാളം അധ്യാപകനായ അഛൻ. ഏട്ടൻ ഒരു റിബൽ ആയി വളരാൻ പ്രധാന കാരണവും അതായിരിക്കാം.

പഠിക്കാൻ മിടുക്കനായിരുന്ന ഏട്ടൻ എഞ്ചിനീയറിംഗിനു കോഴിക്കോട് എൻ.ഐ.ടി.യിൽ ചേർന്നു. അപ്പോഴും അഛൻ സന്തോഷം പ്രകടിപ്പിച്ചില്ല. വിശ്വാസകുറവായിരിക്കാം അവിടെ ചേർന്നപ്പോഴും ചിലവിനു ഒരു രൂപ പോലും അഛൻ കൂടുതൽ കൊടുക്കുമായിരുന്നില്ല. കൂട്ടുകാരുടെ ഇടയിൽ മോശമാവാതിരിക്കാൻ ഏട്ടൻ ട്യൂഷൻ എടുക്കുവാൻ തുടങ്ങി. ഓഹരി വിപണി യെ കുറിച്ച ഏട്ടൻ എവിടേ നിന്നോ അറിഞ്ഞു. അതിന്റെ ബാലപാഠങ്ങൾ പഠിച്ചെടുത്തു.. ട്യൂഷൻ പൈസ daily share trading ലേക്കിറക്കി ജീവിത നിലവാരം ഉയർത്താൻ നോക്കി..

ധനസമ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചതോടുകൂടി പഠനത്തില ശ്രദ്ധ കുറഞ്ഞു. വീട്ടിലേക്കുള്ള വരവും. എങ്ങനേയോ കാമ്പസ് സെലക്ഷനിൽ ജോലി കിട്ടി. ബാംഗ്ലൂരിൽ ജോലിക്കു ചേർന്നു. അപ്പോഴും ഓഹരി വിപണിയിലെ കളി തുടർന്നു. അതിനിടെ ഒപ്പം പഠിച്ചിരുന്ന കൂട്ടുകാരിയെ വിവാഹവും ചെയ്തു. കമ്പോളത്തിലെ ഉയർച്ച താഴ്ച്ചകൾ മനസ്സിലാക്കാതെ, ജോലിയേക്കാൾ പ്രാധാന്യം ഓഹരി വിപണിക്കു നൽകി വീട്ടിലിരുന്നു വ്യാപാരം ചെയ്തു ജോലിയും നഷ്ടപ്പെട്ടു.

> ഒരു ദിവസം അച്ഛനും താനുമില്ലാത്ത സമയം നോക്കി അമ്മ അവസാനത്തെ ആ കടുംകൈയ്യും ചെയ്തു

'വിപണിയിലെ bull നെ മാത്രം കണ്ടു വിശ്വസിച്ച ഏട്ടനെ bear വന്നു കടിച്ചു താഴ്ത്തിയിട്ടതു പെട്ടെന്നായിരുന്നു. അതേ, റോം ഒരു ദിവസം കൊണ്ടു നിർമ്മിച്ചതല്ല എന്നാൽ ഹിരോഷിമ ഒരു ദിവസം കൊണ്ടു നശിപ്പിക്കപ്പെട്ടു. കടക്കെണിയിലെത്തിയ ഏട്ടൻ ഭാര്യ വീട്ടുകാരോടു സഹായം ചോദിച്ചപ്പോൾ കൂനിന്മേൽ കുരുവെന്ന പോലെ തന്നെ അവരതിനെ സ്ത്രീധന കേസാക്കി മാറ്റി. കേസായപ്പോൾ അഛനും വിവരമറിഞ്ഞു. അഛനും ഏട്ടനും വീണ്ടും വാഗ്വാദങ്ങളിലേർപ്പെട്ടു. സഹായത്തിന്റെ തുമ്പ് എവിടേ നിന്നും കിട്ടാതായപ്പോൾ ഒടുവിൽ എല്ലാം ഉപേക്ഷിച്ചു ഏട്ടൻ എവിടേക്കോ പോയി. ഇപ്പോൾ ഈ മരണ വിവരം കൂടി ഒന്നും അറിയിക്കാൻ പറ്റാത്ത അവസ്ഥ.

കവിളിലേക്കൊഴുകിയ കണ്ണുനീർ തുടച്ചു സീത പറഞ്ഞു 'ഇന്നേ ദിവസം നിന്റെ മനസ്സിൽ പഴയ ഓർമകൾ അലകളിളക്കി കൊണ്ടേയിരിക്കും. 'നമുക്കീ വിവരം പറയാൻ അനിലിന്റ വീട് വരെ ഒന്നു പോയി വരാം. അവരോടിതു പറയുകയും വേണ്ടേ.?'

മോനേയും കൂട്ടി സീത നടക്കൂ. 5 നിമിഷം കഴിഞ്ഞു ഞാൻ വരാം. ഓർമ്മയുടെ ഓളങ്ങൾ താലോലിച്ചു താലോലിച്ചു അമ്മയുടെ മടിത്തട്ടിലിലേക്കെന്നെ അണയിച്ചു. ഏട്ടന്റ തിരോധാനം. ഏടത്തിയമ്മയുടെ വീട്ടുകാരുടെ സ്ത്രീധനം ചോദിച്ചൂ പറഞ്ഞു കേസു കൊടുക്കൽ. അഛന്റ പിടിവാശി എല്ലാം കൂടി അമ്മയെ വിഷാദ രോഗത്തിലേക്കു നയിച്ചു. ജോലി രാജിവെച്ചു. ഒരു ദിവസം അഛനം താനും ഇല്ലാത്ത സമയം നോക്കി അമ്മ അവസാനത്തെ ആ കടുംകൈയും ചെയ്തു. അമ്മയുടെ ആ രൂപം ഓർക്കാൻ വയ്യ. എല്ലാം കാണുന്നുണ്ടാവും. പെട്ടെന്നൊരിളം കാറ്റ് വന്നു കണ്ണീർ തുടച്ചു എല്ലാം കാണുന്ന അമ്മ യുടെ ആത്മാവ് സാന്ത്വനിപ്പിക്കാനെത്തിയതാണോ. ചെവിയിൽ മന്ത്രിക്കുകയാണോ മോൻ സീതയേയും മോനേയും നോക്കി ഒരു നല്ല കുടുംബജീവിതം നയിക്കണേ എന്ന്. ദൈവത്തിനു എല്ലാ ദിക്കിലും എത്താൻ സാധിക്കാത്തതുകൊണ്ടു അമ്മമാരെ സൃഷ്ടിച്ചു എന്നല്ലേ ചൊല്ല് തന്റെ ഈ വിഷമഘട്ടത്തിലും ഒരിളം കാറ്റായി ആശ്വസിപ്പിക്കാൻ അമ്മ എത്തിയോ. സ്നേഹമൂർത്തിയായ അമ്മയുടെ സ്നേഹം പ്രകടിപ്പിക്കാൻ അമ്മക്കിപ്പോൾ ആരുടേയും അനുവാദം ആവശ്യമില്ലല്ലോ.

തന്റെ മുന്നിൽ അന്നും ഇന്നും ഉത്തരംകിട്ടാത്ത ഒരു ചോദ്യമാണിത്. ഒരു ഹൈസ്കൂൾ നല്ല നിലക്കു കൊണ്ടുപോയിരുന്ന അഛൻ ഒരു 4 പേർ മാത്രം ഉള്ള കുടുംബം നടത്തി കൊണ്ടു പോവാൻ പ്രയാസപ്പെടുന്നത് എന്തുകൊണ്ടാണ് എന്ന.അതിൽ അമ്പേ പരാജയപ്പെടുകയും ചെയ്തു സ്നേഹമുള്ള അഛന്റെ മുഖം കാണുന്നത് വിരളം. വിരുന്നുകാർ വരുമ്പോൾ മാത്രം.

ഈ സംഭവങ്ങളോടു കൂടി തന്റെ കാഴ്ചക്കപ്പുറം മറ്റൊരു ലോകവും കൂടി ഉണ്ടെന്നു അഛൻ മനസ്സിലാക്കിയെന്നു തോന്നുന്നു. അപ്പോഴേക്കും ഒരു പാടു വൈകിപ്പോയി.

ശിഷ്ടജീവിതം അമ്പലവും അമ്പലക്കമ്മിറ്റിയുമായി നീങ്ങി. കാലചക്രത്തിന്റെ ഈ തിരിയലിൽ ഒറ്റക്കായ അഛനു കൂട്ടായി നഷ്ടങ്ങളുടേയും, വേദനകളുടേയും ഓർമ്മകൾ മാത്രം

സീത എപ്പോഴും ചോദിക്കുന്ന ഒരു ചോദ്യമാണ് അവിടെ നിന്നും താൻ എങ്ങനെയാണ് മറുകണ്ടം ചാടി രക്ഷപ്പെട്ടത് എന്ന്. അതിനു പ്രധാന കാരണം അനിൽ തന്നെയാണ്. പ്രായവ്യത്യാസം കാര

ണമാവാം കളിക്കാൻ അമ്മയുടെ കൂട്ടുകാരിയും ഒപ്പം ജോലി ചെയ്തിരുന്നതുമായ അനിലിന്റമ്മയുമായ രേഷ്മാ ആന്റിയുടെ വീട്ടിൽ പോവുമായിരുന്നു.അനിലിന്റ അഛനമ്മമാർ തനിക്കും അനിലിനെപ്പോലെ പഠനത്തിൽ നല്ല നിർദേശങ്ങൾ തരുമായിരുന്നു. അഛന്റെ പിടിവാശി അയയുകയും, അവരുടെ നിർദേശങ്ങളും കൂടിയായപ്പോൾ അനിലിന്റെ ഒപ്പം എം.ടെക്നു ഇങ്ങോട്ടു പോരാൻ കഴിഞ്ഞു.


വിവാഹം കഴിഞ്ഞു സീതയേയും കൂട്ടി വന്നപ്പോൾ അഛനു വിസ എടുത്തു കൊടുത്തിട്ടും അഛൻ വരാൻ കൂട്ടാക്കിയില്ല. തന്റ കുടുംബബന്ധത്തിനുപോറലേൽക്കെണ്ടെന്നുള്ളിൽ കരുതിയോ എന്തോ.

പരാശ്രയമില്ലാതെ ജീവിതം വയ്യെന്നായപ്പോൾ കൂട്ടിനു ഹോം നേഴ്സിനെ വെച്ചു. കൂടെ കൂടെ പോവുമായിരുന്നു.ഒരിക്കൽ പെട്ടെന്നു നാട്ടിലെത്തിയപ്പോഴാണ് അതുമനസ്സിലായത് അവർ ചെയ്യുന്നത് രോഗീപരിചരണം അല്ല അവനവന്റ പരിചരണമാണ് എന്ന്. അങ്ങനെ കൂട്ടുകാരുമായി അന്വേഷിച്ചു കണ്ടെത്തി യതാണ്പ്രതീക്ഷാ സാന്ത്വന കേന്ദ്രം .. മക്കളും, മരുമക്കളും, പേരക്കിടാങ്ങളും അരികിലില്ലാതെ ഒറ്റപ്പെടുന്നവർക്ക് ആശ്രയമാകുന്നതാണല്ലോ ഇവ വാർധക്യം ഒരു ശാപമല്ലെന്ന വർക്കു തോന്നുന്നൊരീടം.അതു അഛനും തനിക്കും വലിയ ഒരാശ്വാസമായിരുന്നു. പലപ്പോഴും പിന്നെ വീഡിയോകാൾ വഴി കാണുമ്പോൾ ഒരു ചിരിയിൽ മാത്രം ഒതുക്കുന്ന അഛന്റെ ആ ചിരി, പശ്ചാതാപത്തിന്റേതോ. അതോ ആശീർവാദത്തിന്റേതോ.

അനിലിന്റ വിളിവന്നു. ഇതാ വരുന്നു പറഞ്ഞു നടക്കാൻ തുടങ്ങി. മൊബൈൽ ഒന്നു കൂടി നോക്കിയപ്പോൾ ഏടത്തിയമ്മയുടെ മെസേജ്. തനിക്കുവരാൻ പറ്റാത്തതു കൊണ്ട് ശേഷക്രിയ മോനെ കൊണ്ടു ചെയ്യിക്കാം. പകരമായി ഏട്ടന്റെ ഷെയറും മോന്റ പഠനച്ചിലവും നൽകണമത്രെ.. അനിലിന്റ വീട്ടിലെത്തി ഇതു വായിച്ചതും അനിലിന്റെ വക സുനീലേ നീ പോയി പരേതാത്മാ പീഡനത്തിനു അവർക്കെതിരെ കേസു കൊടുക്ക്. അതു പറഞ്ഞു ഒരു ചിരി. രക്തബന്ധങ്ങൾ ശിഥിലമാക്കുന്ന ഈ സമയത്ത് കൂടെ നിൽക്കുന്ന ആത്മസൗഹൃദത്തിന്റ നിഷ്കളങ്കമായ ചിരി.

ഒരു വേദനാ സംഹാരിയായി അതവിടെ അലയടിച്ചുകൊണ്ടിരുന്നു. അതിൽ ഞങ്ങളേവരും താനേ അലിഞ്ഞുചേർന്നു. ●

ഉമാദേവി വി.ജെ.
ഹൗസ് നമ്പർ 9, ചോലമന, ടി.കെ.വി. നഗർ, കൽമണ്ഡപം, പാലക്കാട്- 678001
മൊബൈൽ 9446814340



സ്വൈരക്കേടരുളുന്ന വാക്കു മഴു പോ-
ലുള്ളം മുറിക്കുമ്പൊഴും
സൗരഭ്യത്തെ വിടായ്ക ചന്ദനമരം
പോലീ ജഗത്തിങ്കൽ നീ
നേരായും മഹിതസ്വഭാവമിതു
കണ്ടെന്നാലുടൻ മംഗളം
നേരും, നിന്നെയനുഗ്രഹിക്കുമൃഷിമാ-
രെന്നല്ല, ദൈവങ്ങളും

**താമരശ്ശേരി കൃഷ്ണൻ ഭട്ടതിരി (മുരളി)**
– 'ഭക്തിരസായനം'



**പുസ്തകം പ്രകാശനം ചെയ്തു**

പരേതനായ ഡോ. സി.കൃഷ്ണൻ നമ്പൂതിരിയുടെ 'മരണവും മരണാനന്തരവും' എന്ന പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ Death and beyond ഡോ. ആർ.രാമാനന്ദ് പ്രശസ്ത സിനിമാതാരം പത്മശ്രീ മോഹൻലാലിന് നൽകി പ്രകാശനം ചെയ്തു. അനുത്തര ബുക്സാണ് പ്രസിദ്ധീകരിച്ചത്.
'മരണവും മരണാനന്തരവും' മലയാളത്തിൽ പുറത്തിറക്കിയത് കോഴിക്കോട് ഗംഗാ ബുക്സ് ആണ്. ഫോൺ: 9447022920



2024 ജനുവരി 3 ന് 1199 ധനു 18 ന് ബുധനാഴ്ച ഉത്രം നക്ഷത്രത്തിൽ

**ഷഷ്ട്യബ്ദ പൂർത്തി ആഘോഷിച്ച കുണ്ടിൽ കുളം ശ്രീധരൻ നമ്പൂതിരിയും (മൂസാമ്പൂരി) സഹധർമ്മിണി ആര്യ അന്തർജ്ജനവും**

ആദരവോടെ മക്കൾ ശ്രീദത്ത് കെ.എസ്., ശ്രീജിത്ത് കെ.എസ്.



*വേദ പാരായണം*



*ദശദാനം, ഷൾദാനം*



*ശ്രീരുദ്രം കൊട്ടിക്കൽ*




*ഭാഗവത, നാരായണീയ പാരായണം*



*ശംഖൊലി നമ്പൂതിരി സഭയുടെ ആഭിമുഖ്യത്തിൽ നടന്ന ആദരവ്*

**ശ്രീധരൻ നമ്പൂതിരി കെ, ശ്രീവത്സം, നടുകിൽ, നീലേശ്വരം പി.ഒ., ഓമശ്ശേരി, കോഴിക്കോട് ജില്ല 673582, ഫോ: 9495848090**

അയോധ്യയിലെ പ്രാണ പ്രതിഷ്ഠയ്ക്ക് മുമ്പ് ജനുവരി 17 ന് തൃപ്രയാർ ക്ഷേത്ര ദർശനത്തിന് ശേഷം പ്രധാനമന്ത്രി തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടേയും വേദഘോഷം ശ്രവിച്ചത് നാം മാധ്യമങ്ങളിലൂടെ അറിഞ്ഞു. മഠത്തിലെ സീനിയർ അദ്ധ്യാപകനും പ്രിൻസിപ്പാളുമായ വടക്കുമ്പാട് പശുപതി നമ്പൂതിരി ആ അനുഭവം 'സ്വസ്തി'യ്ക്കുവേണ്ടി പങ്കുവെയ്ക്കുന്നു.



*ബ്രഹ്മസ്വം മഠം പ്രിൻസിപ്പാൾ വടക്കുമ്പാട് പശുപതി നമ്പൂതിരി പ്രധാനമന്ത്രിയെ സ്വീകരിക്കുന്നു*

# ആ ഫോൺ കോൾ വന്നത് പ്രധാനമന്ത്രിക്കു വേണ്ടി

**വടക്കുമ്പാട് പശുപതി നമ്പൂതിരി**



ഒരു ദിവസം കേന്ദ്ര സാംസ്ക്കാരിക വകുപ്പിന് കീഴിലുള്ള ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ആർട്ട്സിന്റെ തൃശ്ശൂർ റീജിണൽ സെന്ററിൽ നിന്നും ബ്രഹ്മസ്വം മഠത്തിലെ വേദിക് റിസർച്ച് സെന്റർ ചെയർമാനായ ഡോ.സി.എം നീലകണ്ഠൻ പറഞ്ഞതനുസരിച്ച് അക്കാദമിക് ഓഫീസർ ആയ ശ്രീ ധനഞ്ജയന് ഒരു ഫോൺ സന്ദേശം ലഭിച്ചു. പ്രധാനമന്ത്രിയ്ക്ക് കേരളത്തിലെ വേദ സംസ്കൃതിയെ അടുത്തറിയണം. അതിന് മഹത്തായ പാരമ്പര്യമുള്ള തൃശ്ശൂർ ബ്രഹ്മസ്വം മഠം അവസരം ഒരുക്കണം. ജനുവരി 17 ന് ഉള്ള അദ്ദേഹത്തിന്റെ കേരളസന്ദർശനത്തിന്റെ ഭാഗമായി തൃപ്രയാർ ക്ഷേത്രത്തിൽ വെച്ച് പത്തുമിനുട്ട് വേദഘോഷത്തിന് അവസരമുണ്ട്.

സീനിയർ അദ്ധ്യാപകനും പ്രിൻസിപ്പാളും ആയ എനിയ്ക്കും സഹ ആചാര്യന്മാർക്കും പിന്നെ തിരക്കായിരുന്നു. ഏതൊക്കെ വേദസൂക്തങ്ങൾ ചൊല്ലണം, ഏത് ആദ്യം വേണം എന്നൊക്കെ നിശ്ചയിക്കണം. വിദ്യാർത്ഥികളെ പഠിപ്പിച്ചുറപ്പിയ്ക്കണം. ഇതിനൊക്കെ പുറമെ, സുരക്ഷാപരിശോധനകളും.

വിഷ്ണു സൂക്തം, സംവാദസൂക്തം, സ്വസ്തിസൂക്തം എന്നിവ ജപിയ്ക്കാമെന്ന് തീരുമാനമായി. നരേന്ദ്ര മോദി എന്നതിന്റെ ചുരുക്കപ്പേരാണല്ലോ 'നമോ' എന്ന്. ജപം അവസാനിപ്പിയ്ക്കുന്നത് ഋഗ്വേദത്തിലെ ഇരുപത്തേഴാം സൂക്തത്തിലെ 'നമോ' എന്നത് ഒരു പ്രത്യേക ക്രമത്തിൽ ആവർത്തിച്ചു വരുന്ന 'നമോ മഹദ്ഭ്യോ ..' എന്ന മന്ത്രം കൊണ്ട് വേണമെന്നും നിശ്ചയിച്ചു.

നമോ മഹദ്ഭ്യോ നമോ അർഭകേഭ്യോ
നമോ യുവഭ്യോ നമ ആശിനേഭ്യ:
യജാമ ദേവാന്യദി ശക്നവാമ
മാ ജ്യായസ: ശംസമാ വൃക്ഷി ദേവാഃ

അദ്ധ്യാപകരും വിദ്യാർത്ഥികളും മഠത്തിന്റെ അധികാരികളും അടക്കം പങ്കെടുക്കുന്ന ഇരുപത്തഞ്ചാൾക്കാരുടെ പേരും മറ്റ് വിവരങ്ങളും മുൻകൂട്ടി അയച്ചുകൊടുത്തു.. ഞങ്ങൾ പതിനേഴ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. നാലു ഗുരുക്കന്മാരും പിന്നെ മഠത്തിന്റെ അധികാരികളും അക്കാദമിക് കാര്യകർത്താവും അടക്കം നാലുപേരും. ഏറ്റവും പ്രായവും സീനിയോറിറ്റിയുള്ള

അദ്ധ്യാപകൻ ഞാനും ഏറ്റവും പ്രായം കുറഞ്ഞ വിദ്യാർത്ഥി ഇരിങ്ങാടപ്പിള്ളി അഭിരാമും. പിന്നെ ഔദ്യോഗികമായ പരിശോധനകളും അന്വേഷണങ്ങളും മുറപ്രകാരം നടന്നു.

നാലു ദിവസം മുമ്പേ കഠിന പരിശീലനം നടത്തിത്തുടങ്ങി. പലവുരു കുട്ടികളെ ചൊല്ലിച്ചു. ഒരേ പോലെ എല്ലാവരും ചൊല്ലുന്നുണ്ടെന്ന് ഉറപ്പിച്ചു. രണ്ട് ദിവസം മുമ്പ് പ്രധാനമന്ത്രി വന്നാൽ എങ്ങിനെയൊക്കെ ഉണ്ടാവുമോ അങ്ങിനെയൊക്കെ റിഹേഴ്സൽ നടത്തി. അദ്ദേഹം ഏതുഭാഗത്തുകൂടെ വരും, എവിടെ ഇരിയ്ക്കും, എന്തൊക്കെ ചോദിയ്ക്കും എന്നതൊക്കെ ആവർത്തിച്ച് പരിശീലനം നടത്തി.

അപ്പോഴാണ് പുതിയ ഒരു പ്രശ്നം പൊങ്ങിവന്നത്. കോവിഡ് ടെസ്റ്റ് നടത്തണമത്രേ. അതോടെ ആകെ പരിഭ്രമമായി. എങ്ങാൻ പോസിറ്റീവ് ആണെന്ന് വന്നാൽ അതോടെ തീർന്നു, എല്ലാം. ഒരു മഹാനെ കൈയകലത്തിൽ കാണാനും,പറ്റുമെങ്കിൽ ഒന്നു സംസാരിയ്ക്കാനുമുള്ള സുവർണ്ണാവസരം. കോവിഡ് ടെസ്റ്റ് നടത്തി പരിശോധനാഫലങ്ങളും അയച്ചുകൊടുത്തു. സ്വന്തം ഇല്ലത്ത് പോയി തിരിച്ചെത്താൻ കഴിയാതിരുന്ന ഒരു കുട്ടിയ്ക്ക് പങ്കെടുക്കാൻ പറ്റിയില്ല.

പങ്കെടുക്കുന്നതിനായി മുൻകൂട്ടി സമർപ്പിച്ച ലിസ്റ്റിൽ ഇരുപതാ ൾക്കാരുടെ പേരുകൾ അംഗീകരിച്ച് വന്നു. കോവിഡ് ടെസ്റ്റ് നടത്തിയ നാല് അദ്ധ്യാപകർക്കും പതിനാറ് വിദ്യാർത്ഥികൾക്കും മാത്രം പങ്കെടുക്കാമെന്ന അറിയിപ്പ് തലേന്ന് രാത്രി വൈകി രണ്ടുമണിയോടെ ലഭിച്ചു. പ്രോഗ്രാം വിവരങ്ങളും കിട്ടി. ഗുരുവായൂരിൽ തൊഴുത ശേഷം തൃപ്രയാർ അമ്പലത്തിൽ എത്തുമ്പോൾ കുറച്ച് സമയം വേദാർച്ചന നേരിൽ കേൾക്കും. ഏകദേശം പത്തരമണി ആവുമ്പോളേയ്ക്കും അദ്ദേഹം തൃപ്രയാറിലെത്തും. ഞങ്ങൾക്ക് ഏഴുമണിയ്ക്ക് മുമ്പേ തൃപ്രയാറിലെത്തണം. അദ്ദേഹം തേവരെ തൊഴുത് കഴിഞ്ഞ് വേദിയിൽ എത്തുന്നതിന്ന് മുമ്പ് പരിശോധനകൾ കഴിഞ്ഞ് ഞങ്ങൾ ഓത്തുചൊല്ലാൻ തയ്യാറായിരിയ്ക്കണം.

പതിനാറ് വിദ്യാർത്ഥികളും ഞങ്ങൾ നാല് അദ്ധ്യാപകരും കൂടി ആറരയോടെ അമ്പലത്തിലെത്തി. കർശനമായ സുരക്ഷാ പരിശോധനകൾ കഴിഞ്ഞ് വസ്ത്രം മാറാനും വിശ്രമി



*പ്രധാനമന്ത്രിക്ക് മുന്നിൽ വേദഘോഷം നടത്തിയ തൃശൂർ ബ്രഹ്മസ്വം മഠത്തിലെ പഠിതാക്കൾ*



*തൃപ്രയാർ തന്ത്രി തരണനല്ലൂർ പദ്മനാഭൻ നമ്പൂതിരിപ്പാട് പ്രധാനമന്ത്രിയോടൊപ്പം*

ഈ കാലഘട്ടത്തിലും ഓത്തു ചൊല്ലി പഠിക്കുകയോ?. അതുതത്തിനിടയുണ്ട്. അതെ, തൃശൂരിന്റെ തിലകക്കുറിയായ ബ്രഹ്മസ്വം മഠത്തിൽ ഒട്ടേറെ ഉണ്ണികൾ ഇപ്പോഴും ആ പാരമ്പര്യം തുടരുന്നു. വേദപഠനം വിധിയാം വണ്ണം നടന്നുവരുന്നു. അനേകം പണ്ഡിതന്മാർ ഇവിടെ നിന്നും പഠനം പൂർത്തിയാക്കി വേദോപാസനയിലും മറ്റു മേഖലകളിലും നിറഞ്ഞ് നിൽക്കുന്നു.

ആദിശങ്കരാചാര്യസ്വാമികൾ ധർമ്മ പുനഃസ്ഥാപനത്തിന്റെ ഭാഗമായി ഭാരതത്തിൽ ആകെ സഞ്ചരിയ്ക്കുകയും നാലുദിക്കുകളിലും മഠങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അതിനു ശേഷം ശങ്കരശിഷ്യന്മാർ തൃശ്ശൂരിൽ ഒരേ മേൽക്കൂരയ്ക്ക് കീഴിൽ നാല് മഠങ്ങൾ സ്ഥാപിച്ചു. പത്മപാദർ തെക്കേമഠവും തോടകാചാര്യർ ഇടയിൽ മഠവും സുരേശ്വരാചാര്യർ നടുവിൽ മഠവും ഹസ്താമലകാചാര്യർ വടക്കേ മഠവും. ആദ്യം ഋഗ്വേദം മാത്രമേ പഠിപ്പിച്ചിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ യജുർ,സാമവേദങ്ങൾ കൂടി പഠിപ്പിയ്ക്കുന്നുണ്ട്.

ഇന്ദിരാഗാന്ധി നാഷണൽ സെൻറർ ഫോർ ആർട്ട്സിന്റെ തൃശ്ശൂർ റീജിണൽ സെന്റർ :-

തൃശ്ശൂരിൽ പഴയനടക്കാവിലെ നടുവിൽ മഠം കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. 2018 ൽ സ്ഥാപിതമായത് മുതൽ വേദ പരമ്പര്യത്തിനും പാരമ്പര്യമായ അറിവുകളുടെ പ്രാധാന്യം സമകാലിക ലോകത്തിന്ന് പരിചയപ്പെടുത്തുന്നതിനും പഠനത്തിനും ഊന്നൽ നൽകുന്നു. ധാരാളം പ്രഭാഷണങ്ങൾ വർക്ക് ഷോപ്പുകൾ മുതലായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

യ്ക്കാനുമായി ഒരു മുറിയിൽ ഞങ്ങളെ കൊണ്ടാക്കി. പത്തര മണിയ്ക് പ്രധാനമന്ത്രി എത്തുന്നതിന് മുമ്പേ കസവ് കര മുണ്ടുടുത്ത് വേഷ്ടി പുതച്ച് വേദിയ്ക് പിറകിൽ തയ്യാറായി നിന്നു.

അദ്ദേഹം വേദിയിലേക്ക് വരുന്നതിന്ന് തൊട്ടുമുമ്പ് വേദാർച്ചന തുടങ്ങി. പ്രത്യേകം തയ്യാറാക്കിവെച്ച കസേരയിൽ വന്നിരുന്ന അദ്ദേഹം ഒത്തുചെല്ലുന്നത് ശ്രദ്ധയോടെ കേട്ടിരുന്നു. കൈകാട്ടി, തലയാട്ടി പിഴയ്ക്കാതെ മുഴുവൻ ചൊല്ലി. 'നമോ...' എന്നുതുടങ്ങുന്ന മംഗളഗീതവും ചൊല്ലിക്കഴിഞ്ഞപ്പോഴാണ് ശ്വാസം നേരെ വീണത്. ഞങ്ങൾക്കനുവദിച്ച പത്തുമിനുട്ട് കൃത്യമായി പാലിച്ചിരിയ്ക്കുന്നു. വേദഘോഷം കൃത്യം 10.27 ന് തുടങ്ങി 10.37 ന് അവസാനിപ്പിച്ചു.

വേദിയിൽ നിന്നിറങ്ങിയതിന് പിന്നാലെ ഞങ്ങളെ അമ്പലത്തിന്റെ നടപ്പുരയിലേയ്ക്ക് ഉദ്യോഗസ്ഥർ കൊണ്ടുചെന്നു. അപ്പോൾ ഏറ്റവും മുതിർന്ന ആചാര്യനായ എന്നെയും ഏറ്റവും ചെറിയ വിദ്യാർത്ഥിയായ ഇരിങ്ങാടപ്പിള്ളി അഭിരാമിനെയും മുന്നോട്ട് മാറ്റി നിർത്തി. ഞങ്ങളുടെ വേദഘോഷത്തിനു ശേഷം അരങ്ങേറിയ രാമായണ പാരായണവും ഭജനയും കേട്ടു കഴിഞ്ഞ് നടന്ന് വന്ന പ്രധാനമന്ത്രി എന്നെ പൊന്നാട അണിയിയ്ക്കുകയും പഴങ്ങൾ അടങ്ങിയ ഒരു പാത്രം തരികയും ചെയ്തു. സൂര്യതേജസ്വിയായ അദ്ദേഹത്തിന്നടുത്ത് നിൽക്കാനും അഭിനന്ദനങ്ങൾ ഏൽക്കാനും സാധിച്ചത് മഹാഭാഗ്യം തന്നെ. അതിനുശേഷം അഭിരാമിനടുത്ത് ചെന്ന് കുനിഞ്ഞ് വാത്സല്യത്തോടെ തലയിൽ തലോടി പൊന്നാട അണിയിച്ചു. അതിനുശേഷം കുട്ടികളുടെ അടുത്തേയ്ക് ചെന്ന് അവരോട് പേര് ചോദിയ്ക്കുകയും കൂടെ നിന്ന് ഫോട്ടോയെടുക്കുകയും ചെയ്തു. കുട്ടികളോട് വേദപഠനത്തോടൊപ്പം സ്കൂൾ വിദ്യാഭ്യാസത്തിലും ശ്രദ്ധിയ്ക്കണമെന്നും, ഹിന്ദി ഭാഷ പഠിയ്ക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഇല്ലത്തുവെച്ചും ബ്രഹ്മസ്വം മഠത്തിൽ വെച്ചും നാലു തലമുറകളായി വേദോപാസന നടത്തുന്നവരാണ് വടക്കുമ്പാട്ടുള്ളവർ. വലിയ പാരമ്പര്യമുള്ള ബ്രഹ്മസ്വം മഠം വേദപാഠശാലയിൽ പഠിയ്ക്കാനും പത്തുമുപ്പത്തഞ്ചുകൊല്ലമായി വേദം പഠിപ്പിയ്ക്കാനും പറ്റുന്നത് അതിരറ്റ പുണ്യമാണ്. ഹിന്ദുസംസ്കാരത്തിന്റെ ആണിക്കല്ലായ വേദത്തേയും മറ്റും ആദരിയ്ക്കുകയും അതിൽ അഭിമാനിയ്ക്കുകയും ചെയ്യുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയെപ്പോലെയുള്ള കേമന്മാരുടെ മുന്നിൽ ചെന്നു നിൽക്കാൻ കഴിയുന്നത് ജീവിതത്തിലെ അസുലഭമുഹൂർത്തമാണ്.

തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ വേദാദ്ധ്യാപകനാണ് വടക്കുമ്പാട് പശുപതി നമ്പൂതിരി. ●


വിലാസം:
വടക്കേ മഠം ബ്രഹ്മസ്വം
എം ജി റോഡ്, തൃശ്ശൂർ 680001.
ഫോൺ : 9447968539


# തരണനെല്ലൂർ



കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലെ ഗ്രേഡ് കുറഞ്ഞ ഒരു ക്ഷേത്രത്തിൽ നൂറ്റാണ്ടുകളായി ആചാര്യ പദവിയുള്ള തരണനെല്ലൂർ തന്ത്രി കുടുംബത്തിലെ കാരണവർ 2024 ജനുവരി ഒന്നാം തിയ്യതി ഒരു സാഹസം ചെയ്തു. ഭാരത പ്രധാനമന്ത്രിക്ക് ഒരു കത്തെഴുതി അയച്ചു. എല്ലാ ക്ഷേത്രങ്ങളും വികസനത്തിന്റെ പാതയിൽ മുന്നേറുമ്പോൾ ദേശീയപാതയോരത്തുള്ള തന്റെ ക്ഷേത്രത്തിനും മേൽഗതിയുണ്ടാവണമെന്ന സദുദ്ദേശ്യത്തോടെ. വി. ഐ. പി. കളൊന്നും പതിവു സന്ദർശക പട്ടികയിലില്ലാത്ത അമ്പലം. ത്രേതായുഗത്തിലെ അയോദ്ധ്യ വാണ ശ്രീരാമ - ലക്ഷ്മണ - ഭരത-ശത്രുഘ്നർക്ക് അമ്പലങ്ങൾ പണിത് നാലമ്പല ദർശനം എന്ന സവിശേഷതീർത്ഥാടനം എത്രയോ കാലമായി നടന്നു വരുന്ന ശ്രീരാമ ക്ഷേത്രം, വീരാമ ക്ഷേത്രം /

തന്ത്രി ലെറ്റർപാഡെടുത്തു. മുകളിൽ ധ്യാനനിമഗ്നനായ, നതമസ്തകാഞ്ജലികളോടെ ഇരിക്കുന്ന മാരുതിയും ഇരുവശത്തും ദേവസ്വ - ബ്രഹ്മസ്വങ്ങളുടെ മേൽവിലാസവും അലങ്കരിക്കുന്ന ലെറ്റർ ഹെഡ്./

ശിരസ്സിൽ ഋഷിനാമവും നാസാ




തൃപ്രയാർ ശ്രീരാമ ക്ഷേത്രം

# തന്ത്രി കുടുംബം

ദ്വാരമുഖത്ത് ഛന്ദസ്സും ഹൃദയസ്ഥാനത്ത് മന്ത്രമൂർത്തിയേയും സ്മരിച്ചു ചൊല്ലി ധ്യാനശ്ലോകം പകർത്തിയത് നാഗരി ലിപിയിൽ / ഹത്വാ യുദ്ധേ ദശാസ്യം ത്രിഭുവനവിഷമം വാമഹസ്തേന ചാപം/ഭൂമൗ വിഷ്ടഭ്യതിഷ്ഠന്നിതരകര ധൃതൗ ഭ്രാമയൻ ബാണമേകം / ആരക്തോപാന്തനേത്ര : ശരദളിതവപുഃ സൂര്യകോടിപ്രകാശോ വീരശ്രീബന്ധുരാംഗ : ത്രിദശപതിനുത : പാതുമാം വീരരാമ : / താഴെ മന്ത്രാക്ഷരങ്ങൾ ഒന്നൊന്നായി എഴുതി വീരരാമസ്യ പ്രാണാ ഇഹ പ്രാണാ ഹംസ: എന്ന് സങ്കല്പിച്ചു കുറിച്ചു. വീണ്ടും മന്ത്രാക്ഷരങ്ങൾ , വീരരാമസ്യ ജീവ ഇഹ സ്ഥിത: എന്നെഴുതി. പിന്നേയും മന്ത്രാക്ഷരങ്ങൾ എഴുതിയ ശേഷം വീരരാമസ്യ സർവ്വേന്ദ്രിയാണി വാങ് മനശ്ചക്ഷുശ്രോത്രഘ്രാണാപ്രാണാ ഇഹൈവാഗത്യാഗത്യ സുഖം ചിരം തിഷ്ഠന്തു സ്വാഹാ ഹംസഃ  സം ലം വം ഓം ഓം ഓം ഹംസ: ഹംസഃഹംസ: സോഹം സോഹം സോഹം  എന്നവസാനിപ്പിച്ച ശേഷം തന്ത്രി പദ്മനാഭ നമ്പൂതിരിപ്പാദ് എന്ന് ഒപ്പിട്ടു ലെറ്റർ പാഡിന്റെ മറ്റു രണ്ടു ഷീറ്റുകളിൽ ഇംഗ്ലീഷിൽ തൃപ്രയാർ ക്ഷേത്ര ഐതിഹ്യങ്ങളും സവിശേഷതകളും കാര്യമാത്രപ്രസക്തമായി ടൈപ്പു ചെയ്യിച്ചു. സ്ഥലം : തൃപ്രയാർ, തിയ്യതി 01/01/2024 എന്ന് കവറിങ് ലെറ്ററിൽ ചേർത്തു. / ശ്രീ നരേന്ദ്ര മോദി, ബഹുമാന്യ പ്രധാനമന്ത്രി, സൗത്ത് ബ്ലോക്ക്, ന്യൂഡൽഹി– 110011 എന്ന് കവറിനു പുറത്ത് മേൽവിലാസവും എഴുതിച്ചേർത്തു. മാരുതതുല്യവേഗത്തിൽ ആ ക്ഷണപത്രം പ്രധാനമന്ത്രി സമക്ഷം ഒട്ടും വൈകാതെ എത്തി എന്നു പറഞ്ഞാൽ മതിയല്ലോ.

പ്രതിപാദ്യ വിഷയമായി എല്ലാ കൊല്ലവും സേതുബന്ധനം ചിറകെട്ടോണം എന്ന പേരിൽ കന്നിമാസത്തിലെ തിരുവോണത്തിന് ഭക്തജനങ്ങളുടെ പങ്കാളിത്തത്തോടെ ആഘോഷമായി നടന്നു വരുന്നുണ്ടെന്നും ശ്രീരാമസ്വാമിയുടെ അദൃശ്യ സാന്നിദ്ധ്യം അതിലുണ്ടെന്നും ക്ഷണപത്രത്തിൽ എഴുതിയിരുന്നു. ഭാരതത്തിലെ മറ്റൊരു ക്ഷേത്രത്തിലും ഇത്തരമൊരു ആചാരം ഉള്ളതായി അറിയില്ലെന്നും എഴുതി. തൃപ്രയാർ ഏകാദശിയും ആറാട്ടുപുഴ പൂരവും നാലമ്പല ദർശനവും കൂട്ടത്തിൽ പരാമർശിച്ചു. തന്ത്രിയിലൂടെ ശ്രീരാമസ്വാമി തന്നെ പ്രധാനമന്ത്രിയെ തൃപ്രയാറിലേക്കു ക്ഷണിക്കുകയായിരുന്നു താൻ അതിന് ഒരു നിമിത്തമായെന്നേ തന്ത്രി പദ്മനാഭൻ നമ്പൂതിരിപ്പാടും ഭാവിക്കുന്നുള്ളു .

**– കൊ.ചെ.പാച്ചു**


Statement about ownership and other particulars about
Newspaper Yogakshemasabha Swasthi / Malayalam Trimonthly

| | | |
|---|---|---|
| 1. Place of Publication | : | Kozhikode |
| 2. Periodicity of Publication | : | Trimonthly |
| 3. Printer's Name | : | K.I.Vishnu Namboodiri |
| 4. Nationality | : | Indian |
| 5. Address | : | Gayathri Nivas, Thrikkuttisseri<br>Avitanallur, P.O. Vakayad Pin: 673614<br>Kozhikode, Mob: 9074402032 |
| 6. Publisher's Name | : | K.I. Vishnu Namboodiri |
| 7. Nationality | : | Indian |
| 8. Address | : | Gayathri Nivas, Thrikkuttisseri<br>Avitanallur, P.O. Vakayad Pin: 673614<br>Kozhikode, Mob: 9074402032 |
| 9. Editor's Name | : | K.M. Parameswaran |
| 10. Nationality | : | Indian |
| 11. Address | : | Aryasree, Arakkinar P.O.<br>Mathottam, Kozhikode. Pin-673028 |
| 12. Name and address of Individuals who own the Newspaper and Partners Shareholders holding more than one percent of the total capital. | : | Yogakshemasabha Kozhikode District Committee,<br>Jilla Asthana Mandiram, Near Kovoor Vishnu<br>Temple, P.O. Chevayoor, Kozhikode. Pin 673017 |

I, K.I.Vishnu Namboodiri hereby declare that the particulars given above are true to the best of my knowledge and belief.

01.03.2024 Sd/- K.I.Vishnu Namboodiri

### തൃപ്രയാർ ക്ഷേത്രത്തിൽ വേദാർച്ചന നടത്തിയ അഭിരാം പ്രധാനമന്ത്രിയെ കണ്ടതും സംസാരിച്ചതും ഓർമ്മിക്കുന്നു

# 'നാം ക്യാ'എന്ന് പ്രധാനമന്ത്രി എന്നോട് പേരു ചോദിച്ചു

പിന്നീടുള്ള ദിവസങ്ങളിൽ എന്നെ കാണുന്നവർ എല്ലാവരും എന്താണ് പ്രധാനമന്ത്രി എന്നോട് പറഞ്ഞത് എന്ന് ചോദിച്ചു കൊണ്ടിരുന്നു. അങ്ങനെ എനിക്ക് കിട്ടിയ അഭിനന്ദനങ്ങൾ കണ്ടപ്പോഴാണ് മഠത്തിലെ കുട്ടികളുടെ കൂട്ടത്തിലെ ഏറ്റവും ചെറിയ കുട്ടി എന്ന നിലയിൽ എനിക്ക് കിട്ടിയ ഭാഗ്യത്തെ കുറിച്ച് മനസ്സിലായത്.

2024 ജനുവരി 17 ഞാനും എന്റെ കൂട്ടുകാരും ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയെ കണ്ട ദിവസമാണ്. അന്ന് രാവിലെ 5.30ന് തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിൽ നിന്ന് ഞങ്ങൾ തൃപ്രയാർ ശ്രീരാമക്ഷേത്രത്തിലേക്ക് പുറപ്പെട്ടു. അവിടെ ഞങ്ങൾ 6.20 ന് എത്തി.

ഗോപുരത്തിൽ കയറുമ്പോൾ ഒരു സെക്യൂരിറ്റി ഞങ്ങളെ പരിശോധിച്ചു. അവിടെ അടുത്ത് ഒരു പോലീസ് ഡോഗ് 'Sweety' എന്ന് എഴുതിയ വേഷത്തിൽ നിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ഒരാൾ വന്ന് ഞങ്ങൾക്ക് ഡ്രസ്സ് മാറാനും റെസ്റ്റ് എടുക്കാനും ഒരു മുറി കാണിച്ചു തന്നു. 10.30 ന് പ്രധാനമന്ത്രി വരും എന്ന് ഞങ്ങൾ അറിഞ്ഞപ്പോൾ സന്തോഷമായി. റൂമിൽ എത്തി ഞങ്ങൾ 4 ബിസ്ക്കറ്റും ഒരു നേന്ത്രപ്പഴവും കഴിച്ച് വിശപ്പ് മാറ്റി. റെഡിയായി നിന്നു, 10 മണി ആയപ്പോൾ ഒരു ഹെലികോപ്റ്ററിന്റെ ശബ്ദം അടുത്ത് നിന്ന് കേട്ടു. ഞങ്ങൾ കൂട്ടുകാർ നാലുപേർ വേഗം ഓടി ജനലിലൂടെ നോക്കി. അവിടെ രണ്ട് പോലീസുകാർ നിൽക്കുന്നുണ്ടായിരുന്നു. ഞങ്ങൾ അവരോട് അത് പ്രധാനമന്ത്രിയുടെ ഹെലികോപ്റ്റർ ആണോ എന്ന് ചോദിച്ചു. അതേ എന്ന് പറഞ്ഞുകൊണ്ട് ഞങ്ങളെ പരിചയപ്പെട്ടു. അപ്പോഴേക്കും ഒരു ചേച്ചി ഓടി പോയി സ്റ്റേജിന്റെ പിന്നിൽ പ്രധാന

**കുറച്ചു നേരം കഴിഞ്ഞപ്പോൾ എന്നോടും വടക്കുമ്പാട് മാഷിനോടും കുറച്ച് അകലെ മാറ്റി നിർത്തി. പ്രധാനമന്ത്രി അകത്തേക്ക് വരുന്നത് അപ്പോൾ ഞങ്ങൾ കണ്ടു. അദ്ദേഹം എന്റെ അടുത്തേക്ക് വന്ന് ആദ്യം വടക്കുമ്പാട് പശുപതി മാഷിനേയും പിന്നെ എന്നേയും പൊന്നാട അണിയിച്ചു. അദ്ദേഹം ഒരു കൈ എന്റെ ചുമലിലും മറുകൈ തലയിൽ തലോടിയും 'നാം ക്യാ' എന്ന് ചോദിച്ചു. ചുരുക്കി പറഞ്ഞപ്പോൾ എനിക്ക് ചോദിച്ചത് മനസ്സിലായില്ല. അപ്പോൾ വടക്കുമ്പാട് മാഷ് പേര് എന്താ എന്ന് പറയാൻ പറഞ്ഞു. അപ്പോൾ ഞാൻ 'അഭിരാം' എന്ന് പറഞ്ഞു, അദ്ദേഹം എന്നെ തൊട്ടപ്പോൾ എനിക്ക് കുളിര് കോരിയപോലെ തോന്നി.**



*ഇരിങ്ങാടപ്പിള്ളി മനയ്ക്കൽ അഭിരാം*

മന്ത്രി വരുന്നതും കാത്ത് ക്യൂ നിന്നു.

കുറച്ച് നേരം കഴിഞ്ഞപ്പോൾ ഞങ്ങൾ 16 കുട്ടികളും 4 ഗുരുക്കന്മാരും സ്റ്റേജിലേക്ക് വരിവരിയായി കേറി ഇരുന്നു. വേദാർച്ചന തുടങ്ങി. ഏതാനും സെക്കന്റുകൾക്ക് ശേഷം പ്രധാനമന്ത്രി വന്ന് മുന്നിലെ കുഷ്യൻ ഇട്ട കസേരയിൽ ഇരുന്നു. കൂടാതെ കുറച്ചുപേർ കോട്ടും സൂട്ടും ഇട്ടവർ തോക്കും പിടിച്ച് കുറച്ച് മാറി ദൂരെ നിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അവരെ കണ്ടപ്പോൾ മനസ്സിൽ ഒരു പേടി തോന്നി. ഞങ്ങളുടെ വേദാർച്ചന അദ്ദേഹം ശ്രദ്ധിച്ച് കേട്ടു. വേദാർച്ചന കഴിഞ്ഞിട്ട് രണ്ട് പരിപാടികൾ കൂടി ഉണ്ടായിരുന്നു. അത് കഴിയുന്നതിന് മുമ്പേ ഒരാൾ വന്ന് ഞങ്ങളോട് അമ്പലത്തിന്റെ സൈഡിലേക്ക് മാറി നിൽക്കാൻ പറഞ്ഞു.

കുറച്ചു നേരം കഴിഞ്ഞപ്പോൾ എന്നോടും വടക്കുമ്പാട് മാഷിനോടും കുറച്ച് അകലെ മാറ്റി നിർത്തി. പ്രധാനമന്ത്രി അകത്തേക്ക് വരുന്നത് അപ്പോൾ ഞങ്ങൾ കണ്ടു. അദ്ദേഹം എന്റെ അടുത്തേക്ക് വന്ന് ആദ്യം വടക്കുമ്പാട് പശുപതി മാഷിനേയും പിന്നെ എന്നേയും പൊന്നാട അണിയിച്ചു. അദ്ദേഹം ഒരു കൈ എന്റെ ചുമലിലും മറു കൈ തലയിൽ തലോടിയും 'നാം ക്യാ' എന്ന് ചോദിച്ചു. ചുരുക്കി പറഞ്ഞപ്പോൾ എനിക്ക് ചോദിച്ചത് മനസ്സിലായില്ല. അപ്പോൾ വടക്കുമ്പാട് മാഷ് പേര് എന്താ എന്ന് പറയാൻ പറഞ്ഞു. അപ്പോൾ ഞാൻ 'അഭിരാം' എന്ന് പറഞ്ഞു, അദ്ദേഹം എന്നെ തൊട്ടപ്പോൾ എനിക്ക് കുളിര് കോരിയപോലെ തോന്നി. ഒരു പാത്രത്തിൽ കുറച്ചു ഫലങ്ങളും എനിക്ക് തന്നു. അതിന് ശേഷം അല്പം മാറി നിൽക്കുന്ന എന്റെ കൂട്ടുകാരുടെ അടുത്തേക്ക് അദ്ദേഹവും ഞങ്ങളും പോയി. അദ്ദേഹം എല്ലാവരോടും പേരും ക്ലാസ്സും ചോദിച്ചറിഞ്ഞു. ചിലരോട് വീട് എവിടെയാണെന്നും ചോദിച്ചു. ഞങ്ങളുടെ കൂടെ നിന്ന് ഫോട്ടോ എടുക്കുകയും ചെയ്തു,



*വടക്കുമ്പാട് പശുപതി നമ്പൂതിരിയെ പ്രധാനമന്ത്രി നരേന്ദ്രമോദി പൊന്നാട അണിയിക്കുന്നു*

പ്രധാനമന്ത്രി അകത്തേക്ക് വരുന്നത് അപ്പോൾ ഞങ്ങൾ കണ്ടു. അദ്ദേഹം എന്റെ അടുത്തേക്ക് വന്ന് ആദ്യം വടക്കുമ്പാട് പശുപതി മാഷിനേയും പിന്നെ എന്നേയും പൊന്നാട അണിയിച്ചു. അദ്ദേഹം ഒരു കൈ എന്റെ ചുമലിലും മറു കൈ തലയിൽ തലോടിയും 'നാം ക്യാ' എന്ന് ചോദിച്ചു.

എല്ലാവരും വലിയ ഉത്സാഹത്തിൽ ആയിരുന്നു. അതിനുശേഷം പ്രധാനമന്ത്രി പോയപ്പോൾ ഞങ്ങൾ അമ്പലത്തിലേക്ക് തൊഴാൻ പോയി. തൊഴുത് കഴിഞ്ഞ് തിരിച്ച് റൂമിൽ എത്തിയപ്പോൾ എല്ലാ കൂട്ടുകാരും എന്റെ അടുത്ത് വന്ന് പ്രധാനമന്ത്രി എന്താ എന്നോട് പറഞ്ഞത് എന്ന് ചോദിച്ചു. പേര് ചോദിച്ചതാണ് എന്ന് ഞാൻ പറഞ്ഞു. തുടർന്ന് ഡ്രസ്സ് മാറി ഞങ്ങൾ ട്രാവലറിൽ കേറാൻ നിന്നപ്പോൾ കുറച്ച് പേർ ഞങ്ങളുടെ അടുത്തേക്ക് ക്യാമറയുമായി വന്ന് കുറേ ചോദ്യങ്ങൾ ചോദിച്ചു. അതിന്റെയെല്ലാം മറുപടി പറഞ്ഞ് ട്രാവലറിൽ കേറി ഭക്ഷണം കഴിക്കാൻ ഗോവിന്ദഭവൻ ഹോട്ടലിലേക്ക് പോയി. അതു കഴിഞ്ഞ് ബ്രഹ്മസ്വം മഠത്തിലേക്ക് പോയി. അവിടെ എത്തിയശേഷം യാത്രാ ക്ഷീണം കാരണം ഞങ്ങൾ എല്ലാവരും സുഖമായി കിടന്നുറങ്ങി. അടുത്ത ദിവസം പത്രത്തിൽ ഞങ്ങൾ പ്രധാനമന്ത്രിയുടെ കൂടെ നിൽക്കുന്ന ഫോട്ടോ കണ്ടപ്പോൾ എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. നമ്മളുടെ ഫോട്ടോ പത്രത്തിൽ വന്നിരിക്കുന്നു എന്ന് പറഞ്ഞു എല്ലാവരും സന്തോഷിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ എന്നെ കാണുന്നവർ എല്ലാവരും എന്താണ് പ്രധാനമന്ത്രി എന്നോട് പറഞ്ഞത് എന്ന് ചോദിച്ചു കൊണ്ടിരുന്നു. അങ്ങനെ എനിക്ക് കിട്ടിയ അഭിനന്ദനങ്ങൾ കണ്ടപ്പോഴാണ് മഠത്തിലെ കുട്ടികളുടെ കൂട്ടത്തിലെ ഏറ്റവും ചെറിയ കുട്ടി എന്ന നിലയിൽ എനിക്ക് കിട്ടിയ ഭാഗ്യത്തെ കുറിച്ച് മനസ്സിലായത്. ●

(ഇരിങ്ങാടപ്പിള്ളി മന രാജ്കുമാറിന്റെ മകനാണ് അഭിരാം. അമ്മയോടൊപ്പം അമ്മാത്തായ തൃശൂരിലെ കോട്ടിലെക്കോട്ടാണ് താമസം. ഫോൺ: 9605904322)

### അറിയേണ്ട അന്തർജനം


# സ്നേഹം ചുരത്തുന്നോരമ്മ

**കടയുടെ ഷട്ടർ തുറക്കുന്ന ഒച്ച കേൾക്കേണ്ട താമസം അവർ ഓടിയെത്തും. മരുന്ന് വാങ്ങാൻ എത്തു ന്നവരാണെന്ന് തെറ്റിദ്ധരിക്കേണ്ട. ഓടി അമ്മക്കരികിൽ എത്തുന്നത് അമ്മുക്കുട്ടി എന്ന പൂച്ച പിന്നെ പറവകളും. വിശിഷ്യ കാക്കകൾ. ഒന്നല്ല ഒരുപറ്റം. രാവിലെ, ഉച്ചക്ക് നേരം നോക്കി അവർ എത്തും.**

*വാർത്തെക്കുറിച്ചറിയാം ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്താൽ*



**പാലേലി മോഹൻ**



രാവിലെ നാലിന് ഉണരും. കൃത്യമായ എണ്ണം പറഞ്ഞനീക്കങ്ങൾ നടത്തി. 8 മണിയുടെ ബസ്സിന് ശ്രീമൂലനഗരം ആശുപത്രി പടിയിൽ ഇറങ്ങും. നാഗാർജുനയുടെ ഏജൻസി നടത്തുകയാണ് വെണ്മണി ആത്തേമ്മാർ.

കടയുടെ ഷട്ടർ തുറക്കുന്ന ഒച്ച കേൾക്കേണ്ട താമസം അവർ ഓടിയെത്തും. മരുന്ന് വാങ്ങാൻ എത്തുന്നവരാണെന്ന് തെറ്റിദ്ധരിക്കേണ്ട. ഓടി അമ്മക്കരികിൽ എത്തുന്നത് അമ്മുക്കുട്ടി എന്ന പൂച്ച; പിന്നെ പറവകളും. വിശിഷ്യ കാക്കകൾ. ഒന്നല്ല ഒരുപറ്റം. രാവിലെ, ഉച്ചക്ക് നേരം നോക്കി അവർ എത്തും.

മുമ്പ് ഇല്ലത്ത് വന്നിരുന്നു രാവിലെ കാപ്പിയുടെ നേരത്ത് .

അവരും കടയിലേക്ക് തിരിഞ്ഞു കഴിഞ്ഞു.

ചോറ് അവർക്കു വേണ്ട. പക്കാവട, ബിസ്ക്കറ്റ് എന്നിവ മതി. ഓപ്പോൾ ഇതെല്ലാം കൃത്യമായി വാങ്ങി വയ്ക്കും.

ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല കടയാരംഭിച്ചതു മുതൽ പറവകൾ പറന്നിങ്ങുവാൻ തുടങ്ങി. ഓരോരുത്തരുടെ ജന്മനിയോഗം ഓരോന്നാണ്.

കണയൂർ കാപ്ര ഇല്ലത്തെ രാധ പ്രൈമറിയിൽ പഠിക്കുന്ന സമയം. അഛനും അമ്മയും

പുറത്ത് പോയിരിക്കുന്നു സ്കൂൾ വിട്ടു വന്ന് ആട്ടിൻകുട്ടിയുമായി ഓടിയും കളിച്ചും നടക്കുന്ന നേരത്ത് ആട്ടിൻകുട്ടി കിണറിൽ വീണു. കുന്നിൽ പുറത്തുള്ള ഇല്ലത്തിന്റെ കിണറിന്റെ ആഴം ചെറുതായിരുന്നില്ല. രാധ വലിയ വായിൽ കരഞ്ഞു. അതു കേട്ട് വല്യച്ഛൻ ഓടി വന്നു. എന്താ കുട്ട്യേ നെണക്ക് പറ്റ്യേ ന്റാട്ടിൻ കുട്ടി കെണറ്റില് വീണു. വലിയ

രാധയുടെ കൂടെ രാത്രി ഉറക്കത്തിന് ആട്ടിൻ കുട്ടിയും നിർബ്ബന്ധമാണ്. കോണി കയറ്റി മുകളിൽ കൊണ്ടു പോകും. അന്നേയുണ്ട് ഒറ്റക്കുട്ടിക്ക് കൂട്ട് ചരാചരങ്ങൾ.





വട്ടമുള്ള കിണറിൽ ഏണി വച്ച് അദ്ദേഹം സാഹസപ്പെട്ടിറങ്ങി. ആട്ടിൻകുട്ടിയെ കിണറ്റിൽ നിന്നെടുത്തു.

അനുജന്റെ മകൾ. സ്വന്തം കുട്ടിയേപ്പോലെ സ്നേഹിച്ചിരുന്നു. ആ കിണറിൽ ഇറങ്ങുക എന്നത് അപകടം പിടിച്ച പണിയാണ്.

കുട്ടിയുടെ സങ്കടത്തിന് മേലെ മറ്റൊന്നുമില്ല.

രാധയുടെ കൂടെ രാത്രി ഉറക്കത്തിന് ആട്ടിൻ കുട്ടിയും നിർബ്ബന്ധമാണ്. കോണി കയറ്റി മുകളിൽ കൊണ്ടുപോകും. അന്നേയുണ്ട് ഒറ്റക്കുട്ടിക്ക് കൂട്ട് ചരാചരങ്ങൾ.

വട്ടംകുളം, കുമരനല്ലൂർ സ്ക്കൂളുകളും പിന്നെ പട്ടാമ്പി കോളേജിലും പഠിച്ചു. മഹിളാ സമാജത്തിൽ നാടകം കളിച്ചിട്ടുണ്ട്.

ജോലിക്കു കയറാൻ കോഴിക്കോട് ഫറോക്കിൽ ക്രമം.

അച്ഛൻ 7000 രൂപ കടമായി സംഘടിപ്പിച്ചു. തൊട്ടുപിന്നാലെ ജാതകം വലവിരിച്ചു കഴിഞ്ഞു. കവിത്വം, ഭാഗവതം എന്നിവ തുളുമ്പുന്ന വെണ്മണി ഇല്ലത്തേക്ക്. 1976 ലായിരുന്നുഅത്.രാധക്ക് , മുരളീധരൻ. ഹന്ത ഭാഗ്യം ജനാനാം. കൊല്ലത്തെ കശുവണ്ടി ഫാക്ടറിക്കാരന് ടീച്ചർ ഭാര്യയാവേണ്ട.

ഫറോക്കും , കൊല്ലവും . ഏതാണ്ടത് തീരുമാനമായി. അധ്യാപനം മാറ്റി ആത്തേമ്മാരായി. പിറ്റേ വർഷം അമ്മയായി. ചോറൂൺ കഴിഞ്ഞപ്പോൾ കൊല്ലം കാണാൻ ഇല്ലത്തുനിന്നിറങ്ങി. പിന്നെ 20 വർഷം കൊല്ലത്ത്. പെണ്ണും ഉണ്ണിയും കൊല്ലത്ത് പഠിച്ചു. സ്വന്തമായി നടത്തിയ തീപ്പെട്ടി കമ്പനിയും കശുവണ്ടി കച്ചവടവും നിർത്തി നാട്ടിലേക്കു വന്നു. കേരള ഊരാഴ്മ ദേവസ്വം ബോർഡിന്റെ ഉദ്യോഗസ്ഥനായി.

പ്രമോഷനിൽ ഓഡിറ്ററായി. യാത്രക്കിടെ ബസ്സപകടത്തിൽ മുരളീധരൻ വിടചൊല്ലി. മകൾ വിവാഹിതയും ടീച്ചറുമായി. മകൻ

ഏഴിക്കോട് കൃഷ്ണദാസ് മേൽ ശാന്തിയുടെ ശിഷ്യനായി. പിന്നെ വെണ്മണി രാധ സ്വന്തമായി തീരുമാനമെടുത്തു. എട്ടുവർഷം മുമ്പ് കാലടിയിൽ ആയൂർവേദ കടയിൽ ജോലിക്കാരിയായി.

അവിടെയും രക്തത്തില ലിഞ്ഞ ജന്തുസ്നേഹം വിരിഞ്ഞു.. കടയ്ക്കുമുന്നിൽ പ്രാവുകളും, കാക്കയും വരും. അവർക്ക് തീറ്റ നൽകും.

ഓട്ടോസ്റ്റാന്റ് കടയുടെ തൊട്ടു മുന്നിലാണ്. അവർ ഇത് കണ്ട് കമന്റ് പറയും ജന്തുസ് നേഹിയമ്മ. ഒരു ദിവസം കാലിന് പരിക്കു പറ്റിയ പ്രാവിന് മുറിവെണ്ണ പുരട്ടി കാലിന്റെ പരിക്കിന് ചികിത്സിച്ചു. പിന്നീട് ശ്രീമൂലനഗരത്ത് നാഗാർജുനയുടെ ഏജൻസി തുടങ്ങി. അതിൽ ഷെയറും ഉണ്ടായിരുന്നു. കൊറോണക്കാലത്ത് അവർ ഒഴിഞ്ഞ് കട സ്വന്തമായി. ജീവിതം ആസ്വ



പിതൃക്കളെ കാക്കകളുടെ രൂപത്തിൽ എത്തുമ്പോൾ അവരെ തൃപ്തിപ്പെടുത്തുവാൻ കിട്ടുന്ന അവസരമാണ് ഇപ്പോഴത്തെ സന്തോഷം. , അവരോട് സല്ലപിക്കുവാൻ രാധോപ്പോൾ സമയം കണ്ടെത്തും.

ദിക്കുവാൻ തുടങ്ങി.

പുലർച്ചെ 4 ന് ഉണരും. 5 നകം അത്യാവശ്യ കാര്യങ്ങൾക്ക് തുടക്കം കുറിക്കും.

കുളിച്ച് അമ്പലത്തിൽ ചെല്ലും കീർത്തനങ്ങൾ ചൊല്ലുന്നതിനിടെ പൂക്കൾ പറിച്ച് മണ്ഡപത്തിൽ വയ്ക്കും. നിർമാല്യം അഭിഷേകം എന്നിവ തൊഴുത് പോരും. മകന്റെ ആത്തേമ്മാർ 7 ന് ആർ.എൽ.വി. കോളേജിൽ പാട്ട് പഠിക്കാൻ പോകും. 8 മണിയുടെ ബസ്സിന് കടയിലേക്ക് ഇറങ്ങും.

മകൻ ആദർശ് ഏഴിക്കോട് കൃഷ്ണദാസിന്റെ ശിഷ്യനാണ്. നാട്ടിൽ മുട്ടുശാന്തി നിർവ്വഹിക്കുന്നതും ആദർശ് തന്നെയാണ്.

അഛൻ കാപ്ര ജാതവേദൻ നമ്പൂതിരി വയറിങ് ജോലിയാണ് നിർവ്വഹിച്ചിരുന്നത്.

ഇല്ലങ്ങളിൽ ശുദ്ധമായി ചെയ്യുന്ന ആളുണ്ടായാൽ ചാൻസ് കൂടുന്ന കാലം.

60 കളിൽ ആറ്റൂർ വാദ്ധ്യാനില്ലം വയറിംഗ് 2 വർഷം നീണ്ടു. നിരവധി അമ്പലങ്ങൾ.

2001 ൽ അഛൻ വിട പറഞ്ഞു.

ഒരു വർഷം കഴിഞ്ഞപ്പോൾ ഒറ്റക്ക് കൂടിയിരുന്ന അമ്മ ശ്രീദേവി അന്തർജനത്തെകൊണ്ടു പോന്നു.

അടുത്ത കാലം വരെ വലിയ പ്രശ്നം ഇല്ലാതെ അമ്മ കഴിഞ്ഞിരുന്നു. പിന്നീട് ചെറിയ ഓപ്പറേഷൻ, അതിനൊപ്പം അറ്റാക്ക്.

അത് മാറാത്ത ദുഃഖം തന്നു. മകളുടെ വിവാഹവും, പുര പണിതീർക്കലും കഴിഞ്ഞു മൂന്ന് വർഷം കഴിഞ്ഞാണ് മുരളി ഏട്ടന്റെ വിയോഗം. 2011 ൽ . അത് സഹിക്കാമായിരുന്നു. അമ്മ കൂടെയുണ്ട്. എന്തിനും സമാധാന വാക്ക് കിട്ടും. ഇല്ലത്തെ പുലക്കാരായ മാറത്ത് കാപ്രയിലേക്കാണ് മകൾ ആശയെ കൊടുത്തത്.

പിതൃക്കളെ കാക്കകളുടെ രൂപത്തിൽ എത്തുമ്പോൾ അവരെ തൃപ്തിപ്പെടുത്തുവാൻ കിട്ടുന്ന അവസരമാണ് ഇപ്പോഴത്തെ സന്തോഷം. , അവരോട് സല്ലപിക്കുവാൻ രാധോപ്പോൾ സമയം കണ്ടെത്തും.

മകന് ഒഴിവുണ്ടെങ്കിൽ തീർത്ഥാടനം നടത്തും. വൃന്ദാവനത്തിൽ ചെന്നതിന്റെ സന്തോഷം ഇന്നും. അടുത്ത ദിവസം അയ്യപ്പനെ കാണാൻ നാട്ടിലെ അമ്പലത്തിൽ നിന്ന് യാത്ര പോകുന്നു. കന്നി സ്വാമി കറുത്ത ചുരിദാറിലാണ്.

അമ്മുക്കുട്ടി എന്ന പൂ ച്ച എവിടെയോ പെറ്റു കിടപ്പാണ്. കുട്ടികളെ കാണാൻ കാത്തിരിപ്പാണ്. ഗർഭരക്ഷക്ക് നാഗാർജുനയുടെ മരുന്ന് ഒരുക്കിയിട്ടുണ്ട്. വെണ്മണി രാധാ അന്തർജനത്തിന് .

ഇല്ലത്തേക്കാൾ ഏറെ ഇഷ്ടം ഈ കടമുറിയാണ്. സ്വർഗ തുല്യം. പലരേയും പരിചയപ്പെടാം. ഇല്ലത്തെ അമ്മയെ ഏറെ ഇഷ്ടമാണേ വർക്കും. അമ്മ പറയുന്നത് ഈ കടയിൽ കസേരയിൽ ഇരുന്ന് മരിക്കണമെന്നാണ്. ●


വിലാസം:
പാലേലി മോഹൻ
ചൊവ്വര 683571
ആലുവ 8304909076

വെണ്മണി രാധ,
നാഗാർജ്ജുന മരുന്ന് ശാല,
ശ്രീമൂലനഗരം,

# ഹരികൃഷ്ണനും അർച്ചനയും

ഗുരുവായൂർ മൂത്തേടത്ത് മന ശങ്കരൻ നമ്പൂതിരി - മിനി അന്തർജനം ദമ്പതിമാരുടെ മകൾ, അർച്ചനയും അമ്പലപ്പുഴ കോമന കൈപ്പള്ളി ഇല്ലം കെ കെ വാസുദേവൻ നമ്പൂതിരി - രേഖാ നമ്പൂതിരി എം പി ദമ്പതിമാരുടെ മകൻ ഹരികൃഷ്ണനും വിവാഹിതരായി. വേദി :മാനസമീര ഓഡിറ്റോറിയം, അമ്പലപ്പുഴ.2024 ജനുവരി 28.

അർച്ചന, പരേതനായ മൂത്തേടം കൃഷ്ണൻ നമ്പൂതിരി, ശ്രീദേവി അന്തർജനം & മഞ്ചേരി പുൽപ്പറ്റ തിരുവാലൂർ മന പരേതനായ വാസുദേവൻ നമ്പൂതിരി, സുഭദ്ര അന്തർജനം എന്നിവരുടെ പേരക്കുട്ടിയാണ്. ഹരികൃഷ്ണൻ, കൈപ്പള്ളി ഇല്ലം പരേതരായ വി കൃഷ്ണൻ നമ്പൂതിരി, ഉമാദേവി & തൃശൂർ കോട്ടപ്പടി കാവീട് മഴവഞ്ചേരി മന പരമേശ്വരൻ നമ്പൂതിരി, ശ്രീദേവി എം പി എന്നിവരുടെ കൊച്ചുമകനാണ്. ഫോൺ: മൂത്തേടം ശങ്കരൻ നമ്പൂതിരി : 9446396661








**28.12.23 ന് സപ്തതി ആഘോഷിച്ച**

# ശ്രീമതി കെ. ശ്രീദേവി

**നരിയങ്ങൽ തലപ്പണ (ചിത്ര) ശ്രീപരമേശ്വരൻ നമ്പൂതിരിയുടെ സഹധർമ്മിണി എടരിക്കോട് കല്ലൂർമന പരേതരായ ബ്രഹ്മശ്രീ മാധവൻ നമ്പൂതിരിപ്പാടിന്റെയും ശ്രീമതി സാവിത്രി അന്തർജ്ജനത്തിന്റെയും മകൾ**

*ആശംസകളോടെ:*

മക്കൾ: **ജയശ്രീ, സിന്ധു, സന്ദീപ്**

മരുമക്കൾ: **വാസുദേവ കിരൺ** മേലേടത്ത് മന, ചെമ്പ്രശ്ശേരി. **പ്രസാദ്**, തറമേൽ മന, തിരുവല്ല. **വിദ്യ പി.വി.** പുത്തൂർമന, തിരൂർ



# ABCD എത്തിച്ച ആൾ

**പൂണുനൂൽ പൊട്ടിച്ചെറിയാതെത്തന്നെ നമ്പൂരിത്തത്തെ 'കറ' തീർത്ത് നിലനിർത്താൻ ശ്രമിച്ചവരുണ്ട്. അവരിലൊരാളെ സ്വസ്തി പരിചയപ്പെടുത്തുകയാണ്**

**വെങ്ങല്ലൂർ സതീശൻ**



നമ്പൂതിരിയെ മനുഷ്യനാക്കാൻ പ്രവർത്തിച്ചവരെ നമുക്കറിയാം.വി.ടി, ഇ എം എസ്, പ്രേംജി,എം ആർ ബി, പാർവ്വതി നെന്മിനിമംഗലം, പാർവ്വതി മനഴി.. അന്നത്തെ യോഗക്ഷേമസഭയും അതിന്റെ യുവജനവിഭാഗവും നമ്പൂതിരിയെ, ഒപ്പം കേരളത്തെയും ഉണർത്തി. യുവാക്കളുടെ നേതാവ് ഇ എം എസ് നമ്പൂതിരിപ്പാട് സഭയുടെ ഓങ്ങല്ലൂർ സമ്മേളനത്തിൽ ചെയ്ത പ്രസംഗം ഭാവിനമ്പൂതിരിയുടെ മാനിഫെസ്റ്റോ ആയിരുന്നു. ''പാട്ടം പിരിക്കുന്ന കാലം കഴിഞ്ഞു. അധ്വാനിച്ചാൽ തന്നെയേ ഇനി മുതൽ നമ്പൂതിരിക്കും ജീവനം സാധിക്കൂ. സമുദായം സൃഷ്ടിച്ച തടവറയിൽ നിന്ന് പുറത്തിറങ്ങി സ്വതന്ത്രമനുഷ്യരായി നമ്പൂതിരിയും അന്തർജനവും മാറണം.'' ഇ എം എസ്സിന്റെ ആശയങ്ങൾ യുവനമ്പൂതിരിമാർ ഏറ്റെടുത്തു. നമ്പൂതിരിയെ മനുഷ്യനാക്കണം. കീഴ്വഴക്കങ്ങളിൽ പലതും ചോദ്യം ചെയ്തുതുടങ്ങി. ഘോഷാ ബഹിഷ്ക്കരണമുണ്ടായി.സ്ത്രീകൾ അടുക്കളയിൽ നിന്ന് അരങ്ങത്തെത്തി.അഫൻ നമ്പൂതിരിമാരുടെ സംബന്ധങ്ങളും മൂസാമ്പൂരിമാരുടെ നാലാം വേളികളും എതിർക്കപ്പെട്ടു. അയിത്തം കടുത്ത അനാചാരമായി യുവാക്കൾ വിലയിരുത്തി.

മാറ്റങ്ങളെ സമുദായം ഉൾക്കൊണ്ടു തുടങ്ങിയപ്പോൾ ചില സംശയങ്ങൾ സ്വാഭാവികമായും ഉയർന്നു. നമ്പൂതിരിയെ മനുഷ്യനാവുമ്പോൾ അയാളിലെ നമ്പൂരിത്തം നഷ്ടമാവുമോ? നമ്പൂതിരിയുടെ അസ്തിത്വം പിന്നെ ഉണ്ടോ? പോസിറ്റീവ് ആയി ചിന്തിച്ച ചിലർ ഈ അവസ്ഥയെ ഇങ്ങിനെ വിശദീകരിച്ചു. സാമൂഹ്യ സമത്വത്തിന് – അഥവാ സോഷ്യലിസത്തിന് – നേതൃത്വം നൽകേണ്ടവരായി മേധാശക്തിയുള്ള നമ്പൂതിരി വളരണം. പൂണൂൽ പൊട്ടിക്കുകയല്ല, മറിച്ച് അതിന്റെ മഹത്വം തിരിച്ചറിയുകയാണ് വേണ്ടത്. വിപ്ലവത്തോടൊപ്പം ചേർന്നു നിൽക്കുമ്പോൾ തന്നെ 'മനുഷ്യനായ നമ്പൂതിരി'ക്ക് സ്പേസ് ഉണ്ട്.



ആധുനിക വിദ്യാഭ്യാസം നേടി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഐടി ലോകത്ത് ഇന്നത്തെ നമ്പൂതിരി തിളങ്ങുന്നു. അപ്പോഴും ഇല്ലവും അമ്മാത്തും ഗായത്രിയും മറ്റും ഉപേക്ഷിക്കാതെ കൂടെ കൊണ്ടു നടക്കുന്നുമുണ്ട്. പൊട്ടിച്ചും കുടഞ്ഞുമെറിഞ്ഞിട്ടും പോവാതെ നമ്പൂരിത്തമെന്നത് ഇന്നും നിലനിൽക്കുന്നു എന്നർത്ഥം.

ആധുനിക വിദ്യാഭ്യാസം നേടി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഐടി ലോകത്ത് ഇന്നത്തെ നമ്പൂതിരി തിളങ്ങുന്നു. അപ്പോഴും ഇല്ലവും അമ്മാത്തും ഗായത്രിയും മറ്റും ഉപേക്ഷിക്കാതെ കൂടെ കൊണ്ടു നടക്കുന്നുമുണ്ട്. പൊട്ടിച്ചും കുടഞ്ഞുമെറിഞ്ഞിട്ടും പോവാതെ നമ്പൂരിത്തമെന്നത് ഇന്നും നിലനിൽക്കുന്നു എന്നർത്ഥം.

നമ്പൂതിരിത്തത്തെ 'കറ ' തീർത്ത് നിലനിർത്താൻ ശ്രമിച്ചവർക്കാണ് ഇതിന്റെ ക്രെഡിറ്റ്. നവ നമ്പൂതിരി നിശ്ചയമായും അറിയേണ്ട ഒരാളത്രേ 1924–ൽ ജനിച്ച് 1980–ൽ നിര്യാതനായി തൃശൂർ ചേർപ്പ് വെങ്ങല്ലൂർ നാരായണൻ നമ്പൂതിരി. ബ്രഹ്മസ്വം മഠത്തിലെ വേദ വിദ്യാർത്ഥികളെ ആദ്യമായി ഇംഗ്ലീഷ് പഠിപ്പിച്ച അധ്യാപകൻ. 2024 ജനുവരി 28ന് ആയിരുന്നു ഇദ്ദേഹത്തിന്റെ ജന്മശതാബ്ദി.

1929 ലാണ് വി ടി ഭട്ടതിരിപ്പാട് 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ' രചിക്കുന്നത്. സമുദായപരിഷ്ക്കരണത്തിനായി ശക്തമായ ശ്രമങ്ങൾ രൂപപ്പെട്ടെങ്കിലും 1940 കളിലും പഴഞ്ചൻ സമ്പ്രദായങ്ങൾ മാറാതെ നിന്നു. തൃശൂർ ബ്രഹ്മസ്വം മഠത്തെ ഭരിച്ചിരുന്നവർ പൂർണമായും യാഥാസ്ഥിതികരായിരുന്നു. അർത്ഥമറിയാതെ ചൊല്ലുന്ന വേദാ



*തൃശൂർ ശെരിശ്ശേരി കാവ് ഹാളിൽ 2024 ജനുവരി 20 ന് നടന്ന വെങ്ങല്ലൂർ  നാരായണൻ നമ്പൂതിരി (വി എൻ എൻ ) ജന്മശതാബ്ദി സമ്മേളനം. യോഗക്ഷേമസഭ സംസ്ഥാന നിർവ്വാഹകസമിതി അംഗം മുല്ലനേഴി ശിവദാസൻ മാസ്റ്റർ  ഉദ്ഘാടനം ചെയ്യുന്നു-  യോഗക്ഷേമസഭ തൃശ്ശൂർ ജില്ല സെക്രട്ടറി കാവനാട് കൃഷ്ണൻ നമ്പൂതിരി, വി എൻ കൃഷ്ണചന്ദ്രൻ തുടങ്ങിയവർ*

ഭ്യാസം. നാട്ടിലെ വാരങ്ങളിൽ ചെന്ന് ഓത്തു ചൊല്ലുക. വർഷത്തിൽ നടക്കുന്ന കടവല്ലൂർ അന്യോന്യത്തിൽ പങ്കെടുക്കുക. അക്കാലം ഒരുണ്ണി നമ്പൂതിരിയുടെ വിദ്യാഭ്യാസം ഇങ്ങിനെ അവസാനിക്കുമായിരുന്നു ഇതിനപ്പുറത്ത് ഒരു കരിയർ സ്വപ്നം കാണുന്നതു പോലും തെറ്റ്. ഭാവി നമ്പൂതിരി പഠിക്കണമെന്നും അതിന് വേദം മാത്രം മതിയാവില്ലെന്നും വെങ്ങല്ലൂർ നാരായണൻ നമ്പൂതിരി ഉറച്ചു വിശ്വസിച്ചു.യോഗക്ഷേമത്തിലും യുവശക്തിയിലും ധാരാളം എഴുതി. കിട്ടാവുന്ന വേദികളെല്ലാം ഉപയോഗപ്പെടുത്തി. ആധുനിക വിദ്യാഭ്യാസമെന്നാൽ നമ്പൂതിരിയുടെ അന്ത്യമാണെന്ന് പഴമക്കാർ ചിന്തിച്ചിരുന്ന കാലം. സമുദായത്തെ പരിഷ്ക്കരിക്കാനായി ഇറങ്ങി അവസാനം പൂണൂൽ പൊട്ടിച്ച നമ്പൂതിരി യുവാക്കളുടെ ഉദാഹരണങ്ങൾ അവർക്കു മുമ്പിലുണ്ടായിരുന്നു താനും. ഏറെ പരിശ്രമിച്ച് ആധുനിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത മഠത്തിലെ കേമന്മാരെ കഷ്ടി ബോധ്യപ്പെടുത്താൻ നാരായണൻ നമ്പൂതിരിക്കു കഴിഞ്ഞു. അവസാനം മഠത്തിലെ ഉണ്ണികളെ സായിപ്പിന്റെ ഭാഷ പഠിപ്പിക്കാൻ തീരുമാനമായി. ഒരു പ്രശ്നമുണ്ട്. മഠത്തിലെ വാധ്യാന്മാർ

ആധുനിക വിദ്യാഭ്യാസം നേടി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഐടി ലോകത്ത് ഇന്നത്തെ നമ്പൂതിരി  തിളങ്ങുന്നു. അപ്പോഴും ഇല്ലവും അമ്മാത്തും ഗായത്രിയും മറ്റും ഉപേക്ഷിക്കാതെ കൂടെ കൊണ്ടു നടക്കുന്നുമുണ്ട്.

ശുദ്ധബ്രാഹ്മണരായേ തീരൂ. ഇംഗ്ലീഷ് അധ്യാപകനാവാൻ സി എൻ എൻ സ്വയം തയ്യാറായി. അങ്ങിനെ 1946ൽ മഠത്തിന്റെ ചുവരുകൾക്കുള്ളിൽ ആദ്യമായി പരിഷ്ക്കാരത്തിന്റെ എബിസിഡി മുഴങ്ങി.

നാരായണൻ മാഷിന്റെ പ്രവർത്തനരീതികൾ വേറെ 'ലവൽ ' ആയിരുന്നു. അക്കാലത്ത് ഹിന്ദിയും ഇംഗ്ലീഷും പഠിച്ച അധ്യാപകൻ എന്ന നിലയിൽ തൃശൂരിലെ നമ്പൂതിരി സഭകളിൽ പങ്കെടുക്കാൻ



*വി എൻ നാരായണൻ നമ്പൂതിരിയുടെ കുടുംബം*

# വെങ്ങല്ലൂർ കുടുംബം

വെങ്ങല്ലൂർ : മലബാറിൽ നിന്നും ശക്തൻ തമ്പുരാൻ കൊച്ചി രാജ്യത്തെ പെരുമനം ഗ്രാമത്തിൽ കുടിയിരുത്തിയ മന.

വെങ്ങല്ലൂർ നാരായണൻ നമ്പൂതിരി-വി.എൻ എൻ-

അച്ഛൻ: നാരായണൻ നമ്പൂതിരി.

അമ്മ: പട്ടത്തു മകൾ ഉമ അന്തർജനം

സഹോദരങ്ങൾ: ഇല്ല

ഭാര്യ: എളയൂർ ചെത്യാട്ട് മകൾ പരേതയായ ദേവസേന അന്തർജനം.

വിദ്യാഭ്യാസം: നമ്പൂതിരി വിദ്യാലയം, ചേർപ്പ് ഹൈസ്കൂൾ, ഹിന്ദി പ്രചാരസഭ

ഉദ്യോഗം: ഹിന്ദി അധ്യാപകൻ.സെൻറ് ആൻറണീസ് അമ്മാടം,

സെൻറ് ആൻറണീസ് കോൺവെന്റ് ഗേൾസ് സ്കൂൾ, ഒല്ലൂർ, തൃശൂർ.

ഇംഗ്ലീഷ് അധ്യാപകൻ: ബ്രഹ്മസ്വം മഠം, തൃശൂർ

മക്കൾ:

1 ഗിരിജ, ചാലക്കുടി തട്ടായം മന, (റിട്ടയേർഡ് ഓഫീസർ, കേരളാ സെക്രട്ടറിയേറ്റ് )

2 ഡോക്ടർ കൃഷ്ണചന്ദ്രൻ,

(റിട്ടയേർഡ് പ്രഫസർ,വിദ്യ എഞ്ചിനീയറിംഗ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്)

3 സതീശൻ (റിട്ടയേർഡ് എഞ്ചിനീയർ ,എസ്സാർ ഓയൽ, ജാംനാഗർ)

4 ലളിത പാഴൂർ മംഗലത്തു മഠം (റിട്ടയേർഡ് ഓഫീസർ, എജീസ് ഓഫീസ്)

4 രാമചന്ദ്രൻ (റിട്ടയേർഡ് ,വൈദ്യരത്നം, തൈക്കാട്ടുശ്ശേരി

5 ഹരിദാസൻ (ഓഫീസർ, ഏജീസ് ഓഫീസ്, തൃശൂർ)

6 ഡോക്ടർ വാസുദേവൻ, (പ്രഫസർ, വെറ്റിനറി സർവ്വകലാശാല, മണ്ണുത്തി)

മരുമക്കൾ:

ടി പി കൃഷ്ണൻ നമ്പൂതിരി, തട്ടായം (റിട്ടയേർഡ് -ഏജീസ് ഓഫീസ്)

ജെ. ലത, തെക്കേടത്തു കടലായിൽ, ഊരകം (റിട്ടയേർഡ് ഓഫീസർ, എസ് ബി, ഐ)

സി എം സതി, തൃക്കാരമൺ ചേരമ്പറ്റ മന, കയില്യാട്, ഷൊർണ്ണൂർ. (ഹോം മേക്കർ)

ദാമോദര സമ്പത്ത്, പാഴൂർ മംഗലം മതിര, കൊല്ലം (റിട്ടയേർഡ് ഓഫീസർ, ഫാക്റ്റ്)

സുധ വടശ്ശേരി മഠം, കൊട്ടാരക്കര (ഹോംമേക്കർ)

സ്മിത, കീഴേടത്തു മന, ശ്രീകൃഷ്ണപുരം (ഓഫീസർ,ഏജീസ് ഓഫീസ്, തൃശൂർ)

ഡോക്ടർ കവിത, മൂർത്തിയേടത്ത് മന, ശ്രീകൃഷ്ണപുരം (പ്രഫസർ, സെന്റ് ജെയിംസ് ഫാർമസി കോളേജ്, ചാലക്കുടി)

---

സിഎൻ എന്നെ ധാരാളമായി ക്ഷണിക്കാറുണ്ട്. നിർബന്ധമായും മാഷ് പങ്കെടുക്കും . ഭാവി പരിഷ്ക്കാരങ്ങളുടെ ആക്ഷൻ പ്ലാൻ - ഒരു ഫോളോവിംഗ് ഓൺ സ്റ്റൈലിൽ - ചെറു വാക്കുകളിൽ കാര്യങ്ങൾ യോഗത്തിൽ അവതരിപ്പിക്കും. പറഞ്ഞതു മുഴുവൻ എഴുതി സൂക്ഷിക്കും. അടുത്ത യോഗങ്ങളിൽ അതിന്റെ തുടർച്ചയായി മാത്രം സംസാരിക്കും. മാസ്റ്റർ എന്തും പറയാറില്ല, പഠിച്ചേ / പഠിച്ചതേ പറയൂ.

ചെറിയ നോട്ടുമായാണ് മീറ്റിംഗുകളിൽ വരിക.യോഗശേഷം അത് തിരുത്തലുകൾ വരുത്തി സൂക്ഷിക്കും. അവയിൽ

ചിലത് പ്രസക്തമായ പ്രബന്ധങ്ങളായി രൂപം മാറും.

ആശയങ്ങൾ വെട്ടിത്തുറന്ന് പറയുകയും എഴുതുകയും ചെയ്യുക എന്നത് ഒട്ടും എളുപ്പമല്ലല്ലോ.

യോഗക്ഷേമത്തിലും യുവശക്തിയിലും ലേഖനങ്ങളും എഡിറ്റോറിയലുകളും ധാരാളം എഴുതി. കൈയെഴുത്ത് മാസികകളായിരുന്നു കൂടുതലും. താൻ എഴുതിയതെല്ലാം മാസ്റ്റർ സ്വയം ബൈൻഡ് ചെയ്ത് സൂക്ഷിച്ചു വെച്ചു.

മഠത്തിലെ വാധ്യാന്മാർ ശുദ്ധ ബ്രാഹ്മണരായേ തീരൂ. ഇംഗ്ലീഷ് അധ്യാപകനാവാൻ സി എൻ എൻ സ്വയം തയ്യാറായി. അങ്ങിനെ 1946ൽ മഠത്തിന്റെ ചുവരുകൾക്കുള്ളിൽ ആദ്യമായി പരിഷ്ക്കാരത്തിന്റെ എബിസിഡി മുഴങ്ങി.

'പതിതാവസ്ഥയിലിരിക്കുന്ന നമ്മുടെ സമുദായത്തിന്റെ സാഹിത്യ സാംസ്കാരിക പാരമ്പര്യത്തെ പുനരുദ്ധരിക്കുന്ന കാര്യത്തിൽ വിദ്യാർത്ഥികളായ നമ്പൂതിരി യുവജനങ്ങൾക്കാണ് ഏറ്റവും പ്രവർത്തിക്കാൻ കഴിയുക. അതിനാൽ യുവജനസംഘം അതിന്റെ യോഗങ്ങളിലും പ്രസിദ്ധീകരണങ്ങളിലും ഓരോ നമ്പൂതിരി വിദ്യാർത്ഥിക്കും തന്റെ സാഹിത്യ വാസനയെ പുഷ്ടിപ്പെടുത്താൻ അവസരം നൽകണം' (നമ്പൂതിരി യുവജനസംഘം: യുവശക്തി 1121)

ലേഖനം തുടരുന്നു.

' നമ്പൂതിരിമാരുടെ വിദ്യാഭ്യാസ സ്ഥാപനമായ 'വിദ്യാലയ'വും നമ്പൂതിരി വിദ്യാർത്ഥിനികളുടെ സങ്കേതമായ 'സദന'വും പണമില്ലാതെ അധ:പതിക്കാറായി. ഇവ കെടാവിളക്കായി നിലനിർത്താൻ ഓരോ നമ്പൂതിരി വിദ്യാർത്ഥിയും പരിശ്രമിക്കണം'

യോഗക്ഷേമസഭ ആർക്കു വേണ്ടി? എന്തിനു വേണ്ടി ?

(യോഗക്ഷേമം മുഖപ്രസംഗം :1948 ജൂൺ)

'സ്ത്രീക്ക് പുരുഷനെ ആശ്രയിക്കാതെ സ്വന്തമായി തൊഴിൽ എടുത്ത് ജീവിക്കാൻ സാധിക്കുന്ന സ്ഥിതി വരണം'

യോഗക്ഷേമസഭ ഇനി എന്തു ചെയ്യണം?

' എല്ലാവർക്കും ജോലിയും ന്യായമായ കൂലിയും ഭക്ഷണവും വസ്ത്രവും പാർപ്പിടവും കിട്ടാൻ കഴിയുന്ന ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥ വന്നാലല്ലാതെ നമ്പൂതിരിക്ക് തൊഴിൽ കിട്ടാൻ സാധ്യമല്ലെന്ന് വ്യക്തമാണ്' ( യുവശക്തി വാർഷികം: 1125 മകം).

നാരായണൻ നമ്പൂതിരി മാസ്റ്റർ തുടരുന്നു.'ഭൂമി കൃഷിക്കാർക്ക് എന്ന മുദ്രാവാക്യം ജന്മിത്വമവസാനിക്കാനും വേലയെടുക്കുന്നവർക്കെല്ലാം ഭൂമിയിൽ സമാവകാശം ലഭിക്കാനും വേണ്ടി കർഷകസംഘടനകൾ നടത്തുന്ന സമരങ്ങൾ നമ്പൂതിരിക്കും ഭൂമി കിട്ടാൻ കഴിയുന്ന ഒരു വ്യവസ്ഥക്കു വേണ്ടിയാണ്. ഈ നിലയിൽ നമ്പൂതിരിയും സ്വന്തം ഭൂമിയിൽ ഉടമസ്ഥത നിലനിർത്തണമെങ്കിൽ ഇത്തരം കർഷകപ്രസ്ഥാനങ്ങളോട് സഹകരിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല'.

പറയുക മാത്രമല്ല, തന്റെ ചിന്തകൾ നടപ്പാക്കാനും സി എൻ എൻ ഉത്സാഹിച്ചു.ഇന്ന് ചിന്തിക്കുമ്പോൾ പോലും നടപ്പാക്കാൻ പ്രയാസമുള്ള കാര്യങ്ങളായിരുന്നു മാസ്റ്റർ അന്ന് ചെയ്തത് പതിനാറു വയസ്സു മാത്രം പ്രായമുള്ള തന്റെ സഹധർമ്മിണിയെ 1946 ൽ വി ടി യു ടെ ''തൊഴിൽ കേന്ദ്ര 'ത്തിലേക്കയച്ചു ഈ വിപ്ലവകാരി. കമ്യൂണിലെത്തിയ നവവധുവായി ദേവസേന.

വി ടി യു ടെ യാചനാ യാത്രയിലും തന്റെ ഭാര്യയെ പറഞ്ഞയക്കാൻ വി എൻ എൻ ഒട്ടും മടിച്ചില്ല.

സോഷ്യലിസ്റ്റ് പാതയിൽ തുടർന്നപ്പോഴും വെങ്ങല്ലൂർ മാസ്റ്റർ നമ്പൂരിത്തത്തെ പൊട്ടിച്ചെറിഞ്ഞില്ല. പൊതുസമൂഹത്തിൽ നാട്ടാർ ആദരിക്കുന്ന നമ്പൂതിരി മാസ്റ്ററായി. കർഷകനായി. 1950–60 കാലത്തും മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകി.ഒപ്പം നല്ല നമ്പൂതിരിമനുഷ്യരായി വളർത്തി.

രണ്ടാം യോഗക്ഷേമസഭ 1970 ൽ രൂപം കൊണ്ടപ്പോൾ പാറകുന്നം നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ അവണിശ്ശേരി ഉപസഭ യോഗം ചേർന്നത് മാസ്റ്ററുടെ വെ



*വി എൻ നാരായണൻ നമ്പൂതിരി (വി എൻ എൻ), ഭാര്യ ദേവസേന.*

> പതിനാറു വയസ്സു മാത്രം പ്രായമുള്ള തന്റെ സഹധർമ്മിണിയെ 1946 ൽ വി ടി യു ടെ 'തൊഴിൽ കേന്ദ്ര'ത്തിലേക്കയച്ചു ഈ വിപ്ലവകാരി. കമ്യൂണിലെത്തിയ നവവധുവായി ദേവസേന.

ങ്ങല്ലൂർ ഇല്ലത്തായിരുന്നു. പിൽക്കാലത്ത് തൃശൂരിൽ പാലിശ്ശേരി അവിണിശ്ശേരി ഉപസഭ രൂപം കൊണ്ടു. 1983 ലെ ഉപസഭാ വാർഷികത്തിൽ

'യോഗക്ഷേമസഭ ഇനി എന്തു ചെയ്യണം? 'എന്ന പ്രബന്ധമാണ് നമ്പൂതിരി മാസ്റ്റർ അവതരിപ്പിച്ചത്.

'തൊഴിലിന്റെ മഹത്വത്തിൽ ഊന്നി നമ്പൂതിരിയെ മനുഷ്യനാക്കാൻ ഉദ്ദേശിച്ചായിരുന്നു ഇ എം എസിന്റെ പ്രശസ്തമായ ഓങ്ങല്ലൂർ പ്രസംഗം. പിന്തിരിപ്പൻ നാടുവാഴി വ്യവസ്ഥയിലും പൗരോഹിത്യ മേധാവിത്വത്തിലും പറ്റിപ്പിടിച്ചു നിന്ന നമ്പൂതിരി സമുദായം ജന്മിത്വവും ബ്രാഹ്മണ്യവും നശിപ്പിച്ച് മനുഷ്യനായി ജീവിക്കുകയും പണിയെടുക്കാൻ കഴിയുകയും ചെയ്താൽ മാത്രമേ ഇനി രക്ഷയുള്ളൂ എന്ന സത്യമാണ് ഇ എം എസ് പ്രഖ്യാപിച്ചത്.സമുദായത്തിലെ ചില പ്രഭുക്കന്മാരും പ്രമാണിമാരും ഇ എം എസ്സിന്റെ സന്ദേശത്തെ കമ്യൂണിസം പ്രചരിപ്പിക്കാനുള്ള ഒരു ഉപായമായി മാത്രം കണ്ടു. സത്യത്തിൽ നാം നേരിടാൻ പോവുന്ന വിപത്തിൽ നിന്നും രക്ഷപ്പെട്ട് ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കാനുള്ള ആഹ്വാനമായി നമ്പൂതിരി ഇതിനെ കാണണമായിരുന്നു.ഫലമോ, ഭൂപരിഷ്ക്കരണം വന്നപ്പോൾ സർവ്വസ്വവും നശിച്ചു പോയവരായി നാം വിലപിക്കേണ്ടി വന്നു'

നമ്പൂതിരി നേരിട്ട പ്രതിസന്ധികളെ കൃത്യമായി അവതരിപ്പിച്ച്, ഇനി പോകേണ്ട പാതകൾ അടയാളപ്പെടുത്തുകയായിരുന്നു മാസ്റ്റർ.

പരമ്പരാഗതമായ അറിവുകൾ നിലനിർത്തണം. ഒപ്പം ആധുനിക വിദ്യാഭ്യാസം നേടണം. എല്ലാം ഉൾക്കൊണ്ട് അപ്ഡേറ്റ് ചെയ്യപ്പെടുകയും വേണം.തന്റെ തൃപ്രയാർ സന്ദർശനത്തിൽ വേദസൂക്തങ്ങൾ ആലപിച്ച ബ്രഹ്മസ്വം മഠത്തിലെ മിടുക്കന്മാരായ വിദ്യാർത്ഥികളോട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞതിന്റെ സത്ത ഇതായിരുന്നല്ലോ.

ഇതൊക്കെ അന്നേ ദീർഘവീക്ഷണം ചെയ്തു വെങ്ങല്ലൂർ നാരായണൻ നമ്പൂതിരി. അച്ഛന്റെ ചിരസ്മരണകൾക്കു മുമ്പിൽ സാദരപ്രണാമങ്ങൾ. ●


വെങ്ങല്ലൂർ സതീശൻ,
വെങ്ങല്ലൂർ മന
പാലിശ്ശേരി പി.ഒ, തൃശൂർ–680027
ഫോൺ: 9879564227

# നെഹ്റുവിനെ കണ്ട കഥ പറഞ്ഞ അച്ചോൾ

നിവേദിത വി.എം





കെ.ബി.ശ്രീദേവി
1.5.1940–16.01.2024

**സാഹിത്യകാരി കെ.ബി.ശ്രീദേവി നിര്യാതയായി. നമ്പൂതിരി സമുദായത്തിലെ ഭ്രഷ്ടും ചെറുപ്രായത്തിലുള്ള വൈധവ്യവും തന്റെ നോവലുകളിലൂടെ തുറന്നുകാട്ടിയ സാഹിത്യകാരിയെ അവരുടെ ഇല്ലത്തെ പേരക്കുട്ടി അനുസ്മരിക്കുന്നു**


മലയാള ഭാഷയിൽ കഥ, ബാലസാഹിത്യം, നോവൽ, നാടകം തുടങ്ങിയ മേഖലയിൽ ഒരുപാട് സംഭാവനകൾ നൽകിയ കെ.ബി ശ്രീദേവി ഓർമയായി. എന്റെ അച്ഛന്റെ സഹോദരിയാണ്. ഞങ്ങൾ കുട്ടി അച്ചോളേ എന്നാണ് വിളിച്ചിരുന്നത്. ഞാൻ ചെറിയ കുട്ടി ആയിരുന്നപ്പൊ 'എവടെ ആയാലും ഒരു ബാലരമയും പിടിച്ച് മുക്കില് പോയി ഇരിക്കും' എന്ന് എന്റെ അമ്മ പറയുന്നത് കേട്ട് ആദ്യമായി എനിക്ക് വായിക്കാൻ ഒരു പുസ്തകം തന്നത് അച്ചോളാണ്.. അച്ചോള് തന്നെ എഴുതിയ 'പിന്നേയും പാടുന്ന കിളി' എന്ന പുസ്തകമായിരുന്നു അത്. അതിന്റെ ആദ്യ പേജിൽ 'സ്നേഹപൂർവം കുട്ട്യച്ചോൾ' എന്ന് എഴുതി തന്നത് എനിക്ക് നല്ല ഓർമയുണ്ട്. കൂടും കുഞ്ഞുങ്ങളും ഒക്കെ കാറ്റിൽ തകർന്നു പോയിട്ടും ഏതോ ഒരു മരക്കൊമ്പിൽ ഇരുന്ന് തന്റെ സങ്കടങ്ങൾ ഒക്കെ മറന്ന് മധുരമായി പാടുന്ന ആ കിളിയെ ഞാൻ ഇടക്ക് എപ്പോഴോ ഓർത്തിരുന്നു. എന്നോട് ആദ്യമായി കഥ എഴുതാൻ പറഞ്ഞതും അച്ചോളാണ്. ' അച്ചോളേ എനിക്ക് പുസ്തകങ്ങൾ വായിക്കാൻ നല്ല ഇഷ്ട്ടാ..' എന്ന് ഞാൻ പറഞ്ഞപ്പോൾ എന്നെ അടുത്ത് പിടിച്ച് ഇരുത്തി അച്ചോള് പറഞ്ഞു' ആണൊ..ന്നാ കോറേ വായിക്കണം അങ്ങനെ വായിക്കുമ്പൊ നമുക്കും ഒന്ന് എന്തേങ്കിലും എഴുതാൻ തോന്നും.. എഴുതാൻ തുടങ്ങിയാ അതും നമക്ക് ഇഷ്ട്ടാവും...' അത് കേട്ടിട്ടാണ് മൂന്നാം ക്ലാസിൽ പഠിക്കുമ്പൊ അച്ഛൻ എനിക്ക് ഒരു ചെറിയ നോട്ട്ബുക്ക് കൊണ്ടു വന്ന് തന്നത്. അതിൽ ഞാൻ എന്റെ ഓരൊ കുഞ്ഞു കഥകൾ എഴുതാൻ തുടങ്ങി. അന്നൊരു ദിവസം അച്ചോള് ഇല്ലത്ത് വന്നപ്പോൾ ഞാൻ വളരെ ഉത്സാഹത്തോടെ ആണ് ആ ബുക്ക് അച്ചോള്ക്ക് വായിക്കാൻ കൊടുത്തത്. എനിക്ക് തോന്നിയ കൗതുകവും ഉത്സാഹവും ഒട്ടും കുറയാതെ അച്ചോള്ടെ മുഖത്തും ഞാൻ അന്ന് കണ്ടിരുന്നു.ഓരോ കഥയും അത്രയും ആസ്വദിച്ചാണ് അച്ചോള് വായിച്ചത്.. ഏതോ ഒരു വിശേഷത്തിന് അച്ചോള് ഞങ്ങൾക്ക് നെഹ്റുവിനെ കണ്ട കഥ പറഞ്ഞ് തന്നത് നല്ല ഓർമയുണ്ട്...' ഞാൻ കോണി പടികൾ എറങ്ങി ചെന്നപ്പൊ അവിടെ ദാ ചിരിച്ച് അങ്ങനെ നിക്കുണു ... ആരാ? .. കുട്ടികളുടെ സ്വന്തം ചാചാജി എന്ന് അറിയപെടുന്ന സാക്ഷാൽ ജവഹർലാൽ നെഹ്റു..' എന്നൊക്കെ പറയുമ്പൊ ഞങ്ങളും കോരി തരിച്ച് ഇരിക്കാർന്നു...അച്ചോൾടെ ഒപ്പമുള്ള ഓർമകൾക്ക് എപ്പോഴും ഒരു പ്രത്യേക ഭംഗി ഉണ്ടായിരുന്നു.കണ്ണുകൾ അടച്ച് ശ്രദ്ധിച്ച് നിന്നാ ഇപ്പോഴും കേക്കാൻ പറ്റും... എല്ലാം വിഷമങ്ങളും മറന്ന് പിന്നേയും പാടുന്ന കിളിയുടെ ശബ്ദം.... ●

വെള്ളയ്ക്കാട്ടു മന
തൃക്കലങ്ങോട് (പി.ഓ) കരിക്കാട്,
മഞ്ചേരി, മലപ്പുറം ജില്ല
മൊബൈൽ: 9446596384


### അറിയേണ്ട നമ്പൂതിരി

# 'ഒന്നും എന്റെ മിടുക്കല്ല'

## വൈദ്യമഠം കൃഷ്ണൻ നമ്പൂതിരി @60



**ഒ.എൻ.രാജേഷ്**



(നിത്യം ഹിതാഹാരവിഹാരസേവീ
സമീക്ഷ്യകാരീ വിഷയേഷ്വസക്ത:
ദാതാ സമ: സത്യപര: ക്ഷമാവാ-
നാപ്തോപജീവീ ച ഭവത്യരോഗ:

അതായത് പതിവായി ഹിതമായ ആഹാരവിഹാരങ്ങൾ ഉള്ളവനും കാര്യങ്ങൾ ശ്രദ്ധാപൂർവ്വം ചെയ്യുന്നവനും അമിതമായ ലൗകിക ആസക്തിയില്ലാത്തവനും ദാനശീലനും സമചിത്തനും സത്യസന്ധനും ക്ഷമയുള്ളവനും സദ്വ്യക്തികളുമായ മനുഷ്യൻ രോഗമില്ലാത്തവനായിരിക്കും എന്നാണിതിന്നർത്ഥം.

ഇത് അഷ്ടാംഗഹൃദയത്തിൽ, രോഗാനുല്പാദനീയം എന്ന നാലാം അദ്ധ്യായത്തിലാണ് പറയുന്നത്. ആ അദ്ധ്യായത്തിൽ, മലമൂത്രവേഗങ്ങളെ തടഞ്ഞാൽ, ഉറക്കമൊഴിച്ചാൽ, വിശപ്പ്, ദാഹം അധികം സഹിച്ചാൽ തുടങ്ങി മനുഷ്യനു വരുന്ന വേഗങ്ങളെ ബലമായി അടക്കി നിർത്തുമ്പോൾ എല്ലാവിധ രോഗങ്ങളും ഉണ്ടാകുന്നു എന്നാണ് പ്രതിപാദിക്കുന്നത്. അതിന്റെ അവസാനത്തിലാണ് മേൽപ്പറഞ്ഞ ഈ ശ്ലോകം.

എന്നാൽ ഇന്ന് ഒരു വൈദ്യന്റെ ഭാഗത്തുനിന്ന് നോക്കുമ്പോൾ ഈ ആപ്തവാക്യം അദ്ദേഹത്തിന് എത്രത്തോളം ഗുണകരമാണ് എന്നത് ഒരു ചോദ്യചിഹ്നമാണ്. എന്നാൽ രോഗവുമായി എത്തുന്നവർക്ക് ആദ്യംതന്നെ ഈ ആപ്തവാക്യം ഉപദേശിച്ചിരുന്ന ഒരു പാരമ്പര്യത്തിന് ഉടമകളായിരുന്നു പാലക്കാട് ജില്ലയിലെ മേഴത്തൂരിലുള്ള വൈദ്യമഠം കുടുംബം. ''പപ്പടവും പഞ്ചാരപ്പായസവും അധികം കഴിക്കുന്നവർ എന്റെ അടുത്ത് ചികിത്സയ്ക്കു വരണ്ട'' എന്ന് നിഷ്കർഷിച്ചിരുന്ന ഒരു തലമുറ ഈ കുടുംബത്തിൽ ജീവിച്ചിരുന്നു.

രോഗികൾ രോഗവുമായി വന്നാൽ ആദ്യം തന്നെ അഡ്മിറ്റുചെയ്ത് ചികിത്സിക്കുന്ന സമ്പ്രദായമില്ല. രോഗിയുടെ അപ്പോഴത്തെ ആരോഗ്യസ്ഥിതി, പ്രായം, താമസസ്ഥലം തുടങ്ങി എല്ലാം അറിഞ്ഞ് ഒന്നോ രണ്ടോ മാസം സ്വസ്ഥചികിത്സകൾ നൽകിയതിനുശേഷമേ കിടത്തിചികിത്സയിലേയ്ക്ക് വൈദ്യമഠം കടക്കാറുള്ളൂ. ആ കുടുംബത്തിൽ, ഇന്ന് വൈദ്യവൃത്തിയിലേർപ്പെട്ടിരിക്കുന്ന പ്രമുഖ വ്യക്തികളിൽ ഒരാളാണ് ഇക്കഴിഞ്ഞ ദിവസം ഷഷ്ടിപൂർത്തിയിലെത്തിയ അഷ്ടവൈദ്യൻ വൈദ്യമഠം കൃഷ്ണൻ നമ്പൂതിരി.

''കൃഷ്ണപ്ഫന്റെ ഷഷ്ടിപൂർത്തിയാണ് നാളെ. നമുക്കും ശ്ശി കാലൊന്നുല്ല്യ'' എന്ന് വൈദ്യമഠം വാസുദേവേട്ടൻ(ഡോ.വൈദ്യമഠം വാസുദേവൻ നമ്പൂതിരി)പറഞ്ഞപ്പോഴാണ് കാലത്തിന്റെ യാത്ര ഇത്രത്തോളം പിന്നിട്ടുവല്ലോ എന്ന് ഞങ്ങളുടെ മനസ്സിലേയ്ക്കും ഊളിയിട്ടത്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ മലയാളി വളരെയധികം പുരോഗതിയിലെത്തിനിൽക്കുന്ന ഇക്കാലത്ത് 'ഷഷ്ടിപൂർത്തി'യിലെത്തുക എന്നത് ഒരു വയസ്സും, ആഘോഷവുമല്ലാതായിരിക്കുന്നു. ഷഷ്ടിപൂർത്തിക്കാരനെ ഇന്ന് ഒരു മദ്ധ്യവയസ്കനായിട്ടെ കാണേണ്ടതുള്ളൂവെങ്കിലും ജീവിതയാത്രയുടെ ഒരു ഘട്ടത്തെ സൂചിപ്പിക്കുന്ന നാഴികമണിയായി കാണുന്നവർ ധാരാളമുണ്ട്.

> വാദ്യകലാസ്വാദകനും പൂരപ്രേമിയുമാണ് കൃഷ്ണേട്ടൻ. തൃത്താല ശങ്കരകൃഷ്ണ പൊതുവാളിന്റെ ശിക്ഷണത്തിൽ ചെണ്ട അഭ്യസിച്ച് മേളം കൊട്ടിയിട്ടുമുണ്ട്. വെടിക്കെട്ട് സൂക്ഷ്മമായി നിരീക്ഷിക്കുന്ന കമ്പക്കാരൻ കൂടിയാണ് ഈ ആയുർവൈദ്യൻ

വൈദ്യമഠം സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും വെള്ളാറ്റഞ്ഞൂർ വടക്കേടത്ത് ഉമ അന്തർജ്ജനത്തിന്റെയും മകനായി 1963-ലാണ് അദ്ദേഹം ജനിച്ചത്. കോളേജ് വിദ്യാഭ്യാസത്തിനുശേഷം 1982-മുതൽ വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടെ അടുത്ത് ഗുരുകുല(പാരമ്പ

രോഗികൾ രോഗവുമായി വന്നാൽ ആദ്യം തന്നെ അഡ്മിറ്റുചെയ്ത് ചികിത്സിക്കുന്ന സമ്പ്രദായമില്ല. രോഗിയുടെ അപ്പോഴത്തെ ആരോഗ്യസ്ഥിതി, പ്രായം, താമസസ്ഥലം തുടങ്ങി എല്ലാം അറിഞ്ഞ് ഒന്നോ രണ്ടോ മാസം സ്വസ്ഥചികിത്സകൾ നൽകിയതിനുശേഷമേ കിടത്തിചികിത്സയിലേയ്ക്ക് വൈദ്യമഠം കടക്കാറുള്ളൂ.

ര്യ)സമ്പ്രദായത്തിൽ വൈദ്യപഠനം. 1990-മുതൽ വൈദ്യമഠം വൈദ്യശാലയിൽ പ്രാക്റ്റീസ് ചെയ്യുന്നു.

1988-ലോ മറ്റൊ എന്റെ വല്യച്ഛന് (ശങ്കരൻ ഉണ്ണി നമ്പൂതിരിപ്പാടിന്) പക്ഷാഘാതം വന്ന് വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയെ കാണിക്കുകയുണ്ടായി. അന്ന് അദ്ദേഹത്തിന്റെ കൂടെ മരുന്നു കുറിക്കാൻ നിൽക്കുന്നവരിൽ ഒരാളായിട്ടാണ് വൈദ്യമഠം കൃഷ്ണൻ നമ്പൂതിരിയെ ഞാൻ ആദ്യം കാണുന്നത്. അന്നുതന്നെ അദ്ദേഹം എന്റെ ശ്രദ്ധയിൽപ്പെട്ടു. മറ്റുള്ളവരിൽനിന്നെല്ലാം വ്യത്യസ്തനായി തോന്നിയത് അദ്ദേഹത്തിന്റെ കാലിനുള്ള അസ്വാധീനമായിരുന്നു. പിന്നീട് വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയെ കാണാൻ വരുമ്പോഴൊക്കെ അദ്ദേഹത്തിന്റെ കൂടെ കൃഷ്ണൻ നമ്പൂതിരിയെയും കണ്ടിരുന്നു.

2001-ൽ വൈദ്യശാലയിൽ ജോലിക്കു ചേർന്നതിനുശേഷം ആ കാഴ്ച കൂടുതൽ അടുപ്പത്തിലേയ്ക്കും ആത്മബന്ധത്തിലേയ്ക്കും വഴിമരുന്നിട്ടു. ആയുർവ്വേദത്തിന്റെ പാരമ്പര്യാധിഷ്ഠിത വൈദ്യശാസ്ത്ര രീതിയാണ് അദ്ദേഹം ഗ്രഹിച്ചിട്ടുള്ളതെങ്കിലും ആധുനിക വൈദ്യശാസ്ത്രത്തെയും അതിന്റെ സ്വഭാവത്തേയും കാലാന്തര മാറ്റങ്ങളെയും പുരോഗതിയേയും ഉൾക്കൊള്ളാനും അവ തന്റെ അടുത്തു വരുന്ന രോഗികളുടെ ചികിത്സയ്ക്ക് പ്രയോജനകരമാകുംവിധം ഉപയോഗിക്കാനുമുള്ള പ്രത്യുല്പന്നമതിത്വം അദ്ദേഹത്തിന് ജന്മസിദ്ധമാണ്. രോഗികൾക്ക് ചികിത്സ നിർദ്ദേശിക്കുമ്പോൾ ആയുർവ്വേദ പാരമ്പര്യ ശാസ്ത്രതത്വത്തിൽനിന്ന് അണുവിട വ്യതിചലിക്കാതെ പാലിക്കാനുള്ള നിഷ്കർഷയും അദ്ദേഹം സദാ പുലർത്തിപ്പോരുന്നു. ഗുരുനാഥനിൽനിന്ന് പഠിച്ച പാരമ്പര്യത്തിൽ മാത്രം ഊന്നിനിൽക്കാതെ അതിനെ മുറുകെപ്പിടിച്ചുകൊണ്ട് ആറ്റിക്കുറുക്കി കാലാനുസൃത പരീക്ഷണങ്ങൾക്ക് മുതിരുവാനും അദ്ദേഹത്തിന് ഒട്ടും മടിയില്ല. വൈദ്യൻ നിത്യപഠിതാവാണെന്ന മതക്കാരനാണദ്ദേഹം.

അദ്ദേഹത്തിന്റെ അടുത്തുവരുന്ന രോഗികൾക്ക്, വ്യക്തവും നിഷ്കർഷവുമായ ചോദ്യാവലിയോടുകൂടി ചികിത്സ നിർദ്ദേശിക്കുക എന്നത് അദ്ദേഹത്തിന്റെ സാമാന്യരീതിയാണ്. അക്കൂട്ടത്തിൽ ആ രോഗിയുടെ തൊഴിലും ജീവിതസാഹചര്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിലേയ്ക്കും ഒക്കെ ചോദ്യങ്ങൾ ചെന്നെത്തും. പ്രത്യേകിച്ച് തനിക്ക് താല്പര്യമുള്ള വിഷയങ്ങളാണെങ്കിൽ അവ നീരീക്ഷിച്ച് തന്റേയും അവരുടെയും രീതികളെ സമരസപ്പെടുത്തി ചർച്ചയ്ക്ക് വിധേയമാക്കുക എന്നതും അദ്ദേഹത്തിന് ഒരു ഹരമാണ്. ഇത്തരം കാര്യാന്വേഷണങ്ങൾ അദ്ദേഹത്തിന്റെ ഒ.പി.മുറിയിൽ പ്രവേശിക്കുന്ന രോഗികളിൽ പലർക്കും മാനസികോല്ലാസംകൂടിയാണ്. പുറത്തിരിക്കുന്ന രോഗികളിൽ പുതുമക്കാർക്ക് കാത്തിരുന്നു മുഷിയുമെങ്കിലും അവരും ഉള്ളിൽ കടന്നാൽ ഇതേ അനുഭവംകൊണ്ട് സന്തുഷ്ടരാവാറുണ്ട്.

അദ്ദേഹത്തിന്റെ ഒന്നുരണ്ടു ചികിത്സാനുഭവങ്ങളിലേയ്ക്കൊന്ന് കണ്ണോടിക്കാം. ഒരിക്കൽ ബാഗ്ലൂരിൽനിന്ന് ഒരു രോഗി അദ്ദേഹത്തെ കാണാൻ വന്നു. രോഗിക്ക് വുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട് സ്വദേശത്തും വിദേശത്തുമായി എന്തോ ബിസിനസ്സാണ്. ശ്വാസം എടുക്കാൻ ബുദ്ധിമുട്ട്. അതാണ് തുടക്കം. പരിശോധനയിൽ ശ്വാസകോശത്തിൽ മുഴകൾ രൂപപ്പെടുന്ന ഐ.എൽ.ഡി ആണെന്നു കണ്ടെത്തി. തുടർന്ന് സ്വദേശത്തും വിദേശത്തുമായി അലോപ്പതി ചികിത്സ. അവരുടെ ചില നിർദ്ദേശങ്ങൾ കേട്ടപ്പോൾ ഇതിന് പ്രതിവിധിയായി ആയുർവ്വേദത്തിൽ എന്തെങ്കിലുമുണ്ടോ എന്ന അന്വേഷണവുമായാണ് വൈദ്യമഠത്തിൽ വന്ന് കൃഷ്ണൻ നമ്പൂതിരിയെ കാണുന്നത്. അദ്ദേഹം റിപ്പോർട്ടുകളൊക്കെ പരിശോധിച്ച് ചികിത്സ നിശ്ചയിച്ചു. ആ ചികിത്സ ഏകദേശം പത്തുവർഷത്തോളം തുടർന്നു. വൈദ്യമഠത്തിന്റെ ചികിത്സകൊണ്ട് ശ്വാസകോശത്തിലെ മുഴകൾ അധികമാവാതെ നിലനിർത്താൻ സാധിച്ചു. ഈ ചികിത്സയ്ക്കിടയ്ക്ക് ബിസിനസ്സിന്റെ ആവശ്യാർത്ഥം രോഗി യുറോപ്യൻ രാജ്യങ്ങളിലൊക്കെ യാത്രപോയിരുന്നു. വൈദ്യമഠത്തിലെ ചികിത്സത്സയ്ക്കിടയ്ക്കും നേരത്തെ ചികിത്സിച്ച അലോപ്പതി ഡോക്ടർമാരെ കണ്ട് ക്ലിനിക്കൽ പരിശോധനകൾ നടത്തിയിരുന്നു. ക്ലിനിക്കൽ ടെസ്റ്റുകൾ കണ്ട വിദേശത്തെ(ജർമ്മനിയിലെയോ മറ്റോ)ഡോക്ടർക്ക് ഇതെങ്ങനെ സംഭവിച്ചു എന്ന് അത്ഭുതമായി. ഈ രോഗി പിന്നീട് ഹൃദയാഘാതം വന്ന് മരിക്കുകയാണുണ്ടായത്.

കടമ്പഴിപ്പുറത്തുനിന്നോ മറ്റൊ ഒരു ടീച്ചർ അദ്ദേഹത്തിന്റെ അടുത്ത് ചികിത്സതേടിയെത്തി. രക്തവാതമാണ് രോഗം. അതിന് ചികിത്സ തുടങ്ങി. വിവാഹം കഴിഞ്ഞ് ഏറെ നാളായെങ്കിലും ആ ദമ്പതികൾക്ക് കുട്ടികൾ ഉണ്ടായിട്ടുണ്ടായിരുന്നില്ല. രക്തവാതം ഏറെക്കുറെ ശമനാവസ്ഥയിലെത്തി. ആയിടയ്ക്ക് ആ ടീച്ചർ ഗർഭിണിയായി. പുംസവന ചികിത്സ നടത്താതെ രക്തവാതത്തിന് മാത്രം ചികിത്സിച്ച് വാതം ശമനമായപ്പോൾ ഗർഭധാരണം സംഭവിച്ചു എന്ന് കേട്ടപ്പോൾ എനിയ്ക്ക് അത്ഭുതമായി തോന്നി. ഇത് വൈദ്യന്റെ ചികിത്സയുടെ മികവല്ലെ എന്ന എന്റെ ചോദ്യത്തോട് : 'ഇത് ആയുർവ്വേദം എന്ന ആരോഗ്യശാസ്ത്രത്തിന്റെ മികവാണ്, എന്റെ മിടുക്കല്ല. സഹസ്രയോഗത്തിൽ മഹാരാസ്നാദിയുടെ യോഗത്തിൽ അവസാനം ''ബൃംഹണാ ഗർഭധാരണേ..'' എന്ന് പറയുന്നുണ്ട്. അതാണ് ഇവിടെ സംഭവിച്ചത്. എന്ന് പറഞ്ഞ് എളിമയോടെ അദ്ദേഹം വിഷയത്തിൽനിന്ന് വ്യതിചലിക്കുകയാണുണ്ടായത്.

വൈദ്യമഠത്തിലെ അതാത് കാലത്തെ കാരണവന്മാരുടെ അടുത്താണ് പൊതുവെ ഞങ്ങളൊക്കെ ചികിത്സ തേടിയിട്ടുള്ളത്. കാരണവരെ കാണാൻ സാധിച്ചില്ലെങ്കിൽ അദ്ദേഹത്തിന് താഴെയുള്ള വൈദ്യനെ. അങ്ങനെയായിരുന്നു ഒരു കീഴ്‌വഴക്കം. അങ്ങനെ ഇതേവരെ ഒന്നുരണ്ടുതവണ കൃഷ്ണൻ നമ്പൂതിരിയിൽനിന്നും ചികിത്സതേടിയ അനുഭവം എനിക്കുമുണ്ട്. അതിൽ ഒന്ന് ഇവിടെ കുറിക്കാം.

ഒരിക്കൽ എന്റെ തലയിൽ ഒരു രൂപ വട്ടത്തിൽ മുടി

പോയി. കണ്ടാൽ കഷണ്ടിച്ഛായ. ആദ്യം കഷണ്ടിയുടെ തുടക്കമാവുമോ എന്ന് സംശയിച്ച് അതിനെ അത്ര കാര്യമാക്കിയില്ല. അതിനിടയ്ക്ക് ഇത് അവിടവിടെയായി അധികമായിത്തുടങ്ങി. അപ്പോൾ പരിഭ്രമമായി. ആദ്യം ഡോക്ടറെ കണ്ടു. അദ്ദേഹം ഒരു ക്രീമും വിറ്റാമിൻ ഗുളികയും മറ്റും തന്നു. ക്രീം തേച്ചു കുറച്ചു ദിവസം കുളിക്കാൻ പറഞ്ഞു. അതിൽനിന്ന് വലിയ ഗുണമൊന്നുമുണ്ടായില്ല. ആധി കൂടിത്തുടങ്ങി. അതിനിടയ്ക്ക് വൈദ്യശാലയിലെ സഹപ്രവർത്തകരിൽ ചിലർ പറഞ്ഞു; ഒന്ന് ഇവിടെ കാണിച്ചോളൂ. അങ്ങനെ ഒരു ദിവസം സംശയനിവാരണം വരുത്താംമെന്ന് കരുതി കൃഷ്ണൻ നമ്പൂതിരിയെ കാണിച്ചു. അദ്ദേഹം: ''ഏയ്, ഇത് കഷണ്ടിയൊന്നുമല്ല. ഇതൊരു പുഴുക്കടിയാണ്. ഇതിന് ഞങ്ങൾ ഇന്ദ്രലുപ്തം എന്ന് പറയും. തലയിൽ തേക്കാൻ ഒരു എണ്ണ തരാം, അത് നിത്യം ശീലിക്കാം. കൂടാതെ ഒരു മരുന്നു തരാം അത് ചാലിച്ച് ആ ഭാഗത്ത് അമർത്തി തേച്ചു പുരട്ടിയിടുക. കുറച്ചു ദിവസം വേണ്ടിവരും. ഭേദാവും.'' പറഞ്ഞപോലെ അത് ശീലിക്കുകയും മൂന്നു-നാലു മാസത്തിനുള്ളിൽ ആ ഭാഗത്ത് മുടി സാധാരണപോലെ വരികയും ചെയ്തു.

നല്ലൊരു ഫലിതപ്രിയനാണദ്ദേഹം. ഒരു ചെറിയ സംഭവം വിവരിക്കാം. ഒരിക്കൽ വൈദ്യമഠം തറവാട്ടിലെ ഫോൺ നമ്പറും ഏതോ ഒരു മത്സ്യ മൊത്ത കച്ചവടക്കാരന്റെ ഫോൺ നമ്പറും തമ്മിൽ ഒരക്കത്തിന്റെ വ്യത്യാസത്തിലോ മറ്റോ ദിവസവും രാവിലെ ''ഇന്നെന്താ ചാളയ്ക്ക് വെലാ'' എന്ന ചോദ്യം അദ്ദേഹത്തിന് നേരിടേണ്ടിവന്നിരുന്നു. ആദ്യമൊക്കെ അദ്ദേഹം നിങ്ങൾക്ക് നമ്പർ മാറി എന്നൊക്കെ പറഞ്ഞ് അവരെ മനസ്സിലാക്കിപ്പിച്ചിരുന്നു. എത്ര പറഞ്ഞു മനസ്സിലാക്കിലായും പിന്നെയും രാവിലെ വില ചോദിച്ച് വിളിവരും. അവസാനം അദ്ദേഹം സഹികെട്ടു. ഒരു ദിവസം അതിനായി മെനക്കെട്ടിരുന്നു. പതിവുപോലെ രാവിലെ വിളിവന്നു. അദ്ദേഹത്തോട് ചോദിച്ചു: ''അയലയ്ക്ക് എന്താ വെല? ഇത്ര. മത്തിക്കൊ?. ഇത്ര.'' എന്നിങ്ങനെ മത്സ്യകച്ചവടക്കാരുടെ ഭാഷയിൽതന്നെ അദ്ദേഹം മറുപടി കൊടുത്തു. ''അന്ന് അയാൾക്ക് കച്ചവടം പാളിയിട്ടുണ്ടാവും. പിന്നെ വിളിച്ചിട്ടില്ല.'' എന്നദ്ദേഹം പിന്നീട് കണ്ടപ്പോൾ ഫലിതം പറഞ്ഞു.

വാദ്യകലാസ്വാദകനുംകൂടിയാണ് വൈദ്യമഠം കൃഷ്ണൻ നമ്പൂതിരി. തൃത്താല ശങ്കരകൃഷ്ണ പൊതുവാളുടെ ശിക്ഷണത്തിൽ ചെണ്ട അഭ്യസിച്ച് മേളം കൊട്ടി അരങ്ങേറ്റം നടത്തിയിട്ടുണ്ട്. നല്ലൊരു പൂരപ്രേമികൂടിയാണ്. ആനപ്പൂരം, കാളവേല, വെടിക്കെട്ട് ഇവയുടെ ആസ്വാദകനാണ്. പ്രത്യേകിച്ച് വെടിക്കെട്ട് എവിടെയുണ്ടെങ്കിലും അവിടെ പോകുക, അതിലെ പ്രകമ്പനത്തിന്റെ വ്യത്യാസത്തെ സൂക്ഷ്മമായി നിരീക്ഷിക്കുക, ഗുണദോഷങ്ങളെക്കുറിച്ച് അഭിപ്രായം പറയുക ഇവയൊക്കെ അദ്ദേഹം വൈദ്യവൃത്തിയോടൊപ്പം കൊണ്ടുനടക്കുന്ന ദിനചര്യകളാണ്.

വൈദ്യമഠം തറവാടിന്റെ കാവൽക്കാരനായിനിന്നുകൊണ്ട് വൈദ്യത്തോടൊപ്പം പാരമ്പര്യമായി സിദ്ധിച്ച കാർഷിക സംസ്കൃതിയെ നിലനിർത്താനും അദ്ദേഹം കാണിക്കുന്ന ശുഷ്കാന്തി ഒന്നു വേറെത്തന്നെയാണ്. നമ്പൂതിരിമാരിൽ പലർക്കും ഇന്നും സ്വന്തമായി നെൽപ്പാടം ഉണ്ടായിട്ടും അവയെല്ലാം തരിശിട്ടു കാടുപിടിച്ചു കിടക്കുന്ന ഇന്നത്തെ കാലത്ത് അദ്ദേഹം നെൽക്കൃഷിയ്ക്ക് കാണിക്കുന്ന താല്പര്യവും ശ്രദ്ധയും അനുകരിക്കേണ്ടതാണ്. പച്ചമരുന്നുകളാലും തോട്ടം വിളകളെക്കൊണ്ടും സമ്പുഷ്ടമായ ആ മന വളപ്പ് കണ്ടാലറിയാം വൈദ്യനായ കൃഷ്ണൻ നമ്പൂതിരിയിലെ കർഷകൻ എത്ര ശ്രദ്ധാലുവാണെന്ന്.

വൈദ്യമഠം വൈദ്യശാലയുടെയും വൈദ്യമഠം കുടുംബത്തിലെയും ഒരമരക്കാരനായി, ആബാലവൃദ്ധം രോഗികൾക്ക് ആശയും ആശ്രയവുമായി, ''വൈദ്യമഠം'' എന്ന നാലക്ഷരത്തെ ലോകപ്രശസ്തമാക്കാൻ ഷഷ്ഠിപൂർത്തിയുടെ നിറവിലെത്തിയ വൈദ്യമഠം കൃഷ്ണൻ നമ്പൂതിരി എന്ന ആ യാഗശാലാവൈദ്യനു കഴിയട്ടെ. അതിനായി നമുക്കു പ്രാർത്ഥിക്കാം. ●

ഒരുപുലാശ്ശേരി മന, കല്ലിപ്പാടം പി.ഒ., ഷൊർണ്ണൂർ - 2,
പാലക്കാട് ജില്ല. ഫോൺ - 94955 02605 onrajesh72@gmail.com

**Land for sale**

**Peramangalam**
**Near Thrissur**

*Interested Parties may contact:*

**9019877262 / 8494823116**

**Area: 6 cents**

### റിട്ടയേർഡ് അക്കൗണ്ടന്റ് ജനറൽ പി.ജി.എൻ. നമ്പൂതിരിയുടെസഹധർമ്മിണി ജീവിതത്തെ കാണുന്നു

# എന്റെ പ്രേമലു



*ഭർത്താവ് പി.ജി.എൻ. നമ്പൂതിരിയോടൊപ്പം മന്ദാകിനി നാരായണൻ*

**മന്ദാകിനി നാരായണൻ, പത്തനംതിട്ട**



**1960** ഏപ്രിൽ 28 നാണ് ഞാൻ വിവാഹിതയായത്. പി.ജി. എൻ. നമ്പൂതിരി ഐ.എ.എസ്സുമായിട്ടായിരുന്നു വിവാഹം. വിവാഹം കഴിഞ്ഞ് ആദ്യം പോയത് മദ്രാസിലേക്കാണ്. എനിക്ക് പാചകമൊന്നും കാര്യമായി അറിയുമായിരുന്നില്ല. ചോറ് മാത്രം വയ്ക്കും. ചോറ് ഒരു പകുതി നെയ്യും ബാക്കി പകുതി തൈരും കൂട്ടി അദ്ദേഹം കുഴയ്ക്കും. രണ്ടിന്റേയും പകുതി പകുതി ഞങ്ങൾ രണ്ടു പേരും കഴിയ്ക്കും. അതായിരുന്നു അവിടത്തെ ജീവിതരീതി. പിന്നെ ബാംഗ്ലൂരിലേക്ക് സ്ഥലംമാറ്റമായി. അവിടെവെച്ചാണ് ഞങ്ങൾക്ക് മകൻ പിറന്നത്.

മകന് ഒന്നര വയസ്സായപ്പോൾ ഞങ്ങൾക്ക് ഡൽഹിയിലേക്ക് സ്ഥലംമാറ്റമായി. ഒരു ആഗസ്റ്റ് 15നാണ് ഡൽഹിയിലെത്തുന്നത്. അവിടെവെച്ചാണ് ഞങ്ങൾ ഡ്രസ്സിംഗ് ടേബിൾ വാങ്ങിയത്. എവിടെയെങ്കിലും പുറത്തുപോകുമ്പോൾ, എന്റെ ആ ഡ്രസ്സിംഗ് ടേബിളിന്റെ മുന്നിലിരുത്തി സൗന്ദര്യവർദ്ധക സാധനങ്ങളൊക്കെ എന്റെ മുഖത്ത് പുരട്ടും. അങ്ങിനെ ചെയ്യുമ്പോൾ എനിക്ക് തോന്നിയിട്ടുണ്ട്. ''ഇതെന്താ, ബ്യൂട്ടി പാർലറിൽ പോയി നോക്കിയിട്ടുണ്ടോ, എന്തൊക്കെ സാധനങ്ങൾ എങ്ങനെയൊക്കെയാണ് ഉപയോഗിക്കേണ്ടത് എന്നറിയാൻ''. അങ്ങനെ ഒരുക്കിക്കഴിയുമ്പോൾ എനിക്ക് തോന്നും

> എവിടെയെങ്കിലും പുറത്തുപോകുമ്പോൾ എന്നെ ഡ്രസ്സിംഗ് ടേബിളിന്റെ മുന്നിലിരുത്തി സൗന്ദര്യസംവർദ്ധക സാധനങ്ങളൊക്കെ എന്റെ മുഖത്തു പുരട്ടും



മന്ദാകിനി നാരായണൻ

എനിക്കിപ്പോൾ ഡൽഹിയിലെ ഏതൊരു സുന്ദരിയായ പെൺകുട്ടിയുടെയും ഒപ്പം നിൽക്കാൻ കഴിയുമെന്ന്. പുറത്തുപോകുമ്പോൾ പറയും ''അതുപോലെ മേക്കപ്പ് ഒക്കെയിട്ട് സ്ലീവ്‌ലെസ്സ് ബ്ലൗസ്സുമൊക്കെ ധരിച്ച് വന്നാലേ പുറത്തു കൊണ്ടുപോകൂ'' എന്ന്.

എന്റെ ആൾ തമാശകൾ പറയുന്നതിന് മിടുക്കനായിരുന്നു. എന്തു പറയുന്നതും തമാശയായിട്ടാണ്. അദ്ദേഹത്തിന്റെ തമാശകൾ കേട്ട് ഞാൻ ചിരിയോട് ചിരിയായിരുന്നു. ചില തമാശകൾ ആലോചനാമൃതമാണ്. ആലോചിച്ചാലോചിച്ച് ചിരിക്കാം. അദ്ദേഹം പോയതിനു ശേഷം ഞാനങ്ങനെ ചിരിച്ചിട്ടുമില്ല.

അദ്ദേഹത്തിന് അകാലനര ഉണ്ടായിരുന്നു. എന്നെ വിവാഹം കഴിക്കുമ്പോൾ അന്നേ (26 വയസ്സുള്ളപ്പോൾ) മുടി ഏതാണ്ട് പകുതിയോളം നരച്ചിരുന്നു. അതിനെപ്പറ്റി പറഞ്ഞിരുന്നത് ''ഉള്ളിലുള്ള ബുദ്ധി ഒക്കെ പുറത്തേക്ക് വരുന്നതാണ്'' എന്നാണ്. 44-ാമത്തെ വയസ്സിൽ ബ്രെയിൻ ഫീവർ പിടിച്ചു. രണ്ടാഴ്ച ബോധമില്ലാതെ ആശുപത്രിക്കിടക്കയിൽ (തിരുവനന്തപുരം മെഡിക്കൽ കോളേജ്) കിടന്നു. ബോധം വന്നപ്പോൾ ഡോക്ടർ സഹോദരിയോട് ആദ്യം പറഞ്ഞത് ''ഞാൻ അവശക്രിസ്ത്യാനിയായി കൊച്ചുപ്പാപ്പേ'' എന്നാണ്. കുറേ കഴിഞ്ഞപ്പോൾ ഇങ്ങനെയും പറഞ്ഞു. ''എനിക്ക് ബ്രെയിൻ ഉണ്ടെന്ന് തെളിയിച്ചില്ലേ



കോട്ടയം കുറിച്ചിത്താനം പുതുമന ഇല്ലത്തെ മന്ദാകിനി പതിനെട്ടാമത്തെ വയസ്സിൽ പത്തനംതിട്ട ആഴൂർ പുതിയേടത്ത് ഇല്ലത്തെ പി.ജി.എൻ.നമ്പൂതിരിയുടെ സഹധർമ്മിണിയായി. അക്കൗണ്ടന്റ് ജനറൽ (എ.ജി) ആയി തിരുവനന്തപുരത്തു നിന്ന് പി. ജി. എൻ. റിട്ടയർ ചെയ്തു. യശശ്ശരീരനായ പ്രിയതമനെ ഗുരുനാഥനെന്നപോലെ അനുസ്മരിക്കുന്നു.1960 കളിലെ ഡൽഹി ജീവിതവും ഓർമ്മിക്കുന്നു. മകൻ റിസർവ്വ് ബാങ്ക് സീനിയർ മാനേജരായി റിട്ടയർ ചെയ്ത സന്തോഷ് ജാതവേദൻ.

താമസം മകന്റെ കൂടെ പത്തനംതിട്ടയിൽ.

**എല്ലാ ജനുവരി ഒന്നിനും ന്യൂ ഇയർ ഡിസിഷൻ എടുക്കും, ''ഞാനിനി സിഗരറ്റ് ഉപേക്ഷിക്കാൻ പോകുകയാണെന്ന്''. എന്നിട്ട് കൈയിലുള്ള സിഗരറ്റ് ചവറ്റുകൊട്ടയിൽ നിക്ഷേപിക്കും. പക്ഷേ, അടുത്ത ആഴ്ച കടയിൽ പോയി ഒന്നോ രണ്ടോ പാക്കറ്റ് വാങ്ങിച്ചുകൊണ്ടുവരും, വലിക്കാനും തുടങ്ങും.**

ബ്രെയിൻ ഫീവർ പിടിച്ചപ്പോൾ'' എന്ന്.

അസുഖം ബാധിച്ചപ്പോൾ ചില കഴിവുകളൊക്കെ ഇല്ലാതായി. നടക്കാനും സംസാരിക്കാനും ബുദ്ധിമുട്ടുണ്ടായി. നടക്കുമ്പോൾ ശരീരം മുമ്പോട്ടു പോകും. കാലുകൾ അതിനനുസരിച്ച് മുമ്പോട്ട് പോകുകയില്ല. അപ്പോൾ ഓടുന്നതുപോലെയാകും നടത്തം. പക്ഷേ, കുറച്ചങ്ങനെ പോകുമ്പോൾ അവിടെ നിൽക്കും. സ്റ്റെഡിയായതിനു ശേഷം വീണ്ടും നടക്കും. ഒരിക്കലും വീണിട്ടില്ല.

സംസാരിക്കുമ്പോൾ വാക്കുകൾ വ്യക്തമായിരുന്നില്ല. പക്ഷേ, കേൾക്കുന്ന ആൾക്ക് മനസ്സിലാകുന്നതുവരെ ആവർത്തിച്ചു പറയുമായിരുന്നു. താൻ പറയുന്നത് കേൾക്കുന്ന ആൾക്ക് മനസ്സിലാകണമെന്ന് നിർബന്ധമായിരുന്നു. അദ്ദേഹത്തിന് മരുമക്കളെ ഒക്കെ വലിയ കാര്യമായിരുന്നു. മകനേക്കാൾ ഇഷ്ടം മരുമക്കളോടായിരുന്നില്ലേ എന്നു തോന്നിയിട്ടുണ്ട്.

അദ്ദേഹത്തിന് കാപ്പി, ചായ, സിഗരറ്റ് എന്നിവയോടെല്ലാം ഹരമായിരുന്നു. രാവിലെ ഒരു ജഗ് കാപ്പി ഉണ്ടാക്കി ഞാൻ ഊൺ മേശപ്പുറത്ത് കൊണ്ടുവെച്ച് മുടി വെക്കും. അതു തീരുന്നതുവരെ ഇടക്കിടക്ക് കുടിച്ചുകൊണ്ടിരിക്കും. അതുപോലെ വൈകുന്നേരം ഒരു ജഗ് ചായയും. സിഗരറ്റിന്റെ കാര്യം ഇങ്ങനെ. എല്ലാ ജനുവരി ഒന്നിനും ന്യൂ ഇയർ ഡിസിഷൻ എടുക്കും, ''ഞാനിനി സിഗരറ്റ് ഉപേക്ഷിക്കാൻ പോകുകയാണെന്ന്''. എന്നിട്ട് കൈയിലുള്ള സിഗരറ്റ് ചവറ്റുകൊട്ടയിൽ നിക്ഷേപിക്കും. പക്ഷേ, അടുത്ത ആഴ്ച കടയിൽ പോയി ഒന്നോ രണ്ടോ പാക്കറ്റ് വാങ്ങിച്ചുകൊണ്ടുവരും, വലിക്കാനും തുടങ്ങും.

അദ്ദേഹം ഇങ്ങിനെ എന്നോടു പറയാറുണ്ട്. ''ഞാൻ ഓഫീസിൽ നിന്ന് വരുമ്പോൾ നിങ്ങൾ കൂട്ടുകാരുടെ അടുത്തോ, അയൽപക്കക്കാരുടെ അടുത്തോ പോയിരിക്കരുത്. നിങ്ങൾ തന്നെ വേണം എനിക്ക് കതക് തുറന്നുതരാൻ'' എന്ന്.

അദ്ദേഹം നല്ല വായനാശീലമുള്ള ആളായിരുന്നു. ഒരു പുസ്തകം നല്ലതാണെന്നറിഞ്ഞാൽ അതുടൻ പോയി വാങ്ങും; അപ്പോൾത്തന്നെ ഒരിരുപ്പിന് വായിച്ചുതീർക്കുകയും ചെയ്യും. ഊണ് കഴിക്കുമ്പോഴും ഒരു പുസ്തകം ഇടത്തു പുറത്തുവെച്ച് വായിച്ചുകൊണ്ടിരിക്കും. എന്റെ വീട്ടിൽ അദ്ദേഹം

വാങ്ങിച്ച പുസ്തകങ്ങളുടെ ഒരു ചെറിയ ലൈബ്രറി ഉണ്ട്. ഓരോ പുസ്തകവും വായിച്ചു കഴിഞ്ഞ് ഷെൽഫിൽ വെക്കും. പിന്നീട് അതിനെക്കുറിച്ച് ആരോട് വേണമെങ്കിലും ഡിസ്കസ് ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

അദ്ദേഹം സൂപ്പർബസാറിൽ ജോലിയായിരുന്ന കാലത്ത് രണ്ടു മൂന്നു നല്ല സാരികൾ എനിക്ക് വാങ്ങിച്ചു തന്നിരുന്നു. അവയിലൊന്ന് ഉടുത്തു കൊണ്ട് എന്നെ പല പോസുകളിൽ ഇരുത്തി കുറെ ഫോട്ടോകൾ എടുത്തു. അവയാണ് എന്റെ ഏറ്റവും നല്ല ഫോട്ടോകൾ. പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർ എടുത്ത ഫോട്ടോകൾ പോലും ഇത്ര നന്നായിട്ടില്ല. അദ്ദേഹം എന്നോടിങ്ങനെ പറയാറുണ്ട് 'life is to enjoy, enjoy as much as possible, I like to see you enjoy.' (ജീവിതം ആസ്വദിക്കാനുള്ളതാണ് കഴിയുന്നിടത്തോളം ആസ്വദിക്കുക, എനിക്ക് നിങ്ങൾ ആസ്വദിക്കുന്നത് കാണാനാണിഷ്ടം.)

റിട്ടയർ ചെയ്തു 10 വർഷം കഴിഞ്ഞാണ് അദ്ദേഹം ഈ ലോകം വിട്ടുപോയത്. (1989 ൽ റിട്ടയർ ചെയ്തു. 1999 ഓഗസ്റ്റ് 6 നാണ് മരണം.)

ഇപ്പോൾ ഞാൻ അദ്ദേഹത്തെ കുറിച്ചുള്ള മധുര സ്മരണകൾ അയവിറക്കിക്കൊണ്ട് ജീവിതം മുന്നോട്ട് നയിക്കുന്നു. ●

മന്ദാകിനി നമ്പൂതിരി,
പുതിയേടത്ത്, 26/1 Azhoor,
പത്തനംതിട്ട-689645 :
ഫോൺ 9892015680

എല്ലാവർക്കും വിഷുവാശംസകൾ
നേർന്നു കൊണ്ട്,
**ശ്രീധരീയം ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ**
**കൂത്താട്ടുകുളം**
**എറണാകുളം**

വായനയുടെ വിഷുക്കൈനീട്ടം നൽകുന്ന സ്വസ്തിക്ക് വിഷു ആശംസകൾ.. ലോകമെങ്ങുമുള്ള മലയാളികൾക്ക് വിഷു സമ്പൽസമൃദ്ധമാവട്ടെ.



**രതീഷ് എൽ**
Villa 28, Surakshaa Fairview Villa,
Belathur, Kadugodi, Bangalore 560067
**Mob:998603530**

*വിഷു ആശംസകൾ*

**വിഷ്ണു നമ്പൂതിരി ഗ്രൂപ്പ്**
തൊടുപുഴ, https://vngindia.in

എന്റെ വിഷുവാശംസകൾ പുതുവർഷ പുലരിയിലെ കുളിർകാറ്റായി ഏവരെയും തഴുകുമാറാകട്ടെ.



**പത്മിനി ഘോഷ്**
വഞ്ചേരി മന, തിരൂർ
Mob:9633313717

*ആശംസകളോടെ*
**കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ**

ഓം വിശ്വാനി ദേവ സവിതർ ദുരിതാനി പരാ സുവ.
യദ് ഭദ്രം തന്ന്ആ സുവ. (യജുർവേദം 30.2)
ഭഗവാനേ എല്ലാ ദുരിതങ്ങളേയും അകറ്റിയാലും.
ഭദ്രമായതു ഞങ്ങൾക്ക് നൽകിയാലും.
**ആചാര്യ എം ആർ രാജേഷ്**
**കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ**

ബ്രാഹ്മണർ ഒന്നിച്ചു നിൽക്കണം, ലോക നന്മക്കായി.
*വിഷുവാശംസകൾ*



**അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്**
**പ്രസിഡണ്ട്, യോഗക്ഷേമസഭ**
**ഫോൺ: 9447375368**



സ്വസ്തി വായനക്കാർക്ക്
**വർഷ വാട്ടർ ടാങ്കിന്റെ**
***വിഷുവാശംസകൾ***
**Ph: 9447022207**



എല്ലാർക്കും വിഷുവൽ പുണ്യകാലം ആശംസിക്കുന്നു

**ചിറ്റൂർ കൃഷ്ണൻ നമ്പൂതിരിപ്പാടും കുടുംബവും**
**മഹിമ,ചിറ്റൂർ മന, കടവന്ത്ര,**
**കൊച്ചി-20, 9846031953.**



*എല്ലാവർക്കും ശ്രീഗുരുവായൂരപ്പന്റെ അനുഗ്രഹമുണ്ടാകട്ടെ.*
*കൃഷ്ണാ ഗുരുവായൂരപ്പാ..*



**തോട്ടം ശിവകരൻ നമ്പൂതിരി (സാമവേദി)**
**ഗുരുവായൂർ മുൻ മേൽശാന്തി**
Mob: +91 9447456737



*വിഷുവാശംസകൾ*

**ലോകാ: സമസ്താ: സുഖിനോ ഭവന്തു**
**ഡോക്ടർ ശ്രീനാഥ് കാരയാട്ട്,**
ഭാരതീയ ധർമ്മപ്രചാര സഭ.






*Happy Vishu*

**Bindu Namboothiri F4H**

IMPERIA PH 1
3RD MAIN ROAD
VGN MAHALAKSHMI NAGAR
THIRUVERKKADU CHENNAI 77
**9566058444**



*അമ്മയ്ക്ക് സ്വസ്തിയിലൂടെ വിഷുവാശംസകൾ...*

**ഡോക്ടർ ദീപ ശങ്കർ**

എജുക്കേഷൻ ഓഫീസർ
യൂനിസെഫ്
ധാക്ക
ബംഗ്ളാദേശ്



*യോഗക്ഷേമസഭാംഗങ്ങൾക്കെല്ലാം*
*വിഷുവാശംസകൾ*

**പുരഞ്ജയ് കെ.കെ.**

S/o പ്രിജിത് കെ.കെ.
കാരക്കുന്നത്ത് കരിപ്പത്ത് ഇല്ലം
ഉണ്ണിമുറ, അരീക്കോട്
ഫോൺ 9895161042.

*നെയ്യാറ്റിൻകര വാഴും കണ്ണാ നിൻ മുന്നിലൊരു*
*നെയ് വിളക്കാകട്ടെ എന്റെ ജന്മം.*

**വിഷുവാശംസകൾ**

**സച്ചിൻ പെരുന്തലക്കാട്, ബംഗളൂരു**
**& ഫാമിലി**
**9901961838**

കോവിഡ് കാലത്തെ പ്രതികൂലാവസ്ഥയിൽ പെരുഞ്ചെല്ലൂർ നമ്പൂതിരിമാരുടെ കൂട്ടായ്മയിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ രൂപമെടുത്ത സംരംഭമാണ് **അഗ്രശാലാ മിനിമാർട്ട്** എന്ന മിനി സൂപ്പർ മാർക്കറ്റ്. വൈകാതെ തന്നെ അഗ്രശാല എന്ന പേരിൽത്തന്നെ തളിപ്പറമ്പിൽ രണ്ട് ഇടത്തായി ഓരോ വെജിറ്റേറിയൻ ഹോട്ടലുകളും ഒരു കാറ്ററിങ്ങ് യൂനിറ്റും ആരംഭിച്ചു. ഇതിനു പുറമെ ഒരു ഡയറി ഫാം കൂടി ഈ കൂട്ടായ്മയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സ്വസ്തി മാസികയുടെ വിഷു പതിപ്പിന് **പെരുഞ്ചെല്ലൂർ ബിസിനസ് ഗ്രൂപ്പിന്റെ ആശംസകൾ.**

**ഫോൺ: 8848851693**



# കൂത്താമ്പുള്ളി

## കളക്ഷൻസ് & മാച്ചിങ്ങ് സെന്റർ

**ഫെഡറൽ ബാങ്കിനുസമീപം, എടപ്പാൾ റോഡ്, ചങ്ങരംകുളം**

സെറ്റുമുണ്ടുകൾ | സെറ്റ്സാരികൾ | ഫാൻസി സാരികൾ | കസവുസാരികൾ | കോട്ടൺ സാരികൾ
ചുരിദാറുകൾ | ചുരിദാർ മെറ്റീരിയലുകൾ | ഷർട്ടുകൾ | മുണ്ടുകൾ
എന്നിവയുടെ വിപുലമായ ശേഖരം.



സെറ്റുമുണ്ടുകൾ മാച്ചിങ്ങ്
ബ്ലൗസ് പീസുകളോടുകൂടി
ഓൺലൈൻ പർച്ചേസ് സൗകര്യം

വാട്സ്ആപ് വഴി സെലക്ട് ചെയ്യുന്ന ഐറ്റംസ്
കൊറിയർ അയച്ചുകൊടുക്കുന്നു. 9562883397

10 വർഷത്തോളമായി
ചങ്ങരംകുളത്തു
പ്രവർത്തിക്കുന്ന
ഒരു നമ്പൂതിരി സംരംഭം.

പേയ്മെന്റ്: ക്യാഷ്, Gpay, ഓൺലൈൻ ട്രാൻസാക്ഷൻ
**9400852605/04942650180/7306359484**



Prana
Rejuvenate Your Soul
Ayurveda Kadhakali Kalari Marma Traditional Therapeutic Center
Raviprabha,Palat Road, Ottapalam, Palakkad
9446766352, 8075574494 [Whatsapp Only]
pranarejuvenation@gmail.com
Our Treatments
· Chronic Back Pain
· Spondylitis
· Disc Bulging
· Backaches
· Leg Pain/Numbness
· Knee Pain
· Tennis Elbow
· Shoulder Pain/Numbness
· Stress
· Chronic Headaches
Rejuvenation Packages
· Therapeutic Massage
· Nasyam
· Dhara
Working Hours
7AM - 7PM
Sadanam Manikandan
(Kathakali Kalari Marma specialist Therapist)

## നമുക്കിടയിലെ പ്രതിഭ


# ലക്ഷം സർജറികൾ ചെയ്ത നമ്പൂതിരി

**ഉദയൻ നമ്പൂതിരിപ്പാട്**



നമ്പൂതിരിമാർ പണ്ടുകാലം മുതലേ ശാന്തി, വേദ അദ്ധ്യാപനം എന്നിവക്കു പുറമേ രോഗചികിൽത്സയും ഒരു തൊഴിലായി ഏറ്റെടുത്തു ചെയ്തിരുന്നു. അന്നത്തെ കാലത്ത് അഷ്ടവൈദ്യ കുടുംബങ്ങളിലെ നമ്പൂതിരിമാരായിരുന്നു ചികിത്സകരായി പ്രധാനമായി ഉണ്ടായിരുന്നത്. അവരിൽ പലരും മനുഷ്യശരീരം കീറിമുറിച്ചുള്ള ശസ്ത്രക്രിയകൾ പോലും ചെയ്തിരുന്നു. ഈ കാരണത്താൽ സമുദായത്തിൽ ഇവർക്ക് ചെറിയൊരു പതിത്വം ഉണ്ടായിരുന്നതായും അവരെ മൂസ്സ് എന്ന പേരിൽ അകറ്റി നിർത്തിയിരുന്നതായും കേട്ടിട്ടുണ്ട്. ഇപ്പോൾ നമ്പൂതിരി സമുദായത്തിൽ നിന്ന് ഏതാണ്ട് ആയിരത്തോളം അലോപ്പതി ഡോക്ടർമാർ ഉണ്ട് എന്നാണ് ഏകദേശ കണക്ക്.അവരിൽ പലരും വിവിധ ചികിത്സാ വിഭാഗങ്ങളിൽ പ്രാഗൽഭ്യം നേടിയവരും പ്രശസ്തരുമാണ്. എന്നാൽ സർജറിയിൽ വൈദഗ്ദ്ധ്യം നേടിയവർ വളരെ കുറച്ചുപേരേയുള്ളു. കത്തിയെടുത്ത് മനുഷ്യ ശരീരം കീറി മുറിക്കാനുള്ള പേടി കൊണ്ടോ, അറപ്പു കൊണ്ടോ ആവാം നമ്പൂതിരി ഡോക്ടർമാർ സർജറി തിരഞ്ഞെടുക്കാത്തതെന്നു തോന്നുന്നു. എന്നാൽ സർജറി പഠിച്ച് ഒരു ലക്ഷത്തിലധികം ശസ്ത്രക്രിയകൾ ഇതിനകം ചെയ്ത, ഇപ്പോഴും ചെയ്തു കൊണ്ടിരിക്കുന്ന ചരിത്രം സൃഷ്ടിച്ച ഒരു നമ്പൂതിരി നമ്മുടെ ഇടയിൽ ജീവിച്ചിരിപ്പുണ്ട്. ശസ്ത്രക്രിയകളുടെ എണ്ണം കൊണ്ട് ലിംകാ ബുക്ക് ഒഫ് റിക്കാർഡസിൽ സ്ഥാനം പിടിച്ച ഒരേ ഒരു ഇന്ത്യക്കാരൻ ഡോക്ടറേ ഉള്ളു. അതൊരു നമ്പൂതിരിയാണ്.'' അദ്ദേഹമാണ് കൊട്ടാരക്കരക്കാരൻ നീലമന ഇല്ലത്തെ ഡോക്ടർ എൻ എൻ. മുരളി. മുരളിക്കു മുമ്പു ഗിന്നസ്സ് ബുക്കിലെ റിക്കാർഡ് അമ്പതു വർഷം കൊണ്ട് മുപ്പത്തി ഒന്നായിരം ശസ്ത്രക്രിയ ചെയ്ത കാനഡക്കാരൻ ഡോക്ടർ റോബർട്ട് മെക്‌ളൂരിന്റെപേരിലായിരുന്നു. മുരളി ഡോക്ടറാകട്ടെ സർക്കാർ സർവീസിലിരിക്കുമ്പോൾ തന്നെ മുപ്പത്തി ഏഴായിരത്തിലധികം മേജർ ഓപ്പറേഷനുകൾ ചെയ്തിട്ടുണ്ട്. അടൂർ, കൊട്ടാരക്കര തുടങ്ങിയ സ്ഥലങ്ങളിലെ താലൂക്ക് ആശുപത്രികളിൽ വെച്ചു ചെയ്ത ഓപ്പറേഷനുകളുടെ ആശുപത്രി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ കണക്കു മാത്രമാണത്. വേൾഡ് ഗിന്നസ്സ് ബുക്കിൽ ചേർക്കാൻ, താൻ ചെയ്ത ഓപ്പറേഷനുകളുടെ വിശദവിവരങ്ങൾ സമർപ്പിച്ചുവെങ്കിലും അവരുടെ റിക്കാർഡു പുസ്തകത്തിൽ തന്റെ പേരു ചേർക്കാൻ മുരളി ഡോക്ടർക്കു ഭാഗ്യമുണ്ടായില്ല. കാരണം ഗിന്നസ്സ് ബുക്കിന്റെ എഡിറ്റോറിയൽ ബോർഡ് സർജറി വിഭാഗത്തെ റിപ്പോർട്ട് സമർപ്പിച്ച വർഷം മുതൽ ഒഴിവാക്കിയിരുന്നു. എന്നാൽ ലിംകാ ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്സിൽ അത്തരം പ്രശ്നങ്ങളൊന്നും ഉണ്ടായില്ല. താൻ ചെയ്ത ഓപ്പറേഷനുകളുടെ വിശദമായ റിപ്പോർട്ടുകൾ ഡൽഹിയിലെ അവരുടെ പ്രധാന ഓഫീസിലേക്ക് അയച്ചു കൊടുത്തു. 1986 മുതൽ ചെയ്ത ഓപ്പറേഷനുകളുടെ ആശുപത്രികളിലെ രേഖകളാണ് സമർപ്പിച്ചത്. 2012 ൽ ഏറ്റവും കൂടുതൽ സർജറി ചെയ്ത ഡോക്ടർ എന്ന ബഹുമതി അദ്ദേഹത്തെ തേടി വന്നു. അങ്ങനെ ഒരു നമ്പൂതിരി ലിംകാ ബുക്ക് സിൽ ആദ്യമായി സ്ഥാനം പിടിച്ചു.

ഇപ്പോൾ നമ്പൂതിരി സമുദായത്തിൽ നിന്ന് ഏതാണ്ട് ആയിരത്തോളം അലോപ്പതി ഡോക്ടർമാർ ഉണ്ട് എന്നാണ് ഏകദേശ കണക്ക്.അവരിൽ പലരും വിവിധ ചികിത്സാ വിഭാഗങ്ങളിൽ പ്രാഗൽഭ്യം നേടിയവരും പ്രശസ്തരുമാണ്. എന്നാൽ സർജറിയിൽ വൈദഗ്ദ്യം നേടിയവർ വളരെ കുറച്ചുപേരേയുള്ളു.



*ഡോക്ടർ എൻ.എൻ. മുരളി*

ഒരു ലക്ഷത്തിലധികം ശസ്ത്രക്രിയകൾ ചുരുങ്ങിയ കാലത്ത് ചെയ്തു എന്നതു മാത്രമല്ല മുരളി ഡോക്ടറുടെ മഹത്വം. അവയെല്ലാം ചെയ്തത് ആധുനിക സൗകര്യങ്ങളുള്ള മൾട്ടി സ്റ്റാർ ആശുപത്രികളിലെ ശിതീകരിച്ച തിയേറ്ററുകളിൽ വെച്ചായിരുന്നില്ല എന്നതാണ്. അമ്പതു കൊല്ലം മുമ്പുള്ള സർക്കാർ പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും താലൂക്ക് ആശുപത്രികളുടേയും സ്ഥിതി നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അന്നത്തെ കാലത്ത് സർക്കാർ ആശുപത്രികളിൽ രോഗികളെ കിടത്താനുള്ള ടേബിൾ പോലുമുണ്ടാവില്ല. സഹായത്തിന് ഡോക്ടർമാരോ എന്തിന് തിയേ




റ്റർ അററൻഡർമാരോ പരിചയസമ്പന്നരായ നേഴ്സുമാരോ ഉണ്ടാവില്ല. അന്നെല്ലാം ഫിസിഷ്യനും, ഗൈനക്കോളജിസ്റ്റും, കാർഡിയോളജിസ്റ്റും എല്ലാം ഒരാളാവും. സ്പെഷലിസ്റ്റ് ഡോക്ടർമാരോ, ഡിപ്പാർട്ടുമെന്റുകളോ, ബ്ലഡ് ബാങ്കോ ജില്ലാ അശുപത്രികളിൽ പോലും കാണില്ല. ശരിയായ രോഗ നിർണ്ണയത്തിന് സ്ക്കാനിങ്ങ് റിപ്പോർട്ടോ എക്സറേയോ ഉണ്ടാവില്ല. രോഗിക്ക് അനസ്തേഷ്യ കൊടുക്കുന്ന സംവിധാനമേ ഇല്ല. ഓർമ്മ കെടുത്താതെ കീറിമുറിക്കേണ്ട സ്ഥലം മരവിപ്പിച്ചായിരുന്നു ഓപ്പറേഷനുകൾ ചെയ്തിരുന്നത്. അത്തരം പരിമിതമായ സാഹചര്യങ്ങളിൽ സങ്കീർണ്ണങ്ങളായ ഒരുപാടു ശസ്ത്രക്രിയകൾ അദ്ദേഹം വിജയകരമായി നടത്തിയിട്ടുണ്ട്. ഒരു ദിവസം മുപ്പത് എണ്ണം വരെ ചെയ്തിട്ടുണ്ടത്രെ.ഒന്നു കഴിഞ്ഞ് കൈ കഴുകി ഉടനെ അടുത്തത്. മെഴുകുതിരിയുടെ വെളിച്ചത്തിൽ പോലും ധാരാളം ഓപ്പറേഷനുകൾ ചെയ്തിട്ടുണ്ടത്രേ.എത്രയോ ശരീരങ്ങൾ കീറി മുറിച്ച് അനവധി ജീവനുകൾ രക്ഷിച്ച അദ്ദേഹത്തിന്റെ കൈകളെ നമുക്ക് നമിക്കാതിരിക്കാനാവില്ല.

അന്നത്തെ കാലത്ത് ഇന്നു കാണുന്ന പോലെ നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും ഇത്രയേറെ സ്വകാര്യ ആശുപത്രികളും ഉണ്ടായിരുന്നില്ല. പണമുള്ളവരും പാവങ്ങളുമെല്ലാം സർക്കാർ ആശുപത്രികളെയായിരുന്നു ആശ്രയിച്ചിരുന്നത്.ഓപ്പറേഷന് കാത്തിരിക്കുന്നവരുടെ ഒരു നിര തന്നെ ഉണ്ടാവും. എപ്പോഴും ബുക്കിങ്ങാവും, ആരേയും ഒഴിവാക്കാനാവില്ല. ഒഴിവാക്കിയാൽ പരാതിയാവും. ക്ലോക്കു നോക്കി പണിയെടുക്കുന്നവരുടെ നാട്ടിൽ നേരമോ കാലമോ നോക്കാതെ ലീവു പോലും എടുക്കാതെ അദ്ദേഹം ജോലി ചെയ്തിരുന്നു. അതിനെല്ലാമുള്ള ആത്മധൈര്യവും ചങ്കുറപ്പും അദ്ദേഹം കാണിച്ചു. പലപ്പോഴും രാഷ്ട്രീയ പാർട്ടികൾ ബന്ദു നടത്തുന്ന ദിവസങ്ങളിൽ നിശ്ചയിച്ച ഓപ്പറേഷനുകൾ മാറ്റി വെക്കാതെ കിലോമീറ്ററുകൾ നടന്നു പോയി നടത്തിയിട്ടുണ്ട് എന്നു അദ്ദേഹം പറയുന്നു .സ്വന്തം തൊഴിലിനോടുള്ള ആത്മാർത്ഥതയും പ്രതിബദ്ധതയുമാണ് ഇത്തരം അവസരങ്ങളിൽ അദ്ദേഹത്തെ മുന്നോട്ടു നയിച്ചിട്ടുള്ളത്.

അശ്രദ്ധ കൊണ്ടോ പരിചയക്കുറവു കൊണ്ടോ ഡോക്ടർമാർക്കു പറ്റുന്ന പിഴവുകൾ വലിയ പ്രശ്നങ്ങളായി തീരുന്നത് നാം പലപ്പോഴും കാണുന്നു. ഓപ്പറേഷൻ ചെയ്ത ഡോക്ടർ വയറിനുള്ളിൽനിന്നു കത്രിക എടുക്കാൻ മറന്ന കാര്യം അടുത്ത കാലത്ത് വലിയൊരു ഒച്ചപ്പാടിന് വഴിവെച്ചല്ലോ. പ്രത്യേകിച്ച് വേണ്ടത്ര സൗകര്യങ്ങളില്ലാത്ത ആശുപത്രികളിൽ പ്രസവ കേസുകൾ വരെ ശ്രദ്ധിക്കേണ്ടി വരാറുണ്ടെന്ന് അദ്ദേഹം പറയുന്നു. പലപ്പോഴും തന്റേതല്ലാത്ത പിഴവുകൾക്ക് വലിയ പഴികൾ മുരളി ഡോക്ടർക്കും കേൾക്കേണ്ടി വന്നിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഡോക്ടർക്കു പറയാനുള്ളതു കേൾക്കാൻ രോഗിക്കോ കൂടെ വന്നവർക്കോ ക്ഷമയോ മനസ്സോ ഉണ്ടാവാറില്ല. പലപ്പോഴും ഡോകടറെ കയ്യേറ്റം ചെയ്യാൻ പോലും ജനങ്ങൾ തയ്യാറാവുന്നു. ഇത്തരം ഒരു സന്ദർഭത്തിൽ താൻ രക്ഷപ്പെട്ട അനുഭവം മുരളി ഡോക്ടർ പങ്കിടുന്നു.

'സാധാരണ ഓപ്പറേഷനു മുൻപും പിൻപും ഉപയോഗിക്കുന്ന സൂചികളുടെതടക്കം കണക്കു വെക്കും ഒരിക്കൽ സിസേറിയൻ കഴിഞ്ഞ് ഉപയോഗിച്ച കത്തി സിസ്റ്റർ പ്രസവിച്ച സ്ത്രീയുടെ കാലിന്മേൽ നിന്നു മാറ്റിയില്ല. മറ്റൊരു സിസ്റ്റർ കുട്ടിയെ അവരുടെ കാലിൽ കിടത്തുകയും കത്തി കുട്ടിയുടെ വയറിൽ തുളച്ചുകയറുകയും ചെയ്തു. എല്ലാവരും സ്തബധരായി. കുട്ടിയെ ബന്ധുക്കൾക്കു കൈമാറാതെ ചെറിയൊരു പ്രശ്നമുണ്ടെന്നു മാത്രം പറഞ്ഞ് തിയേറ്ററിൽ തന്നെ കിടത്തി. അമ്മയുടെ ഓപ്പറേഷനു ശേഷം കുട്ടിക്കും ചെറിയൊരു ഓപ്പറേഷൻ നടത്തി. ഭാഗ്യത്തിന് കുട്ടിയുടെ ആന്തരികാവയങ്ങൾക്ക് ഒന്നും പറ്റിയിരുന്നില്ല. എന്നും ഒപ്പമുണ്ടായിരുന്ന ദൈവാധീനം കൊണ്ടാണ് അന്നെല്ലാം രക്ഷപ്പെട്ടിട്ടുള്ളത്. ദൈവത്തെ പോലെ ഒരാൾ എന്തു ചെയ്യുമ്പോഴും മുന്നിൽ നില്ക്കുന്നതായി തോന്നാറുണ്ടെന്നു ഡോക്ടർ പറയുന്നു. ആ അദൃശ്യ ശക്തിയാണ് പലപ്പോഴും , തനിക്ക് വേണ്ട സമയത്ത് വേണ്ടതു തോന്നിപ്പിക്കാറുള്ളത്. ഉദാഹരണമായി വയസ്സായ ഒരാളുടെ പൈൽസ് ഓപ്പറേഷൻ നടത്തുമ്പോഴുണ്ടായ ഒരു അനുഭവം അദ്ദേഹം പറയുന്നു. 'ഓപ്പറേഷനിടക്ക് പെട്ടെന്ന് രോഗി അനങ്ങാതെയായി. ഞാനതു ശ്രദ്ധിച്ചില്ല. ടേബിളിനടുത്തു ഉണ്ടായിരുന്ന സഹായിയാണ് വിവരം പറഞ്ഞത്. നോക്കുമ്പോൾ തീരെ പൾസ് ഇല്ല. പെട്ടെന്ന് അയാളുടെ നെഞ്ചത്ത് നാലു ഇടിയും കാർഡിയാക്ക് മസാജും കൊടുത്തു. ഉടനെ ആൾ അനങ്ങാൻ തുടങ്ങി'. അങ്ങനെ എത്രയോ തവണ കൈവിട്ടു പോയി എന്നു കരുതിയ ജീവനുകൾ തിരിച്ചു പിടിച്ച അനുഭവങ്ങൾ അദ്ദേഹത്തിന് ഉണ്ടായിട്ടുണ്ട്. പലപ്പോഴും തിയേറ്ററിലെ ടേബിളിൽ വെച്ചു നടക്കുന്ന സംഭവങ്ങൾ രോഗികളോടോ ബന്ധുക്കളോടോ പറയാറില്ല . തൊഴിലിന്റെ ഭാഗമായി പല അവസരങ്ങളിലും സത്യം പറയാനും സാധിക്കാറില്ല. ചോര ചീറ്റുന്ന മനുഷ്യ ശരീരങ്ങൾ കീറി മുറിക്കുമ്പോൾ വല്ലാത്തൊരു ആത്മസംഘർഷം സർജന്മാർ അനുഭവിക്കാറുണ്ട്.

അങ്ങനെ ഒരുപാടു അനുഭവങ്ങൾ മുരളി ഡോക്ടർ ഓർമ്മിക്കുന്നു.

വയറിനുള്ളിലെ വലിയ മുഴകൾ നീക്കം ചെയ്യുക, കെട്ടു പിണഞ്ഞ കുടലുകൾ നേരെയാക്കുക തുടങ്ങിയ വിഷമം പിടിച്ച ധാരാളം ഓപ്പറേഷനുകൾ അദ്ദേഹം ചെയ്തിട്ടുണ്ട്. ഒരിക്കൽ വയറു വേദനയുമായി വന്ന ഒരു സ്ത്രീയുടെ വയറ്റിൽ നിന്നു ഏതാണ്ടു പതിനഞ്ചു കിലോ തൂക്കം വരുന്ന മാംസ പിണ്ഡം നീക്കം ചെയ്ത് അവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്ന കാര്യം അന്ന് എല്ലാ പത്രങ്ങളും റിപ്പോർട്ടു ചെയ്തിരുന്നു. ഇത്തരം കാര്യങ്ങളാണ് ഡോക്ടർ മുരളിയെ കൊട്ടാരക്കരക്കാരുടെ ജനകീയ ഡോക്ടറാക്കിയത്.

പൊതുവേ സർക്കാർ ഡോക്ടർമാരെ കുറിച്ച് നമുക്ക് ചില ധാരണകൾ ഉണ്ട്. രോഗികളോടും കൂടെ വരുന്നവരോടും മോശമായി പെരുമാറുന്നവരായും പണത്തിന് ആർത്തിയുള്ളവരായും പാവപ്പെട്ട രോഗികളെ കണ്ണിൽ പിടിക്കാത്ത വരായും സമൂഹം അവരെ വിലയിരുത്തുന്നു. സർജന്മാരാണെങ്കിൽ വിഹിതം തലേന്നു വീട്ടിലെത്തിയില്ലെങ്കിൽ കത്തി തൊടാതെ ഓപ്പറേഷൻ നീട്ടി വെക്കും എന്നു പലരും പറയാറുണ്ട്. എന്നാൽ അത്തരത്തിൽ പെട്ടൊരാളായിരുന്നില്ല മുരളി ഡോക്ടർ. രോഗിയുടെ പോക്കറ്റിൽ നോക്കാത്ത , രോഗികളുടെ ചെറുതും വലുതുമായ വേദനകളും വിഷമങ്ങളും ക്ഷമയോടെ കേട്ട് അവരുടെ ആകുലതകളിൽ ആശ്വാസമേകുന്ന ആളായിട്ടാണ് അദ്ദേഹം അറിയപ്പെടുന്നത്.മുരളി തന്റെ അടുത്ത് വരുന്ന എല്ലാവരേയും എല്ലാ രോഗങ്ങൾക്കും ചികിത്സിക്കാൻ മടിക്കാറില്ല.കാണാൻ വരുന്നവർ അധികവും പാവപ്പെട്ട സാധാരണക്കാരായിരുന്നു. അവരെ മററു സ്ഥലങ്ങളിലേക്ക് അയച്ച് ബുദ്ധിമുട്ടിക്കുന്ന പതിവ് അദ്ദേഹത്തിനില്ല. ചെറിയ കേസുകൾ പോലും റഫർ ചെയ്യുന്ന ഇന്നത്തെ കാലത്ത് അദ്ദേഹം തികച്ചും വ്യത്യസ്തനാണ്. നാട്ടുകാർക്ക് മുരളി ഡോക്ടറുടെ കൈപ്പുണ്യത്തെ പറ്റി പറയാൻ നൂറു നാവുകളാണ്. പക്ഷേ തിയേറ്ററിൽ മനുഷ്യ ശരീരങ്ങൾ മൂർച്ചയേറിയ കത്തി കൊണ്ടു കീറി മുറിക്കുമ്പോൾ അറിയാതെ അനുഗ്രഹം പോലെ കിട്ടുന്ന പുണ്യമാണ് യഥാർത്ഥ കൈപുണ്യമെന്നു ഡോക്ടർ പറയുന്നു. രോഗ നിർണ്ണയം പലപ്പോഴും ശരിയാകണമെന്നില്ല. അതുമല്ലെങ്കിൽ എന്തെങ്കിലും കൈയ്യബദ്ധം പറ്റാം. രോഗിയുടെ ജീവൻ ഊഞ്ഞാലാടുമ്പോൾ അധികം ആലോചിക്കാതെ പതറാതെ പരിഹാരം കാണേണ്ടിവരും. അതാണു മുരളി ഡോക്ടറുടെ അഭിപ്രായത്തിൽ കൈപുണ്യം. രാഷ്ട്രീയവും തിരഞ്ഞെടുപ്പുകളും തിരക്കുള്ള ഒരു ഡോക്ടർക്കു പറ്റിയ ഏർപ്പാടല്ല.എന്നിട്ടും ഒരു തിരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിച്ചു. കൊട്ടാരക്കര അസംബ്ളി മണ്ഡലത്തിലെ സ്ഥിരം എം എൽ എ അഴിമതി ആരോപണം വന്ന് ജയിലിലായപ്പോൾ അദ്ദേഹത്തിനു പകരക്കാരനായി മത്സരിക്കേണ്ട നിയോഗമുണ്ടായി. പക്ഷേ ആ തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ രംഗത്തെ അടിയൊഴുക്കുകളും ചുഴികളും ഒട്ടും അറിവില്ലാതിരുന്ന ഡോക്ടർ പരാജയപ്പെടുകയാണുണ്ടായത്.

കൊട്ടാരക്കരക്കടുത്ത് താമരക്കുടി എന്ന സ്ഥലത്ത് നീലമനയാണ് ഡോക്ടർ മുരളിയുടെ ഇല്ലം. അച്ഛൻ കെ.എസ് ആർ ടി സി കണ്ടക്ടറായിരുന്നു. മകനെ ഒരു ഡോക്ടറാക്കണമെന്നു അച്ഛനായിരുന്നു മോഹം. ഒരു കാക്കി കുപ്പായക്കാരനെ സംബന്ധിച്ചിടത്തോളം അതൊരു അതിമോഹമായിരുന്നു. പക്ഷേ മുരളി അച്ഛന്റെ മോഹം സാധിപ്പിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിലായിരുന്നു എം.ബി.ബി. എസ്സിനു പഠിച്ചത്. തിരുവനന്തപുരത്തു നിന്നു എം.എസ്സും, AIIMS ഡൽഹിയിൽ നിന്നു സർജറിയിൽ ബിരുദാനന്തര ബിരുദവും (MNAMS) നേടി. 1979 ൽ സർക്കാർ സർവീസിൽ ചേർന്നു .ആദ്യ നിയമനം നാട്ടിനടുത്തുള്ള ചീരങ്കാവ് ഡിസ്പൻസറിയിലായിരുന്നു. കൊല്ലം, തിരുവനന്തപുരം. ആലപ്പുഴ ജില്ലകളിൽ ഗ്രാമീണ മേഖലകളിൽ ജോലി ചെയ്തു. കൊട്ടാരക്കരയിലും അടൂരിലും സുപ്രണ്ടായും ജോലി ചെയ്തു. രണ്ടു ജില്ലകളിൽ DMO ആയി സേവനം അനുഷ്ഠിച്ചു. പത്തനംതിട്ടയിൽ ഡി.എം.ഒ ആയി ജോലി ചെയ്യുമ്പോൾ ശബരിമല സന്നിധാനത്ത് മുരളി ഡോക്ററുടെ പരിശ്രമഫലമായി ആധുനിക സൗകര്യങ്ങളോടെ ഓപ്പറേഷൻ തിയേറ്റർ തുടങ്ങുകയുണ്ടായി. 2007 ൽ അതിന്റെ ഉദ്ഘാടന ചടങ്ങിൽ വെച്ചായിരുന്നു അദ്ദേഹത്തിന്റെ റിട്ടയർമെന്റും . പിൽക്കാലത്ത് ശബരിമല കയറുന്ന ഭക്തർക്ക് ഇതൊരു അനുഗ്രഹമായത് അയ്യപ്പഭക്തനായ ഡോക്ടർ ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു.


ഒരു ഡോക്ടറെ സംബന്ധിച്ചേടത്തോളം റിട്ടയർമെന്റ് ഒരു സാങ്കേതികത മാത്രമാണ്. ആരോഗ്യം അനുവദിക്കുന്നതുവരെ തന്റെ ദൗത്യംകൊണ്ടുപോകാം. വിരമിച്ചതിനു ശേഷം കൊല്ലം മെഡിസിറ്റിയിലടക്കം പല സ്വകാര്യ ആശുപത്രികളിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.ഇപ്പോൾ മുരളീസ് മെഡിക്കൽ സെന്റർ എന്ന പേരിൽ ഒരു ആശുപത്രി സ്വന്തമായി നടത്തുന്നു. അവിടെ എല്ലാവിധ സർജറികളും ചെയ്യുന്നുണ്ട്.കൂടാതെ സേവാഭാരതിയിലും ലയൺസ് ക്ലബ്ബിലും ക്ഷേത്ര കമ്മിറ്റികളിലും ഡോക്ടർ സജീവമാണ്. സഹധർമ്മിണി ശ്രീമതി ഗീത. മക്കൾ ദ്രൗപദിയും പത്മിനിയും, രണ്ടു പേരും ഡോക്ടർമാരാണ്. പഠിക്കുന്ന കാലത്ത് അവർ സംസ്ഥാന യുവജനോത്സവങ്ങളിൽ പങ്കെടുത്ത് കലാതിലകങ്ങളായവരായിരുന്നു.

ഡോക്ടറുടെ ഒരു ദിവസം തുടങ്ങുന്നത് ഗണപതി ദർശനത്തോടെയാണ്.തന്റെ എല്ലാ വിജയങ്ങളുടേയും പിന്നിൽ കൊട്ടാരക്കര ഗണപതിയുടെയും അച്ഛനമ്മമാരുടേയും അനുഗ്രഹമാണെന്നു മുരളി ഡോക്ടർ വിശ്വസിക്കുന്നു. ഇനിയും ധാരാളം രോഗികൾക്ക് ആശ്വാസം പകരാൻ കൊട്ടാരക്കരക്കാരുടെ പ്രിയപ്പെട്ട ഡോക്ടർക്കാവട്ടെ എന്നു നമുക്കാശിക്കാം. ●


മുരളി ഡോക്ടറുടെ വിലാസം
ഡോക്ടർ എൻ.എൻ. മുരളി
നീലമന ഇല്ലം പോസ്റ്റ് .
കൊട്ടാരക്കര : കൊല്ലം ജില്ല .
ഫോൺ നമ്പർ.9847060120.

ഉദയൻ നമ്പൂതിരിപ്പാട്,
മറവഞ്ചേരി കിഴക്കേടത്തു മന,
വയപ്പാറപടി , മഞ്ചേരി .676121.
ഫോൺ .8281926325.

# പ്രയാണം



**കെ.പി.പുരുഷോത്തമൻ നമ്പൂതിരി**

മുമ്പോട്ടു മണ്ടിടാത്തൊരാടും മനസ്സുമായ്
ഇന്നലെ യാത്ര തുടങ്ങിയതാണു ഞാൻ
എൺപതു മുന്നൂറ്ററുപത്തിയഞ്ചു പേർ
ഉന്തിയും. തള്ളിക്കുതിച്ചും കിതച്ചുമേ
തെന്നിക്കുലുങ്ങിത്തുടരുന്നു യാത്രയിൽ
മന്നിൽ നിന്നോടിയടുത്തു പിറകോട്ടു
തെന്നിയകന്നാ വഴിയോരക്കാഴ്ചകൾ
വാസന്ത ലാസ്യങ്ങൾ ഗ്രീഷ്മ നിശ്വാസങ്ങൾ
ആഷാഢമേഘപടഹവിന്യാസങ്ങൾ
ആതിരരാവിന്റെ ചന്ദനച്ചാർത്തുകൾ
മാമ്പൂ വിരിയും മകരക്കുളിരുകൾ
എന്നിട്ടുമെന്നിട്ടു ചെത്തിയില്ലെത്തിയി-
ല്ലെന്റെ പ്രതീക്ഷകൾ പൂക്കുന്നിടങ്ങളിൽ
മുന്നോട്ടു മണ്ടിക്കുതിക്കുന്ന വണ്ടിയിൽ
ഖിന്നനായ് യാത്ര തുടരുകയാണു ഞാൻ.
തേഞ്ഞ രഥചക്രകീലങ്ങൾ തേങ്ങുന്നു
എന്റെ പാഥേയങ്ങൾ കാലിയാക്കീടുന്ന
നക്ഷത്രചാരങ്ങൾ തീർക്കുന്നു ശിക്ഷകൾ
ചന്ദ്രനിലേക്കു വിസക്കപേക്ഷിച്ചൊരെൻ
പമ്പരവിഡ്ഢിത്തമോർത്തു ചിരിക്കുന്ന
ബന്ധുരമേതോ സഹോദരസാന്ത്വനം
അന്തരംഗത്തിന്റെ അന്തരാളങ്ങളിൽ
കേൾക്കാൻ കഴിയാത്ത നാദതരംഗങ്ങൾ
വേൾക്കാൻ കൊതിപ്പൂ മനസ്സിന്റെ തന്ത്രികൾ
എങ്കിലും നിങ്ങൾ തരുന്നൊരീസാന്ത്വനം
എന്റെ വഴിച്ചെലവിന്നെന്നറിവൂ ഞാൻ


പുരുഷോത്തമൻ നമ്പൂതിരി
കീഴാറ്റുപുറത്തില്ലം നടേരി പി.ഒ.
കൊയിലാണ്ടി (വഴി), കോഴിക്കോട്-673620
ഫോൺ: 9526767507




# ഉണ്ണിക്കുട്ടന്റെ ലോകം



**ശ്രീദേവി ഏളപ്പില**

കൊഞ്ചി കൊഞ്ചിയടുത്തു വന്നീടു -
ചാഞ്ചാടെന്നുണ്ണി ചാരത്തണയൂ..
കുഞ്ഞിക്കയ്യിലൊരുമ്മ തരാലോ
തപ്പോ തപ്പോ കളിപ്പിച്ചീടാലോ.
അച്ഛൻ തന്നുടെ മാറത്തു കേറീ
ഇച്ഛയോടങ്ങു ചേലിൽ മയങ്ങീ
മുത്തശ്ശിക്കുഞ്ഞ് ഉണ്ണിക്കഥയ്ക്കായ് -
കേണു നിന്നൊരു നേരം കഥിച്ചൂ.
കുഞ്ഞിക്കുപ്പായം ചേലിലണിഞ്ഞും
കുഞ്ഞിച്ചുണ്ടു പിളർന്നു ചിരിച്ചും ...
മുട്ടുകുത്തി നടക്കാൻ തിടുക്കം -
ചെറ്റോമൽ കുഞ്ഞിരുന്നു തുടങ്ങി ...
അമ്മേയെന്നിനിയെന്നു വിളിക്കും -
ഇൻച്ചീ പാലെന്നങ്ങെന്നിനിക്കൊഞ്ചും .!
ഉണ്ണിക്കുട്ടന്റെ വേലത്തരങ്ങൾ
കണ്ടു കണ്ണു കുളിർത്തീടു കെന്നോ ...
പുഞ്ചിരിപ്പാലിൻ ചേലിൽത്തിളങ്ങാൻ
വാവോ ചാഞ്ചാടിച്ചേലിൽ മയങ്ങാൻ .
ഈ ലോകത്തെ സ്വരങ്ങളെ കേൾക്കാൻ
ഓടിയോടി വരികിനിച്ചാരേ.


ശ്രീദേവി ഏളപ്പില
ശ്രീഭവൻ, മാട്ടിലയം പി.ഒ., വെള്ളമുണ്ട (വഴി),
നിരവിൽപുഴ, വയനാട്- 670731
ഫോൺ: 97473 23278




# വി.ടി.യെ സ്മരിക്കുമ്പോൾ

## അഡ്വ. എ.ജയശങ്കർ

**യോഗക്ഷേമസഭ തൃശൂർ ജില്ലാ കമ്മിറ്റിയുടെ വി.ടി.-കുറൂർ അനുസ്മരണത്തിൽ അഡ്വക്കറ്റ് ജയശങ്കർ ചെയ്ത പ്രഭാഷണത്തിന്റെ പൂർണരൂപം.**

*അഡ്വ. എ.ജയശങ്കറിന്റെ പ്രസംഗം കേൾക്കാം കാണാം ഈ ക്യു ആർ കോഡ് സ്കാൻ ചെയ്താൽ*

വി.ടി.അനുസ്മരണം എന്നു കേട്ടപ്പോൾ ഞാൻ ചെറുതായി ചഞ്ചലിതനായി എന്നതു സത്യം. എന്നാലും പോകുന്നില്ല എന്ന് മസിലു പിടിക്കാൻ വിചാരിച്ചപ്പോഴാണ് ഇതിന്റെ സെക്രട്ടറി വിളിച്ച് 'ഞാനിങ്ങനെ പരിയാനമ്പറ്റ നാരായണനാണ്' എന്നു പറഞ്ഞത്. ആ സെക്കന്റിൽ ഞാൻ വീണുപോയി. കാരണം പരിയാനമ്പറ്റ എന്നൊരു നടനുണ്ടായിരുന്നു പണ്ട്. ഇന്നുള്ള അധികം പേരൊന്നും അദ്ദേഹത്തിന്റെ സിനിമകൾ കണ്ടുകാണില്ല. പി.എൻ മേനോന്റെയൊക്കെ സിനിമകളിൽ മുസ്ലീം കഥാപാത്രങ്ങളെ വളരെ തന്മയത്വമായി അവതരിപ്പിച്ചിരുന്ന ഒരാൾ. എം.ടിയുടെ ഓളവും തീരവും എന്ന സിനിമ കണ്ടിട്ടുള്ളവർക്കറിയാം. അതിലൊരു കടത്തുകാരനായിരുന്നു ഇദ്ദേഹം. ആ സമയത്തുള്ള പല സിനിമകളിലും അദ്ദേഹത്തെ ഞാൻ കണ്ടിട്ടുണ്ട്. എനിക്ക് അദ്ദേഹത്തിന്റെ അഭിനയം വളരെ ഇഷ്ടമായിരുന്നു. സത്യം പറഞ്ഞാൽ അതുകൊണ്ടാണ് ഇന്ന് ഈ പരിപാടിയിൽ പങ്കെടുക്കാൻ വന്നത്. അത് മരിച്ചുപോയ പരിയാനമ്പറ്റയോടുള്ള, അദ്ദേഹത്തിന്റെ പേരെനിക്കറിയില്ല. ഇല്ലപ്പേര് കേട്ടിട്ടുണ്ട്. ഞാൻ വിചാരിച്ചത് ഇത് തെക്കേ മലബാറിലെ വിടേയോ ആണ് ഈ പരിയാനംമ്പറ്റ ഇല്ലം എന്നുള്ളതാണ്. പുള്ളി വിളിച്ചപ്പോളാണ് തൃശൂരാണെന്ന് മനസ്സിലായത്. ഏതായാലും ആ വലിയ കലാകാരനോടുള്ള ആദരവ് ആദ്യം തന്നെ രേഖപ്പെടുത്തട്ടെ. പിന്നെ നമ്മളിവിടെ അനുസ്മരിക്കുന്നത് ചെറിയ ആളുകളെയല്ല. ഒന്ന് വി.ടി.ഭട്ടതിരിപ്പാടിനേയാണ്.



*മുഖ്യപ്രഭാഷണം അഡ്വക്കറ്റ് എ.ജയശങ്കർ*

> പരിയാനമ്പറ്റ എന്നൊരു നടനുണ്ടായിരുന്നു പണ്ട്. ഇന്നുള്ള അധികം പേരൊന്നും അദ്ദേഹത്തിന്റെ സിനിമകൾ കണ്ടുകാണില്ല. പി.എൻ മേനോന്റെയൊക്കെ സിനിമകളിൽ മുസ്ലീം കഥാപാത്രങ്ങളെ വളരെ തന്മയത്വമായി അവതരിപ്പിച്ചിരുന്ന ഒരാൾ.

മറ്റേത് വി.ടി.യുടെ തന്നെ ഗുരുതുല്യനായിരുന്ന കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിനെയാണ്.

കുറൂർ നീലകണ്ഠനമ്പൂതിരിപ്പാടിനെ കുറിച്ച് കുട്ടിക്കാലം മുതൽ കേൾക്കുന്നത് മാതൃഭൂമി പത്രത്തിന്റെ ഡയറക്ടറും പ്രമുഖ കോൺഗ്രസ്സുകാരനും സ്വാതന്ത്ര്യസമര സേനാനിയും മറ്റുമായിരുന്നു. തൃശൂരിലെ സാംസ്കാരിക രാഷ്ട്രീയ സാമൂഹിക വേദികളിലൊക്കെ നിതാന്ത സാന്നിദ്ധ്യമായിരുന്നു. അദ്ദേഹത്തിന്റെ ജ്യേഷ്ഠനാണ് കുറൂർ ഉണ്ണിനമ്പൂതിരിപ്പാട് എന്നുള്ളത് സത്യം പറഞ്ഞാൽ ഇതിന്റെ സംഘാടകർ പറഞ്ഞപ്പോളാണ് ഞാൻ മനസ്സിലാക്കിയത്. കാരണം ഇദ്ദേഹത്തിന്റെ ജീവിതം ആ രീതിയിൽ പതിക്കപ്പെടുകയോ അല്ലെങ്കിൽ അത് അധികം പ്രസിദ്ധമാകുകയോ ചെയ്തിട്ടില്ല എന്നുള്ളത് കൊണ്ടാണ്. കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിന്റെ സേവനം എന്നു പറയുന്നത് നമ്പൂതിരി സമുദായത്തെ ആ പഴമയുടെ മാറാലക്കെട്ടുകളിൽ നിന്ന് മോചിപ്പിച്ചതാണ്. പുതിയ കാലഘട്ടത്തിലേക്ക് ആധുനിക യുഗത്തിൽ ജീവിച്ചാൽ പ്രാപ്തരായ മനുഷ്യരാക്കി മാറ്റുന്നതിനുള്ള ആദ്യത്തെ തിരി അദ്ദേഹമാണ് തെളിച്ചത് എന്നാണ്. ആധുനിക വിദ്യാഭ്യാസം ഇംഗ്ലീഷ് ഒരു ഗൂഢ ഭാഷയാണ് അല്ലെങ്കിൽ മ്ലേച്ഛ ഭാഷയാണ് എന്ന് പൊതുവെ ആളുകൾ വിചാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അത് ഈ കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിന്റെ ജീവിതത്തിന് മുമ്പുള്ള കാലഘട്ടമാണ് 19 ാം നൂറ്റാണ്ട്. 19 ാം നൂറ്റാണ്ട് ആകുമ്പോഴേക്കും ലോകത്ത് വലിയ മാറ്റങ്ങൾ സംഭവിച്ചു.

ബ്രിട്ടീഷുകാരുടെ ഭരണം ഇന്ത്യയിൽ ആരംഭിച്ചത് 1757 ലുള്ള പ്ലാസ്സിയുദ്ധത്തിനു ശേഷമാണെങ്കിൽ അതിനു മുമ്പ് തന്നെ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി രാജ്യത്ത് പല നാട്ടുരാജ്യങ്ങളിലും വലിയ തോതിൽ സ്വാധീനം ചെലുത്തി. അതിനും ഒരു നൂറ്റാണ്ടല്ല ഒന്നര നൂറ്റാണ്ട് മുമ്പ് പോർച്ചുഗീസുകാർ ഇവിടെ വന്ന് ഒരുപാട് കൊള്ളയും കൊലയും നിർബന്ധിത മതപരിവർത്തനവും ഒക്കെ നടത്തി, അതിനു പുറമേ ഡച്ചുകാരു വരുന്നു അതിനു പുറകേ ഇംഗ്ലീഷുകാരും വരുന്നു, അപ്പോ ഇംഗ്ലീഷ് സാമ്രാജ്യത്വം ആണ് ഇവിടെ വലിയ മാറ്റങ്ങൾ വരുത്തിയത്. പോർച്ചുഗീസുകാർക്കും ഡച്ചുകാർക്കും ഒന്നും വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞില്ല. നാട്ടുരാജ്യങ്ങൾ, കൊച്ചിപോലെയുള്ള, തിരുവിതാംകൂർ പോലെയുള്ള, നാട്ടുരാജ്യങ്ങളിൽ പോലും ഇവരുടെ സ്വാധീനം വളരെ ശക്തമായ രീതിയിലുണ്ട്. മാത്രവുമല്ല പോർച്ചുഗീസുകാരും മറ്റുമൊക്കെ നടത്തിയത് മതപരിവർത്തനമായിരുന്നു.

ഇംഗ്ലീഷുകാർ മതപരിവർത്തനത്തേക്കാൾ പ്രാധാന്യം കൊടുത്തത് സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനത്തിനാണ്. അതിന്റെ ഭാഗമായിട്ടാണ് ഇംഗ്ലീഷ് പാഠശാലകൾ ആരംഭിച്ചത്. ഇത് രണ്ട് തരത്തിൽ സംഭവിച്ചിട്ടുണ്ട്. ഒന്ന് തിരുവിതാംകൂർ രാജകുടുംബത്തിന്റെ ശക്തമായ പിന്തുണയോടുകൂടിയിട്ട് തിരുവനന്തപുരത്ത്, സ്വാതി തിരുനാൾ മഹാരാജാവിന്റെ സമയത്താണ് ഇംഗ്ലീഷ് വിദ്യാലയങ്ങൾ ആരംഭിച്ചത്. ഏതാണ്ട് അതേ സമയത്ത് തന്നെ പാതിരിമാരുടെ മുൻകൈയ്യിൽ നാഗർകോവിലിലാണ് ഇംഗ്ലീഷ് പാഠശാലകൾ ആരംഭിച്ചത്. ഇത് തമ്മിൽ വലിയ വിത്യാസമുണ്ട്. നാഗർകോവിലിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയത് നാടാർ സമുദായക്കാരാണ്. നാടാർ സമുദായത്തിൽ പെട്ട ഒട്ടേറെ ആളുകൾ ആ സമയത്ത് ക്രിസ്തുമതം സ്വീകരിച്ചു. അങ്ങനെ ഒരു സാമൂഹ്യമാറ്റവും സാമുദായിക മാറ്റവും രാഷ്ട്രീയ മാറ്റവും തിരിതെളിഞ്ഞത് തെക്കൻ തിരുവിതാംകൂറിൽ നിന്നാണ്. കേരളത്തിൽ



*ജയശങ്കർ നവതി കഴിഞ്ഞ പരിയാനമ്പറ്റ വാസുദേവൻ നമ്പൂതിരിപ്പാടിനൊപ്പം.(നടൻ പരേതനായ പരിയാനമ്പറ്റയുടെ ഇല്ലത്തെ കാരണവർ)*

ഇംഗ്ലീഷുകാർ മതപരിവർത്തനത്തേക്കാൾ പ്രാധാന്യം കൊടുത്തത് സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനത്തിനാണ്. അതിന്റെ ഭാഗമായിട്ടാണ് ഇംഗ്ലീഷ് പാഠശാലകൾ ആരംഭിച്ചത്.

നവോത്ഥാനം ആരംഭിച്ചത് എവിടെ ആണെന്ന് ചോദിച്ചാൽ ഒരു സംശയവും വേണ്ട. അത് നാഗർകോവിലിൽ നിന്നാണ്. നാഗർകോവിൽ സാങ്കേതികമായിട്ട് തമിഴ്നാട്ടിലാണിരിക്കുന്നത്. ഈ നവോത്ഥാന നായകന്മാരെ പറ്റി പറയുമ്പോൾ ഈ നായികാനായകന്മാരെല്ലാം തന്നെ അവതരിച്ചത് തെക്കൻ തിരുവിതാംകൂറിൽ നിന്നാണ്. അയ്യാ വൈകുണ്ഠസ്വാമികളുടെ ജയന്തിയാണ് മാർച്ച് 12. നിയന്ത്രിത അവധിയാണ്. അന്ന് തിരുവന്തപുരത്ത് മിക്കവാറും സർക്കാറോഫീസുകളിൽ ചെന്നാൽ മൂന്നിലൊരുഭാഗം കസേരകളും ഒഴിഞ്ഞു കിടക്കുന്നതായിട്ട് നമുക്ക് കാണാൻ കഴിയും. കാരണം നാടാർ സമുദായക്കാർക്ക് ഒരു പ്രമുഖ നേതാവായിരുന്നു അയ്യാ വൈകുണ്ഠസ്വാമികൾ.

എന്നാൽ വൈകുണ്ഠ സ്വാമികൾക്ക് തൊട്ട് പിറകെ അയ്യാ സ്വാമികൾ വരുന്നു, അയ്യാ സ്വാമികൾ, പിന്നീട് ചട്ടമ്പി സ്വാമികൾ, അതിനു പുറമേ ശ്രീനാരായണ ഗുരു. ഇവരെല്ലാവരും തന്നെ പാറശ്ശാല, നെയ്യാറ്റിൻകര, നാഗർകോവിൽ പ്രദേശത്ത് ജനിച്ചവരാണ്. അതെങ്ങനെ സംഭവിച്ചു എന്നു ചോദിച്ചാൽ ഉത്തരം വളരെ വ്യക്തമാണ്. സത്യത്തിൽ ഇവർ ചെയ്തത് ഈ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ തുടങ്ങിവെച്ച ഒരു വലിയ സാമൂഹ്യമാറ്റമുണ്ട്. അത് മതപരിവർത്തനവുമായി ബന്ധപ്പെട്ടതാണ്. നാടാർ സമുദായത്തിൽ നിന്നും ഒട്ടേറെ ആളുകൾ ക്രിസ്തുമതം സ്വീകരിച്ചു. ഈ ഇംഗ്ലീഷും ക്രിസ്തുമതവും തമ്മിൽ വലിയ ബന്ധമുണ്ട്. ഇംഗ്ലീഷ് പഠിക്കുന്നവൻ അതിന്റെ പിറ്റേ ദിവസം ക്രിസ്ത്യാനി ആയിട്ട് മാറും. അല്ലെങ്കിൽ ക്രിസ്ത്യാനി ആയിട്ട് മാറിയവൻ അതിന്റെ പിറ്റേ ദിവസം ഇംഗ്ലീഷ് പഠിക്കാൻ തുടങ്ങും. ഇതാണ് അതിന്റെ ഒരു തത്വം. അപ്പോ ഈ ഇംഗ്ലീഷ് പഠിച്ച്, ഗൂഢ ഭാഷ എന്നു പറഞ്ഞ് ഇംഗ്ലീഷ് പഠിച്ച് ആളുകൾ ക്രിസ്ത്യാനികളായിട്ട് മാറും. അതിന് ഒരു കാരണം ഹിന്ദുമതത്തിലുള്ള അനാചാരങ്ങളാണ്. തീണ്ടലും തൊടീലും അടക്കമുള്ള അയിത്താ



*ഉദ്ഘാടനം വിടി ഭട്ടതിരിപ്പാട് സ്മാരക കോളേജ് പ്രിൻസിപ്പാൾ ഡോക്ടർ സരിത നമ്പൂതിരിപ്പാട്*

ചാരം. ഇന്ത്യയിലെല്ലാ സ്ഥലത്തും അയിത്താചാരമുണ്ട്. തൊട്ടുകൂടായ്മ ഉണ്ട്. പക്ഷേ ഈ തീണ്ടികൂടായ്മ എന്നു പറയുന്ന അനാചാരം കാര്യം അത് നമ്മുടെ കേരളത്തിൽ മാത്രമേ കണ്ടുവരുന്നുള്ളു. അത് നമുക്ക് അഭിമാനിക്കാവുന്ന ഒരു കാര്യമാണ്. ലോകത്ത് വേറൊരു സ്ഥലത്തും ഇല്ലാത്ത ഒരു അനാചാരം. കേരളത്തിൽ മാത്രം വരുന്നു. അത് തന്നെ ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്ന മലബാറിലായിരുന്നില്ല. മലബാറിലും ഉണ്ടായിരുന്നു. എന്നു മാത്രമല്ല അതിനേക്കാൾ കൂടുതൽ രാജഭരണം നിലനിന്നിരുന്ന കൊച്ചിയിലും തിരുവിതാംകൂറിലും ആണ് ഉണ്ടായിരുന്നത്. ഇത് കേൾക്കുമ്പോൾ നമ്മൾ വിചാരിക്കും നമ്പൂതിരിയും പുലയനും തമ്മിലാണെന്ന്. അതു മാത്രമല്ല പുലയനും പറയനും തമ്മിൽ തീണ്ടലുണ്ട്. ഒരു പുലയൻ അബദ്ധവശാൽ പറയനെ തീണ്ടിക്കഴിഞ്ഞാൽ ഏഴ് കുളത്തിൽ കുളിച്ചാലും ഈ പുലയന്റെ അശുദ്ധം മാറില്ല. കേരളത്തിൽ നമ്മുടെ മലയാം ഭൂമിയിൽ ഒരുപാട് കുളങ്ങൾ ഉണ്ടായിരുന്നിരിക്കണം. അല്ലെങ്കിൽ മുങ്ങി മുങ്ങി ക്ഷീണിച്ചു പോയെനെ. അത്രയും അനാചാരങ്ങളുണ്ടായിരുന്ന സംസ്ഥാനമാണ് നമ്മുടെ കേരളം. അങ്ങനെയുള്ള

> ജാതിവ്യവസ്ഥ അനാചാരങ്ങൾ, തൊട്ടു കൂടായ്മ, തീണ്ടിക്കൂടായ്മ, എല്ലാം നമ്മൾ ഈ മതത്തിന്നകത്തു നിന്നു കൊണ്ടു തന്നെ ഉച്ചാടനം ചെയ്യേണ്ടതാണ്. അയിത്തോച്ചാടനം എന്ന ആശയം തന്നെ ഇവർ നല്കി. ഇനി മതം മാറേണ്ട കാര്യമില്ലല്ലോ.

സമയത്താണ് ഈ വൈകുണ്ഠ സ്വാമികളെ പോലുള്ള ആളുകൾ അവിടെ. വൈകുണ്ഠ സ്വാമികൾ പറയുന്നു. അയ്യാസ്വാമികൾ പറയുന്നു, പിന്നീട് ശ്രീനാരായണ ഗുരു അടക്കമുള്ള ആളുകൾ പറഞ്ഞതും ഹിന്ദുമതത്തിന്റെ കുഴപ്പമല്ല, ഇത് പിൽക്കാലത്ത് ഉണ്ടായിവന്നതാണ്. ജാതിവ്യവസ്ഥയെ നമ്മൾ തരണം ചെയ്യും. ഹിന്ദുമതത്തിന്റെ അകത്തു നിന്നു കൊണ്ട് തന്നെ പരിവർത്തനമുണ്ടാക്കും. ഈ വിദേശ മിഷനറിമാരെ, അവരുടെ മതം മാറ്റത്തെ ചെറുക്കാൻ ഉള്ള ഹിന്ദുക്കളുടെ ഒരു ചെറുത്തുനില്പാണ് സത്യത്തിൽ ഈ എസ്.
എൻ.ഡി.പി.യോഗമടക്കമുള്ള സംഘടന. അയ്യാ വൈകുണ്ഠ സ്വാമികൾ പറഞ്ഞതും, അയ്യാ സ്വാമികൾ പറഞ്ഞതും ചട്ടമ്പിസ്വാമികൾ പറഞ്ഞതും ശ്രീനാരായണ ഗുരു പറഞ്ഞതും സൂക്ഷ്മാംശത്തിൽ ഒന്നു തന്നെയാണ്. അത് ഹിന്ദുമതത്തിന്റെ കുഴപ്പമല്ല. ജാതിവ്യവസ്ഥ അനാചാരങ്ങൾ, തൊട്ടു കൂടായ്മ, തീണ്ടിക്കൂടായ്മ, എല്ലാം നമ്മൾ ഈ മതത്തിന്നകത്തു നിന്നു കൊണ്ടു തന്നെ ഉച്ചാടനം ചെയ്യേണ്ടതാണ്. അയിത്തോച്ചാടനം എന്ന ആശയം തന്നെ ഇവർ നല്കി. ഇനി മതം മാറേണ്ട കാര്യമില്ലല്ലോ. ശ്രീനാരായണഗുരു പറഞ്ഞത് പലരും ശരിക്കും സൂക്ഷ്മമായിട്ട് മനസ്സിലാക്കിയിട്ടില്ല. അദ്ദേഹം പറഞ്ഞത് മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി. അത് എന്തു കൊണ്ടാണ് പറഞ്ഞതെന്നാൽ ശ്രീനാരായണഗുരുവിനെ മതം മാറ്റാനായിട്ട് ഈ പാതിരിമാർ പഠിച്ച പണി പതിനെട്ടും പയറ്റിക്കൊണ്ടിരിക്കുകയാണ്. ഒരുപാട് പേർ അദ്ദേഹത്തെ ക്രിസ്തുമതത്തിന്റെ മേന്മയെക്കുറിച്ചും മഹത്വത്തെ കുറിച്ചും നിരന്തരം നിതരാം ബോധവല്ക്കരിച്ചുക്കൊണ്ടിരിക്കയാണ്. ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഗുരുവിന് മനസ്സിലായി ഇവരെന്താണ് ചെയ്യുന്നതെന്ന്. ശ്രീനാരായണഗുരു മാറിയാൽ വലിയൊരു വിഭാഗം ഈഴവർ അന്നേ ദിവസം ക്രിസ്തുമത

അനുയായികളായിട്ടും മാറും. അത് അറിയാവുന്നത് കൊണ്ടാണ് ഗുരു മാറാഞ്ഞത്. ഗുരുവിനോട് ചിലർ ചോദിച്ചു എന്ത് കൊണ്ട് മതം മാറിയില്ല. ഗുരു പറഞ്ഞു മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി. മനഷ്യൻ നന്നായാൽ പിന്നെ മതം മാറണ്ടല്ലോ. ക്രിസ്ത്യാനി ആവേണ്ട ആവശ്യമില്ലല്ലോ. മുസ്ലീം ആവേണ്ട ആവശ്യമുണ്ടോ. ഒരാവശ്യവും ഇല്ല. ഹിന്ദു ആയിത്തന്നെ തുടരാം. അതിനു മുമ്പ് തന്നെ ഈ ഈഴവർ കൊല്ലം ജില്ലയിലും മറ്റുമൊക്കെ ധാരാളം ആയിട്ട് മതം മാറിയിട്ടുണ്ട്. സി.എം.എസ്സൊക്കെ വഴി. സി.എം.എസ് ന്റെ ശരിക്കുമുള്ള ഫുൾ ഫോം ചർച്ച് മിഷൻ സൊസൈറ്റി എന്നാണ്. ആളുകളെ മതം മാറ്റാനുള്ള ഒരു സംഘടനയാണ്. ചർച്ച് മിഷൻ സൊസൈറ്റി. അതിൽ മിഷൻ എന്ന വാക്കാണ് പ്രധാനം. ചർച്ച് മിഷൻ സൊസൈറ്റിക്ക് ഈ തിരുവല്ല, ചെങ്ങന്നൂർ മുതൽ കൊല്ലം വരെയുള്ള പ്രദേശത്തെ ആളുകൾ കൊടുത്തിരുന്ന ശരിക്കുള്ള അതിന്റെ ഫുൾ ഫോം എന്താണ് അറിയോ. ചോവൻ മുങ്ങൽ സഭ എന്നാണ്. ഈഴവരെ മതം മാറ്റുന്ന സഭ എന്നർത്ഥം. അങ്ങനെ ഒരു ഫുൾ ഫോം ആ സംഘടനയ്ക്കുണ്ടായിരുന്നു. ഞാൻ പറഞ്ഞത് അത് ഇതിനെതിരായിട്ടുള്ള ഒരു ചെറുത്ത് നില്പാണ് സത്യത്തിൽ ഈ നാരായണഗുരുവാണെങ്കിലും അയ്യാ സ്വാമികളാണെങ്കിലും വൈകുണ്ഠസ്വാമികളാണെങ്കിലും. അത് കൊണ്ടാണ് തിരുവിതാംകൂർ സംസ്ഥാനത്ത് ഹിന്ദുക്കളുടെ മേൽ ക്രിസ്ത്യാനികൾക്ക് ഭൂരിപക്ഷം കിട്ടാത്തത്. അത് ഉണ്ടാകാതിരിക്കാൻ കൂടി വേണ്ടിയാണ് ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചത്. ക്ഷേത്രപ്രവേശനം അടക്കമുള്ള ആനുകൂല്യങ്ങൾ വന്നാൽ എന്തിന് മതം മാറണം എന്നാൾക്കാർ ചിന്തിക്കുമല്ലോ. പക്ഷേ ഇതിന്റെ അടിസ്ഥാനം ഇതൊന്നുമല്ല. മതം മാറ്റമല്ല. സാമൂഹ്യമാറ്റം . ഈ സാമൂഹ്യമാറ്റമാണ് ശ്രീനാരായണഗുരു അയ്യാ സ്വാമികളും വൈകുണ്ഠ സ്വാമികളും അതുപോലെ മന്നത്ത് പദ്മനാഭനും, വി.ടി.ഭട്ടതിരിപ്പാടും



*ജയശങ്കർ, പരിയാനമ്പറ്റ വാസുദേവൻ നമ്പൂതിരിപ്പാട്, വി ടി വാസുദേവൻ, പരിയാനമ്പറ്റ നാരായണൻ (പിന്നിൽ നിൽക്കുന്നു)*

ക്ഷേത്രപ്രവേശനം അടക്കമുള്ള ആനുകൂല്യങ്ങൾ വന്നാൽ എന്തിന് മതം മാറണം എന്നാൾക്കാർ ചിന്തിക്കുമല്ലോ. പക്ഷേ ഇതിന്റെ അടിസ്ഥാനം ഇതൊന്നുമല്ല. മതം മാറ്റമല്ല. സാമൂഹ്യമാറ്റം.

അടക്കമുള്ള നമ്മുടെ പരിഷ്കർത്താക്കൾ മുമ്പോട്ട് വെച്ചത്. ഒരേ സമയം തന്നെ ആദ്ധ്യാത്മിക ആചാര്യന്മാരും സാമൂഹ്യപ്രവർത്തകരും ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ട്. വൈകുണ്ഠ സ്വാമികൾ, അയ്യാ സ്വാമികൾ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു അങ്ങിനെ. മറുവശത്ത് സാമൂഹ്യപരിഷ്കർത്താക്കളുടെ വലിയൊരു നിരയുണ്ട്. ബാരിസ്റ്റർ ജി.പി.പിള്ള, അല്ലെങ്കിൽ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, ഡോക്ടർ പൽപ്പു, ഇങ്ങനെ വലിയൊരു നിരയുണ്ട്. അതിൽപ്പെട്ട ആളുകളാണ് സത്യത്തിൽ വി.ടി.ഭട്ടതിരിപ്പാടുമാർ. അവരാണ് ഈ മറക്കുടക്കുള്ളിൽ ഉള്ള മഹാനരകത്തിൽ നിന്ന് സ്ത്രീകളെ മോചിപ്പിച്ചത്. ഇവിടെ സരിത പറഞ്ഞ ഒരു കാര്യം ഓർമ്മ വരുന്നു. അത് വളരെ കൃത്യവുമാണ്, ഞാനത് ഈ യോഗം തുടങ്ങുമ്പോൾ തന്ന ആലോചിച്ചു. വി,ടി.ഭട്ടതിരിപ്പാടിന്റെ പേരിൽ നടക്കുന്ന അനുസ്മരണചടങ്ങ് ഉദ്ഘാടനം ചെയ്യാനായിട്ട് ഒരു സ്ത്രീ അതും വി.ടി.യുടെ പേരിൽ പ്രവർത്തിക്കുന്ന കലാലയത്തിന്റെ പ്രിൻസിപ്പാൾ ആയിട്ടുള്ള ഒരു സ്ത്രീ, അതിൽ വേറൊരു സവിശേഷത ഉണ്ട്. സരിത അന്തർജനം ആണ്. അത് ശ്രദ്ധിച്ചോ? ഇവിടെ സരിത നമ്പൂതിരിപ്പാടാണ്. ഈ സരിത കുഴപ്പമില്ല. ഈ അന്തർജനം എന്ന വാക്ക് ഒന്നു കൂടി ആലോചിക്കുമ്പോൾ അതിൽ വേറൊരു ദുരർത്ഥം ഉണ്ട്. അന്തർജനമാണ്. അന്തർജനം ന്ന് വെച്ചാ അകത്ത് ഇരിക്കണ്ട അകത്തുള്ളോർ. വി.ടി.വാസുദേവൻ മാഷൊക്കെ ഇവിടുണ്ട്. ഒരു അന്തർജനത്തെ നമ്പൂതിരിപ്പാടാക്കി. അതിൽ വലിയ ഒരു മാറ്റമു



*യോഗക്ഷേമസഭ തൃശൂർ ജില്ലാ ഭാരവാഹികൾക്കൊപ്പം*

ണ്ട്. ശരിയല്ലേ ഞാൻ പറഞ്ഞത്. സരിതയെ സരിത അന്തർജനമാകാതെ നമ്പൂതിരിപ്പാടാക്കിയതാണ് വി.ടി. അതാണ് അദ്ദേഹത്തിന്റെ മഹത്വം. അത് ഇതുപോലൊരു ചടങ്ങ്, അനുസ്മരണം പോലൊരു ചടങ്ങ്, ഇവിടെ ഇത്രേം നമ്പൂതിരിമാർ ഈ സ്റ്റേജിലും ഉണ്ട്. അവരാരും ഉദ്ഘാടനം ചെയ്യാതെ സരിത നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്തു. അതിൽ വേറൊരു കാര്യം കൂടി ഞാൻ പറയാം. ഈ സരിതക്ക് തന്നെ മലയാളത്തിൽ പറയാൻ ബുദ്ധിമുട്ടായത് കൊണ്ട് പ്രസംഗം ഇംഗ്ലീഷിലേക്ക് ഷിഫ്റ്റ് ചെയ്തു. നിങ്ങൾ എത്ര പേർ ശ്രദ്ധിച്ചു. നമ്മുടെ ഉന്നത വിദ്യാഭ്യാസമന്ത്രി ഇംഗ്ലീഷ് പ്രൊഫസറായിരുന്ന ബിന്ദു ടീച്ചർ ഇംഗ്ലീഷ് പറയാൻ തുടങ്ങിയപ്പോഴാണ്, ചിന്ത ജെറോം ഇംഗ്ലീഷ് പറയാൻ തുടങ്ങിയപ്പോഴാണ് സായിപ്പന്മാർ ഇന്ത്യവിട്ടു പോകാൻ തീരുമാനിച്ചത് എന്നു വേണമെങ്കിൽ പറയാം. അതു പോലത്തെ ഇംഗ്ലീഷല്ല, മലയാളത്തിൽ പറയാൻ ബുദ്ധിമുട്ടായത് കൊണ്ടാണ് ഇംഗ്ലീഷ്

> നമ്മൾ ആലോചിക്കേണ്ട ഒരു കാര്യമുണ്ട്. നമ്പൂതിരി സമുദായത്തിന് അവരർഹിക്കുന്ന ഒരു ഉയർച്ച, അല്ലെങ്കിൽ വളർച്ച ഉണ്ടാകാതെ പോയതെന്തുകൊണ്ടാണ്?

പറഞ്ഞത്. ഇംഗ്ലീഷിൽ പറയാൻ ബുദ്ധിമുട്ടായിട്ട് മലയാളത്തിൽ പറഞ്ഞ ആളുകളൊക്കെ ഉണ്ട്. ഇംഗ്ലീഷിൽ പറഞ്ഞു തുടങ്ങിയിട്ട് പിന്നെ ഇംഗ്ലീഷിൽ പറയാൻ പറ്റാതെ പണ്ട് ശ്രീമതി ടീച്ചർ പാർലമെന്റിൽ പ്രസംഗിക്കുന്നത് കേട്ടിട്ടുണ്ട്,. അത് കാണാത്തവർ ആരെങ്കിലും ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ടീച്ചർക്ക് ഇംഗ്ലീഷിൽ പറയണമെന്ന് ആഗ്രഹമുണ്ട് പക്ഷേ ഇംഗ്ലീഷ് വരുന്നില്ല എന്തു ചെയ്യാൻ പറ്റും. ഇത് അങ്ങനെയല്ല സരിത നമ്പൂതിരിപ്പാട് മലയാളത്തിൽ പറയാൻ പരമാവധി പരിശ്രമിക്കുന്നുണ്ട്. പക്ഷേ പറ്റുന്നില്ല. മലയാളം പറയാൻ പറ്റാതെ ഇംഗ്ലീഷിലേക്ക് പോകുകയാണ്. ഇത് പരിഹാസമായിട്ട് പറഞ്ഞതല്ല. ഇതിന്റെകത്ത് ഒരു മാറ്റം നമുക്ക് കാണാം. ഒരു നമ്പൂതിരി യുവതി പഠിക്കും, വലിയ പരീക്ഷകൾ പാസായി, വലിയ ബിരുദങ്ങൾ നേടി വലിയ ഉദ്യോഗം വഹിക്കുന്നു. സംസാരിക്കുമ്പോൾ മലയാളം പറയാൻ ബുദ്ധിമുട്ടായിട്ട് ഇംഗ്ലീഷിലേക്ക് സ്വിച്ച് ഓവർ ചെയ്യുന്നു എന്നു പറയുന്നിടത്താണ് ഈ നമ്പൂതിരി സമുദായത്തിന്റെ സാമൂഹ്യവും വിദ്യാഭ്യാസപരവും ആയ മാറ്റം അഥവാ പുരോഗതിയാണ് നമ്മളീ നവോത്ഥാനം എന്ന തെറ്റായി വിളിക്കുന്നത്. ശരിക്കും ആ വാക്ക് തെറ്റാണ്. പ്രബുദ്ധത എന്ന് പറയുന്നത് ശരി. ആ ആശയം ആദ്യം അവതരിപ്പിച്ചത് കുറൂർ ഉണ്ണിനമ്പൂതിരിപ്പാടാണ്.. അദ്ദേഹം 1913 ൽ, അദ്ദേഹം വളരെ ചെറുപ്പത്തിൽ ഇഹലോകവാസം വെടിഞ്ഞു. കുറേക്കാലം കൂടി ജീവിച്ചിരുന്നെങ്കിൽ ഈ സമുദായത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുമായിരുന്നു. ഇത് പറയുമ്പോൾ നമ്മൾ ഓർക്കേണ്ട കാര്യം കൂടിയുണ്ട്. ഇവിടെ ഒരു സരിത ആണ്. ഇത് പോലെ എത്രയോ സരിതമാർ എത്രയോ നൂറ്റാണ്ട് മുമ്പ് ഈ സമുദായത്തിൽ ഉണ്ടാകേണ്ടതാണ്. നമ്മൾ ആലോചിക്കേണ്ട ഒരു കാര്യമുണ്ട്. നമ്പൂതിരി സമുദായത്തിന് അവരർഹിക്കുന്ന ഒരു ഉയർച്ച, അല്ലെങ്കിൽ വളർച്ച ഉണ്ടാകാതെ പോയതെന്തുകൊണ്ടാണ്? ഇത് പോലെയുള്ള അനാചാരങ്ങൾ ഉണ്ടായിരുന്നത് കൊണ്ടാണ്. മറക്കുടക്കുള്ളിൽ ആയിരുന്നത് കൊണ്ടാണ്. അല്ലെങ്കിൽ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വരാൻ അവസരം ഇല്ലാത്തത് കൊണ്ടാണ്. ശ്രുതുമതിയൊക്കെ നമ്മൾ വായിച്ചിട്ടില്ലേ? പഠിക്കാനുള്ള സമരമായിരുന്നു അത്. അപ്പോ ഇങ്ങനെയൊക്കെ ഓരോ ഘട്ടത്തിലും പിന്തള്ളപ്പെട്ടു പോയ, വളർച്ച മുരടിച്ചു പോയ എത്രയോ അന്തർജനങ്ങൾ അങ്ങനെ എത്രയോ പേരുണ്ടാകും. എത്രയോ മുമ്പ് ഇത് പോലെ ഒരു സരിത വൈസ് ചാൻസലർ,



*വി ടി ഭട്ടതിരിപ്പാടിന്റെ മകൻ വിടി  വാസുദേവൻ കുറൂർ അനുസ്മരണ പ്രഭാഷണം നടത്തുന്നു*

അത്  പോലെ വലിയ പദവിയിലെ ത്തേണ്ടതാണ്. ഇത് പറയുമ്പോൾ നമ്മൾ തുല്യ നിലയിലുള്ള മറ്റൊരു സമുദായത്തെ കൂടി ആലോചിക്കണം. പരദേശ ബ്രാഹ്മണരെ കണ്ടിട്ടുണ്ട്. എന്താ വ്യത്യാസം. പരദേശ ബ്രാഹ്മണരും മലയാള ബ്രാഹ്മണരും തമ്മിൽ ഉള്ള വ്യത്യാസം എന്താ.? മലയാള ബ്രാഹ്മണർക്ക് സ്വത്തുണ്ട്. പണമുണ്ട്, സൗകര്യമുണ്ട്, ആർഭാടമുണ്ട്, പ്രൗഢിയുണ്ട്,  മറ്റ് പദവികളുണ്ട്. പണ്ടുണ്ട്. ഇപ്പോ ഴില്ല. നമ്പൂതിരിമാരിൽ വളരെ അപൂർവ്വം ആളുകൾ മാത്രമാണ് ഇംഗ്ലീഷ് പഠിച്ചത്. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ മുഴുവൻ കഴിവുള്ള പാണ്ഡിത്യമുള്ള പ്രാഗല്ഭ്യമുള്ള ഒരുപാട് പേർ ഈ കഴിവുകളൊക്കെ ഉണ്ടായിട്ടും അത് ഉപയോഗിക്കാതെ പോയി. അത് ഉപയോഗിക്കുന്നത്, അവരു ടെ പ്രതിഭ അക്ഷരശ്ലോകത്തിലോ, അല്ലെങ്കിൽ വെടിവട്ടം പറയുന്നതി ലോ ആയിട്ട് അല്ലെങ്കിൽ ചതുരം ഗം കളിക്കുന്നതിൽ മാത്രം ആയിട്ട് പരിമിതപ്പെട്ടു. എന്നാൽ തമിഴ് ബ്രാഹ്മണരെപ്പറ്റി ചിന്തിക്കൂ. അവർക്ക് സൗകര്യങ്ങൾ പരിമിത മാണ്. സാമ്പത്തിക സാഹചര്യ ങ്ങൾ അതിനേക്കാൾ പരിമിതമാ ണ്. ദുഷ്കരമാണ്. പക്ഷേ ഇംഗ്ലീഷ് പഠിക്കാത്ത ഒരാളുമുണ്ടാ

സാമൂഹ്യ രാഷ്ട്രീയ രംഗങ്ങ ളിൽ മുഴുവൻ കഴിവുള്ള പാണ്ഡിത്യമുള്ള പ്രാഗല്ഭ്യ മുള്ള ഒരുപാട് പേർ ഈ കഴിവുകളൊക്കെ ഉണ്ടായിട്ടും അത് ഉപയോഗി ക്കാതെ പോയി.

യില്ല. തമിഴ്നാട്ടിൽ രക്ഷയില്ലാ ഞ്ഞാണ് ഇങ്ങോട്ട് വന്നത്. ഒന്നുമില്ലെങ്കിൽ പത്താം ക്ലാസ് പാസായിട്ട് കൊട്ടാൻ പോവും ടൈപ്പ് റൈറ്റിങ് പഠിച്ചിരിക്കും. കേരളത്തിൽ  ഈ ദിവാൻ പേഷ്ക്കാർ മുതൽ താഴോട്ട് പ്രവൃത്തിയാർ വരെയുള്ള  എല്ലാ ജോലികളിലും ഒരു സമയത്ത് തമിഴ് ബ്രഹ്മണരായിരുന്നു, അപ്പോഴാണ് നമ്മുടെ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും ജി.പി, ഡോക്ടർ പൽപ്പുവുമെല്ലാം കൂടി ചേർന്ന് മലയാളി മെമ്മോറിയൽ ഉണ്ടാക്കി. എല്ലാ ജോലിയും അവർക്ക് കൊടുക്കരുത്. ഞങ്ങൾ ക്ക് കൂടി കുറച്ച് തരണം. എന്ന് പറഞ്ഞിട്ട്. ഒരു സ്റ്റേജ് കഴിഞ്ഞ പ്പോ അവരെ നമ്മൾ ഇവിടുന്ന് ഒരുമാതിരിയൊക്കെ താരതമ്യേന ഒതുക്കി. തമിഴ്നാട്ടിൽ ഇതിനേ ക്കാൾ കഷ്ടമായിരുന്നു. ഈ ദ്രാവിഡ പ്രസ്ഥാനം അണ്ണാ ഡി.എം.കെ യുടെ ഒക്കെ പൂർവ്വരൂ പം ജസ്റ്റിസ് പാർട്ടി എന്നുള്ള പ്ര സ്ഥാനമാണ്. ജസ്റ്റിസ് പാർട്ടി ശരിക്ക് അബ്രാഹ്മണ പ്രസ്ഥാനം എന്നാണ്. ബ്രാഹ്മണർക്ക് എല്ലാ സർക്കാരുദ്യോഗങ്ങളിലും, രാഷ്ട്രീ യത്തിൽ എല്ലാ മേഖലകളിലും ബ്രാഹ്മണമേധാവിത്വം അതിനെതി രായിട്ടുള്ള അവരുടെ സമരം, അങ്ങനെ സമരം ചെയ്ത് സമരം ചെയ്ത് അതിലധികാരം പിടിച്ചു കൊണ്ടുപോയി. 1967 ആയപ്പോഴേ ക്കും ദ്രാവിഡ മുന്നേറ്റത്തിന്റെ കയ്യിലായി അധികാരം.  പിന്നെ അവർ ഭരണഘടനാ ഭേദഗതിയെ പ്പോലും മറികടന്നുകൊണ്ട് ഏതാണ്ട് 69% സർക്കാർ ജോലിക ളിൽ അബ്രാഹ്മണർക്കായിട്ട് റിസർവ്വ് ചെയ്തു. ഈ അബ്രാഹ്മ ണർ എന്നു കേൾക്കുമ്പോൾ ഇവര് വളരെ താഴെക്കിടയിലുള്ളവർ ആണെന്ന് ആരും വിചാരിക്കരുത് ട്ടോ. ഇവരൊക്കെ വലിയ സ്വത്തും പണവും മറ്റ് സൗകര്യവുമുള്ളവരാ ണ്. വിദ്യാഭ്യാസമുള്ളവരുമാണ്. പക്ഷേ ബ്രാഹ്മണവിരോധമാണ് തമിഴ് രാഷ്ട്രീയത്തിന്റെ, ദ്രാവിഡ രാഷ്ട്രീയത്തിന്റെ ആധാരശില. നമ്മുടെ നാട്ടിൽ അത്രയും മോശമായിരുന്നില്ല. തമിഴ്നാട്ടിൽ അങ്ങനെ തമിഴ്നാട്ടിൽ ഒരു നിയമസഭയിലേക്കും ഒറ്റ ബ്രാഹ്മ



*സദസ്സ്*


ണർക്കും മത്സരത്തിലേക്ക് ജയിക്കാൻ പറ്റാത്ത അവസ്ഥ. മത്സരിക്കാൻ സീറ്റുപോലും കിട്ടുന്നില്ല. സർക്കാർ ഉദ്യോഗത്തിന് അപേക്ഷിച്ചാലും കിട്ടാത്ത സാഹചര്യം ഉണ്ടായി. കാരണം 69 % സംവരണം. എന്നു കരുതി ഏതെങ്കിലും ഒരു തമിഴ് ബ്രാഹ്മണൻ പട്ടിണി ആയോ? ഇല്ല. അവരിവിടെ നിന്ന് യൂറോപ്പിലേക്കും അമേരിക്കയിലേക്കും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്കും കുടിയേറി. അമേരിക്കയിൽ സംവരണം ഇല്ലല്ലോ. വിവേക് രാമസ്വാമി എന്ന് പറഞ്ഞ പാലക്കാട്ടുകാരനായ ഒരു പരദേശ ബ്രാഹ്മണൻ അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചത് നിങ്ങൾ കണ്ടോ? എങ്ങനെ സാധിച്ചു? അവർ ഈ വിദ്യാഭ്യാസത്തിൽ മുറുകെ പിടിച്ചു. ഈ ഇംഗ്ലീഷ് അറിയാവുന്നിടത്തോളം കാലം ഒരു പരദേശ ബ്രാഹ്മണനെ ആർക്കും തോൽപ്പിക്കാൻ പറ്റില്ല. അവൻ അമേരിക്കയിൽ ആയാലും അന്റാർട്ടിക്കയിലായാലും പിടിച്ചു കയറും, നമ്പൂതിരി സമുദായത്തിന് നഷ്ടപ്പെട്ടത് ഇതാണ്. ആ സമയത്ത് നമ്പൂതിരിസമുദായത്തിൽ പെട്ട ആളുകൾ ഇംഗ്ലീഷ് പഠിക്കുകയും ആ സ്ത്രീകൾക്ക് ഈ രീതിയിലുള്ള പരിഗണന കൊടുക്കുകയും ചെയ്തിരുന്നുവെങ്കിൽ

> നമ്പൂതിരി സമുദായം കേരളത്തിൽ ഏറ്റവും സമ്പന്നമായിരുന്നു. സകല സൗകര്യവും ഉണ്ടായിരുന്നു. സാഹചര്യങ്ങൾ ഉണ്ടായിരുന്നു. എല്ലാം ഉണ്ടായിട്ടും അത് ശരിയായ രീതിയിൽ വിനിയോഗിച്ചില്ല.

ഇന്നിപ്പോ ഈ അവസ്ഥയല്ല ഉണ്ടാവുമായിരുന്നത്. കാരണം നമ്പൂതിരി സമുദായം കേരളത്തിൽ ഏറ്റവും സമ്പന്നമായിരുന്നു. സകല സൗകര്യവും ഉണ്ടായിരുന്നു. സാഹചര്യങ്ങൾ ഉണ്ടായിരുന്നു. എല്ലാം ഉണ്ടായിട്ടും അത് ശരിയായ രീതിയിൽ വിനിയോഗിച്ചില്ല. അത് വളരെ വൈകിയാണ് നമ്പൂതിരി സമുദായത്തിലേക്ക് നവോത്ഥാനം എന്ന് നമ്മൾ തെറ്റായി വിളിക്കുന്ന പ്രബുദ്ധത എത്തിച്ചേർന്നത്. അതാണ് അതിലെ സാമൂഹ്യമായ വലിയൊരു ദുരന്തം എന്ന് എനിക്ക് തോന്നുന്നു. ഈഴവരാദി പിന്നോക്ക സമുദായക്കാർക്ക് വിദ്യാഭ്യാസത്തിന് പോകാൻ പലവിധത്തിൽ ബുദ്ധിമുട്ടുകളുണ്ട്. ഒന്നാമത് ജാതിയമായ വിവേചനമുണ്ട്. തീണ്ടിക്കൂടായ്മ അടക്കമുള്ള പ്രശ്നങ്ങൾ ഉണ്ട്. പിന്നെ

സാമ്പത്തിക സാഹചര്യങ്ങൾ വളരെ പരിമിതമായിരുന്നു. ആദ്യഘട്ടത്തിൽ ഇതിന്റെ പ്രയോജനം കിട്ടിയത് ഈ സുറിയാനി ക്രിസ്ത്യാനികൾക്കും നായന്മാർക്കുമായിരുന്നു. കാരണം അവർക്ക് ഇതിന്റെ മഹത്വം മനസ്സിലായി. തമിഴ് ബ്രാഹ്മണർക്ക് കിട്ടുന്ന പ്രാധാന്യം മനസ്സിലാക്കിയത് കൊണ്ട് ഇനി ഇത് പഠിക്കാതെ രക്ഷയില്ലാ എന്ന് അറിയാവുന്നത് കൊണ്ടാണ് അവരതിലേക്ക് പോയത്. അവരത് കൊണ്ട് വിദ്യാലയങ്ങൾ സ്ഥാപിച്ചു. അവരുടെ സമുദായക്കാർക്ക് പുരോഗതിയിലേക്ക് വരാനുള്ള സാധ്യതകളും സൗകര്യങ്ങളും ഉണ്ടാക്കി, ഈഴവജാതി പിന്നോക്ക സമുദായക്കാർ ഇത് കണ്ടിട്ട് അവരും അടുത്ത സ്റ്റേജിലേക്ക് ആ ഘട്ടത്തിൽ പോന്നു. ആദ്യകാലത്ത് പിന്നോക്കസമുദായമായിരുന്നു മുസ്ലീം സമുദായം. മുസ്ലീങ്ങൾക്ക് അന്ന് ഇംഗ്ലീഷ് പഠിക്കാൻ പാടില്ല. പക്ഷേ പിന്നീട് അവരും അതിലേക്ക് വന്നു. പിന്നീട് അവർക്ക് അംഗസംഖ്യ കൂടുതൽ ഉള്ളത് കൊണ്ട് ഫൈറ്റ് ചെയ്ത് വരാൻ പറ്റും. നമ്പൂതിരി സമുദായത്തിന് പറ്റിയ ഒരു വലിയ പരാധീനത എന്നു പറയുന്നത് ഈ ആധുനിക വിദ്യാഭ്യാസം പ്രത്യേകിച്ച് ഇംഗ്ലീഷ് റോളിൽ പിന്തിരിഞ്ഞു നിന്നതാണ്.

അവിടെയാണ് നമ്മൾ കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിന്റെ മഹത്വം മനസ്സിലാക്കുന്നത്. അദ്ദേഹം അത് അന്നേ തിരിച്ചറിഞ്ഞു. അദ്ദേഹത്തിന് മനസ്സിലായി ഇനി ഉള്ള കാലത്ത് ഇതില്ലാതെ രക്ഷയില്ലെന്ന്. വി.ടി.ക്കും അത് മനസ്സിലായി അത് കൊണ്ടാണ് സ്ത്രീ വിദ്യാഭ്യാസത്തിന് സ്ത്രീ ശാക്തീകരണത്തിന്, ശാക്തീകരണം എന്നുള്ള വാക്ക് തന്നെ തെറ്റാണ്. സ്ത്രീകൾ അല്ലെങ്കിൽ തന്നെ ശക്തരാണ്. സ്ത്രീകളെ മുൻപന്തിയിലേക്ക് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത മനസ്സിലായി. അത് കൊണ്ടാണ് ഇങ്ങനെ ഒരു പ്രസ്ഥാനം ആരംഭിച്ചത് .യോഗക്ഷേമസഭ അടക്കമുള്ള സംഘടനകളും അവരുടെ പല തരത്തിലുള്ള മുന്നേറ്റങ്ങളും ഉണ്ടായത്. അത് കൊണ്ടാണ് ഇന്ന് നമുക്ക് ഒരു സരിതയെയെങ്കിലും ഈ സ്റ്റേജിൽ കാണാനും അവരെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കാനും കഴിഞ്ഞത് എന്നു ഞാൻ വിചാരിക്കുന്നു. വി.ടിയുടെയും അത് പോലെ കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിന്റേയും സ്മരണക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇങ്ങനെയുള്ള പരിഷ്കർത്താക്കൾ നേടിയെടുത്തതാണ് നമ്മൾ ഇന്ന് അനുഭവിക്കുന്ന ഈ സൗകര്യങ്ങൾ, ഈ പരിമിതമായ സൗകര്യങ്ങൾ എന്നെങ്കിലും മനസ്സിലാക്കണം. നമ്മൾ വി.ടി യെ അനുസ്മരിക്കുന്നത് വി.ടി.ക്ക് വേണ്ടിയിട്ടല്ല. വി.ടി ക്ക് നിങ്ങൾ ഇപ്പോ തൃശൂർ പത്തോ നൂറ്റമ്പതോ പേര് ഇവിടെയൊരു നാടിന്റെ ചൂടത്ത് കുംഭമാസത്തിൽ ഇവിടെ ഇരുന്ന് അനുസ്മരിക്കുന്നത് കൊണ്ട് പുള്ളിക്ക് പ്രത്യേകിച്ച് ഒരു പുണ്യവും കിട്ടാൻ പോകുന്നില്ല. അദ്ദേഹത്തിന്റെ ആത്മാവിന് നമ്മൾ വല്ല ധർമ്മം ചെയ്യുന്ന പോലെ, വേണമെങ്കിൽ പറയാം. പക്ഷേ അതല്ല. ഈ അനുസ്മരണം വി.ടി.ക്ക് വേണ്ടിയിട്ടല്ല. ഇവിടെ ഇരിക്കുന്ന ഓരോരുത്തരും വി.ടി യെ അനുസ്മരിക്കുമ്പോൾ നിങ്ങൾ നിങ്ങളെ തന്നെ വീണ്ടെടുക്കുന്നു. വി.ടി.യെ അനുസ്മരിക്കുന്നു. അല്ലെങ്കിൽ കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിനെ അനുസ്മരിക്കുന്നു. കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിനു



*വി.ടി.ഭട്ടതിരിപ്പാട്*

നമ്മൾ വി.ടി യെ അനുസ്മരിക്കുന്നത് വി.ടി.ക്ക് വേണ്ടിയിട്ടല്ല. വി.ടി ക്ക് നിങ്ങൾ ഇപ്പോ തൃശൂർ പത്തോ നൂറ്റമ്പതോ പേര് ഇവിടെയൊരു നാടിന്റെ ചൂടത്ത് കുംഭമാസത്തിൽ ഇവിടെ ഇരുന്ന് അനുസ്മരിക്കുന്നത് കൊണ്ട് പുള്ളിക്ക് പ്രത്യേകിച്ച് ഒരു പുണ്യവും കിട്ടാൻ പോകുന്നില്ല.

വേണ്ടിയിട്ട്. അദ്ദേഹം മരിച്ചിട്ടിപ്പോൾ 112 കൊല്ലമെങ്കിലും ആയി. 112 കൊല്ലം മുമ്പ് മരിച്ച ഒരാളെ നമ്മൾ അനുസ്മരിക്കുന്നത് എന്ത് കൊണ്ടാണ? ആ മനുഷ്യൻ മുന്നോട്ട് വെച്ചിരിക്കുന്ന ആശയങ്ങൾ ഉണ്ട്. ചില ആദർശങ്ങളുണ്ട്. അത് ഇന്നത്തെ കാലത്തും പ്രസക്തമാണ്, അത് പ്രസക്തമല്ലെങ്കിൽ നമ്മൾ അനുസ്മരിക്കേണ്ട കാര്യമില്ല. ഓരോ ആളുകളെയും നമ്മൾ അനുസരിക്കുന്നത് ആ വ്യക്തി മുന്നോട്ട് വെച്ച ആശയം അയാൾ ഉയർത്തിപ്പിടിച്ച ആദർശങ്ങൾ ഇന്നത്തെ കാലത്ത് അതിന് ഒരു പ്രസക്തി ഉണ്ട് എന്ന് നമ്മൾ കരുതുന്നു. ആ പ്രസക്തി വീണ്ടെടുക്കാനാണ് നമ്മൾ ഓരോരുത്തരും ഉദ്യമിക്കുന്നത്. സ്ത്രീകളുടെ വിദ്യാഭ്യാസം സമൂഹത്തിന്റെ പുരോഗതിയിൽ നമ്പൂതിരിസമുദായത്തിന്റെ പങ്കാളിത്തം. അതിൽ നമ്മുടേതായ സംഭാവന. എവിടെ ചെന്നാലും ഞാൻ നമ്പൂതിരിയാണ് എന്ന് നമുക്ക് അഭിമാനത്തോടെ

പറയാൻ കഴിയുന്ന, പറയാൻ കഴിയേണ്ടുന്ന ഒരു സാഹചര്യം.അതാണ് യോഗക്ഷേമസഭ അടക്കമുള്ള ഈ സമുദായത്തിൽപ്പെട്ട ആളുകളുടെ വ്യക്തികളുടെയും ഒരു ഉത്തരവാദിത്തം എന്ന് ഞാൻ വിചാരിക്കുന്നു. ആ ഉത്തരവാദിത്തം നിറവേറ്റുന്നതിന് വേണ്ടിയിട്ടാണ് സമൂഹത്തിൽ നമ്മൾ സമുദായത്തിൽ തന്നെ ഇത് പോലെയുള്ള മഹാമനീഷികൾ ഉണ്ടായിരുന്നു, അവർ ചില ആശയങ്ങൾ മുന്നോട്ട് കൊണ്ടുവന്നു. ആ ആശയങ്ങളാണ് നമ്മളിപ്പോഴും മുറുകെ പിടിക്കുന്നത് അല്ലെങ്കിൽ മുറുകെ പിടിക്കാൻ ശ്രമിക്കുന്നത്. അല്ലെങ്കിൽ ആ ആശയങ്ങളെയാണ് നമ്മൾ കൂടുതൽ സ്പഷടമാക്കാൻ ശ്രമിക്കുന്നത്. അതിനെയാണ് കൂടുതൽ ഊർജ്ജസ്വലമായിട്ട് നമ്മൾ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നത് എന്ന ബോധ്യം നമുക്ക് ഓരോരുത്തർക്കും ഉണ്ടാകണം. നമ്മളുടെ കുട്ടികളെ പറഞ്ഞു മനസ്സിലാക്കണം. നമ്മൾ എന്തു കൊണ്ട് ഈ നിലയിലെത്തി. നമുക്കിനി അങ്ങോട്ട് മുന്നോട്ട് കൊണ്ട് പോകാൻ കഴിയും. എന്താണ് ഒരു ദൗത്യം. വി.ടി.തന്നെ പറഞ്ഞിട്ടുണ്ട്, ആദ്യം നമ്പൂതിരിയെ മനുഷ്യനാക്കാൻ ശ്രമിച്ചു. എന്നാൽ പിന്നീട് അദ്ദേഹം പറഞ്ഞു. ഇനി മനുഷ്യനെ നമ്പൂതിരിയാക്കാൻ ശ്രമിച്ചു. അവിടെ നമ്പൂതിരി എന്നാൽ അത് ശ്രേഷ്ഠമായ ഒരു മനുഷ്യൻ എന്നാണ്. ശ്രേഷ്ഠനായ ഒരു മനുഷ്യനാക്കി മാറ്റാൻ നമ്മൾ ശ്രമിക്കണം. ആ ആശയമാണ് വി.ടിയും അതുപോലെ കുറൂർ ഉണ്ണിനമ്പൂതിരിപ്പാടും മുന്നോട്ട് വെച്ചത് എന്നു ഞാൻ വിശ്വസിക്കുന്നു. ആ രീതിയിലുള്ള ഒരു സാമൂഹ്യപരിഷ്കരണ പ്രസ്ഥാനമായിട്ട് തുടരാനും, ഈ ആശയങ്ങളെ കൂടുതൽ ശോഭയോട് കൂടി മുന്നോട്ട് കൊണ്ടുപോകാനും കഴിയട്ടെ യോഗക്ഷേമസഭക്കും അതിന്റെ പ്രവർത്തകർക്കും എന്നാശിച്ചു കൊണ്ട്, ആശംസിച്ചു കൊണ്ട് നിങ്ങളുടെ ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു. ഒരിക്കൽ കൂടി നന്ദി. ●

# ശ്രദ്ധാഞ്ജലി



## പ്രൊഫസർ ശ്രീപാദം ഈശ്വരൻ നമ്പൂതിരി

**(25-05-1945 to 11-1-2023)**

**അഹം ന ഹിന്ദു**
**അഹം ന മുസ്ലീം**
**അഹം ന കൃസ്ത്യൻ**
**അഹം നരാസ്മി**
*(ശ്രീപാദം കാപ്സ്യൂൾ കവിത)*

സ്വദേശം ചങ്ങനാശ്ശേരിക്ക് അടുത്തുള്ള ഇത്തിത്താനം.(തറവാടിന്റെ പേര് തെക്കേമഠം) ശ്രീപാദം വസതി. അച്ഛൻ:നരസിംഹൻ നമ്പൂതിരി. അമ്മ:ദേവകി അന്തർജ്ജനം.

1968 ൽ എം എസ് സി ഫിസിക്സ് ഫസ്റ്റ് ക്ലാസ്. അന്നുമുതൽ അഞ്ചൽ സെൻറ് ജോൺസ് കോളേജിൽ അധ്യാപകനായി. പിന്നീട് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്. 32 വർഷത്തെ സർവ്വീസിനു ശേഷം 2000ത്തിൽ റിട്ടയർ ചെയ്യുമ്പോൾ മാർ ഇവാനിയോസിൽ ഫിസിക്സ് വകുപ്പു തലവൻ. കേരള സർവകലാശാലയുടെ ബി എസ് സി ബോർഡ് ഓഫ് സ്റ്റഡീസിൽ ഉം ഫാക്കൽറ്റി ഓഫ് സയൻസിലും അംഗമായിരുന്നു.

**പ്രധാന കൃതികൾ:**
പൊന്നും തേനും, തേവാരം, നക്ഷത്രത്തിന്റെ മരണം,അമ്മച്ചിപ്ലാവ്, ഗ്രീഷ്മ പഞ്ചമി, ശ്രീപാദം കാപ്സ്യൂൾ കവിതകൾ, ഗീതാഗാഥ, രാമഗാഥ, നാരായണീയം വഞ്ചിപ്പാട്ട്, ശംഖനാദം .

**പുരസ്ക്കാരങ്ങൾ:**
എൻ.സി.ഇ.ആർ.റ്റി., ദേശീയ അവാർഡ്, ദീപിക അവാർഡ്, സി എൽ എസ് അവാർഡ്, തപസ്യ അവാർഡ്, എസ് ബി ഐ അവാർഡ്, അധ്യാപക കലാ സാഹിത്യ സമിതി അവാർഡ്, മന്ദസ്മിതം അവാർഡ്, പരസ്പരം മാസികാ പുരസ്കാരം, ജെ.സി.ഡാനിയേൽ നന്മ പുരസ്കാരം, ദേവജ അവാർഡ്, നവോത്ഥാന സംസ്കൃതി അവാർഡ്, എസ്.ബി.കോളേജ് ചങ്ങനാശ്ശേരി പ്രൊഫ. എൻ.എസ്.സെബാസ്റ്റ്യൻ അനുസ്മരണം, 2022-ൽ നാടകരചന പുരസ്കാരം, കേരള സാഹിത്യ വേദി തകഴി സാഹിത്യ പുരസ്കാരം, 2021-ൽ ബാലസാഹിത്യ പുരസ്കാരം, കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ സമിതി 2022 അഖില കേരളാടിസ്ഥാനത്തിൽ കവി എസ്.രമേശൻ നായർ സ്മരണയ്ക്കായി നടത്തിയ കവിതാരചന മത്സരത്തിൽ ഒന്നാം സമ്മാനം, 2022-ലെ കമലദളം അവാർഡ്.

**അങ്ങയുടെ ചിരസ്മരണയിൽ നമസ്ക്കരിച്ചുകൊണ്ട്,**
*ഭാര്യ:* മീരാഭായി - കവിയൂർ ചാത്യാടത്തില്ലം *മകൾ.* (റിട്ട. ഹൈസ്കൂൾ എച്ച്.എം), മകൻ: എസ്.ഇ.ഹരിപ്രസാദ് (ഐ.റ്റി.എൻജിനീയർ), *മരുമകൾ:* സിത രാമചന്ദ്രൻ (മാനേജർ, എസ് ബി ഐ) *പേരക്കുട്ടി:* മൈഥിലി ഹരിപ്രസാദ് (വിദ്യാർത്ഥിനി)

*വിലാസം:* ശ്രീപാദം, തുരുത്തി പി ഒ, ചങ്ങനാശ്ശേരി, കോട്ടയം ജില്ല, 686 535. Phone: 0481 2321531, 94465 97231



*സ്വന്തം വസതിയായ*
*'ശ്രീപാദ'ത്തിനു മുന്നിൽ*

# കവിതയുടെ ഇല്ലം, ഫിസിക്സിന്റെയും

**വിനോദ് മങ്ങത്തായ**



1968 ൽ ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് കോളേജിൽ നിന്നും സ്വർണ്ണമെഡൽ നേടിയത് ഒരു നമ്പൂതിരി യുവാവായിരുന്നു. എം എസ് സി ഫിസിക്സിലെ കോളേജ് ടോപ്പർ. കോളേജിൽ മാത്രമല്ല കേരളാ സർവ്വകലാശാലയിലെ തന്നെ ആദ്യ റാങ്കുകാരിലൊരാൾ. ഇത്തിത്താനം പള്ളിയംപറമ്പത്ത് പെരിയമന ഈശ്വരൻ നമ്പൂതിരി (മോഹനൻ എന്ന് വിളിപ്പേര് )യായിരുന്നു ആ ചെറുപ്പക്കാരൻ. റിസൽട്ട് വന്ന് ദിവസങ്ങൾക്കകം പുനലൂരിനടുത്ത് അഞ്ചൽ സെന്റ് ജോൺസ് കോളേജുകാർ നമ്പൂതിരിയെ അധ്യാപകനായി നിയമിച്ചു. കോളേജിൽ ഫിസിക്സ് പ്രഫസറായി മാറിയപ്പോഴും കലയും സാഹിത്യവും വിടാതെ പിടിച്ചു. മലയാളത്തിലെ അറിയപ്പെടുന്ന കവിയായി. സഹൃദയരുടെ നമ്പൂതിരി സാറായി.

കോട്ടയം-ചങ്ങനാശ്ശേരി റൂട്ടിലാണ് ഇത്തിത്താനം. ഇവിടെ ചിറവംമുട്ടം മഹാദേവ ക്ഷേത്രത്തിനു സമീപ



*ഹരിപ്രസാദ്,സിത, മൈഥിലി, മീരാഭായി,*
*ശ്രീപാദം ഈശ്വരൻ നമ്പൂതിരി*

# പ്രൊഫസർ ശ്രീപാദം ഈശ്വരൻ നമ്പൂതിരി അനുസ്മരണം

## 2024 ജനുവരി 13, ചിൽഡ്രൻസ് ലൈബ്രറി, കോട്ടയം

## ശ്രീപാദം പുരസ്ക്കാര സമർപ്പണം,സെമിനാർ, ബാലസാഹിത്യ സമ്മേളനം

പ്രശസ്ത ബാലസാഹിത്യകാരൻ ശ്രീപാദം ഈശ്വരൻ നമ്പൂതിരിയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ബാലസാഹിത്യ സമ്മേളനം നടന്നു. കോട്ടയം ചിൽഡ്രൻസ് ലൈബ്രറിയിൽ നടന്ന പരിപാടി ബാലസാഹിത്യകാരൻ ഡോ. കെ. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. തിരൂർ എഴുത്തച്ഛൻ യൂണിവേഴ്സിറ്റി ക്ലാസിക്കൽ മലയാളം ഡയറക്ടർ ഡോ. വി.എസ് രാധാകൃഷ്ണൻ, എഴുത്തുകാരി ഡോ. സരസ്വതി ശർമ, ടെലിവിഷൻ അവതാരകൻ സനൽ പോറ്റി, സാഹിത്യകാരന്മാരായ രഘുദേവ് നെടുംകുന്നം, അനീഷ് അയിലറ, അഞ്ചൽ ദേവരാജൻ, കെ കെ പടിഞ്ഞാറപ്പുറം സി.ജി.ഗിരിജൻ ആചാരി തുടങ്ങിയവർ പങ്കെടുത്തു.

സമ്മേളനത്തിൽ പ്രഥമ ശ്രീപാദം ബാലസാഹിത്യ പുരസ്കാരം ബിമൽകുമാർ രാമങ്കരി, ലളിതാംബിക അന്തർജനം, അശ്വതി എ.വി എന്നിവർക്ക് നൽകി. ശ്രീപാദം കാപ്സ്യൂൾകവിതകൾ, ശംഖനാദം എന്നീ കൃതികളുടെ പ്രകാശനവും വേദിയിൽ നടന്നു.കവിയുടെ സഹധർമ്മിണി വി.മീരാഭായി പുസ്തകങ്ങൾ ഏറ്റുവാങ്ങി.

ശ്രീപാദം അനുസ്മരണ സമ്മേളനത്തിൽ കുറിച്ചി സദൻ, ഡോ. നാരായണൻ നമ്പൂതിരി,അഡ്വ. അജി. ആർ.നായർ, ജോയ് നാലുന്നാക്കൽ, മേമുറി ശ്രീനിവാസൻ, വിജയകുമാർ.പി.സി, ലീൻ തോബിയാസ് തുടങ്ങിയവർ പങ്കെടുത്തു. ജി. ശശികുമാർ, സതീഷ് സോപാനം എന്നിവർ നയിച്ച കലാസാഹിത്യ പരിപാടികളുമുണ്ടായി.



*ബിമൽകുമാർ രാമങ്കരി ഡോ.കെ.ശ്രീകുമാറിൽ നിന്നു സ്വീകരിക്കുന്നു.*



*ഡോ.കെ.ശ്രീകുമാർ 'ശ്രീപാദം കാപ്സ്യൂൾ കവിതകൾ ' എന്ന കൃതി വി. മീരാഭായിക്കു നൽകിക്കൊണ്ടു പുസ്തക പ്രകാശനം നടത്തുന്നു.*



*ശ്രീപാദത്തിന്റെ പുസ്തകങ്ങൾ മൈഥിലി ഹരിപ്രസാദ്, ശ്രീപാദം കുട്ടികളുടെ ലൈബ്രറിക്കു നൽകുന്നു.*

മാണ് പള്ളിയമ്പറമ്പത്ത് പെരിയമന. നാട്ടുകാർ തെക്കേമഠമെന്നു ചുരുക്കി വിളിച്ചു വന്നു. പണ്ടെങ്ങോ മലബാറിൽ നിന്ന് വന്നവരാണ് യജുർവേദികളായ ഈ മനക്കാർ എന്നൊരു കഥയുണ്ട്. മനയിൽ, ഈ തലമുറയിലെ കാരണവരായിരുന്നു ശ്രീപാദം ഈശ്വരൻ നമ്പൂതിരി. മുത്തശ്ശനായ ഈശ്വരൻ പോറ്റി സംസ്കൃത പണ്ഡിതനായിരുന്നു. മുത്തശ്ശൻ ഇളങ്കാവിലെയും അച്ഛൻ നരസിംഹൻ പോറ്റി ചിറവംമുട്ടം മഹാദേവ ക്ഷേത്രത്തിലെയും പൂജാരിമാരായി. ഈശ്വരൻ പോറ്റി ഇത്തിത്താനത്തെ ആദ്യകാല യുപി സ്കൂൾ ഭാരവാഹിയുമായിരുന്നു.

അച്ഛൻ നരസിംഹൻ പോറ്റി അക്കാലത്തെ നല്ല മൃദംഗിസ്റ്റും വയലിനിസ്റ്റുമാണ്. ശ്രീപാദത്തിന്റെ അമ്മ വാകത്താനം ഇടമന ദേവകി അന്തർജ



ശ്രീപാദം, ഭാര്യ, മകൻ, മകന്റെ ഭാര്യ, കുട്ടി



ശ്രീപാദം, ഭാര്യ മീരാഭായി



ശ്രീപാദം അമ്മ ഇടമന ദേവകി അന്തർജനത്തിന്റെ കൂടെ



ശ്രീപാദം എഴുത്തുമുറിയിൽ

നം തിരുവാതിരക്കളിയിൽ പ്രാവീണ്യം നേടിയിരുന്നു. അമ്മാത്തെ മുത്തശ്ശൻ ഇടമന കൃഷ്ണശർമ്മ നമ്പൂതിരിമാരുടെ ചടങ്ങുപുസ്തകം എഴുതിയ പണ്ഡിതനാണ്. എടുത്തു പറയാവുന്ന കലാസാഹിത്യ പാരമ്പര്യം ശ്രീപാ ദത്തിന് കൈവന്നു.

നരസിംഹൻ നമ്പൂതിരി - ദേവകി അന്തർജനം ദമ്പതിമാരുടെ 5 മക്കളിൽ മൂത്ത മകനാണ് ഈശ്വരൻ നമ്പൂതിരി. (ശ്രീപാദം).തെക്കേമഠം പഴയ ഇല്ലം ഇപ്പോഴില്ല. അവിടെ ഇപ്പോൾ താമസിക്കുന്നത് അകാലത്ത് നിര്യാതനായ അനിയൻ മധുവിന്റെ കുടുംബമാണ്.

പ്രഫസർ ഈശ്വരൻ നമ്പൂതിരിയുടെ അനിയത്തി ഡോ: സരസ്വതി ശർമ്മയും മൂത്ത സഹോദരീപുത്രൻ ബിനു രാധാകൃഷ്ണനും സാഹിത്യവേദികളിൽ സജീവം.

സ്കൂൾ കാലം മുതൽ നാടകാഭിനയം മോഹനന് പ്രിയമായിരുന്നു .20 വയസ്സ് മുതൽ സ്വന്തമായി നാടകങ്ങൾ എഴുതി സംവിധാനം ചെയ്തു. അധ്യാപകരുടെ കൂടെയും അഭിനയിക്കുമായിരുന്നു.ഇ എൻ ഇത്തിത്താനം എന്നായിരുന്നു തൂലികാനാമം.'നക്ഷത്രത്തിന്റെ മരണം' ആദ്യകാല ദീപിക അവാർഡ് നേടിയ നാടകമാണ്. 'തേവാര'ത്തിന് തപസ്യ നാടക അവാർഡും ലഭിച്ചു.പ്രകാശനം ചെയ്യാത്ത നാടകങ്ങൾ വേറെമുണ്ട്. എസ് ബി കോളേജിൽ പ്രീഡിഗ്രി.ഡിഗ്രിക്ക് ഫിസിക്സ് തെരഞ്ഞെടുത്തു. മേത്തമാറ്റിക്സും ഫിസിക്സും അത്ര താൽപ്പര്യമായിരുന്നു. അതോടൊപ്പം സാഹിത്യ പ്രവർത്തനങ്ങൾക്കും ഈശ്വരൻ സമയം കണ്ടെത്തി.

എസ് ബി യിൽ എം എസ് സി ഫിസിക്സ് പൂർത്തിയാക്കി.റാങ്കും സ്വർണ്ണമെഡലും നേടി.ജോലി കിട്ടിയത് അഞ്ചൽ കോളേജിൽ. ദിവസം പോക്കുവരവ് പറ്റില്ലല്ലോ.അവിടെ ഒരു മുറിഎടുത്തു.കോളേജിൽ കൂടുതൽ നേരം ശ്രദ്ധിക്കാനും അതുവഴി കഴിഞ്ഞു.ധാരാളം കവിതകളും ലളിതഗാനങ്ങളും അക്കാലം ശ്രീപാദം എഴുതി

മുത്തശ്ശനായ ഈശ്വരൻ നമ്പൂതിരി വിജയദശമിക്ക് മഠത്തിൽ കുട്ടികളെ എഴുത്തിനിരുത്താറുണ്ട്.ഒരു ദശമിക്ക് കുട്ടികളുമായി നാട്ടുകാർ വന്നപ്പോൾ വാതം വന്ന് കിടപ്പിലായ മുത്തശ്ശനെ ആണ് കണ്ടത്.അന്ന് കുട്ടികൾക്ക് വിദ്യാരംഭം കുറിക്കാനുള്ള ഭാഗ്യം പേരക്കുട്ടിയായ ഈശ്വരനായിരുന്നു. അന്ന് മുതൽ മരണം വരെ വിജയദശമിക്ക് ഇല്ലത്ത് ശ്രീപാദമാണ് എഴുത്തിനിരുത്താറ്.

യിട്ടുണ്ട്.

200 + ലളിതഗാനങ്ങൾ എഴുതിയ ശ്രീപാദത്തിന്റെ നിരവധി ഗാനങ്ങൾ ആകാശവാണിയിലും ദൂരദർശനിലും വന്നിരുന്നു.തിരുവനന്തപുരം നിലയത്തിന്റെ ലളിത സംഗീത പാഠത്തിൽ വന്ന ശ്രീപാദത്തിന്റെ പാട്ടുകൾ പലതും സിനിമാഗാനങ്ങളോളം പോപ്പുലർ ആയി.

നവരാത്രി പൂജക്ക് നട തുറന്നു..., ചങ്ങമ്പുഴ കവിത പാടും പൊന്നിൻ ചിങ്ങമാസം .. തുടങ്ങിയ പാട്ടുകൾ ഇവയിൽ പ്രധാനപ്പെട്ടവയാണ്.പെരുമ്പാവൂർ രവീന്ദ്ര നാഥ്, ആർ ബാലഗോപാലൻ തമ്പി ,എം ജി രാധാകൃഷ്ണൻ എന്നിവരെല്ലാം ശ്രീപാദത്തിന്റെ രചനകൾക്ക് സംഗീതമൊരുക്കി.

'നാദബ്രഹ്മത്തിൻ സരസ്സിൽ വിരിയും / ശ്വേതപത്മത്തിൻ മനസ്സിൽ വിടരും.' ശ്രീപാദം 'ശാസ്ത്രീയ 'മായി എഴുതിയ ലളിതഗാനം തുടങ്ങുന്നത് ഇങ്ങിനെയാണ്.

' തൃച്ചംബരത്തിലെ തൃത്താപ്പൂവുകൾ നൃത്തം ചവിട്ടുന്ന രാത്രി' ഏറ്റവും പ്രചാരം നേടിയ ലളിതഗാനമാണ്. കഥകളി കേളികൊട്ടുയരുന്ന നാട്/കളിവള്ള



അച്ഛൻ നരസിംഹൻ പോറ്റി

പ്പാട്ടുകൾ ഉണരുന്ന നാട്/ കൈകൊട്ടിക്കളിക്കുന്ന കൈരളിപ്പെണ്ണിന്റെ കൈവളകൾ പൊട്ടിച്ചിരിക്കുന്ന നാട് / കളമെഴുതി പാടുമെൻ മലയാള നാട് ' കേരളത്തെക്കുറിച്ചുള്ള എക്കാലത്തെയും മികച്ച ഗാനമാണ് ശ്രീപാദത്തിന്റെ ഈ രചന



*എൻ.സി.ഇ.ആർ.റ്റി. ബാലസാഹിത്യ അവാർഡ് യു. ആർ. അനന്തമൂർത്തിയുടെ സമ്മാനിക്കുന്നു*

1976 ലായിരുന്നു ശ്രീപാദത്തിന്റെ വിവാഹം.വധു മീരാഭായ്. കവിയൂർ എൻ.എസ്.എസ്. ഹൈസ്കൂൾ അധ്യാപകൻ ചാത്യാടത്തില്ലത്തു വാസുദേവൻ പോറ്റിയുടെയും ഭവാനി അന്തർജനത്തിന്റെയും മകൾ .ശ്രീപാദത്തെ പോലെ മീരയും ഫിസിക്സ് ബിരുദധാരി. നാൽപ്പത്താറു വർഷങ്ങൾ നീണ്ട വിജയദാമ്പത്യത്തിന്റെ 'കെമിസ്ട്രി' ഒരു പക്ഷേ അതായിരിക്കാം.

ശ്രീപാദത്തിന്റെ സ്വന്തം ഈശ്വരൻ സാക്ഷാൽ ഗുരുവായൂരപ്പനായിരുന്നു.പുതുക്കം മാറാത്ത വേളിക്കുട്ടിയുമായി മധുവിധു പോയത് ഗുരുവായൂരിലേക്കായിരുന്നെന്ന് മീര ഓർക്കുന്നു.

വേളി കഴിഞ്ഞ ശേഷവും കോളേജ് മാഷിന്റെ വരവ് ആഴ്ചയിലൊരിക്കൽ മാത്രം. കുടുംബമായി അഞ്ചലിലേക്ക് താമസിക്കാനൊന്നും പോയില്ല. നാടും വീടും വിടാൻ ഇഷ്ടമില്ലായിരുന്നു. വൈകാതെ തന്നെ സ്വന്തം വീട് വെച്ചു.'ശ്രീപാദം'. അതിനു ശേഷമാണ് ശ്രീപാദം എന്ന തൂലികാനാമം ഈശ്വരൻ നമ്പൂതിരി തെരഞ്ഞെടുക്കുന്നത്.

കോളേജിൽ നിന്നും ഇല്ലത്തെത്തുന്ന ദിവസങ്ങളിൽ ചിറവംമുട്ടം ശിവക്ഷേത്ര ദർശനം നിർബന്ധം. ശിവരാത്രി നാളുകളിൽ അച്ഛന്റെ കൂടെ ചെന്ന് മഹാദേവനു മുമ്പിലെ ശ്രീരുദ്രജപം ശ്രീപാദം മുടക്കാറില്ല.

ജോലിസ്ഥലം ദൂരത്താണെങ്കിലും ഇല്ലത്തെ കാര്യങ്ങൾക്കൊന്നിനും ഒരു മുടക്കവും വരാതെ പ്ലാൻ ചെയ്യും. ഒന്നിനും ഭാര്യയോ അമ്മയോ മിനക്കെടേണ്ടെന്നർത്ഥം. അതായിരുന്നു ഗൃഹഭരണത്തിന്റെ ശ്രീപാദം സ്റ്റൈൽ.

ഫിസിക്സിന്റെ ഊർജ്ജസമവാക്യത്തിൽ മുഴുകിയപ്പോഴും കവിതയുടെ സ്വന്തം ഇടം കണ്ടെത്തി ശ്രീപാദം. ആനുകാലികങ്ങളിൽ ധാരാളം എഴുതുമായിരുന്നു. അധികവും ലളിതസുന്ദരമായ കവിതകൾ. ജി ശങ്കരക്കുറുപ്പും വൈലോപ്പിള്ളിയും മാനസഗുരുക്കന്മാരായിരുന്നു. ഒ എൻ വി, വിഷ്ണുനാരായണൻ നമ്പൂതിരി, സുഗതകുമാരി എന്നിവരെല്ലാമായി ശ്രീപാദം നിറഞ്ഞ സൗഹൃദം നിലനിർത്തി. നല്ല കുട്ടിക്കവിതകൾ ധാരാളം എഴുതിയതിനാൽ ശ്രീപാദത്തിന് ചിലർ ബാലകവി പരിവേഷം നൽകി. കുട്ടികളെ ഉദ്ദേശിച്ച് അവരുടെ ഹൃദയത്തിൽ ഇടം പിടിക്കുന്ന ധാരാളം കവിതകൾ കവി എഴുതിയിട്ടുണ്ട്. പക്ഷേ കവിതയുടെ മുഖ്യധാരയിൽ നിന്നും ബാലകവിയായി ഒതുക്കേണ്ട ആളായിരുന്നില്ല ശ്രീപാദം.

## സയൻസ് ക്ലാസുകളെ കവിയരങ്ങാക്കിയ പ്രൊഫസർ

ശ്രീപാദം ഫിസിക്സ് പഠിക്കുന്ന കുട്ടികൾക്ക് പ്രഫസറും ഒപ്പം നമ്പൂതിരി സാറുമായിരുന്നു കവിതകൾ ധാരാളം എഴുതിയിരുന്ന കാലം. ഫിസിക്സിന്റെ ലോകത്തിനൊരു മങ്ങലും വരുത്താതെ തന്നെ ക്ലാസുകളിൽ കവിതാപാരായണവും നടന്നു. ഫിസിക്സിലെ കവിതോർജം, കോളേജിലെ മലയാളം വകുപ്പിന് അസൂയ തോന്നുന്ന വിധമായിരുന്നു. ശ്രീപാദത്തിന്റെ കഥകൾക്കും കവിതകൾക്കും കലാലയ ജീവിതത്തിലെ അനുഭവങ്ങൾ പക്ഷേ വിഷയമായില്ല. കവിതയുടെ 'ആക്ഷൻ' മാനേജ്മെന്റിനും സഹപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും 'റിയാക്ഷൻ' ഉണ്ടാക്കുമെന്ന ദീർഘവീക്ഷണമാവാം കാരണം. യുവതയുടെ അത്യാഘോഷങ്ങളോട് പ്രതികരിക്കാതെ ഋഷിതുല്യനായ ഫിസിക്സ് അധ്യാപകനായി കവി നിലകൊണ്ടു.

സ്മാർത്തവിചാരമേ നിന്നോടുച്ചൈസ്തരം
ചോദിക്കയാണിന്നീ താത്രിക്കുട്ടി.
ചാരിത്ര്യ ദോഷം ഭവിക്കുമെമ്മട്ടൊരു
നാരി ഒറ്റയ്ക്കങ്ങൊരുമ്പെടുകിൽ......
കാവ്യത്തെയാണ് ഞാൻ പ്രേമിച്ചതെങ്കിലും
കാളിദാസന്നൊടുവിൽ അടിമയായി.
നടനെയല്ല ഞാൻ പ്രാപിച്ചതവനിലെ
നളനെയാണെന്നതും ദോഷമായി.
പുരുഷമേധാവിത്വ സ്മാർത്തവിചാരമേ
തിരു നേർക്കു വിരൽ ചൂണ്ടി ചോദിപ്പൂഞാൻ.
ആണത്തമുണ്ടോ നിനക്കു ശുചീന്ദ്രത്ത്
'കൈമുക്കെൻ' സാന്നിധ്യത്തിൽ നടത്താൻ?
അണലിയെക്കാൾ കൊടും വിഷമുള്ള നിങ്ങളുടെ
വിഷമേറ്റുവാങ്ങിയൊരീ ശരീരം.
അഞ്ചാം പുരക്കലൊരു നാഗത്തെ വിട്ടെത്ര
കൊത്തിക്കിലും വിഷം തീണ്ടീടുമോ?

താത്രിക്കുട്ടിയെ കൊണ്ട് ഇച്ചോദ്യം ചോദിപ്പിച്ച കവിയെ ബാലകവിയാക്കി കാണുന്നതെങ്ങിനെ?

കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവസമിതി കവി എസ് രമേശൻ



ഫിസിക്സിന്റെ ഊർജ്ജസമവാക്യത്തിൽ മുഴുകിയപ്പോഴും കവിതയുടെ ഇടം കണ്ടെത്തി ശ്രീപാദം. ആനുകാലികങ്ങളിൽ ധാരാളം എഴുതുമായിരുന്നു. അധികവും ലളിതസുന്ദരമായ കവിതകൾ..ജി ശങ്കരക്കുറുപ്പും വൈലോപ്പിള്ളിയും മാനസഗുരുക്കന്മാരായിരുന്നു.ഒ എൻ വി, വിഷ്ണുനാരായണൻ നമ്പൂതിരി, സുഗതകുമാരി എന്നിവരെല്ലാമായി ശ്രീപാദം നിറഞ്ഞ സൗഹൃദം നിലനിർത്തി.

# പ്രകൃതിയുടെ ശ്രീ..എന്റെ സ്വന്തം ശ്രീ

**മീരാഭായ്**

എന്റെ അച്ഛൻ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു .ഞാൻ ഫിസിക്സ് ബിരുദമെടുത്ത് പഠനം പൂർത്തിയാകുന്നതിന് മുമ്പ് വേളിയാലോചന വന്നു. വരന്റെ 'ഇൻറർവ്യൂ' ഉണ്ടായി. അറ്റൻറ് ചെയ്യാൻ ഞാൻ വളരെ കോൺഫിഡന്റ് ആയിരുന്നു.
(കുടുംബമെന്ന മഹാകാവ്യത്തെപ്പറ്റി അത്ര ധാരണകളൊന്നും എന്നിലെ കൗമാരക്കാരിക്കില്ല എന്നതായിരുന്നു സത്യം). വന്നു, കണ്ടു.കീഴടക്കിയോ അതോ സ്വന്തമാക്കിയോ? അറിഞ്ഞൂടാ.ഏതായാലും സംഗതി
ലവ് അറ്റ് ഫസ്റ്റ് സൈറ്റ് ആയി. എന്റെ ആദ്യപ്രണയം. മൊബൈൽ ഫോണുകൾക്കു മുമ്പുള്ള കാലമായിരുന്നിട്ടും ഞങ്ങൾക്ക് നല്ല മാനസികബന്ധം സ്ഥാപിക്കാനായി.സ്ത്രീക്കും പുരുഷനും, വിശാലമായി പറഞ്ഞാൽ പ്രകൃതിയിലെ എല്ലാ വസ്തുക്കൾക്കും, സൗന്ദര്യമെന്നത് അവരുടെ 'സ്വഭാവ' മാണെന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാട് എനിക്കങ്ങ് ഇഷ്ടമായി എന്നു പറഞ്ഞാൽ മതിയല്ലോ. ഇവിടത്തെ മുത്തശ്ശനുമായി ബന്ധമുള്ള സ്കൂളിൽ (ഇത്തിത്താനം യു പി സ്കൂൾ) ഞാൻ ടീച്ചറായി. വൈകാതെ അതിനടുത്ത് വീട് വെച്ചു.'ശ്രീപാദം'. ആദ്യം അഞ്ചൽ സെന്റ് ജോൺസ് കോളേജിലായിരുന്നു .പിന്നെ തിരുവനന്തപുരം മാർ ഇവാനിയോസ്.എം സി റോഡിലും ജീവിതത്തിലും അദ്ദേഹം അനവധി നാഴികകൾ ക്ഷീണമില്ലാതെ യാത്ര ചെയ്തു. ഗുരുവായൂരപ്പൻ, ശ്രീപാദത്തോട് തൊട്ടു കിടക്കുന്ന മണ്ണാത്തിക്കുളം ദേവി.. അതു കഴിഞ്ഞേ ഉള്ളൂ എന്തും. ഇല്ലപ്പറമ്പിലെ തെങ്ങും വാഴയും എത്ര നോക്കിയാലും അദ്ദേഹത്തിലെ കൃഷിക്കാരന് മതിയാവാറില്ല.



സത്തുക്കളെ കൂട്ടുകിട്ടാതിരിക്കുകിൽ ഒറ്റയ്ക്കു കുത്തിയിരിപ്പതാണുത്തമം.
ഇക്കവിത അദ്ദേഹത്തിന്റെ ജീവിതത്തെ നേരായി അടയാളപ്പെടുത്തുന്നുണ്ട്. ആരുടെയും തോളിൽ കൈയ്യിട്ടു നടക്കാറില്ല. ഒരു ശുപാർശക്കും പോവാറുമില്ല.എന്നാൽ ഹൃദയബന്ധം സൂക്ഷിക്കുന്ന നിരവധി സുഹൃത്തുക്കളും ശിഷ്യന്മാരും അദ്ദേഹത്തിനുണ്ടായിരുന്നു. എതിർപ്പുകൾ പോലും സൗമ്യഭാവം കൊണ്ട് നേരിടുന്ന ശുദ്ധ ബ്രാഹ്മണൻ.
'കർമ്മം ചെയ്തീടുവാൻ മാത്രമധികാരപ്പെട്ടവൻ നീ ഫലമിച്ഛിക്കൊല്ല'.

ഈ ഗീതവാക്യം (പരിഭാഷ ശ്രീപാദം) അദ്ദേഹത്തിന്റെ ജീവിതവീക്ഷണമായി. ജാതി മത പരിഗണനകൾക്കപ്പുറത്ത് നിസ്വാർത്ഥമായി സമൂഹത്തിൽ ഇടപെടും.ആർക്കും കീഴടങ്ങില്ല. ആരേയും ഭരിക്കുകയുമില്ല. 'ഹാവൂ ! ബോറടിക്കുന്നു,'. 'ഇനി നാളെയാവട്ടെ '... 'മൂഡ് ഓഫ് '. 'ടെൻഷൻ ' ഇപ്പദങ്ങളൊന്നും അദ്ദേഹത്തിന്റെ വക്കാബുലറിയിലില്ല. മോരും വറുത്തുപ്പേരിയും ഉപ്പിലിട്ടതും വാഴപ്പഴവും ഇല്ലാത്തൊരു ജീവിതം സ്വപ്നങ്ങളിൽ പോലും കാണാത്ത ശുദ്ധ ബ്രാഹ്മണൻ. E=mc2 ന്റെ ആഴങ്ങളിൽ തിരയുമ്പോഴും യോഗക്ഷേമസഭയുടെ ചങ്ങനാശ്ശേരി ഉപസഭയിൽ സജീവം. എന്തെങ്കിലും ഒരു ഭാരവാഹിയായി അദ്ദേഹമുണ്ടാവും. ഞങ്ങൾ ഇല്ലക്കാർക്കൊപ്പം ബന്ധുക്കളും യോഗക്ഷേമസഭയും നാട്ടാരും ശിഷ്യന്മാരും ചേർന്നാണ് അദ്ദേഹത്തിന്റെ സപ്തതി 2015-ൽ ആഘോഷിച്ചത്. ശ്രീപാദത്തിന്റെ ജനകീയതയും ജനസമ്മതിയും ഇത്രമേലുണ്ടെന്ന് ഞങ്ങളറിഞ്ഞത് അന്നായിരുന്നു.

അച്ഛനമ്മമാരുടെ നല്ല പുത്രൻ, സഹോദരർക്ക് ജ്യേഷ്ഠൻ. ഞങ്ങളുടെ മകന് കർമ്മശ്രേഷ്ഠനായ പിതാവ്.പേരക്കുട്ടിക്ക് ആന കളിക്കുന്ന മുത്തശ്ശൻ. എനിക്ക്... നാൽപ്പത്തിയാറ് വർഷങ്ങളുടെ സഹധർമ്മത്തിൽ എന്റെ ഹൃദയേശ്വരൻ, സർവ്വേശ്വരൻ

നായരുടെ സ്മരണക്കായി ഏർപ്പെടുത്തിയ അവാർഡ് ശ്രീപാദത്തിന്റെ 'താത്രിക്കുട്ടി' എന്ന കവിതക്കായിരുന്നു.

മലയാളകവിതക്ക് ആധുനികകവിത എന്നൊരു വിഭാഗമുണ്ടെങ്കിൽ ഒരു സംശയവുമില്ല, 'താത്രിക്കുട്ടി' അതിലുൾപ്പെടുന്നുണ്ട്. മലയാളി ഇനിയുമിനിയും ഈ 'ബാലകവി'യെ വായിക്കാനുണ്ടെന്നർത്ഥം.

കഥ, കവിത, ലളിതഗാനം, നാടകം എന്നീ മേഖലകളിൽ എഴുപതിലേറെ കൃതികൾ ഈ ഫിസിക്സ് പ്രഫസർ എഴുതിയിട്ടുണ്ട്. രാമഗാഥയും നാരായണീയം വഞ്ചിപ്പാട്ടും പ്രസിദ്ധീകരണം കാത്തു നിൽക്കുന്നു.

അഞ്ചലിൽ ജോലി കിട്ടിയപ്പോഴേക്കും താൻ പഠിച്ച് റാങ്ക് നേടിയ ചങ്ങനാശ്ശേരി എസ് ബി കോളേജിൽ നിന്നും ശ്രീപാദത്തിന് ഓഫർ വന്നിരുന്നു. അതാണെങ്കിൽ ഇല്ലത്തിന്റെ വളരെ അടുത്ത്.പക്ഷേ അഞ്ചലിൽ സ്ഥിരം നിയമനമായിരുന്നു. വിട്ടു പോന്നാൽ ബോണ്ട് ലംഘിക്കണം. സർവ്വീസും കരിയറും ഒരേ പോലെ പ്രധാനപ്പെട്ടതായി തോന്നിയതിനാൽ ശ്രീപാദം അഞ്ചലിൽ തന്നെ തുടർന്നു. കോളേജിലും കേരളാ സർവ്വകലാശാലയിലും അക്കാദമിക രംഗത്തെ വിവിധ സമിതികളിൽ ശ്രീപാദം പ്രവർത്തിക്കുകയും അവയുടെ നേതൃത്വം വഹിക്കുക



*അമ്മയുടെ കൂടെ*

യും ചെയ്തു.പ്രമോഷൻ വന്നപ്പോൾ അതേ മാനേജ്മെന്റിനു കീഴിലുള്ള തിരുവനന്തപുരം മാർ ഇവാനിയോസിലെത്തി. ശ്രീപാദത്തിന്റെ ഫിസിക്സ് വിദ്യാർത്ഥികളിൽ നിരവധി പേർ രാജ്യത്തും പുറത്തും വലിയ പദവികളിൽ പ്രവർത്തിക്കുന്നു. അധ്യാപനത്തിന്റെയും അധ്യയനത്തിന്റെയും മുപ്പത്തിരണ്ടു വർഷങ്ങൾ ശ്രീപാദം രചിച്ച മഹാകാവ്യമായിരുന്നു.

സാങ്കേതികാർത്ഥത്തിലെ റിട്ടയർമെന്റൊന്നും (2000) കവിയെ ഒട്ടും ബാധിച്ചില്ല. പാലക്കാട് ജില്ലയിൽ കൂറ്റനാടിനടുത്തുള്ള ശ്രീപതി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെൻറ് ട്രസ്റ്റിന്റെ ഏഴംഗ ഡയറക്ടർ ബോർഡ് മെമ്പർ ആയിരുന്നു ശ്രീപാദം. നാട്ടിലെ കലാസാംസ്ക്കാരിക സംഘടനകളിൽ മുൻപത്തെക്കാൾ സജീവമായി. ക്ഷേത്രത്തിൽ വെച്ചും, ഓൺ ലൈൻ ആയും കുട്ടികൾക്കായി ഗീതാ, ജ്ഞാനപ്പാന ക്ലാസുകൾ നടത്തി.മഞ്ജരി വൃത്തത്തിൽ കൃഷ്ണഗാഥ പോലെ ശ്രീപാദം

'രാമഗാഥ' എഴുതുന്നത് ജോലിയിൽ നിന്നും പിരിഞ്ഞതിനു ശേഷമാണ്. ആട്ടക്കഥാ വിഭാഗത്തിൽ 'ഉരുവീ സ്വയംവരം' രചിച്ചു. സാഹിത്യലോകത്ത് വിവിധ പുരസ്ക്കാരങ്ങൾ കവിക്ക് ലഭിച്ചിട്ടുണ്ട്. 'രാമഗാഥ ' വാർത്തകൾ മനോരമ ചാനൽ സംപ്രേഷണം ചെയ്തിരുന്നു.

കേരളം ശ്രീപാദത്തെ വേണ്ടത്ര വായിച്ചിരുന്നോ? അറിയില്ല; പക്ഷേ ഒന്നുറപ്പാണ്,അത്തരം ചിന്തകളൊന്നും കവിയെ തെല്ലും ബാധിച്ചിരുന്നില്ല. എഴുപത്തെട്ടാം വയസ്സിൽ 2023 ജനുവരി 11 നായിരുന്നു ശ്രീപാദത്തിന്റെ നിര്യാണം. അനശ്വരമായ കവിതകൾ ബാക്കി വെച്ചു കൊണ്ട് കവി യാത്രയായി.

ശ്രീപാദത്തിന്റെ ചിരസ്മരണ സമൂഹത്തിൽ നിലനിർത്താൻ കവിയുടെ കുടുബത്തോടൊപ്പം ശിഷ്യ സുഹൃത്തുക്കളായ അനീഷ് അയിലറയും അഞ്ചൽ ദേവരാജനുമുണ്ട്. എല്ലാറ്റിനും കൂടെ നിൽക്കാൻ ബാല്യകാലസുഹൃത്തുക്കളായ കുറിച്ചി സദൻ, മോഹൻ സി. കുറിച്ചി, എം.എൻ. അമ്മിണി അമ്മ എന്നിവരുമുണ്ടായിരുന്നു. 2024 ൽ, കോട്ടയം കുട്ടികളുടെ ലൈബ്രറിയിലായിരുന്നു ശ്രീപാദം ഒന്നാം അനുസ്മരണം. വേദിയിലെ ബാലസാഹിത്യസമ്മേളനം, കവീശ്വരന് മലയാള സാഹിത്യലോകത്തിന്റെ പിതൃസ്മരണയായിരുന്നു. ●

## കുടുംബശ്രീ

ശ്രീപാദത്തിന്റെ സഹധർമ്മിണി വി മീരാഭായി

2010 ൽ ഇത്തിത്താനം ഹയർ സെക്കന്ററി സ്കൂളിൽ നിന്നും പ്രധാനാധ്യാപികയായി വിരമിച്ചു.തുടർന്ന് 1 വർഷം ഇളങ്കാവ് വിദ്യാമന്ദിറിൽ പ്രിൻസിപ്പലായി.രണ്ടര വർഷം യോഗക്ഷേമസഭയുടെ ചങ്ങനാശ്ശേരി ഉപസഭാ വനിതാവിഭാഗം സെക്രട്ടറി. കോട്ടയം ജില്ലാ സഭ വനിതാ വിഭാഗം പ്രസിഡണ്ടായി ആറു വർഷങ്ങൾ. ഇപ്പോൾ യോഗക്ഷേമസഭയുടെ സംസ്ഥാന വനിതാ കൗൺസിൽ അംഗമാണ് ടീച്ചർ.

2024 മാർച്ച് 8 വനിതാ ദിനത്തോടനുബന്ധിച്ച് കോട്ടയം ജില്ലാ വനിതാ സഭ സമുദായത്തിലെ 'ശ്രേഷ്ഠവനിത' യായി തെരഞ്ഞെടുത്താദരിച്ചത് മീര ടീച്ചറെയാണ്.

മകൻ എസ് ഇ ഹരിപ്രസാദ്. ജോലി ഐ ടി മേഖലയിൽ. മരുമകൾ വാകത്താനം എസ് ബി ഐ മാനേജരായ സിത രാമചന്ദ്രൻ. (സിത മകൾ തന്നെയെന്ന് മദർ ഇൻ ലോ ആയ മീര ടീച്ചർ!) ചെങ്ങന്നൂർ ഇടവൂർ മഠം സിതാരയിൽ രാമചന്ദ്ര ഭട്ടതിരിയുടെയും താരയുടെയും പുത്രിയാണ് സിത.

പേരക്കുട്ടി മൈഥിലി, പുതുപ്പള്ളി കേന്ദ്രീയ വിദ്യാലയത്തിൽ ഏഴാം ക്ലാസുകാരി.

ശ്രീപാദത്തെ കാണാം, കേൾക്കാം. വായിക്കാം .... പിന്നെ അറിയാം; ആഴത്തിൽ തന്നെ. കവീശ്വരനായ ഫിസിക്സ് പ്രഫസറുടെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.

ശ്രീപാദം, ഈശ്വരപാദം.

.ലിങ്ക്: https://youtube.com play list

വെബ്സൈറ്റ്: www.ramagad-ha.com


FB :അക്ഷരശ്രീ


Phone: മീരാഭായി 9446597231

### സെലബ്രിറ്റി ഗസ്റ്റ് / ഈശ്വർകുമാർ തരവത്ത്

# രോഗികളെ കുളിപ്പിച്ച 'ഫാസിസ്റ്റ്' നമ്പൂതിരിപ്പാട്

**ഈശ്വർകുമാർ തരവത്ത്**





പഞ്ചതന്ത്ര കഥകളെപോലെ, വടക്കൻപാട്ടുകഥകളെ പോലെ, കൗമാര കാലങ്ങളിൽ എന്നെ ആകർഷിച്ചിരുന്ന മറ്റൊരെണ്ണമായിരുന്നു ,

ഫലിതവും നർമ്മവും വിഡ്ഢിത്തങ്ങളുമായി മുത്തശ്ശി പറഞ്ഞുകേൾപ്പിക്കാറുള്ള ' നമ്പൂതിരിക്കഥകൾ. '

മലയാള ബ്രാഹ്മണനെന്നത് നമ്പൂതിരിമാരാണെന്ന് തിരിച്ചറിയാൻ തന്നെ എട്ടാംക്ലാസ്സിലെത്തേണ്ടി വന്നു.. തെറ്റിദ്ധാരണകൾ ഓരോന്നായി മാറിത്തുടങ്ങിയതും അവിടന്നങ്ങോട്ടാണ്.. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ വിസ്മയമുണ്ട്.!

എന്തെന്നാൽ, അത്തരം കല്പിത കഥകൾ പകർത്തിത്തന്ന വെറും ഹാസ്യലഹരികൾക്കപ്പുറത്തെ ഏതൊക്കെയോ വഴികളിൽവെച്ച്, ഏതൊക്കെയോ ഹേതുക്കളാൽ, സവർണ്ണരെന്ന വിളിപ്പേരുകൊണ്ടുമാത്രം തെറ്റിദ്ധരിക്കപ്പെട്ട കുറേയധികം നല്ലമനുഷ്യരോടൊത്ത് സൗഹൃദംപങ്കിടാനും, പ്രവർത്തിക്കാനും, അവരിലെ എളിമയും മഹത്വവും കണ്ടുനില്ക്കാനും കല്പിതകഥപോലെ ഇട വന്നതുകൊണ്ട്..!

ജീവിതയാത്രയിൽ ചില നല്ല സൗഹൃദങ്ങളെ അടുത്തുനിന്ന് വീക്ഷിക്കുന്നതിലും, വിലയിരുത്തുന്നതിലും പുതുമയുണ്ടല്ലോ.!

ചികഞ്ഞെടുക്കുമ്പോൾ ചില നേർത്ത ഗദ്ഗദങ്ങൾ..

കവർന്നെടുത്ത ചില മനസ്സുകൾ.. രൂപങ്ങൾ.. ചലനങ്ങൾ.. ശബ്ദങ്ങൾ..

ഒന്നൊന്നായി പുറത്തേക്കുവരുന്നു..

നോക്കിയാൽ ഒരുപാടു പേരുണ്ട്.. മുഴുവനും സാധ്യമല്ലല്ലോ..

> ഒരുലക്ഷം പറ നെല്ല് പാട്ടമുണ്ടായിരുന്ന മനയിലെ അധികാരത്തിന്റേയും സുഖസൗകര്യങ്ങളുടേയും ശീതളിമയിൽ പിറന്നുവളർന്നിട്ടും, എളിമയാർന്ന ജീവിതശൈലിയും ജനസേവനവുമായി ജീവിതം ധന്യമാക്കിയ വ്യക്തിത്വം

ഒരാൾ ഗുരുവോ കാരണവരോ കൂട്ടുകാരനോ എന്ന് ഇനിയും ഞാൻ വേർതിരിച്ചിട്ടില്ലാത്ത ഏലംകുളം മനയ്ക്കൽ EMV നമ്പൂതിരിപ്പാടെന്ന വാസുദേവൻ നമ്പൂതിരിപ്പാട്..

എല്ലാവരുടേയും അനിയേട്ടൻ..!

ഒരുലക്ഷം പറ നെല്ല് പാട്ടമുണ്ടായിരുന്ന മനയിലെ അധികാരത്തിന്റേയും സുഖസൗകര്യങ്ങളുടേയും ശീതളിമയിൽ പിറന്നുവളർന്നിട്ടും, എളിമയാർന്ന ജീവിതശൈലിയും മനുഷ്യത്വത്തിലുറച്ച ലക്ഷ്യബോധവുമായി ജീവിതം ധന്യമാക്കിയൊരു വ്യക്തിത്വം.!

കമ്യൂണിസം കതിരുപിടിക്കുന്ന കാലത്തെ, കുടുംബത്തുള്ള ഇ.എം.എസ്.നെ പോലുള്ളവരുടെ പ്രവർത്തന ശൈലികൾ കണ്ടും കേട്ടും വളർന്നതുകൊണ്ടാവാം ഒരുപക്ഷേ, കുട്ടിക്കാലം മുതലേ പുരോഗമന ആശയങ്ങളും ചിന്തകളും അറിയാതെ ഉള്ളിൽ സ്വാധീനം ചെലുത്തിത്തുടങ്ങിയത്..

അയിത്തവും അസമത്വവുമെല്ലാം ആ സമയത്തുതന്നെ അദ്ദേഹത്തെ അലട്ടാൻ തുടങ്ങിയിരുന്നത്രെ!

ബാല്യത്തിന്റെ നിസ്സഹായതയിൽ പ്രതിഷേധത്തിന്റെ സ്വരമുയർത്താൻ കഴിയുമായിരുന്നില്ലല്ലോ..

ഏലംകുളം മന രണ്ടെണ്ണമുണ്ടായിരുന്നു..

ഒന്ന് തൂതപ്പുഴയോരത്ത്.. പിന്നൊന്ന് പറളിപ്പുഴയോരത്ത്..

ഇതുകൂടാതെ പാലക്കാട്ടും മഞ്ചേരിയിലും വേറെയും ബിസിനസുകളുണ്ടായിരുന്നു..

മികച്ച വ്യവസായിയും ഭൂവുടമയുമായിരുന്നപ്പോഴും എളിമയാർന്ന മനുഷ്യനായി അദ്ദേഹം ജീവിച്ചുകാണിച്ചു..

ഇതിനൊക്കെ പുറമെ, പാർശ്വവൽക്കരിക്കപ്പെട്ട രോഗികളേയും ജനസമൂഹത്തേയും സഹായിക്കാനായി പാലിയേറ്റീവ് രംഗത്തും സജീവമായിരുന്നു. നേതൃത്വം ഏറ്റെടുത്തുകൊണ്ട്,

' ഹോം കെയറെ'ന്ന ഗൃഹസന്ദർശനങ്ങൾക്ക്, ഡോക്ടറുടേയും നേഴ്സുമാരുടേയും വളണ്ടിയർമാരുടേയും കൂടെ കി.മീറ്ററുകൾ ദൂരം താണ്ടി, പാവങ്ങളായ രോഗികളെ കാണാനും സാന്ത്വനിപ്പിക്കാനും നമ്പൂതിരിപ്പാട് മുന്നിട്ടിറങ്ങി. രോഗീപരിചരണം എന്നുവെച്ചാൽ കിടപ്പുരോഗികളെ കുളിപ്പിക്കുന്നതു മുതൽ അവരുടെ മലമൂത്രങ്ങൾ പുറത്തെടു

ക്കുന്നതുവരെയുള്ള പ്രവർത്തികൾ വരുമായിരുന്നു.

സാന്ത്വന പ്രവർത്തകരും സംഘ ടനകളും സംഘടിപ്പിക്കുന്ന സൗജന്യ സമൂഹവിവാഹങ്ങളിൽ സഹായസഹ കരണവുമായി മുന്നിൽനിന്നു..

തൂതയുടെ തീരത്തുള്ള ദ്വാരകമന യിലെ അടുക്കളസഹായിയായിരുന്ന മാണിക്കനെന്ന പാവംകുട്ടി, വാസുദേ വനിൽ ഏതോതരം അനുതാപം ചെ ലുത്തിയിരുന്നു..

അക്കരെകടക്കാൻ പണക്കാർക്കു മാത്രം സ്വന്തം തോണിയുണ്ടായിരുന്ന അക്കാലത്ത്, മനയിലെ ആളുകൾക്കു മാത്രമായുള്ള കടത്തുകാരൻ മാണി ക്കനായിരുന്നു..

സന്ധ്യകഴിഞ്ഞ ഇരുട്ടിൽ , പണി കഴിഞ്ഞ് കുടിലുകളിലേക്കു മടങ്ങുന്ന പാവപ്പെട്ട മനുഷ്യരെ, പ്രതിഫലമൊ ന്നുമില്ലാതെ, മനയ്ക്കലെ ആരുമറിയാ തെ, കടത്തുകാരൻ അക്കരെയിക്കരെ കടത്തിവിടും..

ഇരുചെവിയറിയാത്ത ആ കരകട ത്തലിന്റെ സഹജോർജ്ജം വാസുദേ വനെന്ന അനിയനുണ്ണിയായിരുന്നെന്ന്, തോണിക്കാരൻ പിന്നീട് പറഞ്ഞുരസി ക്കുന്നത് പലതവണ കേട്ടിരുന്നിട്ടുണ്ട്.!

ഈ കടത്തുകാരനാണ് വർഷങ്ങൾ ക്കുശേഷം, കോങ്ങാട് ഒരു ഭൂപ്രഭുവി ന്റെ ചോരകൊണ്ട്, സ്വന്തം ജീവിതരേഖ തന്നെ മാറ്റിയെഴുതിയ മാണിക്കൻ നായ രെന്ന നക്സലെറ്റ്.! ഒരുപാട് വളവുക ളും തിരിവുകളും ഇടത്താവളങ്ങളും പിന്നിട്ട്, ഒടുവിൽ

' ദൈവരാജ്യ ' വിശ്വാസത്തിലഭയം തേടിയ ആ തോണിക്കാരന്റെ അവ സാനത്തെ സാന്ത്വനപരിപാലനത്തി നു പിന്നിലും അനിയനുണ്ണിയെന്ന സഹജോർജ്ജത്തിന്റെ കരങ്ങളുണ്ടാ യിരുന്നു.!

' വിശ്വാസ ' ത്തെ ജീവിതത്തിന്റെ ഭാഗമാക്കാൻ അത്രയൊന്നും ശ്രമിച്ചു കണ്ടിട്ടില്ലെങ്കിലും,

വിശാലമായ മാനവികതയുടെ പിന്തുണയിൽ ഏർപ്പെടുത്തുന്ന ഓ രോ പ്രവർത്തിയും, ഉള്ളിലുറച്ച ദർശ നങ്ങളുടെ( Vision) തുള്ളിമരുന്നുകളാ യിരുന്നു..

സമയമെടുത്ത് നടപ്പിലാക്കിവന്ന അവയെല്ലാം, പകരംവെക്കാനാവാത്ത തു പോലെ പരാവർത്തനം ചെയ്യാനാ വാത്തതുമായിരുന്നു..

അദ്ദേഹം കൈവെക്കാത്ത മേഖല കൾ തുലോം കുറവാണ്..

പഠിത്തത്തിലും കായിക രംഗത്തും



*ഇ.എം.വി. നമ്പൂതിരിപ്പാട്*

ഇന്ന് മികച്ചുനിൽക്കുന്ന, പറളി ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ പ്രമുഖ സാ രഥിയായിരുന്നു അദ്ദേഹം..

ഒന്നാന്തരമൊരു കളിസ്ഥലവും നീന്തൽക്കുളവും സിന്തെറ്റിക് ട്രാക്കു മെല്ലാം ഒഘഅ ഫണ്ടിന്റേയും സഹ കാരികളുടേയും സഹായത്തോടെ സ്ക്കൂളിൽ ഉണ്ടാക്കിയെടുത്തിട്ടുണ്ട്.. വിദ്യാർത്ഥികളുടെ ബാഹുല്യം കണ ക്കിലെടുത്ത് പുതിയ ബഹുനിലകെട്ടി ടവും, സാഹചര്യത്തിനനുസൃതമായ കുറച്ചു സ്മാർട്ട് ക്ലാസ്മുറികളും ലാ ബുകളും നിർമ്മിച്ചു..

ക്യാമ്പസുമായും കാര്യകർത്താ ക്കളുമായും തികഞ്ഞ സൗഹൃദാന്ത രീക്ഷം സൃഷ്ടിച്ചെടുത്തു..

ഓരോകാര്യങ്ങളിലും അദ്ദേഹത്തി ന് കാരണവരുടെ കാര്യക്ഷമതയും ദീർ ഘവീക്ഷണവുമുണ്ടായിരുന്നു..

പരിസരത്തെ കർഷകരെ കൂട്ടിച്ചേർ ത്ത് സഹകരണാടിസ്ഥാനത്തിലൊരു പാൽ സൊസൈറ്റി രൂപീകരിച്ചു..

ഒരുപാട് പേർക്ക് ഇന്നതൊരു ഉപ ജീവനമാർഗ്ഗമായി ശേഷിക്കുന്നു..

കൂടാതെ , വീടിനോട് ചേർന്ന് പൊ തുജനങ്ങൾക്കും ഉപയോഗയോഗ്യമായ വിധത്തിൽ, നിറയെ പുസ്തകങ്ങളുള്ള നല്ലൊരു ലൈബ്രറിയും ഉണ്ടാക്കിയെ ടുത്തിട്ടുണ്ട്..

കലയെ എന്നും നെഞ്ചോടുചേർ ത്തുപിടിച്ചിരുന്ന അദ്ദേഹം, സാമാന്യം നന്നായി പാടുന്നൊരു പാട്ടുകാരനായി രുന്നെന്ന് പലർക്കുമറിയില്ല..

പാലക്കാട്ടെ വാരാന്ത്യ മെഹ്ഫിലു കളിൽ, പഴയ നാടകഗാനങ്ങളും ലളിത ഗാനങ്ങളുമായി നിറഞ്ഞുനിന്നിരുന്നു..

ചിറ്റൂർ ഗവ.കോളേജിലെ പൂർവ്വവി ദ്യാർത്ഥി സംഘടനയുടെ രൂപീകരണ ത്തിലും നടത്തിപ്പിലും അദ്ദേഹം വഹി ച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്..

എന്റെ കുട്ടിക്കാലത്തെ ഓർമ്മക ളിൽ, കൽപ്പാത്തിപ്പുഴ പറളിയിലെത്തി യാൽ, കരയിലാദ്യം കാണുക, വലി പ്പമാർന്ന മനയും, മരങ്ങൾ തിങ്ങിയ വലിയ തൊടിയും..

അരികിലെ പൊട്ടിപ്പൊളിഞ്ഞ മൺ പാത ചെന്നെത്തുക,

കുറച്ച് ഓലക്കുടിലുകളും മുറ്റ ത്തുകൂട്ടിയ മൺചട്ടികളും ഓരത്തെ മാരിയമ്മൻ കോവിലുമുള്ള കുംഭാര ത്തറയിൽ..

അവയുടെ ഇന്നത്തെ ഓടുമേഞ്ഞ രൂപമാറ്റത്തിനും സഞ്ചാരസൗകര്യത്തി നും പിന്നിൽ സ്നേഹത്തിന്റെ അദൃശ്യ കരങ്ങൾക്ക് പങ്കെന്ന് നാട്ടുമൊഴികൾ.

ഒരുകാലത്ത് ഒരു നാടിനാകെ തൊഴിലു കൊടുത്തിരുന്ന പറളിയി ലെ പ്രശസ്തമായ കുമാർ ഇൻഡസ് ട്രീസുമായും ഈ മനയ്ക്ക് അഭേദ്യമായ ബന്ധമുണ്ട്.!

തുടക്കത്തിലെ ബാലാരിഷ്ടതക ളിൽനിന്ന് കൈപിടിച്ചുയർത്തിയതും പിന്നീടുള്ള കുതിപ്പിൽ തോൾചേർന്നു നിന്നതുമെല്ലാം പരസ്യമായ രഹസ്യം.!

പ്രണാമം... പ്രണാമം.... ●

**ഈശ്വർ കുമാർ തരവത്ത്**
മുംബൈ എൽ ബി എസ് നോട്ടിക്കൽ കോളേജ് വി ദ്യാഭ്യാസത്തിനു ശേഷം 18 കൊല്ലം നാവികൻ. എഴുത്തു കാരൻ, പത്രപ്രവർത്തകൻ, നടൻ.
പ്രധാന പുസ്തകങ്ങൾ :ദീ പശിഖ, ദേവഭൂമിയിലെ ദേവ ദാരുക്കൾ, അവാന്തരങ്ങൾ, വിജയനഗരത്തിന്റെ കഥ. ആനുകാലികങ്ങളിൽ ധാരാ ളം ഫീച്ചറുകൾ എഴുതി.സീ രിയലുകളിൽ അഭിനയിച്ചു.
ഭാര്യ: പ്രസന്ന, മകൻ: നവീൻ, മരുമകൾ ശ്രീലേഖ, കൊച്ചുമകൾ മൃദുല.
സാഗർ, 20, ശ്രീനഗർ കോള നി, കുന്നത്തൂർ മേട് പി ഒ, പാലക്കാട് 678013
*Mob: 9946655277*
*ek.tharavath@gmail.com*

# രണ്ടാം ബാല്യം



അനിയൻ മാങ്ങോട്ട്രി


ഊഴിയിൽ നിമ്നോന്നത
സാനുവിൽ, പ്രതലത്തി -
ലാകവേ തിങ്ങിക്കൂടും
ഫ്ളാറ്റുകൾ നിരയായി.
ആകാശം മുട്ടും മട്ടി-
ലായവ പൊങ്ങിക്കാണാം
ആയതിലൊന്നിൻ വക്കിൽ
ബാൽക്കണിക്കൂടിനുള്ളിൽ
നിൽക്കുന്നു രണ്ടാം ബാല്യ
വ്യഥതൻ കയ്പ്പുറ്റവൻ
ഒറ്റയ്ക്കാണല്ലോ കൂടെ
ഓർമ്മതൻ നഷ്ടം മാത്രം.
മുന്നിലായ് മറ്റേ ഫ്ളാറ്റിൻ
പിൻഭാഗക്കുഴലുകൾ
തിങ്ങിയ പായൽ, ചിത്രം
വരച്ച ചുമരുകൾ.
ഇടയിൽക്കാണാവുന്നൊ-
രാകാശക്കീറിൽക്കൂടി
പൊങ്ങിയും താണും കൊണ്ട്
വന്നെത്തി,യൊരാൾ മന്ദം!
'ആരിത്'? ചോദിച്ചയാൾ
'ഞാനൊരപ്പൂപ്പൻതാടി,
മണ്ണിനായലയുന്നു
തന്നാലും വീണീടാനായ്'
കൗതുകം ജനിപ്പിക്കും
മട്ടിലായേവം ചൊല്ലി
പതിയെ 'പാരപ്പെറ്റിൻ'
വക്കിലായിരുന്നല്ലോ.
ഓർമ്മതൻ മായക്കാഴ്ച-
യിളകി മറിയവേ
ബാല്യങ്ങൾ പരസ്പരം
കൂടിച്ചേർന്നൊന്നായല്ലോ!
ഗ്രാമത്തിൽ പറമ്പിലായ്
വേലിക്കൽ വയലിലും
പാറുന്നു വിത്തും താങ്ങി
അപ്പൂപ്പൻതാടിക്കൂട്ടം
വെയിലിൻ തിളക്കത്തി-
ലെന്തൊരുകാന്തികാണാൻ
അതിനെക്കൈക്കുമ്പിളൽ
ഒതുക്കാനോടുന്നവർ!
തുമ്പതൻ വെള്ളക്കോടി ,
കൊന്നതൻ മഞ്ഞച്ചേല ,
വിണ്ണിലോ മഴഗന്ധം
മണ്ണിലായ് പൊടിപ്പുകൾ.
ഇവിടെ ഫ്ളാറ്റിന്നക -
ത്തെവിടെ പതിച്ചിടും
കിളിർക്കാൻ മണ്ണില്ലല്ലോ
'സുഹൃത്തേ വരിക നീ'
കയ്യിലങ്ങെടുത്തയാൾ
ലിഫ്റ്റിലായിറങ്ങുമ്പോൾ
പതിയെ കാണ്മോർ ചൊല്ലി
'അൽഷിമേഴ്സ് ബാധിച്ചവൻ'
താഴെയായ് മുറ്റത്തെത്തി
മണ്ണിനായ് തിരഞ്ഞുകൊ -
ണ്ടാവൃദ്ധ'നിന്റർ ലോക്കിൻ
ടൈൽസിലായലഞ്ഞല്ലോ
ഒടുവിൽ ചോദിച്ചയാൾ
ഗൂർഖയോടായിട്ടപ്പോൾ
'കിട്ടുമോ മണ്ണിങ്ങൽപ്പം
ആറടിയൊന്നും വേണ്ട'
കേട്ടവാർ കാവൽക്കാരൻ
ചിരിച്ചു പറഞ്ഞല്ലോ
'പോകണമിനിച്ചേട്ടാ
മണ്ണിനായാകാശത്ത്'
കിട്ടി നല്ലൊ'റൈഡിയ'
ചൊവ്വയിലാവാം വേണ്ട
ചന്ദ്രനുണ്ടടുത്തല്ലോ
ബുധനോ വീനസ്സുമാം!
കുട്ടിയാമയാൾ കയ്യിൽ
സങ്കൽപ്പ റോക്കറ്റിലായ്
അപ്പൂപ്പൻ താടിക്കായി-
ട്ടിരിക്കാനിടം നല്കി!
പതിയെ'ക്കൗൺഡൌൺ'- 'മൈനസ്
ടെൻ,ണയ,നൈറ്റ്'ന്നായി
ച്ചൊല്ലിടും ശബ്ദം പൊങ്ങി-
പ്പടർന്നാനുച്ചത്തിലായ്!
ആയതിൻ പ്രതിധ്വനി
ഏറ്റെടുത്തൊരു കാറ്റ്
ഫ്ളാറ്റുകൾക്കിടയിലായ്
ഭ്രാന്തമായഴിഞ്ഞാടി!

അനിയൻ മാങ്ങോട്ട്രി
MRA-139, ആശ്രമം റോഡ്
മണ്ണാമൂല, പേരൂർക്കട, തിരുവനന്തപുരം-5
മൊബൈൽ: 9496080045



# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O.
Perumbavoor, Pin-683 556, Phone : 0484 2657338,
www.sreesankaratrust.org.in
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O., Perumbavoor, Pin : 683 556. Phone : 0484 2656 938
(Affiliated to M.G. University) (Naac Accrediated at the "A" Level)
www.ssvcollege.ac.in ssvidyapeetom@gmail.com

**UG COURSES**

B.A. History, Economics, English, Hindi
B.Sc. Mathematics, B.Sc., Physics, B.Sc. Chemistry
B.Sc. Computer Science
B.Com Taxation, B. Com Computer Application
B. Voc. Tourism and Hospitality Management

**PG COURSES**

M.A. History
M.Com Finance, M. Com International Business
M.Sc. Chemistry
M.Sc. Computer Science (Data Analytics)

**HOSTEL FACILITY FOR WOMEN**

## V.T. BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O., Palakkad Dt., Pin - 679 517. Phone : 0466-2268927
(Affiliated to University of Calicut) (Naac Accredited at the "B" Level)
principalvtb@gmail.com

**UG COURSES**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**PG COURSES**

M.Sc. Computer Science
M.Com
M.Sc. Mathematics with data science

## SREE SANKARA COLLEGE (Aided)

Nagaroor P.O., Kilimanoor, Pin - 695 601, Phone : 0470-2678898
(Affiliated to University of Kerala) sscollegenagaroor@gmail.com

**COURSES** B.sc. Physics, B.A. Economics, B.Com. Tax Procedure and Practice

## SREE SANKARA VIDYAPEETOM COLLEGE

Nagaroor P.O., Kilimanoor, Pin : 695 601, Phone : 0470-2677241, 2678899
(Affiliated to University of Kerala) ssvcn@md3.vsnl.net.in

**UG COURSES**

B.B.A., B.A., English
B.Com Computer Application, B. Com, Co-operation
B.Sc. Computer Science, B.Sc. Psychology, B.S.W.

**PG COURSES**

M.Com Finance
M.Sc. Computer Science
M.A. English

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O., Kilimanoor, Thiruvananthapuram, Pin - 695 601
Phone : 0470 - 2678610, ssvpems@gmail.com
**LKG To 12 (CBSC)**

Temples Managed by Sree Sankara Trust


Raloor Kavu Devi Temple, Nagaroor,
Thekkinkadu Shiva Temple, Nagaroor,
Vishnu Temple, Nagaroor

*"Thamaso Ma Jothir Gamaya"*

കഥ

# ഇനി തുടങ്ങാമല്ലേ...

കെ.എം.എസ്. ഭട്ടതിരിപ്പാട്



അപ്പുമാഷ് നിർത്തി. പ്രോഗ്രാമിന്റെ ഇറ്റിനററി മേശപ്പുറത്തു വെച്ചു. ആവാമെന്നുണ്ട്. ഉണ്ണ്യേമ പോയ ശേഷം എവിടെയും പോയിട്ടില്ല. പങ്കാളി പോയിട്ടു കൊല്ലം ഒമ്പതായി. ഇപ്പോഴും സംശയം വന്നാൽ ഉള്ളിലെക്കു നോക്കിയാൽ മതി. ഉണ്ണ്യേമ സിഗ്നൽ തരും. താൻ കുറച്ചു നേരം ആലോചിച്ചിരുന്നു. പൊയ്ക്കോളു മനസ്സിൽ ഒരശരീരി.

മാഷോടു ഒന്നും പറഞ്ഞില്ല. ഉണ്ണിയോടു ചോദിക്കണം. തൽകാലം ഒന്നര ലക്ഷം കയ്യിലില്ല. ഉള്ളതു മുഴുവൻ നീലാണ്ടന്റ ഭാര്യയുടെ ഓപറേഷനു കൊടുത്തു. ഇനി രണ്ടു മൂന്നു മാസത്തെ പെൻഷൻ വരണം.

തൽകാലം ഉണ്ണി സഹായിയ്ക്കണം.

അന്ന് വൈകുന്നേരം ചായ കുടിക്കുമ്പോൾ വിഷയമവതരിപ്പിച്ചു ഉണ്ണിയും വത്സലയും ഒന്നും പറഞ്ഞില്ല. താനൊന്നു കൂടി സൂചിപ്പിച്ചു. പെൻഷൻ കിട്ടിയാൽ തിരികെ എടുക്കാം. അവർ മൗനം വെടിഞ്ഞില്ല. നാലഞ്ചു ദിവസം കഴിഞ്ഞിട്ടും ആ മൗനം തുടർന്നു. ചോദിക്കാൻ പോയില്ല. ഉണ്ണി വേണ്ടതു ചെയ്തുകൊള്ളും.

ആറാം ദിവസം അപ്പുമാഷ് എത്തി. മുഖത്ത് വല്ലാത്ത മ്ലാനത. മാഷോടു എന്തു പറയുമെന്നു ചിന്തിച്ചിരിക്കെ, മാഷു പതുക്കെ തുടങ്ങി. വാക്കുകൾ കനം കൊണ്ടു തൂങ്ങിയാണ് പുറത്തു വന്നിരുന്നത്. ഒരു അനിഷ്ടകാര്യം പറയുന്ന വേദനയോടെ.

എല്ലാം കേട്ടു. വിചാരിച്ചതല്ല. അവസാനം മാഷു പറഞ്ഞതിനു 'ശരി' എന്നു മാത്രം പറഞ്ഞു. അടുത്ത ആഴ്ച കാണാമെന്നോതി മാഷു വിട പറഞ്ഞിറങ്ങി.

'അമ്മ ഞങ്ങളെ വിട്ടുപിരിഞ്ഞു. ഇനി അച്ഛനെയുള്ളു.' ഇന്നലെ ഉണ്ണി അപ്പുമാഷെ കണ്ടു വികാരത്തോടെ പറഞ്ഞത്രെ.

'മാഷ് ഒന്നും വിചാരിക്കരുത്. അച്ഛനെ ഈ യാത്രയിൽ നിന്നു ഒഴിവാക്കാൻ പറ്റില്ലെ.. രണ്ടു മൂന്നാഴ്ച. നോർത്തിലെ കാലാവസ്ഥ, ഭക്ഷണം. അച്ഛന്റ ആരോഗ്യം–'

> മാഷായിട്ടല്ല ഞങ്ങൾ വന്നത്, ശിഷ്യരായിട്ടാ. ഞങ്ങൾ മൂന്നു പേരെയും ഹെഡ് മാഷ് പഠിപ്പിച്ചിട്ടുണ്ട്

എല്ലാം കേട്ടശേഷം മാഷു സമാധാനിപ്പിച്ചു. 'ഞങ്ങളൊക്കെയില്ലെ ഉണ്ണീ.'

പക്ഷെ, ഉണ്ണി പറഞ്ഞതു തന്നെ പറഞ്ഞാണു പിരിഞ്ഞതത്രെ.

രണ്ടു ദിവസം ഇതു മനസ്സിൽ നിറഞ്ഞു നിന്നു . മൂന്നാം നാൾ രാത്രി ചപ്പാത്തി തിന്നുമ്പോളാണ് വത്സല പെട്ടെന്നു ചോദിച്ചത്.

'അച്ഛന്റ കാശിയാത്ര എന്തായി'

പെട്ടെന്നുണ്ടായ ഞെട്ടലിൽ ചപ്പാത്തി ഇടത്തൊണ്ടയിൽ പോയി. ചുമച്ചു ചുമച്ചു കണ്ണിൽ വെള്ളം പൊടിഞ്ഞു. ആശ്വാസമായി ചോദ്യം വന്നല്ലൊ.

'വേണ്ടാച്ചാലൊ ന്നാണ്.'

ഉള്ളിൽ നിന്ന് ഉണ്ണ്യേമയുടെ അമർത്തിച്ചിരി കേൾക്കുന്നുണ്ടോ.

'ഉണ്ണ്യേമയില്ലാതെ യാത്രക്കൊന്നും തോന്നണ്ല്യ.'

രണ്ടു പേരുടെയും മുഖത്ത് ആശ്വാസമുണ്ടായിരുന്നോ എന്നറിയില്ല. ആ ഭാഗത്തേക്കു നോക്കിയില്ല. ചപ്പാത്തി കുറുമയിൽ മുക്കിത്തിന്നുന്ന തിരക്കിലായിരുന്നു.

അടുത്ത ദിവസങ്ങൾ പരികർമ്മമൊന്നുമില്ലാത്തതു കൊണ്ടു വായനയുമായി കഴിഞ്ഞു. ടെമ്പസ്റ്റ് ഒന്നു കൂടി മറിച്ചു നോക്കി. ബർണാഡ്ഷായുടെ 'ബാർഡോൾട്രി' പ്രയോഗം അസൂയ കൊണ്ടാണെന്നു പണ്ടേ തോന്നിയതാണ്.

ഞായറാഴ്ച രാവിലെ കാളിംഗ് ബല്ലടിച്ചപ്പോൾ ഉണ്ണിയാണ് പോയി തുറന്നത്. കൃഷ്ണദാസും, ജാനകിയും, സദാശിവനും തളത്തിലെക്കു കടന്നു. മൂന്നു പേരും റിട്ടയർ ചെയ്ത ടീച്ചർമാരാണ്. മൂന്നുപേരും തന്റെ സ്റ്റുഡൻസും സഹപ്രവർത്തകരുമായിരുന്നു. ഉണ്ണിയെ പഠിപ്പിച്ചവരാണ്. ജാനകിയെ മുൻനിർത്തി അവർ തന്റെ കാലു തൊട്ടുവണങ്ങി.

'എന്താണാവോ എല്ലാവരും പുറപ്പെട്ടത് വല്ല പിരിവുമാണോ.'

ഉണ്ണി പരിഭവം കാട്ടാതെ ചിരിച്ചു. വത്സലക്ക് ഈ വരവും ഇഷ്ടമായില്ലെന്നു തോന്നി.

'മാഷായിട്ടല്ല ഞങ്ങൾ വന്നത്. ശിഷ്യരായിട്ടാ. ഞങ്ങളെ മൂന്നു പേരേയും ഹെഡ്മാഷ് പഠിപ്പിച്ചിട്ടുണ്ട് : മൂന്നു നാലും കൊല്ലം. പിന്നെ പത്തിരുപതു വർഷം ഞങ്ങളുടെ ടീച്ചിംഗ് നോട്സ് മാഷ് ഒപ്പിട്ടിട്ടുണ്ട്.'

'മാഷ് കാരണമാ എനിക്ക് ഒരു സ്റ്റേറ്റ് അവാർഡ് കിട്ടിയത്.' സദാശിവൻ ഇടയ്ക്കു പറഞ്ഞു. വന്ന കാര്യമെന്താണെന്നറിയാതെ ഉണ്ണിയും വത്സലയും മുഖത്തോടു മുഖം നോക്കുന്നത് കണ്ടു ജാനകി അവരോടായി –

'ഞങ്ങളൊരപേക്ഷയുമായിട്ടാ വരണത്. നിങ്ങളുടെ അനുമതി തേടി. ശിഷ്യരെന്ന നിലയ്ക്ക് ഞങ്ങൾക്കൊന്നും മാഷക്ക് ചെയ്യാൻ കഴിഞ്ഞിട്ടില്ല.'

ജാനകി നിർത്തി, തന്റെ നേരെ തല കുനിച്ചു.

– 'ഉണ്ണിയ്ക്കറിയോ ഞാൻ കോളേജിൽ പോയതും ബി.എഡ് ചെയ്തതും മാഷ് കാരണമാണ്. എന്റച്ഛൻ അപകടത്തിൽ മരിച്ചപ്പൊ എന്റെ പഠിപ്പു മുടങ്ങി. ഹെഡ്മാഷ് വീട്ടിൽ വന്നു അമ്മയെ നിർബന്ധിച്ചാണ് പഠിപ്പു തുടർന്നത്.' ജാനകിയുടെ ശബ്ദം ഇടറി. പതിനായിരം തവണ ക്ലാസ്സെടുത്ത ടീച്ചർക്ക് വാക്കുകൾ തപ്പേണ്ടി വന്നു.

'അഞ്ചാറു കൊല്ലം എന്റെ എല്ലാ പഠിപ്പു ചിലവുകളും ഹെഡ് മാഷാണ് എടുത്തിരുന്നത്. കൂട്ടുകടവു സ്കൂളിൽ സീറ്റ് നേടിത്തന്നതും–' ടീച്ചർ മുഴുമിച്ചില്ല.

എല്ലാവരും നിശ്ശബ്ദരായിരുന്നു. എല്ലാവരും തല കുനിച്ചിരിക്കയാണ്.

'ഇപ്പൊ ഒരു മോഹം ഹെഡ് മാഷടെ കൂടെ ഒരു ടൂർ പോകണമെന്ന്. ഹെഡ്മാഷില്ലെങ്കിൽ ഞങ്ങളുമില്ലെന്നു അപ്പുമാഷോടു പറഞ്ഞു. മാഷ് പറയണത് ഈ ടൂർ തന്നെ ഒരു സ്തംഭനാവസ്ഥയിലാണെന്നാണ്.

വിദ്യാർത്ഥിനിയായും എന്റെ ഹെഡ് മാഷായും 25 ലേറെ വർഷം മാഷോടു

അടുത്തു പെരുമാറി. ഏറ്റവും വലിയ പാഠം മാഷെന്നെ പഠിപ്പിച്ചത് മറക്കാനാവില്ല. ജോലി കിട്ടി കല്യാണവും കഴിഞ്ഞ ശേഷം എന്റെ അമ്മ മാധവി പറഞ്ഞ പ്രകാരം ഞാൻ ഹെഡ് മാഷടെ കടം വീട്ടാൻ തുനിഞ്ഞു. സ്കൂളില്ലാത്ത ശനിയാഴ്ചകളിൽ മാഷ് സ്കൂളിലുണ്ടാവും, ഓഫീസ് വർക്ക് തീർക്കാൻ. സഹായിക്കാൻ ഞാനും പോവാറുണ്ട്.

ഒരിക്കൽ ഞാൻ സങ്കോചത്തോടെ മാഷടെ മുമ്പിൽ ഒരു ചെക്ക് വെച്ച് മാഷിത് സ്വീകരിക്കണമെന്നപേക്ഷിച്ചു. മാഷ് ചെക്ക് ശ്രദ്ധിക്കാതെ രണ്ടുമിനിറ്റ് എന്നെ നോക്കി. ആ പ്രത്യേക നോട്ടത്തിന്റെ ചൂടിൽ ഞാനുരുകാൻ തുടങ്ങി.

'കുട്ടി, ഞാൻ മാധവിക്കു കൊടുത്ത അണ്ടർടേക്കിംഗ് നിന്നെ ഞാൻ നോക്കിക്കോളാമെന്നാണ്. അതിനു കൂലിയൊന്നും പറഞ്ഞിട്ടില്ല. ഒരു പ്രതിജ്ഞ പോലെയല്ല പലപ്പോഴും അണ്ടർടേക്കിംഗ്, അതിൽ രണ്ടു പേർ ഉൾപ്പെട്ടിട്ടുണ്ട്. അതിനവധിയോ പീരീഡോ ഇല്ല.' മാഷ് പറഞ്ഞ ഓരോ വാക്കും ഇന്നും മനസ്സിൽ അലയടിയ്ക്കുന്നുണ്ട്.

'ഞാനീ ചെക്കു തൊട്ടാൽ, കുട്ടീ, എനിക്കെന്റെ ആത്മാവു മാത്രമല്ല നഷ്ടപ്പെടുക, ഈ ലോകം തന്നെ എനിയ്ക്കന്യമാവും.' ഉരുകിയുരുകി കണ്ണിൽ വെള്ളം നിറഞ്ഞു ഞാനെങ്ങനെയാണ് പുറത്തു കടന്നതെന്നറിയില്ല.

ഉണ്ണിയും വത്സലയും മിഴിച്ചു നില്പാണ്.

എല്ലാവരും മൂകതയിലമർന്നിരിക്കുന്നു.

സദാശിവൻ പെട്ടെന്നു മൂകതയെ തള്ളിമാറ്റി.

'മാഷ് പുറപ്പെട്ടാ മതി. ഞങ്ങളേറ്റു ബാക്കിയെല്ലാം. ഫ്ളൈറ്റ് ടിക്കറ്റു ബുക്ക് ചെയ്യാൻ നിങ്ങൾ ഓകെ പറയണം. അപ്പുമാഷ് പറഞ്ഞത് ഹെഡ് മാഷ് വരിണില്ലാന്നാ. നിങ്ങൾ അച്ഛനെ സമ്മതിപ്പിയ്ക്കണം. ഇതാണപേക്ഷ.'

താൻ ഇത്രയും നേരം ആരേയും നോക്കാനാവാതെ തരിച്ചിരിപ്പായിരുന്നു.

വത്സലയാണ് ആദ്യം നടുക്കത്തിൽ നിന്നുണർന്നു തലകുലുക്കി, മുഖത്തു ചിരിവരുത്തി പറഞ്ഞത്.

'ഞങ്ങൾക്കു സന്തോഷാണ്. വിരോധൊന്നുല്യ, അച്ഛന് പോണംച്ചാൽ.'

'നോർത്തിലെ കാലാവസ്ഥയും അച്ഛന്റെ ആരോഗ്യവുമാണ് പേടി.' ഉണ്ണി കൂട്ടിച്ചേർത്തു.

അവർ പോയതുമുതൽ രണ്ടു ദിവസം ഉണ്ണിയുടെ മുഖത്ത് ഒരു മ്ലാനത കെട്ടിനിന്നിരുന്നു. തനിയ്ക്കറിയാത്ത ഒരു

**I have heard a lot of you sir. നമിതക്ക് നൂറു നാവാണ്, അങ്ങയെപ്പറ്റി പറയാൻ**

ഭാവവും ഉണ്ണിയുടെ മുഖത്തു വിരിയില്ല. അവനെ വിളിച്ചു ഒന്നു സമാധാനിപ്പിച്ചാലോ എന്നു ഓർക്കായ്കയല്ല, ഉണ്ടായില്ല.

കൊച്ചി എയർപോട്ടിൽ വെച്ചു കണ്ടപ്പോൾ അപ്പുമാഷ് സ്വകാര്യമായി പറഞ്ഞു –

'നമ്മൾ അഞ്ചു പേർക്കു മാത്രമെ അറിയൂ, അതുമതി.'

പതിനെട്ടാം ദിവസം ഉച്ചക്ക് 11–50 ന് കൊച്ചി എയർപോട്ടിൽ നിന്നു പുറത്തുകടക്കുമ്പോൾ ഒന്നു രണ്ടു വട്ടം തിരഞ്ഞു ,ഉണ്ണിയുടെ മുഖം. വെറുതെ. കാണുമെന്നു വിചാരിച്ചതല്ല.

'ഈ പഴഞ്ചൻ കൃഷ്ണേട്ടന്റയല്ലെ.' റിംഗ് ചെയ്യുന്ന തന്റെ നരച്ച നോക്കിയയുമായി സുജിതൻ ഓടി വന്നു.

'ഇതു രണ്ടാമത്തെ വട്ടമാ അടിക്കണ്.'

ആരാണാവോ. എടുക്കുന്നതിനു മുമ്പ് കട്ടായി. ഉടനെ മൂന്നാമതും ബല്ലടിച്ചു.

'മുത്തച്ഛനെവിടാ? എന്തേ വരാഞ്ഞ് ഞങ്ങളെല്ലാം ഇവിടെ കാത്തിരിക്യാണ്.'

സ്തംഭിച്ചു. നമിതയുടെ ശബ്ദം പരിഭവമയം ഈ തലയ്ക്കൽ നിന്നു ഒന്നും കേൾക്കാഞ്ഞിട്ടാവും –

'ഉച്ചക്കു എന്നും വരാറുണ്ടല്ലൊ. ഉണ്ണാൻ, ഇന്നെന്തേ'

എന്തു പറയണമെന്നറിയാതെ ഒന്നു ഴറി. മെല്ലെ മുരടനക്കി.

'വരു വേഗം.' വിടുന്ന മട്ടില്ല.

'കുട്ടി, ഞനമ്പലത്തിലല്ലെ.പെട്ടെന്നെങ്ങനാ വരാ.'

'അതു പറ്റില്ല. ഉണ്ണാറായി. എല്ലാരും കാത്തിരിക്യാ.'

'നിങ്ങളു കഴിക്ക് ഞാൻ......'

'പറ്റില്ല.' പിന്നെ ശബ്ദം താഴ്ത്തി.

'മൂപ്പർക്കു മുത്തച്ഛനെ കാണണം. അല്ലാതെ പോവില്ലാത്രെ..'

ഉള്ളുമുട്ടു കലശലായി. ഫോൺ കയ്യിലിരുന്നു വിറച്ചു. പ്രതീക്ഷിക്കാത്ത സംഭവം.

'ഏട്ടനങ്ങട്ടു വരുന്നുണ്ട്. റെഡിയായിക്കോളു.' ഫോൺ കട്ടായി.

രണ്ടു മൂന്നു മിനിറ്റ് ആ ഇരുപ്പിലിരുന്നു. പിന്നെ കുപ്പായമെടുത്തു പുറത്തിറങ്ങി. മെല്ലെ നടന്നു തെക്കെ നടയിലെത്തി.

ഹരിയുടെ റൊയൽ എൻഫീൽഡ് സഡൺ ബ്രേക്കിട്ടുനിന്നു. അയാളുടെ മുഖത്തെ മുഷിച്ചൽ ഒപ്പിയെടുക്കാം. താൻ കയറിയതും വണ്ടിയെടുത്തു. ബൈക്കിലിരിയ്ക്കുമ്പൊഴും മനസ്സിൽ ആധിയായിരുന്നു. അവരുടെ മനസ്സിലുള്ള മുത്തച്ഛനല്ല താൻ. ഈ വേഷം ആ സദസ്സിനു ചേർന്നതല്ല. മഞ്ഞൾപ്പൊടിയും കുങ്കുമവും പുരണ്ട മുണ്ടും, തന്റെ ചന്ദനം ചാർത്തിയ നെററിയും, താടിയും, കുഴിഞ്ഞ കണ്ണുകളും – അഞ്ചു മിനിറ്റ് കൊണ്ടു പോർച്ചിലെത്തി.ഉണ്ണിയും വത്സലയുമൊന്നും ഉമ്മറത്തില്ല.

നാലഞ്ചു പേർ ദൂരെ നിൽക്കുന്നുണ്ട്. അവരെ നോക്കി ഹരി അനൗൺസ് ചെയ്തു.

'ഇതാണു ഞങ്ങളുടെ മുത്തച്ഛൻ ദ ഗ്രേറ്റ്.'

നമിത ഓടി വന്നു തന്റെ കൈപിടിച്ചു. ചെറുപുഞ്ചിരിയോടെ തന്റെ കണ്ണുകളിലേക്കു നോക്കി. ക്രമേണ തന്റെ ആധിയും പരവേശവും അയവിനും ആശ്വാസത്തിനും വഴി മാറി. നമിത കൈ കാട്ടിയതനുസരിച്ചു ഒരു പയ്യൻ കൂട്ടത്തിൽ നിന്നു പിരിഞ്ഞു മെല്ലെ അടുത്തെത്തി. അവന്റെ വടിവും, രൂപവും, നടപ്പും ഇഷ്ടപ്പെട്ടു.

'ഇത് ദേവകീനന്ദൻ. ഇപ്പോൾ മധുരയിലാണ് താമസം. മുത്തച്ഛന്റെ വലിയ ഫാൻ ആണ്.'

പിന്നെ സ്വരം താഴ്ത്തി ഒരു രഹസ്യം പങ്കുവെയ്ക്കുന്ന പോലെ തന്റെ ചെവിയിൽ – 'ഇയാളാണെന്നെ വളച്ചത്.'

അയാൾ തൊഴുതു, താൻ നീട്ടിയ കൈ പിടിച്ചു. ആരാധനയോടെ തന്റെ മുഖത്തു നോക്കി –

'ഐ ഹാവ് ഹേഡ് എ ലോട് ഓഫ് യു സർ. നമിതയ്ക്ക് നൂറു നാവാണ അങ്ങയെപ്പറ്റി പറയാൻ.'

അയാളുടെ നനുത്ത മീശയുടെ താഴെ ചുണ്ടുകളിൽ ഒരു തരി പുഞ്ചിരി വിരിഞ്ഞത് പതുക്കെ മുഖം മുഴുവൻ വ്യാപിച്ചു. ആ തിളങ്ങുന്ന കണ്ണുകളിൽ ആരാധനയും ആഹ്ലാദവും നിറഞ്ഞു. അയാൾ കുനിഞ്ഞു തന്റെ കാൽ തൊട്ടു. 'അവൾക്കറിയുന്നതൊക്കെ എനിക്കുമറിയാം'

ആ ചിരിയിൽ മുഖസ്തുതിയില്ല. താനേതോ ലോകത്തെത്തിയതുപോലെ തോന്നി. കാലുകൾ നിലത്തല്ല. ഫ്ളോട്ടിംഗ്.

'ഇനി ഊണ് –'

നമിത മുന്നിൽ നടന്നു. ●

കെ.എം.എസ് ഭട്ടതിരിപ്പാട്
Phone:9744999300, ഗുരുപവൻ, കോട്ടപ്പടി.
കോട്ടക്കൽ. 676503. മലപ്പുറം ജില്ല.

# പ്രാണന്റെ പ്രാണ

## 1 പ്രാണന്റെ പ്രാണ

നോക്കൂ,ശരിക്കുള്ള തകരാറുകൾ കണ്ടെത്താതെ/ അല്ലെങ്കിൽ അതിനു കഴിയാതെ ചികിത്സ നടത്തുകയല്ലേ നമ്മൾ.

ഒരു നിമിഷം ചിന്തിക്കൂ; ഇതാണോ ശാസ്ത്രീയം?

നിങ്ങളുടെ ശരീരത്തിന്റെ പരമാധികാരി നിങ്ങൾ മാത്രമാണ്. ഒരാശുപത്രിയും ഒരവയവും അതിനു പകരമാവില്ല. 'പ്രാണ'യുടെ വേറിട്ട പ്രവർത്തനങ്ങൾ അസുഖമുള്ള ശരീരത്തിന് നവോന്മേഷം നൽകുന്നു ഒപ്പം

**PRANA Rejuvenates your soul**

മൊബൈൽ ഫോൺ സ്ക്രീനിൽ അഞ്ചു മണിക്കൂർ. ലാബ് ടോപ്പിൽ മറ്റൊരഞ്ച്.വാഹനത്തിൽ ഇനിയൊരഞ്ച്.ഭക്ഷണവും വിശ്രമവും വ്യായാമവും എല്ലാമുണ്ട്. പക്ഷേ സമയത്താവണമെന്നില്ല.ഫലം ശരീരത്തിന്റെ എല്ലുറപ്പുകൾ കുറയുന്നു

ബാക്ക് പെയിൻ, സർവ്വിക്കൽ സ്പോണ്ടുലോസിസ്, മുട്ടുവേദനകൾ, ജോയൻറ് പെയിൻ തുടങ്ങി പലതും നമ്മെ പിടി കൂടുന്നു.പരിഹാരമായി മോഡേൺ മെഡിസിനിൽ മിക്കവാറും നിർദ്ദേശിക്കുക, തകരാറിലായ ബോഡി പാർട്സുകളുടെ മാറ്റിവെക്കലാവും. അതിനു പേടിയുള്ളവർ ചില എണ്ണ, കുഴമ്പുകളിലും ഓർത്തോ ടാബുകളിലും അഭയം തേടും. സുഖമായി നടക്കാനും കിടക്കാനും പറ്റാതെ ഒരായുസ്സ് മുഴുവൻ അനുഭവിച്ചു തീർക്കുകയാണ് മിക്കവരും.

## 2 പ്രാണ പ്രതിഷ്ഠ

'പ്രാണ' വെറും ഒരാശുപത്രിയല്ല, നിങ്ങളെ അറിഞ്ഞ്, ശരീരത്തെ അറിഞ്ഞ്, ഓർത്തോ പ്രശ്നങ്ങൾ തീർക്കാൻ ആവശ്യമായ ഉഴിച്ചിലുകൾ നടത്തുന്നു, തുടർ പരിപാലനം നിർദ്ദേശിക്കുന്നു. ടോട്ടൽ പുനരുജ്ജീവനം സാധ്യമാക്കുന്ന ഒരു സൊലൂഷൻ പ്രൊവൈഡറായി പ്രാണയെ അറിയാം.

'പ്രാണ'യുടെ സഹസ്ഥാപകനും മുഖ്യചികിത്സകനുമാണ് എള

ബാക്ക് പെയിൻ, സർവ്വിക്കൽ സ്പോണ്ടുലോസിസ്, മുട്ടുവേദനകൾ, ജോയൻറ് പെയിൻ തുടങ്ങി പലതും നമ്മെ പിടികൂടുന്നു.പരിഹാരമായി മോഡേൺ മെഡിസിനിൽ മിക്കവാറും നിർദ്ദേശിക്കുക, തകരാറിലായ ബോഡി പാർട്സുകളുടെ മാറ്റിവെക്കലാവും. അതിനു പേടിയുള്ളവർ ചില എണ്ണ, കുഴമ്പുകളിലും ഓർത്തോ ടാബുകളിലും അഭയം തേടും.

മ്പുലാശ്ശേരി സദനം മണികണ്ഠൻ. പാരമ്പര്യമായി കളരിപ്പണിക്കന്മാരുടെ കുടുംബം. മുത്തച്ഛൻ പങ്കുണ്ണി വൈദ്യൻ പേരുകേട്ട വിഷചികിത്സകനായിരുന്നു. മണികണ്ഠൻ സദനത്തിൽ കഥകളി അഭ്യസിച്ച് പത്തു വർഷങ്ങൾ വേഷക്കാരനായി നിരവധി രാജ്യങ്ങളിൽ സഞ്ചരിച്ചു.കൂടെയുള്ള ചില കലാകാരന്മാരുടെ വിട്ടുമാറാത്ത ആരോഗ്യ പ്രശ്നങ്ങൾ മണികണ്ഠൻ അറിയുമായിരുന്നു. അവരുടെ നിരന്തരമായ അപേക്ഷയിൽ, താൻ പാരമ്പര്യമായും പിന്നീട് ബാലകൃഷ്ണൻ വൈദ്യരുടെ ഗുരുമുഖത്തു നിന്നുമറിഞ്ഞ വിദ്യകൾ മണികണ്ഠൻ പ്രയോഗിച്ചു. ഫലം കണ്ടപ്പോൾ ഇക്കാര്യത്തിൽ കൂടുതൽ പഠിക്കാൻ തന്നെ തീരുമാനിച്ചു.എല്ലുകളും സന്ധികളും നാഡീഞരമ്പുകളും സംബന്ധിച്ച പഴയ ഗ്രന്ഥങ്ങൾ തേടിപ്പിടിച്ച് വായിച്ചപ്പോൾ ഭാരതീയർ പറഞ്ഞു വെച്ച അറിവുകൾ വല്ലാതെ അത്ഭുതപ്പെടുത്തി.അന്യം നിൽക്കുന്ന മർമ്മ ചികിത്സകൾ ഗുരുവിന്റെ അടുക്കൽ പോയി 2 വർഷം കൊണ്ട് പഠിച്ചു. അതോടെ ആരോഗ്യ പരിപാലനമാണ് തന്റെ മേഖല എന്ന് മണികണ്ഠൻ തിരിച്ചറിഞ്ഞു.25 വർഷങ്ങളുടെ സേവന പാരമ്പര്യത്തോടെ പ്രാണ 2023 ൽ ഒറ്റപ്പാലത്ത് സ്വന്തം സ്ഥാപനത്തിലേക്കു മാറി.

## 3 പ്രാണായാമം

കേരളത്തിന്റെ തനത് ആയോധന കലയായ കളരി മെയ് വഴക്കത്തിന്റെയും ശക്തിയുടെയും ശാസ്ത്രീയമായ അഭ്യാസമാണ്.സമ്പൂർണ്ണ കലയായ കഥകളിയിൽ ഇരുപതു കിലോഗ്രാമിൽ കൂടുതൽ ഭാരമുള്ള വേഷവിധാനങ്ങൾ വേഷക്കാരൻ അണിയണം. ശക്തി ചോരാതെ നടനവേദിയിൽ നാലും അഞ്ചും മണിക്കൂറുകൾ ആടാനുള്ള പ്രാപ്തി വേണം. ആയുർവേദത്തിൽ ശരീരശാസ്ത്രത്തിന്റെ സത്തയാണ് മർമ്മചികിത്സ. കളരിച്ചിട്ട കളും കഥകളിയുടെ മെയ്യഭ്യാസ രീതികളും മർമ്മ ചികിത്സയും നൽകിയ അറിവുകൾ സംയോജിക്കുന്നതാണ് 'പ്രാണ'യുടെ പ്രാണൻ. മർമ്മറിഞ്ഞ് ചികിത്സ നിർദ്ദേശിക്കുന്ന കേരളത്തിലെ ഒരേ ഒരു കേന്ദ്രമാണ് 'പ്രാണ'.

## 4 പ്രാണ പ്രക്രിയ

ശരീരത്തിന്റെ ഊർജ്ജചക്രത്തെ ശല്യപ്പെടുത്തുന്ന വാത പിത്തകഫ ദോഷങ്ങളുടെ കാരണങ്ങൾ പ്രാണ കണ്ടെത്തുന്നു.അസുഖത്തിന്റെ തീവ്രത അനുസരിച്ച് 7, 9 ,11, 14 , ദിവസങ്ങളുടെ ഉഴിച്ചിൽ കൊണ്ട് നിങ്ങളുടെ അസുഖങ്ങളെ പൂർണ്ണമായും സുഖപ്പെടുത്തി ഉർജ്ജവും ഉൻമേഷവും

ശരീരത്തിന്റെ ഊർജ്ജ ചക്രത്തെ ശല്യപ്പെടുത്തുന്ന വാത പിത്തദോഷങ്ങളുടെ കാരണങ്ങൾ പ്രാണ കണ്ടെത്തുന്നു.മസാജിങ്ങും ചികിത്സയും നിങ്ങൾക്കു തന്നെ ചെയ്യാവുന്നതേയുള്ളൂ.




കരുത്തും നൽകാൻ പ്രാണ നിങ്ങളെ സഹായിക്കുന്നു അതു

7, 9, 11, 14 ദിവസങ്ങളുടെ ഉഴിച്ചിൽ ഉൾപ്പെടുന്ന പാക്കേജുകളാണ് പ്രാണയിൽ ഉള്ളത്.

ഏത് പ്രായക്കാർക്കും ഇവിടെ വരാം.നടുവേദന, ഡിസ്ക് പ്രയാസങ്ങൾ, സെർവിക്കൽ സ്പോണ്ടിലൈറ്റിസ്, അപകടങ്ങളുടെ ഫലമായി എല്ലുകൾക്ക് ഉണ്ടാവുന്ന തകരാറുകൾ, സ്പോർട്സ് വഴി വന്ന പരിക്കുകൾ, ടെന്നീസ് എൽബോ, സ്ട്രോക്കുകളുടെ ഫലമായി എല്ലുകൾക്ക് വരുന്ന തളർച്ച,തോളിൽ വേദന, കഴുത്ത് വേദന, കഠിനമായ തലവേദന, ഉറക്കമില്ലായ്മ, മാറാത്ത ക്ഷീണം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിച്ച് നിങ്ങൾക്ക് കരുത്തും ഉന്മേഷവും പ്രാണ തിരിച്ചു തരുന്നു.

### 5 ‘പ്രാണ’ ബലം

സ്വദേശികളും വിദേശികളുമായി ധാരാളം പേർ പ്രാണയുടെ ആതിഥ്യം സ്വീകരിച്ചിട്ടുണ്ട്. അണ്ടലാടി, തെക്കിനിയേടത്ത്, പാഴിയേടം മനകളിലെ പല തിരുമേനിമാരും പ്രാണയുടെ ശക്തിയും അനുഗ്രഹവുമാണ്. നാട്ടിലെ പ്രശസ്തരായ കലാകാരന്മാരിൽ (കഥകളി, വാദ്യ കലാകാരന്മാർ) വർഷാവർഷവും പ്രാണയിൽ എത്തുന്നു. അതുപോലെ ഇവിടെ വരാറുള്ള നിരവധി വിദേശികളിൽ ഫ്രഞ്ച് പൗരനായ നൃത്താധ്യാപകൻ ഉണ്ട്. കഥകളി കലാകാരനായ ഇദ്ദേഹം പ്രാണയുടെ സഹായത്തോടെ പൂർണമായി സുഖം പ്രാപിച്ചു.ഇതെല്ലാം സവിനയം രേഖപ്പെടുത്തുന്നതിൽ ഞങ്ങൾക്ക് സന്തോഷമേ ഉള്ളൂ.



### 6 പ്രാണ ക്ഷേത്രം

അസുഖങ്ങളുടെ കാരണങ്ങളെയാണ് ഇവിടെ കണ്ടെത്തുന്നതും ചികിത്സിക്കുന്നതും. കഴിക്കാൻ അധികം മരുന്നുകൾ ഇല്ല. പാലിക്കാവുന്ന പത്ഥ്യങ്ങളേ ഉള്ളു താനും.

പ്രധാനം തൈലചികിത്സയാണ്. എല്ലുകളെയും ഞരമ്പുകളെയും ഉഴിഞ്ഞു ശരിയാക്കാൻ പറ്റുന്ന അപൂർവ്വമായ ഔഷധക്കൂട്ടുകൾ പ്രാണയ്ക്കുണ്ട്.

പ്രാണയുടെ പ്രവർത്തന കേന്ദ്രം ഒറ്റപ്പാലത്താണ്. നിങ്ങൾ എത്തേണ്ടതും അവിടെയാണ്.

എന്നാൽ ഏറെ ദൂരെയുള്ള ആൾക്കാർക്ക് പ്രാണയിലെത്താൻ കഴിയുന്നില്ലെങ്കിൽ പ്രാണ നിങ്ങളുടെ അടുത്തെത്തും.

കേരളത്തിൽ കോഴിക്കോട്, മലപ്പുറം, തൃശൂർ ,പാലക്കാട് ജില്ലകളിൽ പ്രത്യേകിച്ചും ഈ സേവനം ഉണ്ട്. മറ്റുള്ളവർക്കും വിളിക്കാം, സമയം ഫിക്സ് ചെയ്ത ശേഷം മാത്രം പ്രാണയിൽ വരിക.സൗഖ്യം നേടുക.

പ്രാണ: നിങ്ങൾക്കു തുല്യം നിങ്ങളെ അറിയുന്നവർ

വിളിക്കാം,

പ്രാണ കഥകളി കളരി പാരമ്പര്യ മർമ്മ ചികിത്സാലയം, ഒറ്റപ്പാലം, പാലക്കാട് . പ്രവർത്തന സമയം: 7am to 7pm ഫോൺ:9446766352, (only whatsapp-8075574494)
E-mail-pranarejuvenation@gmail.com

# ആടുജീവിതത്തിലെ നമ്പൂതിരി

## K.R. Gokul as Hakkeem





കുടുംബം@പെരുമൻപുറ, പെരുമണ്ണ, കോഴിക്കോട്. അച്ഛൻ കല്ലംവള്ളി രാമകൃഷ്ണഹരി നമ്പൂതിരി (ജ്യോതിഷി, തന്ത്രി, യോഗക്ഷേമസഭ തന്ത്രിമണ്ഡലം സംസ്ഥാന നിർവ്വാഹക സമിതി അംഗം), അമ്മ എൻ.എം. ശ്രീജ, സഹോദരൻ രാഹുൽ, സഹോദരഭാര്യ അഞ്ജന.



## ഡോക്ടർ അരുൺ പി എസ്. എം ഡി

**(പീഡിയാട്രിക്സ്)**

**ഡി എം (പീഡിയാട്രിക് കാർഡിയോളജി)**

ബംഗളൂരു ജയദേവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയോളജിയിൽ നിന്ന് പീഡിയാട്രിക് കാർഡിയോളജി DM നേടി. മണ്ണാർക്കാട് പുളിയശ്ശേരി മന ഡോക്ടർ സതീശൻ – ഗീത (റിട്ടയേർഡ് ടീച്ചർ) ദമ്പതിമാരുടെ മകനാണ് അരുൺ. ഭാര്യ: ഡോക്ടർ എ വി അഞ്ജന. മകൾ: ഗൗരി

**Mob:9061200565**



## സുചിത്ര പി.

ബാംഗ്ലൂർ സെന്റർ ഫോർ നാനോ ആൻഡ് സോഫ്റ്റ് മാറ്റർ സയൻസിൽ(CeNS) നിന്നും മെറ്റീരിയൽ സയൻസിൽ ഡോക്ടറേറ്റ് നേടിയ സുചിത്ര പി . പുളിയശ്ശേരി ഇല്ലത്തു കൃഷ്ണൻ നമ്പൂതിരിയുടെയും(കണ്ണിപറമ്പ് ഉപസഭ) ആലങ്കോട് കക്കാട് മനക്കൽ(ശുകപുരം ഉപസഭ) സുശീലയുടെയും മകളാണ്.

# പാർവ്വതിയുടെ 'ശ്യാമയി'

കേരളത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിൽ ഏലംകുളത്തിന് സവിശേഷമായ പ്രാധാന്യമുണ്ട്. കേരള സംസ്ഥാനം രൂപീകരിച്ച് ആറര പതിറ്റാണ്ട് പിന്നിടുന്ന ഈ വേളയിൽ, നമ്പൂതിരി സമുദായത്തിൽ പുതിയൊരു വിപ്ലവത്തിന്റെ കാറ്റ് വീശുന്ന കഥയാണ് ഇപ്പോൾ പറയാനുള്ളത്. ആധുനിക കേരളത്തിലെ നമ്പൂതിരി സ്ത്രീകൾ വെറും അന്തർജ്ജനങ്ങളല്ല, ബിസിനസ് രംഗത്തും അവർക്കു വലിയ മുന്നേറ്റം നടത്താൻ കഴിയുമെന്ന് തെളിയിക്കുന്നത് ഏലംകുളം കുന്നക്കാവ് കുടൽവള്ളി ഇല്ലത്തെ എം.എസ്. പാർവതിയാണ്. വെറുമൊരു വീട്ടമ്മയായി കഴിഞ്ഞ് സമയം കളയാതെ, സ്വന്തമായി സംരംഭം തുടങ്ങി വിജയിപ്പിച്ചിരിക്കുകയാണ് പാർവതി.

മൂത്തമകൾ ഡോ. ശിൽപയെ വിവാഹം ചെയ്തത് പാഴൂർ വടക്കില്ലത്തെ ദേവദാസ് നമ്പൂതിരിപ്പാടിന്റെയും (നാഗാർജുന ഗ്രൂപ്പ്) ലീന അന്തർജനത്തിന്റെയും മകനായ ഡോക്ടർ ജിഷ്ണു ആണ് .കൊച്ചിയിൽ ഓർത്തോപീഡിക് സർജനായി ജോലി നോക്കുന്നു. രണ്ടാമത്തെ മകൾ ശ്രേയ ഉപരിപഠനത്തിനായി ലണ്ടനിലും. ചെറിയ മകൾ ശ്രീ പാർവതി പാലക്കാട്ട് ആണ് എൽ.എൽ.ബി ചെയ്യുന്നത്. ഭർത്താവ് അഡ്വ. ടി.കെ.ശങ്കരൻ രാവിലെ ഓഫീസിലേക്കു പോകും. അതോടെ പാർവതി വീട്ടിൽ തനിച്ചാകും. കുട്ടികളെല്ലാം വ്യത്യസ്ത ദിക്കുകളിലായതോടെ പാർവതിക്ക് കിട്ടുന്ന ഒഴിവ് സമയങ്ങൾ കൂടി. അന്നേരമാണു സ്വന്തമായി എന്തെങ്കിലുമൊരു സംരംഭം തുടങ്ങിയാലോ എന്നാലോചിച്ചത്.

അമ്മയുണ്ടാക്കുന്ന കാച്ചിയ വെളിച്ചെണ്ണയുടെ നറുമണം അറിയാതെ മനസ്സിലേക്കെത്തി. വീടിനോടു ചേർന്നുള്ള പറമ്പിൽ എല്ലാ പച്ചമരുന്നുകളും സുലഭം. വെളിച്ചെണ്ണയ്ക്കു വേണ്ട തേങ്ങയും ധാരാളം. പുതിയ ബിസിനസ് ആശയത്തിനു തീപകർന്നുകൊണ്ട് തലയിൽ തേച്ചു കുളിക്കുന്ന ഹെർബൽ ഓയിൽ ഉണ്ടാക്കി പാർവതി. 'തലയിലെ താരൻ ഇല്ലാതായി', 'മുടികൊഴിച്ചിൽ നിന്നു..', 'എണ്ണ തലയിൽ തേച്ചുകുളിച്ചാൽ നല്ല ഉറക്കം കിട്ടും' എന്നൊക്കെ ഉപയോഗിച്ചവർ നല്ല അഭിപ്രായം പറഞ്ഞതോടുകൂടി ഈ സംരംഭകയ്ക്ക് തിരിഞ്ഞുനോക്കേണ്ടി വന്നില്ല.

പെരിന്തൽമണ്ണ എം.എൽ.എ നജീബ് കാന്തപുരം ശ്യാമയിയെക്കുറിച്ച് സമൂഹമാധ്യമത്തിൽ കുറിപ്പിട്ടതോടെ രാഷ്ട്രീയക്കാർക്കിടയിലും പൊതുജനങ്ങൾക്കിടയിലും നല്ല ഡിമാൻഡ് ആയി. മറ്റു ജില്ലയിൽനിന്നൊക്കെ ശ്യാമയി തിരക്കി അന്വേഷണം വന്നുതുടങ്ങിയതായി പാർവതി പറഞ്ഞു. നജീബ് കാന്തപുരത്തെപോലെ ഒട്ടേറെ ജനപ്രതിനിധികൾ ശ്യാമയി ഉപയോഗിക്കുന്നുണ്ട്. മനോരമ അടക്കമുള്ള






വീട്ടുകാര്യങ്ങൾക്കൊപ്പം വീട്ടമ്മമാർ സ്വന്തമായി വരുമാനമുണ്ടാക്കുന്നത് പ്രയോറിറ്റിയായി എടുക്കണം. എല്ലാ സ്ത്രീകളും ഡ്രൈവിംഗ് പഠിക്കണം. ഓരോ സ്ത്രീയും സ്വയംപര്യാപ്തയാവണം.



പത്രങ്ങളിലും ലോക്കൽ ചാനലുകളിലും ശ്യാമയി ഇപ്പോൾ താരമാണ്.. ഒപ്പം ബിസിനസ് അരങ്ങത്ത് പാർവതിയും.

വീടും ബിസിനസ്സും നോക്കി നടത്തുമ്പോൾ തന്നെ ഒട്ടേറെ സാമൂഹിക പ്രവർത്തനവും പാർവതിയും കുടുംബവും ചെയ്യുന്നു. അതിലൊന്ന് ഒരുമ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രസിഡന്റ് കൂടിയായ ശങ്കരൻ വക്കീൽ ട്രസ്റ്റ് ന്റെ സഹായത്തോടെ എല്ലാ റമദാൻ മാസത്തിലും അവരുടെ വീട്ടിൽ വെച്ച് നടത്തുന്ന സമൂഹ നോമ്പുതുറയാണ്. ഇഫ്താറിനോടനുബന്ധിച്ച് ഇവരുടെ വീടിനകത്ത് കൂട്ട നമസ്കാരവും നടക്കാറുണ്ട്. സ്നേഹത്തിന്റെയും മതേതരത്വത്തിന്റെയും വലിയ മാതൃക.

കേരളത്തിൽ നിന്നുള്ള ശ്യാമയി എന്ന ബ്രാൻഡ് ലോകത്തോളം ഉയരുന്ന ദിനങ്ങൾക്കായി നമുക്ക് കാത്തിരിക്കാം....
വിളിക്കാം, 'ശ്യാമയി' വാങ്ങാം. ടെൻഷനുകളുടെ ലോകത്ത് തലയൊന്നു തണുപ്പിക്കാം.
100 മില്ലി ബോട്ടിൽ 250 രൂപ.

പാർവ്വതി: 8156958522

## നാം 2024
## നമ്പൂതിരി മഹാസംഗമം

മെയ് 24, 25 (വെള്ളി, ശനി) ദിവസങ്ങളിൽ തൃശൂർ നടത്തറ പുഴയോരം ഇന്റർനാഷണൽ കൺവെൻഷണൽ സെന്ററിൽ

**മൊബൈൽ:**

**9745005928, 9413110367**


## ശ്രദ്ധാഞ്ജലി



## സരസ്വതി അന്തർജ്ജനം

**W/o Late നരിപ്പറ്റ മനക്കൽ ഭവത്രാതൻ ഭട്ടതിരിപ്പാട്**

*ആദരാഞ്ജലികളോടെ,*

മക്കൾ: മോഹനൻ, വാസുദേവൻ, ഗീത, സതീശൻ, ദിനേശൻ, മുരളി, ഹരി, പ്രേമ. മരുമക്കൾ: സാവിത്രി, ശ്രീദേവി, ത്രിവിക്രമൻ നമ്പൂതിരി, രമ, ലത, സജി, സാവിത്രി, ദാമോദരൻ നമ്പൂതിരി. സഹോദരങ്ങൾ: ലീല , ശാന്ത.

## ബാഷ്പാഞ്ജലി



നീലേശ്വരം തെക്കേടത്ത് മന
**ഡോക്ടർ ടി ത്രിവിക്രമൻ** നിര്യാതനായി.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഗണിത വിഭാഗം മുൻ തലവൻ.വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പ്രിയപ്പെട്ട ടി ടി സാർ.

നിരവധി ഗവേകരുടെ മാർഗ്ഗദർശി.നാഷനൽ, ഇൻറർനാഷനൽ ജേർണലുകളിൽ മുന്നൂറിൽപ്പരം പ്രബന്ധങ്ങൾ. സർവ്വകലാശാലകളിൽ വിസിറ്റിംഗ് ഫാക്കൽട്ടി. ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റി സ്ഥാപക പ്രസിഡണ്ട്, കേരളാ മാത്തമാറ്റിക്കൽ സൊസൈറ്റി അധ്യക്ഷൻ. ഗ്രന്ഥകർത്താവ്. വിനയത്തിന്റെ നേർരൂപമായ ഒരു റിയൽ മാത്തമാറ്റീഷ്യൻ ഈ മാർച്ച് 25 രാത്രി നമ്മെ വിട്ടു പോയിരിക്കുന്നു.

സഹധർമ്മിണി: ആലുവ പാലേലി മന **നിർമ്മലാദേവി**, മകൻ **ഡോ: ടി ദിനേശ്** (കാഞ്ഞങ്ങാട് നെഹ്റു കോളേജ് ഗണിത വിഭാഗം തലവൻ). മരുമകൾ ആലുവ പള്ളത്തേരി മകൾ **പ്രിയ**. (നീലേശ്വരം സെന്റ് പീറ്റേഴ്സ് സ്കൂൾ ടീച്ചർ). സഹോദരൻ **ടി നാരായണൻ** (ഏജീസ് ഓഫീസ് തിരുവനന്തപുരം റിട്ടയേർഡ്).

**ഫോൺ: ഡോ: ദിനേശ്: 9447270818**

# കൃഷ്ണായനം-84

**ദിലീപ് കരുവാട്**



മനുഷ്യാലയങ്ങൾ ദേവാലയങ്ങൾ എന്നിങ്ങനെ വിവിധതരം കെട്ടിടങ്ങളുടെ നിർമ്മാണ രീതി, ഉപയോഗിക്കുന്ന വസ്തുക്കൾ, ശില്പവിദ്യകൾ, എന്നിവ പ്രതിപാദിക്കുന്ന സയൻസാണ് തച്ചുശാസ്ത്രം. ഈ വിജ്ഞാനശാഖയെ വാസ്തുവിദ്യയെന്നും വിളിക്കാറുണ്ട്. കെട്ടിടനിർമ്മിതിയെ സംബന്ധിച്ചുള്ള നിയമങ്ങളും പ്രവർത്തന രീതികളും വിധിനിഷേധങ്ങളും കാര്യകാരണസഹിതം വാസ്തുശാസ്ത്രം പരിശോധിക്കുന്നു. പഞ്ചഭൂതാത്മകമായ വിശ്വപ്രകൃതിക്ക് വിധേയമായി വേണം ഓരോ നിർമ്മാണവും എന്നതാണ് വാസ്തുശാസ്ത്രത്തിന്റെ കാതൽ.

തക്ഷു എന്ന സംസ്കൃത പദത്തിൽ നിന്നും ഉണ്ടായതാണ് 'തച്ച്'. നിയതമായ ശരീരമില്ലാത്ത വസ്തുക്കളെ ചെത്തി രൂപപ്പെടുത്തി ഗൃഹശരീരമാക്കി മാറ്റിയെടുക്കലാണ് തച്ചുപണി. സമാനമായ വിജ്ഞാന ശാഖകൾ ലോകത്തെ വിവിധ സമൂഹങ്ങളിൽ ഉരുവപ്പെട്ടു വന്നിട്ടുണ്ട്. ഭാരതത്തിലാണെങ്കിൽ വാസ്തുവിദ്യക്ക് വിപുലമായ അർത്ഥവിതാനങ്ങളുണ്ട്. വീടുകൾ, ക്ഷേത്രങ്ങൾ, വാഹനങ്ങൾ, കിണർകുളം മുതലായ ജലാശയങ്ങൾ, മൃഗങ്ങൾക്കും മറ്റും ഉണ്ടാക്കുന്ന ആലയങ്ങൾ എന്നിവയുടെ നിർമ്മാണങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു.

വാസ്തുവിദ്യയിൽ നിർമിതിയുടെ കണക്ക് നിശ്ചയിച്ച് ആദ്യവസാന മേൽനോട്ടം വഹിക്കുന്നയാളാണ് സ്ഥപതി. തച്ചുശാസ്ത്രത്തിൽ സ്ഥപതി എന്ന ഗണത്തിലാണ് കാണിപ്പയ്യൂർ കുടുംബം ഉൾപ്പെടുന്നത്. തിരുവിതാംകൂർ, തൃപ്പൂണിത്തുറ, സാമൂതിരി രാജകുടുംബരേഖകളിൽ പലതിലും വാസ്തുവിദ്യയിലെ കാണിപ്പയൂർ പാരമ്പര്യം എടുത്തു പറയുന്നുണ്ട്. പണ്ടത്തെ പല കൊട്ടാരങ്ങളും മഹാക്ഷേത്രങ്ങളും ഈ മനക്കാരുടെ നിർദ്ദേശാനുസരണം നിർമ്മിച്ചവയാണ്.



*ശതാഭിഷിക്തനായ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്*

കൊട്ടാരക്കെട്ടുകളിൽ മാത്രം നിന്നിരുന്ന വാസ്തുവിദ്യ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തുന്നത് പണ്ഡിതരാജൻ കാണിപ്പയൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കാലത്താണ്. അദ്ദേഹത്തിന്റെ സഹോദര പൗത്രനും ശിഷ്യനുമാണ് ഇന്നീ രംഗത്തെ കുലപതിയായ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്. മീനത്തിലെ അനിഴം നാളിന് - 2024 മാർച്ച് 30 ശനി - വാസ്തുവിന്റെ ആചാര്യൻ എൺപത്തിനാലാം പിറന്നാൾ ആഘോഷിച്ചു.

1958 ൽ എസ്.എസ്.എൽസി ജയിച്ച ഉടനെ പണ്ഡിതരാജന്റെ നിർബന്ധത്തിൽ തൃശ്ശൂർ കേരളവർമ്മ കോളേജിൽ ചേർന്നു. ബിരുദം നേടിയതിനു ശേഷം 1963ൽ എറണാകുളം മഹാരാജാസിൽ എം എസ്സി. 1965ൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ലക്ചറർ ആയ .1966ൽ തൃശൂർ കേരളവർമ്മയിലേക്ക് മാറി.വിവാഹം 1968 ഡിസംബറിൽ.വധു പുതുവാ മന സാവിത്രി.

പണ്ഡിതരാജന്റെ വത്സല ശി

ജനനം: 1940 മാർച്ച് 26 1115 മീനത്തിലെ അനിഴം.
വിശ്വാമിത്ര ഗോത്രം
ഋഗ്വേദം
കാണിപ്പയൂർ ദേശം
അച്ഛൻ: കൃഷ്ണൻ നമ്പൂതിരി
അമ്മ :മുരിയമംഗലം മകൾ ദേവകി അന്തർജനം.
സഹോദരങ്ങൾ:
1. പരമേശ്വരൻ നമ്പൂതിരിപ്പാട് (പഞ്ചാംഗം പുസ്തകശാല)
2 ഭാരതി (ചാത്തനൂർ കക്കാട്)
3 ദാമോദരൻ നമ്പൂതിരിപ്പാട് (Late)
4 നാരായണൻ നമ്പൂതിരിപ്പാട് (ജ്യോതിഷം)
മക്കൾ, മരുമക്കൾ: 1നിർമ്മല –ഹരി കൂനംപിള്ളി
2 വത്സല – സുനിൽ കുമാർ പെരാങ്ങാട്ട്
3 സതി – ബാബുരാജ് ഉള്ളാമ്പുഴ
4 സാവി – ദിലീപ് കരുവാട്
5 കൃഷ്ണൻ നമ്പൂതിരി – അദ്രിത കിടങ്ങഴി.

## പൊസിഷനുകൾ

ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ വാസ്തു വിദഗ്ധൻ.
മഹർഷി മഹേഷ് യോഗി വേദിക് യൂനിവേഴ്സിറ്റി (നെതർലൻഡ്സ്) ഡീൻ.
– ചെയർമാൻ, വാസ്തുവിദ്യാഗുരുകുലം, സാംസ്ക്കാരിക വകുപ്പ്, കേരള സർക്കാർ
– ആർകിടെക്ട്: ഹ്യൂസ്റ്റൺ ഗുരുവായൂരപ്പ ക്ഷേത്രം, യു എസ് എ
– ഫ്ളോറിഡ അയ്യപ്പക്ഷേത്രം, യു എസ് എ
– വാസ്തുശിൽപ്പി :
നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം
വാസ്തു കൺസൾട്ടന്റ്, ശബരിമല, ഗുരുവായൂർ ക്ഷേത്രങ്ങൾ.
–കേരളത്തിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളുടെ വാസ്തു വിദഗ്ധൻ.
കേരളകലാമണ്ഡലം ആചാര്യൻ.
വാസ്തുവിഷയത്തിൽ ധാരാളം ലേഖനങ്ങളും പുസ്തകങ്ങളും എഴുതി.
2015 ൽ യുനസ്കോയുടെ ആദരവടക്കം നിരവധി പുരസ്ക്കാരങ്ങൾ കാണിപ്പയൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് നേടിയിട്ടുണ്ട്.

ഷ്യനായിരുന്നു കൃഷ്ണൻ നമ്പൂതിരിപ്പാട്. വാസ്തു സംബന്ധമായി കൃഷ്ണൻ നമ്പൂതിരിയുടെ ആദ്യയാത്ര എറണാകുളം തിരുമല ക്ഷേത്രത്തിലേക്കായിരുന്നു. ക്ഷേത്രശിൽപ്പിയുടെ തീർത്ഥയാത്രകൾ അവിടെ തുടങ്ങുകയായിരുന്നു.

ക്ഷേത്ര നിർമ്മാണം ഏറെ സങ്കീർണ്ണമാണ്. ക്ഷേത്രാംഗങ്ങൾ എല്ലാം തന്നെ കൃത്യമായ നിയമങ്ങളിലും കണക്കുകളിലും മാത്രമേ ഉണ്ടാക്കാവൂ.ഗോപുരവും ബലിക്കൽപ്പുരയും ആനക്കൊട്ടിലും എല്ലാം ഇങ്ങിനെ മാത്രം. ഒന്നും ശാസ്ത്രവിരുദ്ധമായിക്കൂടാ. എന്തെങ്കിലും തെറ്റു വന്നാൽ അത് ക്ഷേത്ര ചൈതന്യത്തെത്തന്നെ ബാധിക്കുമെന്നർത്ഥം. സ്ഥപതിക്ക് ഇക്കാര്യത്തിൽ നല്ല ധാരണ വേണം. ഇവിടെയാണ് കാണിപ്പയൂർ കൃഷ്ണൻ നമ്പൂതിരി ജനമനസ്സുകളുടെ ആരാധ്യനായി മാറുന്നത്. വാസ്തുവിൽ, പാരമ്പര്യവും ആധുനിക വിദ്യാഭ്യാസവും ചേർന്നു നൽകിയ ജ്ഞാനം കാണിപ്പയ്യൂരിന്റെ മാത്രം പ്രത്യേകതയായി.

മദ്രാസ് മാധവൻ നായർ കോളനിയിലെ അയ്യപ്പക്ഷേത്രം, പാറമേക്കാവ്, പറശ്ശിനിക്കടവ് മുത്തപ്പൻ ദേവസ്ഥാനം തുടങ്ങി കേരളത്തിലും പുറത്തുമുള്ള ധാരാളം ക്ഷേത്രങ്ങളിൽ നമ്പൂതിരിപ്പാടെത്തി. ഗോപുരത്തിന്റെ കൈയ്യും കണക്കും വിധിയാംവണ്ണം തയ്യാറാക്കി നൽകി. 1976 മുതൽ യാത്ര ഉത്തരേന്ത്യയിലേക്ക് നീണ്ടു.ചെറുതും വലുതുമായ ധാരാളം ദേവാലയങ്ങളിൽ സ്ഥപതിയായി.

കോഴിക്കോട് എൻ ഐ ടി. പ്രൊഫസർമാരായിരുന്ന ആയിരുന്ന ഡോക്ടർ അച്യുതൻ, ഡോക്ടർ ബാലഗോപാല പ്രഭു എന്നിവരുടെ കൂടെ വാസ്തുവിദ്യാ പ്രതിഷ്ഠാനത്തിന് നമ്പൂതിരിപ്പാട് രൂപം കൊടുത്തു. മോഡേൺ എഞ്ചിനീയറിംഗ് വാസ്തുശാസ്ത്രവുമായി സമ്മേളിക്കുകയായിരുന്നു പ്രതിഷ്ഠാനിൽ.

നമ്പൂതിരിപ്പാടിന് നിന്നു തിരിയാൻ ഇടമില്ലാത്ത തിരക്കുകളായി. നിരന്തരം യാത്രകൾ. ലോകത്തിന്റെ പല ഭാഗത്തു നിന്നും ആവശ്യക്കാർ വിളിച്ചുകൊണ്ടിരുന്നു.

1994 ൽ മഹർഷി മഹേഷ് യോഗി നമ്പൂതിരിപ്പാടിനെ ഹോളണ്ടിലെ തന്റെ ആശ്രമത്തിലേക്ക് ക്ഷണിച്ചു വരുത്തി. ഇംഗ്ലണ്ട്,പോർച്ചുഗൽ, ഫ്രാൻസ് തുടങ്ങി നിരവധി രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന തന്റെ ആശ്രമങ്ങളുടെ സ്ഥപതി ആവാനായിരുന്നു മഹർഷി അഭ്യർത്ഥിച്ചത്. മിക്ക രാജ്യങ്ങളിലും നമ്പൂതിരിപ്പാട് പോയി പല തവണ യു എസ് സന്ദർശിച്ചു.എല്ലാ യാത്രകളിലും തന്റെ സേവനം ആവശ്യമുള്ളവർക്കെല്ലാം ചെറുതെന്നോ വലുതെന്നോ നോക്കാതെ നൽകുക എന്നതായിരുന്നു നമ്പൂതിരിപ്പാടിന്റെ രീതി.

കേരളത്തിലെ മിക്ക മഹാക്ഷേത്രങ്ങളും നമ്പൂതിരിപ്പാടിന്റെ സേവനം തേടിയിട്ടുണ്ട്. തിരുവനന്തപുരം പദ്മനാഭസ്വാമിക്ഷേത്രത്തിലെ അനന്തശായിയായ വിഗ്രഹം നിർമ്മിച്ചത് സാളഗ്രാമങ്ങളാലാണ്. നവീകരണ പ്രവൃത്തികളോട് ബന്ധപ്പെട്ട് ക്ഷേത്ര ഭാരവാഹികൾ കാണിപ്പയൂരിനെയും



*കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാടും പുതുവാ മന സാവിത്രിയും*



കൃഷ്ണായനം ഡോക്യുമെന്ററി പ്രകാശനം

*മലയാള മനോരമ 31-3-24*

ക്ഷണിച്ചു. നമ്പൂതിരിപ്പാടെത്തി. ശ്രീപത്മനാഭന്റെ വിഗ്രഹത്തിൽ ഏതായാലും സാളഗ്രാമങ്ങൾ മാത്രമാവില്ലെന്ന് പരിചയസമ്പന്നനായ കാണിപ്പയ്യൂരിന് തോന്നി. അനന്തശായിയായ ശ്രീപത്മനാഭന്റെ മുകളിൽ കാണുന്ന സാളഗ്രാമങ്ങളുടെ അടിയിൽ സ്വർണ്ണഗോളകയും രത്നങ്ങളും കണ്ടെത്തിയത് കാണിപ്പയൂരാണ്.

1970 ൽ ഗുരുവായൂർ ക്ഷേത്രത്തിൽ അഗ്നിബാധയുണ്ടായി. ശ്രീകൃഷ്ണസന്നിധിയിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിയുടെ മേൽനോട്ടത്തിലായിരുന്നു.പൊതുവേ കേരളീയവാസ്തുവിന്റെ അവസാന വാക്ക് കാണിപ്പയൂർ കൃഷ്ണൻ നമ്പൂതിരിപ്പാടായി പൊതുസമൂഹം കരുതിപ്പോന്നു. തന്റെ ഉത്തരവാദിത്തങ്ങൾ തിരക്കു മറന്നും വിനയത്തോടെ ഈ ആചാര്യൻ നിറവേറ്റുകയും ചെയ്യുന്നു.

രൂപങ്ങളുടെ പുറം മാത്രമല്ല, അവയ്ക്ക് ആത്മാവ് നൽകി ജീവത്താക്കുന്ന ജാലവിദ്യ യായിരുന്നു നമ്പൂതിരിപ്പാടിന്റെ വാസ്തു.

## ശതാബ്ദിയുടെ നിറവിൽ

കാണിപ്പയ്യൂർ നമ്പൂതിരിപ്പാടിന്റെ ശതാബ്ദി നാട്ടാർ നാടിന്റെ ആഘോഷമായി കൊണ്ടാടി. ഡിസംബർ 16 ,17 എന്നിങ്ങനെ രണ്ടു ദിവസങ്ങളിലായിരുന്നു പരിപാടികൾ. വേദി ഡിസംബർ കുന്നംകുളത്ത് ബഥനി സെന്റ് ജോൺസ് ഹയർസെക്കണ്ടറി സ്കൂൾ. കുന്നംകുളം നഗരസഭാ കൗൺസിലർ ശ്രീ ലബീബ് ഹസ്സൻ ചെയർമാനും, ശ്രീ ഗിരീഷ് കുമാർ ജനറൽ കൺവീനറായും ആയ സംഘാടകസമിതി കൃഷ്ണായനം വിപുലമായി തന്നെ സംഘടിപ്പിച്ചു. കലാ, സാംസ്കാരിക സമ്മേളനങ്ങൾ സെമിനാറുകൾ. കൃഷ്ണൻ നമ്പൂതിരിയെ കുറിച്ചുള്ള ഡോക്യൂമെന്ററി പ്രകാശനം, ശതാഭിഷേക സമ്മേളനം എന്നിവ 'കൃഷ്ണായന'ത്തെ സുന്ദരമാക്കി.

ഡോ. അബ്ദുൽ സമദ് സമദാനി എം പി, മലങ്കര ഓർത്തഡോക്സ് സഭ കുന്നംകുളം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഗിവർഗിസ് മാർ യൂലിയോസ് മെത്രാപോലിത്ത, ആർക്കിടെക്റ്റ് പദ്മശ്രീ ജി. ശങ്കർ, യോഗക്ഷേമ സഭ സംസ്ഥാനപ്രസിഡണ്ട് ശ്രീ അക്കിരമൺ കാളിദാസൻ ഭട്ടതിരിപ്പാട്, ബ്രഹ്മസ്വം മഠം പ്രസിഡണ്ട് വടക്കുമ്പാട് നാരായണൻ, മലയാള മനോരമ വൈസ് പ്രസിഡണ്ട് ശ്രീ ജോയ് മാത്യു തുടങ്ങി നിരവധി പ്രശസ്തർ സന്നിഹിതരായി. ടെക്നിക്കൽ സെഷനുകളിലും സെമിനാറുകളിലും ആറന്മുള വാസ്തു വിദ്യാ ഗുരുകുലം പ്രഫസർ ശ്രീ പി സുരേന്ദ്രൻ, എൻജിനീയറും വാസ്തുവിദ്യാ വിദഗ്ദ്ധനുമായ കരങ്ങാട്ടു രാമൻ ഭട്ടതിരിപ്പാട്, പി എൻ സുരേഷ് (റിട്ടയേർഡ് ഡയറക്ടർ, ആറന്മുള വാസ്തുവിദ്യാ ഗുരുകുലം) എന്നിവർ നേതൃത്വം നൽകി.വൈകീട്ട് നടന്ന ആദരസദസ്സിൽ സി.പി. ജോൺ, തൃശ്ശൂർ എം എൽ എ ബാലചന്ദ്രൻ, മഹാമഹിമ ശ്രീ കെ സി ഉണ്ണി അനുജൻ സാമൂതിരി രാജ, തൃപ്പൂണിത്തുറ കോവിലകാംഗം ഡോ കൊച്ചാവർമ്മ, കക്കാട് കാരണവപ്പാട് ശ്രീ മണ്ണാകുളം ദിവാകരരാജാ എന്നിവർ സംസാരിച്ചു. കവിയും ഗാനരചയിതാവുമായ ബി.കെ.ഹരിനാരായണൻകലാസന്ധ്യ ഉദ്ഘാടനം ചെയ്തു.

രണ്ടാം ദിവസത്തെ പരിപാടികളിൽ പശ്ചിമ ബംഗാൾ ഗവർണർ സി വി ആനന്ദബോസ്, കേരളാ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, പഴങ്ങാപറമ്പ് ഉണ്ണികൃഷ്ണൻ നമ്പൂതിരി, ശ്രീ എ. ബി. ശിവൻ, ശ്രീ ശിവശങ്കരമേനോൻ, തുടങ്ങിയവർ സംസാരിച്ചു.കുന്നംകുളം മുനിസിപ്പൽ കൗൺസിലറും സംഘാടക സമിതി ചെയർമാനും ആയ ശ്രീ ലബീബ് ഹസ്സൻ അധ്യക്ഷനായ ശതാഭിഷേക സമ്മേളനത്തിൽ പശ്ചിമ ബംഗാൾ ഗവർണർ ശ്രീ ആനന്ദബോസ്, തിരുവിതാംകൂർ രാജകുടുംബാംഗം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായി തമ്പുരാട്ടി, ആലത്തൂർ എം.പി. രമ്യ ഹരിദാസ്, മലയാള മനോരമ സ്പെഷ്യൽ കറസ്പോണ്ടണ്ട് ഉണ്ണി കെ വാര്യർ എന്നിവർ ആശംസകൾ അറിയിച്ചു.കഥകളി അടക്കമുള്ള കലാപരിപാടികളും ഉണ്ടായി.മലയാള മനോരമ പത്രം കുന്നംകുളത്ത് പ്രത്യേക സപ്ളിമെൻറും നൽകിയിരുന്നു.

പരിപാടിക്ക് എത്തിച്ചേർന്ന എല്ലാവരെയും ആദരിക്കാൻ പിറന്നാളുകാരൻ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് നിറസാന്നിധ്യമായി. മകൻ കാണിപ്പയൂർ ചെറിയ കൃഷ്ണൻ നമ്പൂതിരി കൃഷ്ണായനം ഗംഭീരമാക്കിത്തന്ന എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

ശതാബ്ദിയുടെ നിറവിലേക്കു കടന്ന ശ്രീ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിയുടെ പ്രഭാവത്തിനുമുന്നിൽ സാഷ്ടാംഗം നമസ്കരിച്ചുകൊണ്ട് അദ്ദേഹത്തിനായി പ്രാർത്ഥിക്കുന്നു.

ശതം ജീവ ശരദോ വർദ്ധമാനഃ
ശതം ഹേമന്താൻ ശത മു വസന്താൻ
ശതം ഇന്ദ്രാഗ്നി സവിതാ ബൃഹസ്പതി: ശതായുഷാ ഹവിഷേമം പുനർദുഃ

(ഹേ ഗുരോ, നിങ്ങൾ അഭിവൃദ്ധി പ്രാപിക്കട്ടെ നൂറു വസന്തങ്ങളും വേനൽക്കാലവും ശീതകാലവും ജീവിക്കുകയും ചെയ്യട്ടെ എല്ലാം അറിയുന്നവനും, എല്ലായിടവും വ്യാപിക്കുന്നവനും, എല്ലാ അറിവുകളുടെയും ഉറവിടവും, ഈ പ്രപഞ്ചത്തെ മുഴുവൻ പിന്തുണയ്ക്കുന്ന ഊർജ്ജവും ആയ ഈശ്വരൻ, നിങ്ങൾക്ക് സൗഖ്യവും ഭൗതികവും ബൗദ്ധികവും ആത്മീയവുമായ നൂറു വർഷം ഉപജീവനം വീണ്ടും വീണ്ടും നൽകട്ടെ.)


കാണിപ്പയ്യൂർ കൃഷ്ണൻ
നമ്പൂതിരിപ്പാട്.
ഫോൺ:9446368605.

ദിലീപ് കരുവാട്,
കരുവാട്ട് മന,
പുന്നയൂർക്കുളം പി.ഒ,
തൃശൂർ 679561
ഫോൺ: 9946444942

# ശ്രദ്ധാഞ്ജലി



## പി വിഷ്ണുനമ്പൂതിരി

പാണ്ടിക്കടവത്തില്ലം
റിട്ട. ഹെഡ്മാസ്റ്റർ കുന്നമംഗലം
ഹൈസ്കൂൾ

**ജനനം – 1945 ഡിസംബർ**
**മരണം – 2023 ഡിസംബർ 29**

*എന്റെ വലിയേട്ടൻ*
പാർവ്വതി അന്തർജനം, ചായടത്തില്ലം,
മൊടക്കല്ലൂർ, കോഴിക്കോട്
ഭാര്യ: ചായടത്ത് ദേവകി അന്തർജനം
മക്കൾ: മധു (കൂഴക്കോട് എ യു പി സ്കൂൾ)
മനോജ് (കുന്ദമംഗലം ഹൈസ്കൂൾ)

മഞ്ജുളമാകും സോമരശ്മികൾ
മന്നിൽ നർത്തനമാടവേ
കാന്തിയേറുമത്താരകൾ മണിപ്പൂഞ്ചിറകു വിടർത്തവേ
ദൂരെദൂരെയാക്കല്ലറക്കുള്ളിൽ
കേണുവാഴും കിനാവിനെ
ശാന്തചിത്തനായ് മേവുമസ്സലിം വീണ്ടുമോർത്തു പോയെങ്കിലും
എത്തി നോക്കില്ലൊരിക്കലും അവൾ അത്രമാത്രമകലെയായ്...
(കവിത :അനാർക്കലി :പാണ്ടിക്കടവ് വിഷ്ണു നമ്പൂതിരി)

2023 ഡിസംബർ 29.

മറക്കില്ലീദിനമൊരിക്കലും. ഏട്ടൻ ഞങ്ങളെ വിട്ടു പോയതന്നായിരുന്നു. ആസ്പത്രിയിൽ അഡ്മിറ്റ് ആയതറിഞ്ഞപ്പോളും അസുഖം ഭേദമായി വേഗം തിരിച്ചു വരുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. ഏട്ടൻ ഇനി ഇല്ല. സഹിക്കാനാവുന്നില്ലല്ലോ എന്റെ ഈശ്വരന്മാരേ... ആരായിരുന്നു എന്റെ ഏട്ടൻ? നാട്ടുകാർക്കും വീട്ടുകാർക്കും പ്രിയങ്കരനായ വിഷ്ണുമാസ്റ്റർ. കൂഴക്കോട്ടുകാരുടെ കോൺഗ്രസ്സ് നേതാവ്. ചാത്തമംഗലം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കാരന്തൂർ ഹൗസിംഗ് സൊസൈറ്റി എന്നിവയുടെ ഡയറക്ടർ. കൂഴക്കോട്ടമ്പലത്തിന്റെ ഊരാളൻ. എത്ര ക്ഷീണിതനാണെങ്കിലും അമ്പലത്തിൽ പോക്ക് മുടക്കാറില്ല. ആസ്പത്രിയിൽ അഡ്മിറ്റാകുന്നതിന്റെ രണ്ട് ദിവസം മുമ്പ് കൂടി കൂഴക്കോട്ടപ്പനെ തൊഴുതു നമസ്ക്കരിച്ചു.
ഞങ്ങളുടെ അച്ഛൻ പാണ്ടിക്കടവത്തില്ലത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരി, അമ്മ ഗുരുവായൂർ കിഴിയേടത്ത് പരേതയായ ദേവകി അന്തർജ്ജനം. മക്കളായി ഞങ്ങൾ 7 പേർ. ഇല്ലത്ത് സാമ്പത്തികമായി ഏറെ കഷ്ടപ്പാടായിരുന്ന കാലം. ഏട്ടനെയെങ്കിലും പഠിപ്പിച്ച് നല്ല നിലയിൽ എത്തിക്കണം എന്ന് അച്ഛൻ മോഹിച്ചു.ഏട്ടന്റെ പ്രൈമറി വിദ്യാഭ്യാസം ചാത്തമംഗലത്ത് തുടങ്ങി.തുടർന്ന് ചാവക്കാട് ഹൈസ്കൂളിൽ. അമ്മാത്തായ ഗുരുവായൂർ കിഴിയേടത്ത് നിന്നായിരുന്നു പഠനം..ദേവഗിരി കോളേജിൽ ഡിഗ്രി.കോഴിക്കോട് ട്രെയിനിങ്ങ് കോളേജിൽ നിന്ന് ബി എഡും.23–ാമത്തെ വയസ്സിൽ ഏട്ടൻ കുന്നമംഗലം ഹൈസ്കൂളിൽ ഗണിതാദ്ധ്യാപകന്റെ ജോലിയിൽ പ്രവേശിച്ചു. ഇല്ലത്തെ കഷ്ടപ്പാട് ഒന്ന് കുറഞ്ഞു. ഞങ്ങൾക്കൊക്കെ ഭംഗിയായി ജീവിച്ചു വരാൻ കഴിഞ്ഞത് ഏട്ടന്റെ വരുമാനം കൊണ്ടായിരുന്നു.
'ഏട്ടന്റെയും ചെറിയേട്ടന്റെയും കൂടെ ഞാനും ഓണത്തിന് പൂ പറിക്കാൻ പോയിരുന്നു. ചെറുപുഴയിൽ ഏട്ടന്മാരൊന്നിച്ചുള്ള തോണി കളി 70 വർഷം മുമ്പല്ല, ഇന്നലെ നടന്ന പോലെ. തിരുവോണത്തിനും വാവിനും അമ്പലത്തിൽ വാരസ്സദ്യയുണ്ടതും കാലമിത്രയായിട്ടും ഒട്ടും മറന്നിട്ടില്ല.

'മകനോടാലോചിച്ചു ഭംഗിയാക്കണം പന്തൽ
മതിലിന്നകം പൂകേ തമ്പുരാനരുൾ ചെയ്തു.
പോരുവാൻ തോന്നീ പക്ഷെ പോന്നില്ല. ഇക്കാലത്തോള-
മാരുമോതാറില്ലെന്നോടന്യനോടാലോചിക്കാൻ'

നാലുമണിച്ചായ കഴിഞ്ഞാൽ ഞങ്ങളെ വിളിച്ചിരുത്തി ജി ശങ്കരക്കുറുപ്പിന്റെ പെരുന്തച്ചൻ ഈണത്തിൽ ചൊല്ലിത്തരുന്ന ഏട്ടൻ.വലിപ്പച്ചെറുപ്പമില്ലാതെ ബന്ധുക്കളോടും നാട്ടുകാരോടുമെല്ലാം ഒരുപോലെ പെരുമാറിയിരുന്ന മാഷ്. വിശ്രമമില്ലാതെ ഓടിനടന്ന ജനനേതാവ്. ഇല്ലത്തും നാട്ടിലും ഇനി ഏട്ടനില്ലെന്നോ?
ഈശ്വരാ,ഏട്ടൻ നിത്യനിദ്രയിലാണല്ലോ. എപ്പോഴും മൂളുന്ന ഇഷ്ടഗാനം കൂടി കേട്ടുകേട്ടുറങ്ങട്ടെ, കൊതി തീരുവോളം.

'ആത്മവിദ്യാലയമേ
അവനിയിലാത്മവിദ്യാലയമേ'..


ഏട്ടന്റെ സ്വന്തം അനിയത്തി
പാർവ്വതി അന്തർജനം, ചായടത്തില്ലം.

അഞ്ജലി ചായേടം: 9495927037

## രാഷ്ട്രപതിയിൽ നിന്ന് ലഭിച്ച

# വിഷുക്കൈക്കൈയ്യൊപ്പ്

**മട്ടന്നൂർ നാരായണൻ നമ്പൂതിരി, മഹിമ**




**അ**തൊരു വിഷുക്കാലമായിരുന്നു.


1973 ഏപ്രിൽ 10. സ്ഥലം ശബരിമല ശ്രീധർമ്മശാസ്താവിന്റെ തിരുസന്നിധി. ഭാരത രാഷ്ട്രപതി ശ്രീ. വരാഹഗിരി വെങ്കിട്ടഗിരിയുടെ ശബരിമല ക്ഷേത്ര സന്ദർശനവേള. ഞാൻ എന്റെ വല്ല്യമാവനൊപ്പം ശബരീശ സന്നിധിയിൽ ദർശനത്തിനെത്തിയതായിരുന്നു. തുടർച്ചയായി നാലു പതിറ്റാണ്ടുകാലം മലചവിട്ടിയ ഗുരുസ്വാമിയായിരുന്നു എന്റെ മാതുലൻ എടപ്പാൾ കാശിപ്പള്ളി മനയിലെ ശ്രീ. ശങ്കരനാരായണൻ നമ്പുതിരി. അദ്ദേഹമാണ് എന്നെ മാലയിട്ട് ശബരിമലയിലേക്ക് നയിച്ചത്.

രാഷ്ട്രപ്രതിയുടെ സാന്നിദ്ധ്യമറിയിച്ചു കൊണ്ട് ദേവസ്വം ആസ്ഥാനത്ത് ത്രിവർണ പതാക പാറിക്കളിക്കുന്നു. ഞാൻ നേരത്തെ തന്നെ ഭസ്മക്കുളത്തിൽ മുങ്ങിക്കുളിച്ച് ഭസ്മലേപനം ചെയ്തു ക്ഷേത്രത്തിനകത്തു പ്രവേശിച്ചു. മുഖമണ്ഡപത്തിൽ ദേവന്റെ വലതുഭാഗത്ത് ശ്രീലകത്തിന് മുഖമായി ഞാൻ ചെന്നിരുന്നു ധർമ്മശാസ്താവിന്റെ മൂലമന്ത്രം ഉരുവിടാൻ ആരംഭിച്ചു. താഴമൺ തന്ത്രിയുടെ നേതൃത്വത്തിൽ പൂജാദികർമ്മങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

പത്തുമണിയോടടുത്തപ്പോൾ മുഖ്യതന്ത്രി ശ്രീലകത്തു നിന്ന് പുറത്തിറങ്ങി. അതുവരെ എന്റെ ജപവും നിർവ്വിഘ്നം തുടർന്നു വന്നു. രാഷ്ട്രപതിയെ സ്വീകരിക്കാൻ പുറത്തേക്കു പോകുമ്പോൾ താഴമൺ തന്ത്രി ഈശ്വരരു എന്റെ



*ഓട്ടോഗ്രാഫിൽ പി കുഞ്ഞിരാമൻ നായർ*



*അന്നത്തെ രാഷ്ട്രപതി വി.വി. ഗിരി എഴുതി ഒപ്പിട്ട ഓട്ടോഗ്രാഫ്*

> ഭാരത രാഷ്ട്രപതി ശ്രീ. വരാഹഗിരി വെങ്കിട്ട ഗിരിയുടെ ശബരിമല ക്ഷേത്ര സന്ദർശനവേള. ഞാൻ എന്റെ വല്ല്യമാവനൊപ്പം ശബരീശ സന്നിധിയിൽ ദർശനത്തിനെത്തിയതായിരുന്നു

അടുത്തെത്തി. 'ജപിച്ചോളൂ' എന്ന് രണ്ടുവട്ടം ആവർത്തിച്ച ശേഷം അദ്ദേഹം ക്ഷേത്രം വിട്ടുപോയി. അദ്ദേഹത്തിന്റെ അനുജ്ഞ പാലിച്ചുകൊണ്ട് ജപം തുടർന്ന ഈയുള്ളവന് 'തത്വമസി'യുടെ പൊരുൾ അപ്പോൾ ഏകദേശം പിടികിട്ടി. ദേവനും ഞാനും തനിച്ചായപ്പോഴാണ് അയ്യപ്പന്റെ പിതൃസ്ഥാനീയനായ തന്ത്രിമുഖ്യന്റെ അനുജ്ഞ സാർത്ഥകമായി തോന്നിയത്. ഏറെ താമസിയാതെ താഴമൺ തന്ത്രിയോടൊപ്പം രാഷ്ട്രപതി ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ചു. തദവസരത്തിൽ ഞാൻ തൊഴുകൈയോടെ എഴുന്നേറ്റു നിന്ന് അയ്യപ്പസ്വാമിയുടെ ധ്യാനം ഉറക്കെ ചൊല്ലി. രാഷ്ട്രപതി സോപാനത്തിനടുത്ത് എത്തി പ്രസാദം സ്വീകരിച്ചു. അദ്ദേഹം പുറത്തേക്ക് എഴുന്നള്ളിയപ്പോൾ ഞാനും ശ്രീലകത്തിനു മുന്നിലെത്തി മണിയടിച്ചു മാനസപൂജ ചെയ്തു പ്രസാദം കൈക്കൊണ്ടു മടങ്ങി. രാഷ്ട്രപതി ക്ഷേത്രം വലംവച്ചുകൊണ്ട് കുറച്ച് അകലെയുള്ള തന്റെ പല്ലക്കിനു നേരെ നീങ്ങി. പുറകെ ഞാനും സാവകാശം നടന്നു. തികച്ചും വിജനമായിരുന്നു ക്ഷേത്ര സമുച്ചയം.

എന്റെ കയ്യിൽ ഒരു പുത്തൻ ഓട്ടോഗ്രാഫും പച്ചനിറത്തിലുള്ള ഒരു 'ചന്ദ്രാ' പേനയും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുന്നിലെത്തിയ ഞാൻ വിനയപൂർവ്വം ഓട്ടോഗ്രാഫും പേനയും നൽകിയപ്പോൾ അദ്ദേഹം കൈനീട്ടി വാങ്ങി അതിൽ വി.വി. ഗിരി എന്നെഴുതി ചുവട്ടിൽ 10.4.73 എന്ന്കുറിച്ചു തിരികെ തന്നു. വണങ്ങി പിൻവാങ്ങിയ ശേഷം ഞാൻ അമ്മാവനെ ചെന്നു കണ്ടു. അതിശയം കൂറിയ അദ്ദേഹം ഒരു വലിയ പുത്തൻ മാല എന്റെ കഴുത്തിലണിയിച്ചു. തിരിച്ചെത്തിയ എനിക്ക് അച്ഛന്റെ സമ്മാനമായി ഒരു പൊൻമോതിരവും സ്വന്തം കയ്യിൽ നിന്ന് എന്റെ വിരലിലേക്ക് കൈമാറിത്തന്നു.

അടുത്ത മെയ് മാസം എനിക്ക് ലക്ഷദ്വീപിലേക്ക് തിരികെ പോകേണ്ടത് ഉണ്ടായിരുന്നു. 1963 തൊട്ട് ഞാൻ ലക്ഷദ്വീപിൽ അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. മധ്യവേനൽ അവധി കഴിഞ്ഞ് പോകാൻ കോഴിക്കോട് എത്തിയപ്പോൾ മാതൃഭൂമി ഓഫീസിൽ വച്ചു ഭക്തമഹാകവി പി. കുഞ്ഞിരാമൻ നായരുമായി സന്ധിച്ചു. ഒരു നിധി പോലെ കൊണ്ടുനടക്കുന്ന ഓട്ടോഗ്രാഫിൽ ഭക്തകവി എനിക്ക് ഒരു അദ്വൈതോപദേശം നൽകി.

21.5.73

'ഒരജ്ഞാത ദ്വീപ്. അതിന്റെ പച്ചക്കരയിലേക്ക് കപ്പൽ കാത്തു നിൽക്കുന്ന യാത്രക്കാരൻ. അതാണ് നീ. അതാണ് ഞാൻ'' ഇതായിരുന്നു ആ അദ്വൈതമന്ത്രം.

രാഷ്ട്രപതിയുടെ ആസ്ഥാനത്ത് ചെന്നു കാണുന്നതിനു പകരം 'അസ്ഥാനത്ത് ' അദ്ദേഹത്തെ ദർശിച്ചതിനാൽ ആണ് കവിതയിൽ ഞാൻ എന്നെ സ്വയം മാലിന്യമായി വിശേഷിപ്പിച്ചത്. ആ കവിത വായിച്ച് മഹാകവി അക്കിത്തം 'കാവ്യാത്മകമായ കവിത' എന്ന് വിശേഷിപ്പിക്കുകയുണ്ടായി. ഒരത്യപൂർവമായ വിഷുക്കൈനീട്ടം ആയി രാഷ്ട്രപതിയുടെ കയ്യൊപ്പ് മഹാകവിയുടെ അദ്വൈതവേദാന്തത്തോടൊപ്പം ഇതിൽ ചേർത്തിരിക്കുന്നു. ഒപ്പം ഈ കൊച്ചു കവിതയും.

## സഞ്ജീവനി

ഞാനൊരു മാലിന്യംപോൽ മുന്നിലെത്തിയ നേരം
എന്നെയും സമുദ്ധരിച്ചുന്നതനാകും ഗിരി ഏതൊരു വാരാഹം
പണ്ടുണ്മയായുയർത്തിയീ
ഭൂമുഖംപോലും തന്റെ തേറ്റയാലതുപോലെ
ചളിയിൽ പൂണ്ടുള്ളോരെൻ മാനസം ശാസ്താവിന്റെ
സന്നിധിപൂകിപ്പുണ്യം തേടിയ മീനച്ചൂടിൽ വിഷുവൽപ്പർവ്വം
നൽകീ ഒരു കൈനീട്ടം, ഓട്ടോഗ്രാഫിലൊപ്പിട്ടങ്ങഗ്ര്യപുരുഷൻ കൈക്കൊണ്ടെന്നെ. ●


യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

YOGAKSHEMASABHA SWASTHI TRI MONTHLY KOZHIKODE

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

*An Exclusive Publication on Namboodiri Life &Life style*

### വരിക്കാരുടെ ശ്രദ്ധക്ക്

2023 വർഷത്തെ വരിസംഖ്യ ഒക്ടോബർ ലക്കത്തോടെ കഴിയുകയാണ്. 2023 ഒക്ടോബർ ലക്കത്തോടെ വരിസംഖ്യ കഴിയുന്നവർ 2024 വർഷത്തേക്കുള്ള വരിസംഖ്യ 300 രൂപ അടച്ച് പുതുക്കുവാൻ അപേക്ഷിക്കുന്നു. QR Code വഴിയും വരിസംഖ്യ അടക്കാം. വരിസംഖ്യ കാലാവധിയുടെ വിവരങ്ങൾ അറിയാൻ 9447332611-ൽ ബന്ധപ്പെടുക.

വരിസംഖ്യ അടക്കേണ്ട ബാങ്ക് ഡീറ്റെയിൽസ്:

Net Banking / Google Pay

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,
ജില്ലാ ആസ്ഥാനമന്ദിരം,
കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,
പി.ഒ. ചേവായൂർ, കോഴിക്കോട് 673017

വാർഷിക വരിസംഖ്യ

**300**

രൂപ

അയക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

25-ാം തിയ്യതിക്കുള്ളിൽ സ്വസ്തി കിട്ടിയില്ലെൽ വിളിക്കുക
ഫോൺ നമ്പർ -9447332611

***മാനേജിംഗ് എഡിറ്റർ, 9895621493***

# പതിറ്റടിപ്പൂ





**ഗിരിജ ചെമ്മങ്ങാട്ട്**

**ഏ**തുനേരവും വന്നെത്തുമെന്നോർത്തു
ഭീതിയോടെ ഞാൻ മൃത്യു കാത്തീടവേ
കാതര ഭാവമോടെയെന്നന്തികേ
കേണിരിക്കുന്നു നീ കഷ്ടമോമനേ

ഷഷ്ടിപൂർത്തി കഴിഞ്ഞിട്ടു മൂന്നാലു
വർഷമായ് നേര,മുച്ചതിരിഞ്ഞുപോയ്
എത്തിനീ,വൈകിയെങ്കിലും വാർദ്ധക്യ-
ദുഃഖപീഡകളൊപ്പമറിഞ്ഞിടാൻ

കാലമേറെയായ്,നമ്മളന്നേ ബാല്യ-
കാലമൊക്കെയുമൊന്നായ് കഴിഞ്ഞതും
കാടുകാട്ടി നടന്നതുമോണവു-
മാതിരയും വിഷുവുമറിഞ്ഞതും

പൊട്ടിവീണ മാറോട്ടുകഷ്ണങ്ങളാൽ
കുട്ടിയമ്പലം തീർത്തതിൻ മുന്നിലായ്
കാട്ടുമല്ലികപ്പൂക്കളാൽ മാല്യങ്ങൾ കോർത്തു
കല്യാണവേദി ഭാവിച്ചതും

പിന്നെ നമ്മൾ വളർന്നതും നമ്മളിൽ
നമ്മളോരാതെ രാഗം കലർന്നതും
കൺകളാൽ നമ്മളന്യോന്യമാശകൾ
പങ്കുവെച്ചതും കോൾമയിർ കൊണ്ടതും

തെല്ലുമേ പിരിഞ്ഞീടുവാൻ വയ്യെന്നു
ധന്യമാം പ്രേമവായ്പിൽ നിറഞ്ഞതും
ഇന്നുമോർക്കവേ സ്നേഹാർദ്രമാം മന-
മെന്തുമാത്രം കുളിർക്കുന്നിതോമലേ

വന്നു ദുർവ്വിധി,മംഗല്യമാല്യമായ്
കള്ളനെന്നപോൽ നിന്നെക്കവർന്നുപോയ്
അന്നു ഞാൻ ഹതഭാഗ്യനായ് ജീവിത-
മെന്തിനെന്നോർത്തു തേങ്ങിക്കരഞ്ഞു പോയ്

ഇല്ല,മറ്റൊരാളെൻ വാമഭാഗമായ്
വന്നുചേരുകില്ലെന്നങ്ങുറച്ചു ഞാൻ നല്ല
യൗവ്വനം ലോകർക്കു വേണ്ടുന്ന നന്മ
ചെയ്യുവാൻ നീക്കി വെച്ചീടിനാൻ

എന്നുമാരാഞ്ഞു നീയറിഞ്ഞീല നിൻ
സുന്ദരപൂർണ്ണമായുള്ള ഗാർഹികം
അമ്മയായതുമേറെ വർഷംചെന്നു
കുഞ്ഞു മക്കൾക്കു മുത്തശ്ശിയായതും

പിന്നെയെത്രയോ കാലം കഴിഞ്ഞിന്നു-
വന്നിതെൻ മുന്നിലോർക്കാത്ത വേളയിൽ
മംഗലക്കുറി മാഞ്ഞ നിൻ നെറ്റിയും
മങ്ങലേറ്റ നേത്രങ്ങളും കണ്ടു ഞാൻ

ഏകനായ്ത്തന്നെയിന്നും വസിക്കുന്ന
തോഴനോടൊത്തു നിർദ്ദോഷചിത്തയായ്
നാഥനില്ലാത്ത നീ സഖീ തുഷ്ടയാ-
യാഗമിച്ചതിന്നെന്റെ സൌഭാഗ്യമോ

ജീവിതം നാം തുടങ്ങി പതിറ്റടി പൂ
വിരിഞ്ഞപോലെങ്കിലും പിന്നിലായ്-
രോഗപീഡതൻ രൂപവും പൂണ്ടിങ്ങു
ക്രൂരമാം വിധി വന്നു ! നിർഭാഗ്യമോ ?

മദ്യമോ ധൂമപാനമോ താമ്പൂല ഭുക്തിയോ
ജീവചര്യയിൽ ചേർക്കാതെ
ശുദ്ധിയോടെ ഞാൻ  വാഴ്കിലുമെന്തെന്നി
ലെത്തി നിഷ്ഠൂരം തീവ്രരക്താർബുദം

നോവുമെന്നരികത്തു നിധികാത്തു
മേവുകയാണു നീയൊരു ദേവിപോൽ
ഓടിയെത്തും മൃതിയെത്തടുക്കുവാ-
നാവുമോ,നമ്മളാഗ്രഹിച്ചീടിലും?

*('അറുപത്തിനാലാം വയസ്സിൽ വിവാഹം, ഇരുപത്തി ഒമ്പതാം ദിവസം മരണം' എന്ന പത്രവാർത്തയെ ആസ്പദമാക്കി എഴുതിയത്)*

ഗിരിജ ചെമ്മങ്ങാട്ട്.
ചെമ്മങ്ങാട്ടു മന, പി. ഓ അടാട്ട്
പുറനാട്ടുകര, പിൻ 680551, തൃശൂർ ജില്ല
മൊബൈൽ: 9072262105

# ജയവിജയന്മാർ സ്വസ്തിയിലൂടെ കണ്ടുമുട്ടിയപ്പോൾ


ഒ.വി. വിജയൻ, ഒളപ്പമണ്ണ, മുണ്ടൂർ സേതുമാധവൻ തുടങ്ങിയ പ്രശസ്ത എഴുത്തുകാരുടെ സുഹൃത്ത് ജയൻ പുതുമന, കവിയും ചെറുകഥാകാരനുമായ റെയിൽവേ ഉദ്യോഗസ്ഥൻ പി.എൻ.വിജയൻ - പാലക്കാട്ടെ സാഹിത്യ കൂട്ടായ്മക്കു ശേഷം സ്വസ്തിയിലൂടെ കണ്ടുമുട്ടുന്നു

**പി. എൻ വിജയൻ**



ജയൻ പുതുമന എന്ന ജനാർദ്ദനൻനമ്പൂതിരി കഥാകൃത്തായും ചിത്രകാരനും ശില്പിയുമായും അതിലേറെ ശ്രദ്ധയോടെയും ഉത്തരവാദിത്വത്തോടെയും ശാന്തിക്കാരനായിയും പാലക്കാടും പരിസരത്തുമുണ്ടായിരുന്നു. ഏകദേശം മുപ്പതു വർഷം. ഈ കാലയളവിൽ പാലക്കാട് ടൗൺഹാളിലും മോയിൻ സ്കൂൾ ഹാളിലും ആഴ്ചതോറും നടന്നിരുന്ന മിക്ക സാഹിത്യസൗഹൃദയോഗങ്ങളിലും പങ്കെടുത്തിരുന്നു. വൈശാഖനും മുണ്ടൂർ സഹോദരന്മാരും ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടിയും എന്തിനേറെ ഒളപ്പമണ്ണയും വി.കെ. എന്നും ഓവി. വിജയനും വി.കെ മാധവൻ കുട്ടിയും ഒക്കെ പങ്കെടുത്ത പല സാഹിത്യ കൂട്ടായ്മകൾക്കും ജയൻ പുതുമന സാക്ഷിയാണ്. പുസ്തക പ്രകാശനങ്ങൾക്കും ചർച്ചകൾക്കും പുരസ്കാരങ്ങൾക്കും സാംസ്കാരി കസ്വീകരണയോഗങ്ങൾക്കും അദ്ദേഹം ടി.ആർ.അജയന്റെയും സംഘാടകരുടെയും ഒപ്പമുണ്ടായിരുന്നു.

എന്നാൽ ഈ സദസ്സുകളിലൊക്കെ കാണിയായി സദസ്സിലും അപൂർവമായി കവിത വായിക്കാൻ വേദിയിലും ഞാനും ഉണ്ടായിരുന്നു. എമ്പതുകളുടെ തുടക്കം മുതൽ 2011 ൽ റെയിൽവേ സേവനത്തിൽ നിന്നു പിരിയുന്നതുവരെ ഞാൻ കോയമ്പത്തൂരും പാലക്കാട്ടും



എമ്പതുകളുടെ തുടക്കം മുതൽ 2011 ൽ റെയിൽവേ സേവനത്തിൽ നിന്നു പിരിയുന്നതുവരെ ഞാൻ കോയമ്പത്തൂരും പാലക്കാട്ടും നടന്നിരുന്ന മിക്ക സാഹിത്യയോഗങ്ങൾക്കും എത്തിയിരുന്നു. വണ്ടിയുടെ സമയമനുസരിച്ച് വരുകയും പങ്കെടുക്കുകയും ചെയ്തിരുന്ന എനിക്ക് ജയൻ പുതുമനയെ കാണാനോ പരിചയപ്പെടാനോ കഴിഞ്ഞില്ല.

നടന്നിരുന്ന മിക്ക സാഹിത്യയോഗങ്ങൾക്കും എത്തിയിരുന്നു. വണ്ടിയുടെ സമയമനുസരിച്ച് വരുകയും പങ്കെടുക്കുകയും ചെയ്തിരുന്ന എനിക്ക് ജയൻ പുതുമനയെ കാണാനോ പരിചയപ്പെടാനോ കഴിഞ്ഞില്ല. ഒരുപക്ഷെ രാവിലത്തെ ശാന്തി കഴിഞ്ഞ് എത്തുകയും വൈകുന്നേരത്തെ ശാന്തിക്ക് തിരിച്ചു പോവുകയും ചെയ്തിരുന്ന ജയൻ പുതുമനയ്ക്കും തിരക്കിനിടയിൽ എന്നെ പരിചയപ്പെടാനും സാധിച്ചില്ല.

എന്നാൽ മുണ്ടൂർ കൃഷ്ണൻകുട്ടി മാഷും സേതുമാധവൻ മാഷും എന്നോട് ജയൻ പുതുമന യെക്കുറിച്ച് പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പുസ്തകപ്രേമത്തെക്കുറിച്ചും ലൈബ്രറിപ്രവർത്തനങ്ങളെക്കുറിച്ചും ഞാൻ മനസ്സിലാക്കിയിരുന്നു. പക്ഷെ കാണുക സംസാരിക്കുക സൗഹാർദ്ദം ഉറപ്പിക്കുക എന്ന ക്രിയകൾ നടന്നില്ല.

അതിന്നിടയിൽ പാലക്കാട്ടെ സാഹിത്യ സൗഹൃദരംഗങ്ങളിൽ നിന്ന് മുതിർന്ന എഴുത്തുകാരൊക്കെ വിട പറഞ്ഞു. അവരുടെ സംഗമ വേദിയായിരുന്ന ആലോചനയുടെ പ്രവർത്തനവും നിലച്ചു. അജയൻസാറിന്റെ ഉത്സാഹം സ്വരലയ എന്ന സംഘടനയിൽ ലയിച്ചു.

മുണ്ടൂർ കൃഷ്ണൻകുട്ടി മാഷ് യാത്ര പറഞ്ഞതോടെ സാംസ്കാരികരംഗം യുവാക്കൾ ഏറ്റെടുത്തു.

ജയൻ പുതുമന വൈക്കത്തേ

പാലക്കാട്ടെ സാഹിത്യ സൗഹൃദ രംഗങ്ങളിൽ നിന്ന് മുതിർന്ന എഴുത്തുകാരൊക്കെ വിട പറഞ്ഞു. അവരുടെ സംഗമ വേദിയായിരുന്ന ആലോചനയുടെ പ്രവർത്തനവും നിലച്ചു. അജയൻസാറിന്റെ ഉത്സാഹം സ്വരലയ എന്ന സംഘടനയിൽ ലയിച്ചു.

യ്ക്കു താമസം മാറ്റി. സമീപത്തുള്ളൊരു ക്ഷേത്രത്തിൽ ശാന്തി തുടർന്നു.

ജോലിയിൽനിന്ന് വിരമിച്ചതോടെ ഞാൻ 36 വർഷം താമസിച്ച പോത്തന്നൂരിൽ നിന്ന് മഞ്ചേരിയിലേയ്ക്കു തിരിച്ചു പോന്നു.

രണ്ടു വർഷം മുമ്പെ യാണ് സ്വസ്തിയുടെ ലക്കത്തിൽ ജയൻ പുതുമനയെ ക്കുറിച്ചുള്ള ഒരു ലേഖനം കണ്ടതും ചുവടെ വിലാസവും ഫോൺ നമ്പറും കണ്ടതും .

ആ ഫോൺ നമ്പറാണ് എന്നെ ഉണർത്തിയത്. മുപ്പതു വർഷം കാണാതെ പോയ പറഞ്ഞുകേട്ട് ഓർമ്മകളിൽ നിറഞ്ഞുനിന്ന ഒരു വലിയ മനുഷ്യസ്നേഹിയുടെ ശബ്ദം ഞാൻ കേട്ടു. യുവത്വം മുഴുവൻ പാലക്കാട്ടിന്നുകൊടുത്ത് വാർദ്ധക്യത്തിൽ മക്കളും പേരക്കുട്ടികളുമായി ശാന്തിയിലേയ്ക്കു ഒതുങ്ങിക്കൂടിയ അദ്ദേഹം ഒരു പുസ്തകം എനിക്കയച്ചുതന്നു. പാലക്കാട്ടും പരിസരത്തുമുള്ള നൂറിലേറെ സഹൃദയർ കവികളും കഥാകൃത്തുക്കളും നോവലിസ്റ്റുകളും സംഗീതജ്ഞരും പൊതുപ്രവർത്തകരും ജെ.പി.ക്കു സമർപ്പിച്ച എഴുതിയ ഹൃദയരേഖകൾ. ദേവാർപ്പണം. ശ്രീ.കെ.എൻ. സുരേഷ് കുമാർ ശേഖരിച്ച് സമാഹരിച്ച ജയൻ പുതുമനയുടെ ജീവിതരേഖകൾ. ഇത്രയധികം പേരുടെ സ്നേഹാദരങ്ങൾ തുറന്നു വെയ്ക്കുന്ന

ഇങ്ങനെയൊരു പുസ്തകം അധികം ഉണ്ടായിട്ടില്ല. ജയൻ പുതുമന എന്ന എളിയ മനുഷ്യന്റെ മഹത്വത്തിലേയ്ക്കാണ് ഇതിലെ ഓരോ ലേഖനവും കൂപ്പു കൈകൾ ഉയർത്തുന്നത്.


എന്നിട്ടും എനിക്ക് അദ്ദേഹത്തെ നേരിൽ കാണാൻ സാധിച്ചില്ല. ഞാൻ അയച്ചു കൊടുത്ത എന്റെ കഥാസമാഹാരങ്ങളും ഒരു നോവലും അദ്ദേഹത്തെ വീഡിയോകൾക്ക് വിഷയമായി. എന്റെ അമ്പതു വർഷത്തെ സാഹിത്യ ജീവിതത്തെ അദ്ദേഹമാണ് ആദ്യം അടയാളപ്പെടുത്തിയത്.

എന്റെ നന്ദിയും നമസ്കാരങ്ങളും അപ്പോഴും ഫോൺ വിളികളിൽ ഒതുങ്ങി. അപ്പോഴിതാ ഒരു ദിവസം അദ്ദേഹം മകനേയും പേരക്കുട്ടികളേയും കൂട്ടി എന്റെ വസതിയിലെത്തുന്നു. എന്നെ പൊന്നാടയണിച്ച് എനിക്കൊരു ശില്പം സമ്മാനമായി തരുന്നു. എന്റെ സമ്മാനിതകൃതി പന്ത് ഉരുളുകയാണ് എന്ന നോവലിലെ മുഖ്യ കഥാപാത്രം പന്തുകളിക്കാരനായ ബാപ്പുട്ടിയെ കൊത്തിയെടുത്ത ശില്പം.

വിജയേട്ടാ എനിക്കു സന്തോഷായി. വിജയേട്ടനെ കാണാൻ കഴിഞ്ഞല്ലോ. അപ്പോഴാണ് അതിന്നു മുമ്പേ വൈക്കത്തുപോയി അദ്ദേഹത്തെ കാണേണ്ടതായിരുന്നു എന്ന് മനസ്സ് പറഞ്ഞത്. പ്രായത്തിൽ മൂന്നുവയസ്സ് മൂത്ത എനിക്ക് കുറ്റബോധം മാത്രം.

ഞങ്ങളുടെ കൂടിക്കാഴ്ചക്ക് വഴിയൊരുക്കിയ സ്വസ്തിക്കു നന്ദി. ●

പിഎൻ വിജയൻ: 9496304123



# ഷഷ്ട്യബ്ദപൂർത്തി ആശംസകൾ



2023 ഫെബ്രുവരി 26 (1999 കുംഭം 13 ) ന്
ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ച

**നാരായണൻ നമ്പൂതിരിപ്പാട്**
ഏളപ്പില, റിട്ട. അധ്യാപകൻ
(S/o ഏളപ്പില നീലകണ്ഠൻ നമ്പൂതിരിപ്പാട്
Late & ദേവകി അന്തർജ്ജനം Late)

സഹധർമ്മിണി :
**ശാന്ത അന്തർജ്ജനം**
അധ്യാപിക (D/o നരിയങ്ങൽ തലപ്പണ
മാധവൻ നമ്പൂതിരി Late)

മക്കൾ: **അഞ്ജലി എസ് നാരായണൻ** (w/o കിരൺലാൽ മഞ്ചട്ടിക്കളം, താമരശ്ശേരി) അധ്യാപിക, മാനിപുരം എ യു പി സ്കൂൾ), **അർജുൻ എസ് നാരായണൻ** (ഡിഗ്രി വിദ്യാർത്ഥി)
മരുമകൻ: **കിരൺ ലാൽ** (S/o നാരായണൻ നമ്പൂതിരി മഞ്ചട്ടിക്കളം, താമരശ്ശേരി)
പേരക്കുട്ടി: **സഞ്ജയ് കൃഷ്ണ**
സഹോദരങ്ങൾ: **കേശവൻ നമ്പൂതിരിപ്പാട്** (Late), **സന്തോഷ്കുമാർ നമ്പൂതിരിപ്പാട്, ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്, രമണി അന്തർജ്ജനം** (W/o പുരുഷോത്തമൻ നമ്പൂതിരി, അരീക്കര പടിഞ്ഞാറെ മന, തിരുനാവായ)

NAMBOODIRI'S
Nams
LEGACY
PURE VEG.


# നംസ് ലഗസി

## നമ്പൂതിരീസ് വെജിറ്റേറിയൻ
## കാറ്ററിംഗ് സെന്റർ & ദോശക്കട

കല്ലംപാറ, എടവണ്ണപ്പാറ

മുൻകൂട്ടി ഓർഡർ നൽകുന്ന യാത്രികർക്ക് ഭക്ഷണസൗകര്യം
(പാക്ക് ചെയ്തും നൽകുന്നതാണ്)

**Ph: 9567844244, 7907713090**



# ശ്രദ്ധാഞ്ജലി

## കരങ്ങാട്ട് വാസുദേവൻ ഭട്ടതിരിപ്പാട്


## (1939 – 2023)

**റിട്ടയേർഡ് എക്കൗണ്ട്സ് ഓഫീസർ, ഇന്ത്യൻ റെയിൽവേസ് (1958–1996)**

പാലക്കാട് ശേഖരീപുരത്തെ സ്വവസതിയിൽ 2023 ഡിസംബർ 31 ന് അന്തരിച്ചു. പട്ടാമ്പി വെള്ളടിക്കുന്ന് കരങ്ങാട്ടു മന കുടുംബാംഗം. അച്ഛൻ : **കരങ്ങാട്ടു മന നാരായണൻ ഭട്ടതിരിപ്പാട്.** അമ്മ: അത്തിപ്പറ്റ മഹൾ **ശ്രീദേവി അന്തർജനം.**

### *സ്നേഹവാത്സല്യങ്ങളുടെ നിറഞ്ഞ ഓർമ്മകളിൽ ഞങ്ങളുടെ തിലോദകം*

*ഭാര്യ:* **പി.സി. ഉമാദേവി** പെരിണ്ടിരി ചേന്നാസ് മന. റിട്ടയേർഡ് പ്രധാനാധ്യാപിക. കുമരപുരം ഗവർമെന്റ് ഹൈസ്കൂൾ, പാലക്കാട്. *മക്കൾ:* **ജയകൃഷ്ണൻ കെ.** മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തൃശൂർ. **ഹരികൃഷ്ണൻ കെ.** റീജനൽ മാനേജർ, പുത്തൂർ ഇൻഫോടെക്, കൊച്ചി. *മരുമക്കൾ:* **രശ്മി** (അത്തിപ്പറ്റ മഹൾ) അധ്യാപിക,ഹയർ സെക്കന്ററി സ്കൂൾ, മങ്കട. **ധന്യ** (കണ്ണമംഗലത്ത് മഹൾ) ഡെപ്യൂട്ടി ഡയറക്ടർ, ഫുഡ് സേഫ്റ്റി & സ്റ്റാന്റാർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, കൊച്ചി. *സഹോദരങ്ങൾ:* **പരമേശ്വരൻ ഭട്ടതിരിപ്പാട്** (late), **ശങ്കരൻ ഭട്ടതിരിപ്പാട്** (late) **ഡോ. രാമൻ ഭട്ടതിരിപ്പാട്.** *സഹോദരിമാർ:* **ശ്രീദേവി അന്തർജനം** (കുന്നത്ത് മന, എടപ്പാൾ), **ഉമാദേവി അന്തർജനം** (late), വെട്ടിയമ്പാടി മന, മായന്നൂർ. **പാർവ്വതി അന്തർജനം** മേലേടത്ത് മന, കാറൽമണ്ണ.



## വേർപാടിന്റെ 39 വർഷം

# പാനാട്ട് ശ്രീധരൻ നമ്പൂതിരി

(മേടം/ഉത്രാടം) **25.4.1924 / 11.3.1985** (കുംഭം/വിശാഖം)

**പാനാട്ട് ഇല്ലം, പി.ഒ: വിളയിൽ വഴി: കുഴിമണ്ണ മലപ്പുറം: ജില്ല**

ശ്രദ്ധാഞ്ജലിയോടെ

**സഹധർമ്മിണി:** സാവിത്രി അന്തർജനം
**മക്കൾ:** ശ്രീദേവി, പദ്മനാഭൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി,
സുധ, കൃഷ്ണൻ നമ്പൂതിരി.
**മരുമക്കൾ:** പരേതനായ എൻ.ടി.കൃഷ്ണൻ നമ്പൂതിരി. (നല്ലൂർ തെഞ്ചീരി, ഫറോക്ക്)
കെ.സി.ലളിത (കൊയ്യത്ത് ചെപ്പന്നൂർ, തളിപ്പറമ്പ്) ഇ.എം.ശോഭ (കരുമകൻ കാവ്
മുല്ലപ്പള്ളി, ഫാറൂഖ് കോളേജ്) കെ.എം സുകുമാരൻ (കുറൂർ മന, കൈപ്പറമ്പ്)
സുജ (കരിയന്നൂർ, പുലാമന്തോൾ കൊപ്പം) ഐശ്വര്യ( കൊണവൂർ മന, കിള്ളിമംഗലം)
വൈശാഖ് (താഴക്കുളത്തുമന, ചെമ്മണ്ണൂർ, കുന്ദംകുളം)
**പേരമക്കൾ:** ബിന്ദു തിരുവാലൂർ, സവിത തത്തനാരി, ഹരിനാരായണൻ,
ശ്രീധരൻ, ശ്രീദത്ത്, ശ്രീരാഗ്, ശരണ്യ, ശരത്, അമൃത കൂടലാറ്റുപുറം,
അർജുൻ കുറൂർ, സാവിത്രി, പാർവതി, ആര്യ



# ശ്രീകോവിൽ കത്തി @ 1985; നിർമ്മിച്ചതൊരു മഹാക്ഷേത്രം@ 2023

**പെരുമാങ്ങോട് വാസുദേവൻ**



പാലക്കാട് ജില്ലയിൽ തിരുവേഗപ്പുറക്കടുത്തുള്ള വെളുത്തൂർ ദേശത്ത് പണ്ട് ധാരാളം ഇല്ലങ്ങൾ ഉണ്ടായിരുന്നു. പെരുമാങ്ങോട്,ചെറുമുക്ക്, നിലയങ്ങോട്, പുതുശ്ശേരി,തുടങ്ങി 24 മനക്കാർ. ശ്രീകൃഷ്ണ സങ്കൽപ്പത്തിൽ പ്രതിഷ്ഠയുള്ള മഹാവിഷ്ണു ക്ഷേത്രം - ചിറമണ്ണിൽ ഭഗവാൻ - വെളുത്തൂർ ദേശത്തിന്റെ അമ്പലമായി.

കാലക്രമത്തിൽ ഗ്രാമത്തിലെ പല ഇല്ലങ്ങളും നശിച്ചു. ക്ഷേത്രേശന്മാരിൽ പലരും ദേശം വിട്ടു പോയി. അവശേഷിച്ചത് രണ്ടില്ലക്കാർ മാത്രം. വൈദികനും ഊരാളനുമായ ചെറുമുക്കും പെരുമാങ്ങോടും. ചെറുമുക്ക് താമസം മാറിയപ്പോൾ ക്ഷേത്രത്തിന്റെ ഊരായ്മ പെരുമാങ്ങോട്ടേക്കായി എന്ന് ചരിത്രം.

ചിരപുരാതനമായ വെളുത്തൂർ ക്ഷേത്രം മനക്കാർ ഏറ്റെടുത്തു നടത്തുന്നത് ചില സാമൂഹ്യവിരുദ്ധർക്ക് സഹിച്ചില്ല.ശ്രീകോവിൽ തന്നെ തീയിട്ടു അവർ.

വളരെ പണ്ടൊന്നുമല്ല;1985 ൽ.ഇല്ലം കാരണവരും അത്തിപ്പറ്റ മരുമകനുമായ പെരുമാങ്ങോട് ദാമോദരൻ നമ്പൂതിരി ഒട്ടും തളർന്നില്ല. ചിറമണ്ണിൽ തേവരുടെ

> ചിരപുരാതനമായ വെളുത്തൂർ ക്ഷേത്രം മനക്കാർ ഏറ്റെടുത്തു നടത്തുന്നത് ചില സാമൂഹ്യവിരുദ്ധർക്ക് സഹിച്ചില്ല. ശ്രീകോവിൽ തന്നെ തീയിട്ടു അവർ.

ശ്രീകോവിൽ ഭംഗിയായി തന്നെ പുതുക്കിപ്പണിതു. അച്ഛൻ ചിറമണ്ണിൽ തേവർക്ക് ശ്രീലകം നിർമ്മിച്ചു നൽകിയപ്പോൾ മക്കളും മണിത്ര മരുമക്കളുമായ ദാമോദരനും (യോഗക്ഷേമസഭ സംസ്ഥാന ട്രഷറർ) വാസുദേവനും തങ്ങളുടെ നിയോഗം തിരിച്ചറിഞ്ഞു.2022 – 23 ഓടെ  നാലമ്പലവും കരിങ്കല്ലിൽ പണിത ബലിക്കല്ല്, സപ്തമാതൃക്കൾ, ദീപസ്തംഭം, ഇഷ്ടിക വിരിച്ച പ്രദക്ഷിണവഴി,തിരുമിറ്റം, ആൽത്തറ എന്നിവയുമെല്ലാം അവരുടെ സമർപ്പണമായിരുന്നു. ഇന്ന് നാട്ടാർക്ക് മുഴുവൻ ആശ്രയമായി സേതുമൃദാലയേശൻ – ചിറമണ്ണിൽ ഭഗവാൻ – പരിലസിക്കുന്നു.

വിശേഷ ദിവസങ്ങൾ: അഷ്ടമിരോഹിണി, ഗുരുവായൂർ ഏകാദശി. പ്രധാന വഴിപാടുകൾ: ചന്ദനം ചാർത്ത്, വെണ്ണ നിവേദ്യം, പാൽപായസം,നിറമാല, ദിവസപൂജ, പുരുഷസൂക്തം പുഷ്പാഞ്ജലി.

## ചില വന്ദനശ്ലോകങ്ങൾ

**1 കുംഭീന്ദ്രാനനമന്തരായ ഹരണം, വാണീം തമോ ഹാരിണീം /**
**ശംഭും സൽഭിരനന്തരേണ**
**നിലയക്രോഡോഷിതം ഘോഷിതം/**
**ജംഭാരാദിസഹോദരം പരമഹം സമ്പൽപ്രദം ദൈവതം /**
**വന്ദേ സേതുമൃദാലയേശമനിശം**
**നാരായണം കാരണം**

(1890 ൽ പെരുമാങ്ങോട് നാരായണൻ നമ്പൂതിരി രചിച്ച ശിവരാത്രി മാഹാത്മ്യം ആട്ടക്കഥയിലെ വന്ദനശ്ലോകം)

**2 മധ്യേകേദാരമുച്ചൈർ ധവളപുരമിതി ഖ്യാതദേശേ ജനാനാം**
**ക്ഷേമായോർവ്വാമ്രകോഡാവനിവിബുധവരാനുഗ്രഹവ്യഗ്രചിത്ത:**
**ശംഖം ചക്രം ഗദാം പങ്കജമിതി ഹരിവത് പാണിഭിർ ധാരയൻ ന:**
**കൃഷ്ണോ വിഷ്ണുസ്വരൂപീ**
**പ്രദിശതു കുശലം സേതുമൃത്സാലയേശ:**

(ഡോക്ടർ കാഞ്ഞാട് വാസുദേവൻ ,ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ് റിട്ടയേർഡ് പ്രഫസറും സംസ്കൃതപണ്ഡിതനും)


ആശയം: വെളുത്തുർ എന്നു പേരുള്ള ദേശത്തിൽ പാടത്തിന്റെ നടുക്കായി എല്ലാ ലോകരുടേയും ക്ഷേമത്തിനായി, പെരുമാങ്ങോട്ടു വിപ്രന്മാരുടെ അനുഗ്രഹത്തിൽ വിശേഷിച്ച് ജാഗരൂകനായി, വിഷ്ണുവിനെപ്പോലെ നാലു തൃക്കൈകളിൽ ശംഖം, ചക്രം, ഗദ, പത്മം എന്നിവ ധരിച്ച് വിഷ്ണുസ്വരൂപനായി നിലകൊള്ളുന്ന ചിറമണ്ണിൽ തേവരായ സാക്ഷാത് ശ്രീകൃഷ്ണ ഭഗവാൻ നമുക്ക് നന്മ തരുമാറാകട്ടെ.

3 ഇതേ ആശയമുള്ള ഒരു മലയാളശ്ലോകം : കവി :അധ്യാപകനും പ്രശസ്തകഥകളി ഗായകനുമായ അത്തിപ്പറ്റ രവി.

**ആരമ്യം വയലാടയാക്കി ചിറമ-**
**ണ്ണെന്നോരു തൃക്കോവിലിൽ**
**സൈ്വരം ചക്രഗദാബ്ജശംഖമിയലും**
**തൃക്കൈകളാർന്നന്വഹം,**
**പാരം ക്ഷേമദനായ് വസിച്ചു പെരുമാ-**
**ങ്ങോട്ടന്തണപ്രീണനായ്-**
**ത്തീരും ശ്രീഹരിവിഷ്ണുതാനിഹ വെളു-**
**ത്തൂരിന്നു നേരാശ്രയം.** ●

–പെരുമാങ്ങോട് വാസുദേവൻ :9447026424

# വിഷുവായി





**മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി**

അത്യുച്ചരാശിതൻ തൃപ്പടികൾ വന്ദിച്ച്
ഗോപുരകവാടം കടക്കുവാനായി
ആദിത്യനെത്തുന്ന നേരത്ത് കൂടവേ
അനുഗമിക്കാം നന്മയനുഭവിക്കാൻ
പൊൻപുലരി വന്നൊരുക്കും വിഷുക്കണി
കണ്ടൊന്നു നമ്മൾക്കുണർന്നെണീക്കാം
ഉച്ചനീചത്വങ്ങളെല്ലാമകറ്റുന്ന
ഒരു നല്ല നാളെ പുലർന്നു കാണാൻ
ഇന്ദ്രാദിദിക്കെട്ടുമെത്തുന്നു മച്ചിന്റെ
ചുറ്റിലും തോരണം തൂക്കുവാനായ്
കണിക്കൊന്നയെത്തും കളിച്ചും ചിരിച്ചും

വിഷുപ്പക്ഷി പാടുന്ന പാട്ടു കേൾക്കാൻ
കാർമേഘ പടലങ്ങളെത്തുന്നു ഭഗവാന്
പീലിയൊന്നഴകോടെ ചേർത്തുവെക്കാൻ
പൂമ്പാറ്റകൾ നടനമാടിവന്നെത്തീടും
ആശ്ചര്യമോടൊന്നു കണ്ടുനിൽക്കാൻ
പുലരുന്നതിൻ മുമ്പ് കോടിയുടുത്തെത്തും
താരങ്ങളെല്ലാം അടുക്കിവെക്കാൻ
കുങ്കുമച്ചെപ്പും വെളുത്തുള്ള വസ്ത്രവും
കണിവെള്ളരിക്കയും മുമ്പിൽ വെക്കാൻ
നല്ലൊരു പൊന്നിൻ ഉരുളിയായെത്തുന്നൂ
ഓർമ്മകൾ നന്മതൻ കണിയൊരുക്കാൻ
സ്നേഹസൗഗന്ധിക തീരത്തു പോയിടാം
കൈനീട്ടിയാ  പുണ്യമേറ്റുവാങ്ങാൻ

*ജ്യോതിഷപണ്ഡിതനും എഴുത്തുകാരനുമാണ് മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി. വസതി കോഴിക്കോട് എൻ.ഐ.ടി. അരീക്കുളങ്ങര ക്ഷേത്ര സമീപം*
**9447311253**

# വായനക്കാരുടെ പേജ്

പ്രതികരണങ്ങൾ
വാട്ട്സ്ആപ്പ് ചെയ്യൂ
**9400992823**



## വിഭവങ്ങൾ ഒന്നിനൊന്നു മെച്ചം

സ്വസ്തി കിട്ടിയാൽ ഏതാണ് ആദ്യം വായിക്കേണ്ടത് എന്നു തോന്നും. ഒന്നിനൊന്ന് മെച്ചപ്പെട്ട രചനകളാണ് അതിൽ വരുന്നത്.

തീയ്യാടി നമ്പ്യാർമാരെക്കുറിച്ച് അറിയുന്നതിന് ജനുവരിയിലെയും മുൻ ലക്കങ്ങളിലെയും ലേഖനങ്ങൾ വളരെ സഹായിച്ചു. വാസ്തവത്തിൽ അവരും നമ്പൂതിരിമാരും തമ്മിൽ കാര്യമായ അതിർവരമ്പുകൾ ഇല്ലെന്ന് മനസ്സിലായി.

അനിയൻ മാങ്ങോട്ടിരിയുടെ 'മ്യൂണിക്കിലെ ഒരു സന്ധ്യ' സ്വസ്തി വായനക്കാർ മാത്രം അറിഞ്ഞാൽ പോരാ, മറ്റുള്ളവരും അറിയണം, അതുവഴി നമ്മുടെ നാട്ടുകാരെ ഒന്ന് ബോധവൽക്കരിക്കണം എന്നു തോന്നി. നമ്പൂതിരിമാർ തുടങ്ങുന്ന പല സംരംഭങ്ങളും അൽപ്പായുസ്സായിട്ടാണ് പരിണമിക്കാറുള്ളത്. അതിനൊരപവാദമായ മൂത്ത കൊരമ്പിന്റെ കട നന്നായി പ്രവർത്തിക്കുന്നുണ്ടെന്നത് വളരെ അഭിമാനകരം തന്നെ.

കെ.പി.ശങ്കരൻ മാഷെക്കുറിച്ച് കാര്യമായ അറിവൊന്നും ഇല്ലായിരുന്നു. അതിനൊരു പരിഹാരം ഉണ്ടാക്കിത്തന്നു പുളിക്കത്തൊടി വിജയന്റെ ലേഖനം.

ചന്ദ്രയാൻ പ്രോജക്ടിന്റെ നേതൃനിരയിൽ പ്രവർത്തിച്ചിരുന്ന ജയനെക്കുറിച്ച് അമ്മാവനായ പന്താവൂർ കൃഷ്ണൻ എഴുതിയ ലേഖനം വഴി നാളിതുവരെ കാണാത്ത അകന്ന ബന്ധുവിനെക്കുറിച്ച് അറിയുവാൻ കഴിഞ്ഞു. അതിന് സ്വസ്തിക്കും കൃഷ്ണനും നന്ദിയുണ്ട്. ഇനിയും കൂടുതൽ തലങ്ങൾ എത്തിപ്പിടിക്കുവാൻ ജയന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

പരിയാനംപറ്റയെ പണ്ടെങ്ങോ ഏതോ സിനിമയിൽ കണ്ട ഓർമ്മയുണ്ട്. ഉദയൻ നമ്പൂതിരിപ്പാടിന്റെ ലേഖനം അദ്ദേഹത്തിന്റെ പ്രതിഭകൾ അറിയുവാൻ സഹായിച്ചു.

പാലാഞ്ചേരി ഉമാ അന്തർജനം ദേവകി നിലയങ്ങോടിന്റെ മറ്റൊരവതാരമായി. സാഹിത്യലോകത്ത് പെണ്ണായി പിറന്നതിന്റെ കഷ്ടതകൾ മുൻപുള്ളവർ അനുഭവിച്ചതിന്റെ തിരിച്ചടിയാണിന്ന്; എത്രയോ യുവാക്കൾ വിവാഹം തരാവാതെ പുര നിറഞ്ഞു നിൽക്കുന്നു ഇപ്പോൾ. ലേഖനത്തിൽ ഒരു തെറ്റ് കണ്ടു. ജ്യേഷ്ഠൻ ഇരിക്കുമ്പോൾ അനുജൻ ചെയ്യുന്നതാണ് പരിവേദനം. ഇനിയും കൂടുതൽ രചനകൾക്കായി അവരുടെ തൂലിക ചലിക്കട്ടെ. ഇത്തരത്തിലുള്ള വിഭവങ്ങൾ കാഴ്ചവെച്ച സ്വസ്തിക്ക് നന്ദി.

**പുരുഷോത്തമൻ എം.വി.**
ഫ്ളാറ്റ് നമ്പർ 3എ, കല്യാൺ നെക്സസ്
കേരളവർമ്മ കോളേജ് റോഡ്, അയ്യന്തോൾ– 680003, മൊബൈൽ 9446234614

## ലേഖനം ചീന്തോദ്ദീപകം

നാടകങ്ങൾ ഒരു കാലത്ത് നവോത്ഥാനത്തിന്റെ വേദികളായിരുന്നല്ലോ. വിടി നവോത്ഥാനത്തിന്റെ മുന്നിൽ നടന്ന വിപ്ലവകാരിയും. അന്ന് നടന്ന അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് പോലുള്ള നടകങ്ങളിൽ പെൺവേഷം അഭിനയിക്കുകയും പുരുഷൻമാരെ പെണ്ണുങ്ങളാക്കി മാറ്റാൻ മേക്കപ്പ് നടത്തുകയും ചെയ്ത മഹാനായ കലാകാരൻ പരിയാനംപറ്റയെക്കുറിച്ചുള്ള ലേഖനം ചീന്തോദ്ദീപകവും അറിവു പകരുന്നതുമായി. ഇത്തരത്തിലുള്ള ചരിത്ര വസ്തുതകളുടെ വിലപ്പെട്ട ഏടുകൾ പുതിയ തലമുറക്ക് പകർന്നു നൽകിയ താങ്കളുടെ എഴുത്ത്കാലികമായ പ്രാധാന്യം അർഹിക്കുന്നു. ലേഖനത്തിനും എഴുതിയ ഉദയൻ നമ്പൂതിരിപ്പാടിനും സ്വസ്തി മാസികക്കും അഭിനന്ദനങ്ങൾ.

**ഇ.ആർ ഉണ്ണി,** എടക്കുന്നത്ത് ഇല്ലം, നക്ഷത്ര അപ്പാർട്ട്മെന്റ്,
തെക്കുംമുറി (പോസ്റ്റ്), തിരൂർ –5., മൊബൈൽ നമ്പർ.9847774031.

### മ്യൂണിക്കിലെ ഒരു സന്ധ്യ

പ്രിയ പത്രാധിപർ,
കഴിഞ്ഞ ലക്കം 'സ്വസ്തി'യിലെ എല്ലാ വിഭവങ്ങളും സ്വാദിഷ്ടമായിരുന്നു, വിശിഷ്യ ശ്രീ. മാങ്ങോട്ടിരി അനിയന്റെ 'മ്യൂണിക്കിലെ ഒരു സന്ധ്യ'. അഭിനന്ദനങ്ങൾ. തൽസന്ദർഭത്തിൽ എന്നിലുണ്ടായ അനുഭൂതിയെ ചുവടെ കുറിക്കട്ടെ?

വായിച്ചേൻ പലവട്ടം ഞാൻ,
കവിത, കൗതുകത്തോടെ
ഹൃദ്യം, മനോഹരം, ശ്രേഷ്ഠം-
നേരുന്നൂ, അഭിനന്ദനം!

ജർമ്മൻ ശുചിത്വശീലത്തെ-
വാഴ്ത്തുന്നൂ, മാതൃകാപരം!
അപ്രകാരം, നമുക്കെല്ലാം
ഇവിടെ, ചെയ്തുകൂടയോ?

പാതയോരങ്ങളിൽ കാണാം
ചീഞ്ഞുനാറുന്ന മാലിന്യം
കൊതുകും, ഈച്ചയും, പാറി-
പരത്തും, രോഗകീടങ്ങൾ!

ശവത്തെ വിലപേശുന്ന
ആസ്പത്രി ബിസിനസ്സുകൾ,
സ്വാർത്ഥപൂർവ്വം നടക്കുന്നു
ഫലമോ 'രോഗിപീഡ'യും!

പൊതുപാത, മഹാകഷ്ടം,
കുഴിയിൽ വീഴുന്നു, പാന്ഥവർ
പൊടിപാറിയടിക്കുമ്പോൾ-
കണ്ണുപൊത്തുന്നു, യാത്രികർ!

നാടിനെ വിറ്റുതിന്നുന്ന-
'തമ്പ്രാക്കൾ' നാടു വാഴുമ്പോൾ
ക്ഷേമവും, ശാന്തിയും, സൗഖ്യം-
എങ്ങിനെ പുലരും, നാട്ടിൽ!

**അനിയൻ മണ്ണാനിക്കാട്**
ശ്രീനിലയം, പി.ഒ. എടയാറ്റൂർ, വഴി മേലാറ്റൂർ
679326, ഫോൺ: 9633167578




## കൃത്യമായ വിവരണം

സ്വസ്തി വായിച്ചു.പരിയാനമ്പറ്റയെ കുറിച്ചുള്ള ആർട്ടിക്കിൾ അസ്സലായി. അറിയാത്ത കാര്യങ്ങൾ ഒരുപാട്. നല്ല ഭാഷ . കൃത്യമായ വിവരണം.

**അഡ്വ. ഉഷ**
പെരിന്തിരി ചേന്നാസ് മന,
എരമംഗലം പോസ്റ്റ്,
മലപ്പുറം ജില്ല. പിൻ : 679587.
മൊബൈൽ .8281577493.

## അഭിനന്ദനങ്ങൾ.... ഇനിയും മുന്നേറുക

നവവത്സരപ്പതിപ്പ് കിട്ടി. എല്ലാ മേഖലകളിലും നമ്പൂതിരിമാർ പ്രവർത്തന വിജയം വരിക്കുന്നു എന്നുറപ്പിക്കുന്ന ഫീച്ചറുകൾ സ്വസ്തിയുടെ മാത്രം പ്രത്യേകതയാണ്. വലിയ പരിശ്രമം സ്വസ്തി റിപ്പോർട്ടുകളുടെ പിന്നിലുണ്ടാവണം. വലിയ മാധ്യമങ്ങളും സ്വസ്തിയെ അംഗീകരിക്കുന്നു എന്നറിയുന്നതും സന്തോഷം. അഭിനന്ദനങ്ങൾ .. ഈ വഴിയിൽ ഇനിയും മുന്നേറുക.

**മോഹനൻ നമ്പൂതിരിപ്പാട്**
റിട്ടയേർഡ് എഞ്ചിനീയർ,
മരനാട്ട് മന,
തെയ്യംമ്പാടിക്കുത്ത്
പാണ്ടിക്കാട്, മലപ്പുറം,
Mob:9447184250

# പരിയാനമ്പറ്റയെ ഓർത്തത് ഉചിതം

പ്രിയപ്പെട്ട സ്വസ്തി, ഈ പ്രസിദ്ധീകരണത്തിൽ വരുന്ന ലേഖനങ്ങൾ സ്ഥിരമായി വായിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ ഞാൻ ഇങ്ങനെ ഒരു എഴുത്ത് അയച്ചില്ല എങ്കിൽ അത് വലിയൊരു കൃത്യവിലോപം ആവും എന്നതിനാൽ എഴുതുകയാണ്. സമൂഹത്തിലെ പ്രത്യേകിച്ച് നമ്പൂതിരി സമുദായത്തിലെ മൺമറഞ്ഞു പോയവരും ജീവിച്ചിരിക്കുന്നവരുമായ ഒരുപാട് പ്രതിഭകളെ, ആരും അറിയപ്പെടാതെ പോയ, അറിയപ്പെടേണ്ടവരായ, പുതു തലമുറയ്ക്ക് പരിചയപ്പെടുത്തി ആ മഹദ് വ്യക്തികളുടെ ജീവിതം കാണിച്ചുതന്ന വഴികളിലൂടെ സഞ്ചരിക്കാൻ പ്രചോദനം നൽകുന്ന ലേഖനങ്ങൾ ആരെഴുതിയാലും അത് അഭിനന്ദനീയം തന്നെ. ഈ അടുത്ത് ശ്രീ K.M.ഉദയൻ നമ്പൂതിരിപ്പാട് എഴുതിയ ലേഖനത്തിൽ പരാമർശിച്ച ശ്രീ 'പരിയാനമ്പറ്റ' അതിനൊരു ഉത്തമ ഉദാഹരണമാണ്. അദ്ദേഹത്തിന്റെ സിദ്ധികളും കഴിവുകളും ഇന്നത്തെ പോലെ മീഡിയകളും വാർത്താ മാദ്ധ്യമങ്ങളും ഉണ്ടായിരുന്നെങ്കിൽ ലോകപ്രശസ്ത കലാകാരൻ എന്ന് അറിയപ്പെടേണ്ടതായിരുന്നു. അദ്ദേഹം അംഗീകാരങ്ങൾക്ക് വേണ്ടി ആരുടേയും കാലു പിടിക്കാനോ സ്തുതിപാഠകനാവാനൊ പോയില്ല. വളരെ കുറഞ്ഞ അംഗീകാരങ്ങൾ മാത്രമേ അദ്ദേഹത്തെ തേടിയെത്തിയുള്ളൂ. എന്നാൽ അതുകൊണ്ട് അദ്ദേഹത്തിന് ആരോടും പരിഭവമോ പരാതിയോ ഉണ്ടായിരുന്നുമില്ല. ചരിത്രം തിരുത്തിക്കുറിച്ച ശ്രീ വി.ടി.ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്' എന്ന് പ്രഹസനത്തിന്റെ അവതരണത്തോട് അനുബന്ധിച്ച് ഉണ്ടായ ഒരനുഭവം ശ്രീ ഉദയൻ നമ്പൂതിരിപ്പാടിന്റെ ലേഖനം വായിച്ചപ്പോൾ സ്വസ്തിയുമായി പങ്കുവക്കണം എന്ന് തോന്നി. ഒരു നാടകാവതരണത്തിന്റെ സന്ദർഭത്തിൽ ശ്രീ പരിയാനമ്പറ്റ ആയിരുന്നു പ്രധാന മെയ്ക്കപ്പ്മാൻ. അന്ന് അദ്ദേഹം അതിൽ ഉഴുത്രൻ എന്നൊരു പ്രധാന കഥാപാത്രത്തേയും അവതരിപ്പിച്ചിരുന്നു. നാടക ദിവസം സമൂഹത്തിലെ പല മഹദ് വ്യക്തികളും വന്നിട്ടുണ്ടായിരുന്നു. ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥനും വന്നിട്ടുണ്ടായിരുന്നു... നാടകം തുടങ്ങുന്നതിന് മുമ്പ് അദ്ദേഹത്തിന് ഒരു മോഹം.. ഗ്രീൻ റൂമിലേക്ക് ഒന്ന് പോയി പ്രേംജി, എം.എസ്.നമ്പൂതിരി തുടങ്ങിയവരെ ഒന്ന് കാണണം എന്ന്. മെയ്ക്കപ്റൂമിലേക്ക് ആരും വരുന്നത് ശ്രീ പ്രേംജിക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. മാത്രമല്ല ആരും വരാതെ നോക്കാൻ പ്രത്യേക സെക്യൂരിറ്റിയും ഉണ്ടായിരുന്നു. ആവശ്യം ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ ആയിരുന്നതിനാൽ അദ്ദേഹത്തെ ഗ്രീൻ റൂമിലേക്ക് കൊണ്ടുപോയി. റൂമിന്റെ വാതിലിനടുത്തെത്തിയതും അദ്ദേഹം പെട്ടെന്ന് തലതിരിച്ചു പിന്നിലോട്ടു വച്ചു. എന്നിട്ട് പറഞ്ഞു...ആ സ്ത്രീകളോട് മാറു മറച്ച് നിൽക്കാൻ പറയൂ എന്ന്. നാടകത്തിലെ സ്ത്രീവേഷങ്ങൾ കണ്ടപ്പോൾ അദ്ദേഹത്തിനുണ്ടായ അനുഭവം ആണ് അത്. കാര്യം പറഞ്ഞു മനസ്സിലാക്കി അദ്ദേഹത്തെ റൂമിലേക്ക് കൊണ്ടുപോയി...അദ്ദേഹം ആ സ്ത്രീവേഷം മെയ്ക്കപ്പ് ഇട്ട പുരുഷന്മാരുടെ അടുത്ത് പോയി ഏറെ നേരം അന്തംവിട്ടു നിന്ന കാര്യം ഏറെ അത്ഭുതപ്പെടുത്തി. ശ്രീ പരിയാനമ്പറ്റയുടെ കഴിവ് മനസ്സിലാക്കാൻ ഈ ഒരൊറ്റ കാര്യം മതി. അന്ന് അദ്ദേഹം പറഞ്ഞത്, ഒരു കലാകാരന് കിട്ടുന്ന വലിയ ഒരവാർഡ് ആണ് ഈദൃശ അനുഭവം എന്നാണ്. പറഞ്ഞു വന്നത് സ്വസ്തിയിൽ എനിയും ഈ വിധം ലേഖനങ്ങൾ വരണം. ഒരുപാട് രത്നങ്ങൾ എനിയും ഉണ്ടാവും... അല്ല ഉണ്ട്. ഇങ്ങനെ ഒരു വാതായനം തുറന്നു വച്ച് സ്വസ്തി ചെയ്യുന്ന ഈ സദുദ്യമത്തെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. എനിയും ഞങ്ങളെപ്പോലുള്ള സാധാരണ വായനക്കാർക്ക് വലിയൊരു അനുഗ്രഹമാണ് സ്വസ്തി. സ്വസ്തിയുടെ എല്ലാ അണിയറ പ്രവർത്തകർക്കും എന്റെ വ്യക്തിപരമായ അഭിനന്ദനങ്ങൾ. ശ്രീ ഉദയൻ നമ്പൂതിരിപ്പാടിനെപ്പോലുള്ളവർ എനിയും ഏറെ പേരെ ഓർമ്മിച്ച് അവതരിപ്പിക്കണം എന്ന് അപേക്ഷയോടെ, സസ്നേഹം നിങ്ങളുടെ മഞ്ഞപ്പറ്റ ഹരി.

**ഹരിദാസൻ**
(മുൻ മാനേജർ, വൈദ്യമഠം നഴ്സിംഗ് ഹോം), മഞ്ഞപ്പറ്റ മന
മേഴത്തൂർ, പാലക്കാട് ജില്ല, Mobile 9447433 001

# വായനക്കാരുടെ പേജ്

## അർഹിക്കുന്ന അംഗീകാരം കിട്ടിയില്ല

അതുല്യ കലാകാരൻ പരിയാനം പറ്റയുടെ ജീവിതം ഒരു അഭ്രപാളിയിലെന്ന പോലെ വളരെ മനോഹരമായിത്തന്നെ ഉദയൻ തന്റെ തൂലികയിലൂടെ വരച്ചു കാട്ടി. അർഹിക്കുന്ന അംഗീകാരം ആ കലാകാരന് കിട്ടിയില്ല എന്ന സത്യം ഏതൊരു സഹൃദയനേയും ആസ്വസ്ഥനാക്കും. കാലത്തിന്റെ കണക്കു പുസ്തകത്തിൽ അദ്ദേഹത്തിന് അർഹിക്കുന്ന ഒരിടം കിട്ടട്ടെ.. പ്രൊഫസർ വഴക്കുന്നത്തിന്റെ ജലവിദ്യ പുലാമന്തോൾ ഹൈസ്കൂളിൽ വെച്ച് ഒരിക്കൽ കാണാൻ ഭാഗ്യമുണ്ടായത് ഓർത്തു പോയി. അഭിനന്ദനങ്ങൾ. ഇനിയും എഴുത്തു തുടരൂ..

**എൻ.ശാരദ**
റിട്ട. പ്രൊഫസർ, ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്
9446260420

## സ്വസ്തി എത്രയോ മുന്നിൽ

സ്വസ്തി വാർഷിക പതിപ്പ് ഇന്നലെ കിട്ടി. ഇന്ന് വായന തുടങ്ങി മുഴുവനും ഒറ്റ ഇരിപ്പിൽ വായിച്ചു. സ്വസ്തി സൃഷ്ടിച്ചു എടുത്ത വലിയ ഇംപാക്ട് ശ്ലാഘനീയം തന്നെ. മറ്റു, യോഗക്ഷേമ സഭ പ്രസിദ്ധീകരണങ്ങളെക്കാൾ എത്രയോ മുന്നിലാണ് സ്വസ്തി. അഭിനന്ദനങ്ങൾ. നമ്മുടെ അറിയപ്പെടാത്ത അന്തർജനങ്ങളെ പരിചയപ്പെടുത്തുന്ന ലേഖനങ്ങൾ, പുതിയ തലമുറയ്ക്ക് മുതൽ കൂട്ടാണ്.

**പി.ഉണ്ണികൃഷ്ണൻ**
പുന്നപ്പുഴ മന എ 23 കാർത്തിക, ഗണേഷ് നഗര് ശേഖരീപുരം, പാലക്കാട്– 678010, ഫോൺ: 9446791722

## പുരുഷ സുന്ദരിമാരെ സൃഷ്ടിച്ചത് പരിയാനം പറ്റ

എനിക്ക് പറയാനുള്ളത് സ്വസ്തിയെ പറ്റിത്തന്നെ. സ്വസ്തിയുടെ വളർച്ചയിൽ അള വറ്റ സന്തോഷവും ഉണ്ട്. ഇവിടെ ഒരു കാര്യം ശ്രദ്ധയിൽ കൊണ്ടു വരുക എന്ന് ഉദ്ദേശമാണ്. ഈ വാർഷീക പതിപ്പിൽ 'അരങ്ങത്തെ അന്തർജ്ജനങ്ങളൊന്നും പെണ്ണുങ്ങളല്ല' എന്ന ലേഖനത്തെ പറ്റിയാണ്. തുടക്കത്തിൽ തന്നെ' നാടകത്തിലെ നടീ നടന്മാരാണ് ഈ ചിത്രത്തിൽ . ഈ പുരുഷ സുന്ദരിമാരെ സൃഷ്ടിച്ചത് പരിയാനം പറ്റയാണ് എന്നു വായിച്ചു. ശരിയാണ് ആദ്യ കാലങ്ങളിൽ ആ മഹാ പ്രതിഭ തന്നെ ആയിരുന്നു. എന്നാൽ ഈ ഫോട്ടോ കാണുന്നത് 1982 ൽ കേരള സംഗീത നാടക അക്കാദമിക്കുവേണ്ടി നാടകമവതരിപ്പിച്ചപ്പോഴത്തെയാണ്. ഇത് മേയ്ക്കപ്പ് ചെയ്തത് അയ്യപ്പൻ മാസ്റ്ററാണ്. ഫോട്ടൊയിലെ ഏറ്റവും പിൻനിരയിൽ ഇടത്തുഭാഗത്ത് മാട മ്പിന്റെ തൊട്ടടുത്ത് നിൽക്കുന്ന ആൾ. സമീപത്തു തന്നെ അന്നത്തെ ചെയർമാനായിരുന്ന് സർവ്വശ്രീ പി.ഭാസ്ക്കരൻ മാഷിനേയും കാണാം. ഫോട്ടോയും എഴുത്തു തമ്മിൽ വായനക്കാർക്ക് തെറ്റിധാരണ വേണ്ട എന്നു കരുതി ചൂണ്ടിക്കാണിച്ചു എന്നു മാത്രം. നന്ദി.

**ശങ്കരൻ തോട്ടുപുറത്ത്,** പി.ഒ. വട്ടംകുളം,
മലപ്പുറം– 679578, മൊബൈൽ: 9446430246



## നമ്പൂതിരീസ് ഹോം അപ്ലയൻസ് പ്രചോദനമാകട്ടെ

നമ്പൂതിരീസിന്റേതാണ് മേലാറ്റൂർ അങ്ങാടിയിലെ ഏറ്റവും വലിയ കട. മലപ്പുറം ജില്ലയിൽ പല ഭാഗങ്ങളിലും ചെറിയ തോതിലെങ്കിലും നമ്പൂതിരിമാരുടെ സംരംഭങ്ങൾ ഉണ്ട്.

പുളിക്കീഴ് ത്രിവിക്രമൻ നമ്പൂതിരി കഴിഞ്ഞ ലക്കം സ്വസ്തിയിൽ എഴുതിയ മേലാറ്റൂരിലെ ഏറ്റവും വലിയതും ശ്രദ്ധിക്കപ്പെടുന്നതുമായ നമ്പൂതിരിസ് ഹോം അപ്ലയൻസിനെക്കുറിച്ചു വായിച്ചു. വളരെ ചെറിയ നിലയിൽ നിന്ന് ഉയർന്നു വന്ന ഈ സ്ഥാപനം ഉടമസ്ഥനായ പുരുഷോത്തമൻ നമ്പൂതിരിയുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമാണെന്നതു വ്യക്തം. 120 Sq. ft വാടകമുറിയിൽ നിന്നു 400 ആയും 3000 ആയും ഇപ്പോൾ 15000 Sq. ft വിസ്തീർണ്ണമുള്ള മേലാറ്റൂരിലെ ഏറ്റവും വലിയ സ്ഥാപനമാക്കിയതിൽ പുരുഷോത്തമൻ നമ്പൂതിരിയുടെ കഴിവ് പ്രശംസാർഹം ... തൊട്ടടുത്ത നഗരങ്ങളിൽ നിന്നുപോലും കസ്റ്റമേഴ്സ് എത്തുന്ന വിധം പുരോഗമനം നേടാനായത് ബിസിനസ് എന്താണെന്ന് പഠിച്ച് പ്രവർത്തിച്ചതിന്റെ റിസൽറ്റ് തന്നെ!

ബിസിനസ് താല്പര്യമുള്ള നമ്പൂതിരിമാർക്ക് നമ്പൂതിരീസ് ഹോം അപ്ലയൻസ് ഒരു പ്രചോദനമാകട്ടെ!
സ്വസ്തിക്ക് അഭിനന്ദനങ്ങൾ.

**വാസുദേവൻ തിരുവാലൂർ**
പി.ഒപുൽപ്പറ്റ, മഞ്ചേരി– 676123
മൊബൈൽ: 9447980502

# വായനക്കാരുടെ പേജ്

## പരിയാനമ്പറ്റയെക്കുറിച്ചുള്ള ലേഖനം പഠനാർഹം

പരിയാനമ്പറ്റയെക്കുറിച്ച് സ്വസ്തിയിൽ ഉദയൻ നമ്പൂതിരിപ്പാട് എഴുതിയ ലേഖനം വളരെയധികം ശ്രദ്ധാർഹവും പഠനാർഹവുമാണ്. നമ്പൂതിരി സമുദായത്തിലെ സാമൂഹ്യ പ്രവർത്തകരേയും സാഹിത്യകാരന്മാരേയും കലാകാരന്മാരേയും മറ്റു നിലയിൽ ശോഭിയ്ക്കുന്നവരേയും തമസ്കരിക്കുന്ന ഒരു സമ്പ്രദായം ഇന്നോ ഇന്നലേയോ തുടങ്ങിയതല്ല. അതിൽ പരിയാനംപറ്റയും ഒരു ഇരയായി എന്നു മാത്രം . ഇതെഴുതുന്ന ആളിന്റെ (മറവഞ്ചേരി) അമ്മയുടെ അനുജത്തിയെ (ഞങ്ങൾ ഇച്ചമ്മ എന്ന് വിളിയ്ക്കും) വേളി കഴിച്ച ആളാണ് സാക്ഷാൽ ശ്രീ പരിയാനം പറ്റ നമ്പൂതിരിപ്പാട്. ഒന്നുകൂടി വിശദമാക്കുകയാണെങ്കിൽ പ്രസിദ്ധ കൊത്തുപണി വിദഗ്ധനും പ്രസിഡണ്ടിന്റെ അവാർഡ് ജേതാവുമായ ചൊവ്വൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ സഹോദരിയെയാണ് പരിയാനം പറ്റ വേളികഴിച്ചിട്ടുള്ളത്.

എന്റെ കുട്ടിക്കാലത്ത് അതായത് അറുപത് അറുപത്തഞ്ച് കൊല്ലം മുമ്പെ എന്റെ അമ്മാത്തായ ചൊവ്വൂരിൽ വെച്ച് പരിയാനംപറ്റയെ ധാരാളം കണ്ടിട്ടുണ്ട്.കുട്ടികളെ അദ്ദേഹത്തിന് വലിയ കാര്യമാണ്. ഞങ്ങൾ കുട്ടികൾക്ക് ചെറിയ ചെറിയ മാജിക് കാണിച്ച് അത്ഭുതത്തിന്റെ മായാലോകത്തേയ്ക് കൊണ്ട് പോകാറുണ്ടായിരുന്നു.

കുറച്ച് വലുതായപ്പോഴാണ് പരിയാനം പറ്റയിലെ കലാകാരനേയും സാമൂഹ്യ പരിഷ്കർത്താവിനേയും തിരിച്ചറിയുന്നത്. എന്റെ ഇല്ലത്തെ അടുത്ത് തിരുന്നാവായയിൽ മഹാത്മാഗാന്ധിയുടെ ചിതാഭസ്മം ഒഴുക്കിയതിന്റെ സ്മരണാർത്ഥം എല്ലാ കൊല്ലവും ഫെ ബ്രുവരിയിൽ മൂന്ന് ദിവസങ്ങളിൽ ആയി നടക്കുന്ന സർവ്വോദയ മേളയ്ക് പരിയാനംപറ്റയുടെ ഏകാഭിനയവും ചെറിയ തോതിൽ മാജികും പതിവായിരുന്നു. ഒരു ഭാഗത്ത് നിന്ന് നോക്കിയാൽ പട്ടരുടെ വേഷവും തിരിഞ്ഞ് നടന്നാൽ നല്ല മലപ്പുറം കാക്കയുമായി മാറുന്ന വേഷവിധാനത്തിൽ പരസ്പരം ശണ്ഠ കൂടുന്ന അഭിനയം മനസ്സിൽ ഇപ്പോഴും മായാതെ കിടക്കുന്നു. സ്വന്തം മെയ്ക്കപ്പാണ് അദ്ദേഹം എപ്പോഴും സ്വീകരിയ്ക്കാറുള്ളത്.

നിമിഷനേരം കൊണ്ട് ഓരോരോ കഥാപാത്രമായി മാറുന്ന അപാര സിദ്ധി വൈഭവമാണ് അദ്ദേഹത്തിനുള്ളത്. എന്റെ ഇല്ലത്ത് അദ്ദേഹ ത്തിന്റെ അമ്മയുടെ സഹോദരിയും ഭാര്യാ സഹോദരിയുമുള്ളതു കൊണ്ട് ഇടയ്ക്ക് ഈ വഴി വരാറുണ്ടായിരുന്നു. വന്നാൽ ഞങ്ങൾ കുട്ടികൾക്ക് മഹോത്സവവും.

ഇങ്ങനെ ബഹുമുഖ പ്രതിഭയായ പരിയാനമ്പറ്റയ്ക് അർഹമായ സ്ഥാനം കിട്ടിയിട്ടില്ല എന്നത് സത്യമാണ്. സിനിമയിലെ ശങ്കരാടി, ഒടുവിൽ എന്നിവരെപ്പോലെ ഉയരത്തിൽ എത്തേണ്ട കലാകാരനാണ്. കലാജീവിതം തന്നെ എന്ന സിദ്ധാന്തത്തിന്റെ പ്രയോക്താവായി അവസാനം വരെ ശാരീരികമായും മാനസികമായും വളരെ തളർന്ന നിലയിലാണ് ഈ നിർഭാഗ്യവാൻ ജീവിതം നയിച്ചിരുന്നത്. എന്തായാലും മലയാളക്കരയിലെ ആദ്യകാല കലാകാരന്മാരിൽ അഗ്രിമ സ്ഥാനം വഹിക്കുന്ന പരിയാനമ്പറ്റയെക്കുറിച്ച് പ്രൌഢമായ ലേഖനം എഴുതിയ ഉദയൻ നമ്പൂതിരിപ്പാടിന് അഭിനന്ദനങ്ങൾ. എന്റെ അച്ഛന്റെ സ്ഥാനം തന്നെയാണ് പരിയാനമ്പറ്റയ്ക്ക് ഉള്ളത്. അദ്ദേഹത്തിന് ഒരു സാഷ്ടാംഗ പ്രണാമം.


**എം.കൃഷ്ണകുമാർ,**
മറവഞ്ചേരി മന.
പോസ്റ്റ് തവനൂർ, കുറ്റിപ്പുറം, മലപ്പുറം ജില്ല
നമ്പർ.9656736423.





## സ്വസ്തിയുടെ കോപ്പി എത്തിക്കണേ....

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരിക്കുന്ന ത്രൈമാസിക യോഗക്ഷേമസഭ സ്വസ്തി എന്ന പ്രസിദ്ധീകരണത്തെ പറ്റി അറിയാൻ ഇടയായി. സമുദായ ക്ഷേമപ്രവർത്തനങ്ങളും ഹൈന്ദവ സമൂഹപ്രശ്നങ്ങളും ചർച്ച ചെയ്യുന്ന ഈ മാസിക ആ നിലയ്ക്ക് വാർത്ത പ്രാധാന്യം ഉള്ളതാണ്. കേരള-തമിഴ്നാട് അതിർത്തി ഭാഗങ്ങളിൽ ബിസിനസ്, വ്യവസായ, ഔദ്യോഗിക മേഖലകളിൽ പ്രവർത്തിക്കുന്ന നമ്പൂതിരി സമുദായ അംഗങ്ങൾ ഉണ്ട്. ഈ ലൈബ്രറിയുമായി ഇവർക്ക് സമ്പർക്കം ഉണ്ട്. ഒരു നഷ്ടമായി കരുതാതെ ഈ മാസിക ഇപ്പോൾ ഉണ്ടെങ്കിൽ അതിന്റെ ഓരോ കോപ്പി ഈ പ്രമുഖ ലൈബ്രറിക്ക് ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു. മാസികയുടെ കോംപ്ലിമെന്ററി മെയിലിങ് ലിസ്റ്റിൽ ലൈബ്രറിയുടെ അഡ്രസ്സും ചേർക്കുമല്ലോ. യോഗക്ഷേമസഭ സ്വസ്തിയുടെ ഓരോ കോപ്പി ലൈബ്രറിയിൽ പ്രതീക്ഷിച്ചുകൊണ്ട് ആദരവോടെ,


**ലൈബ്രേറിയൻ**
സൗത്ത് ഇന്ത്യൻ സെൻട്രൽ ലൈബ്രറി, എല്ലുവിള പി.ഒ.,
നെയ്യാറ്റിൻകര
തിരുവനന്തപുരം- 695504


## തിരുത്ത്

2024 ജനുവരി ലക്കം പേജ് 58 ൽ ശംഭു നമ്പൂതിരി ഐ എ സി സി കേരള ചെയർമാൻ എന്ന വാർത്തയിൽ ശംഭുവിന്റെ അമ്മയുടെ പേര് ദേവകി അന്തർജനം എന്നതിന് പകരം ജാനകി അന്തർജനം എന്നാണ് വന്നത് . ഇത്തരമൊരു തെറ്റ് വരാനിടയായതിൽ ഖേദിക്കുന്നു. **പത്രാധിപർ**

## ഇണ്ടൻ തുരുത്തി വിലയിരുത്തപ്പെടുമ്പോൾ

യോഗക്ഷേമസഭയുടെ 'സ്വസ്തി'യിൽ വന്ന ഇണ്ടൻ തുരുത്തിയെക്കുറിച്ചുള്ള ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയുടെ ലേഖനം വായിച്ചു. പഴയ സഹപാഠിയും തിരുവനന്തപുരത്തെ പ്രമുഖ ഭിഷഗ്വരനുമായ കൃഷ്ണനുമായി ബന്ധപ്പെട്ട മനയെന്ന പ്രാധാന്യത്തോടെയാണ് ലേഖനം വായിച്ചത്.

കാലത്തിന്റെ ചുവരെഴുത്തുകൾ ശ്രദ്ധിക്കേണ്ടതില്ലെന്നു വിശ്വസിച്ച പൗരോഹിത്യ പ്രതിനിധിയായിരുന്നു ഇണ്ടൻ തുരുത്തി നമ്പൂതിരി. പത്രങ്ങൾ പതിവായി വായിക്കുന്ന ആളായിരുന്നെങ്കിൽ അദ്ദേഹം തീർച്ചയായും ഗാന്ധിയെ തിരിച്ചറിയുമായിരുന്നു. ഈഴവരെ വർണ്ണ ബാഹ്യരായും ആ നിലയിൽ സനാതന ധർമ്മത്തിൽ ഉൾപ്പെടാത്തവരായും കണ്ടിരുന്ന ഒരു വിഭാഗം കേരളത്തിൽ ഉണ്ടായിരുന്നു. അവരിൽ ഒരാളെന്നും ഇണ്ടൻ തുരുത്തിയെ വിശേഷിപ്പിക്കാം.

ശാക്തേയ മതത്തെ അംഗീകരിച്ച, ക്രൈസ്തവരേയും ഇസ്ലാമിനേയും അംഗീകരിച്ച യാഥാസ്ഥിതിക ബ്രാഹ്മണർക്ക് എന്തുകൊണ്ട് താന്ത്രിക ബുദ്ധമതാനുയായികളെ മനസ്സിലാക്കാൻ കഴിയാതെ പോയി എന്നും നമുക്കിന്ന് ചോദിക്കാം. ടി.ആർ കൃഷ്ണസ്വാമി അയ്യരെയും കുറൂർ നീലകണ്ഠൻ നമ്പൂതിരിയേയും രാമൻ ഇളയതിനേയും കൃഷ്ണൻ നമ്പൂതിരിയെയും (കൃഷ്ണൻ നമ്പ്യാതിരി?) തിരിച്ചറിയാനും ഇണ്ടൻ തുരുത്തിക്ക് കഴിയാതെ പോയി. കള്ള് ചെത്തു തൊഴിലാളി സംഘടനയ്ക്ക് ഇല്ലം വിൽക്കാൻ തീരുമാനിച്ച പിൻഗാമികളെയാകട്ടെ അവർ കാണിച്ച വിഡ്ഢിത്തത്തിന്റെ പേരിൽ എന്നും ഓർമ്മിക്കപ്പെടും.

**ഡോ. എം ജി ശശിഭൂഷൺ**
ശാരദാ പ്രണാമം, കവടിയാർ
തിരുവനന്തപുരം - 695003.
ഫോൺ 9633001290

## മഹാനായ മേക്കപ്പ്മാൻ കം നടൻ

ഞാൻ നാടകങ്ങൾ സംബന്ധിച്ച പല സെമിനാറുകളിലും ചർച്ചാ ക്ലാസുകളിലുമൊക്കെ പങ്കെടുത്തിട്ടുള്ള ആളാണ്. വി ടി ഭട്ടതിരിപ്പാടിനെപ്പറ്റിയും പ്രേംജിയെപ്പറ്റിയുമൊക്കെയുള്ള പരാമർശങ്ങൾ അവിടങ്ങളിൽ ഉയർന്നു കേട്ടിട്ടുണ്ട്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ ഈ മഹാനായ മേക്കപ്പ്മാൻ കം നടൻ പരിയാനംപറ്റയെ പറ്റി യാതൊന്നും കേട്ടിട്ടില്ല. ഉദയൻ നമ്പൂതിരിപ്പാടിന്റെ '*ഈ അരങ്ങത്തെ അന്തർജ്ജനങ്ങളൊന്നും പെണ്ണുങ്ങൾ അല്ല* ' എന്ന സ്വസ്തിയിലെ ലേഖനം വായിച്ചപ്പോഴാണ് പരിയാനംപറ്റ ആരായിരുന്നു എന്ന് മനസ്സിലായത്. സ്ത്രീ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ കണ്ടപ്പോൾ ഞാൻ ശരിക്കും ഞെട്ടി. 100 വർഷങ്ങൾക്ക് മുമ്പുള്ള ഫോട്ടോകളിൽ കാണുന്ന സ്ത്രീകളുടെ രൂപത്തിൽ നിന്നും പരിയാനംപറ്റയുടെ പ്രാഗത്ഭ്യത്തിൽ രൂപപ്പെട്ട പുരുഷാംഗനകൾക്ക് ഒട്ടും വ്യത്യാസമില്ലാത്തതാണ് ഈ ഞെട്ടലിന് കാരണമായത്. വൈഭവം അപാരം തന്നെ.

പരിയാനംപറ്റയുടെ അസാദ്ധ്യമായ മേക്കപ്പ് പാടവത്തെ പറ്റി നാടക ലോകത്തിന് വലിയ അറിവ് ഉണ്ടായിരുന്നില്ല എന്ന് ഞാൻ കരുതുന്നു. അറിഞ്ഞിരുന്നു എങ്കിൽ കേരളത്തിലെ ആദ്യത്തെ എല്ലാം തികഞ്ഞ നാടക മേക്കപ്പ്മാൻ എന്ന ബഹുമതി അദ്ദേഹത്തിന് ചാർത്തി നൽകുമായിരുന്നു എന്ന കാര്യത്തിൽ സംശയം വേണ്ട. സ്വസ്തിയിലെ ഈ ലേഖനം ഒരു പക്ഷേ അദ്ദേഹത്തിന്റെ വൈഭവം പുറം ലോകം അറിയാൻ കാരണമായേക്കാം. അദ്ദേഹത്തിന്റെ നാടകങ്ങളുടെ ഫലമായി മറക്കുടകളിൽ തളയ്ക്കപ്പെട്ട അന്തർജ്ജനങ്ങൾ പുറത്ത് വന്നു. അതുപോലെ തമസ്കരണമെന്ന കാർമേഘക്കൂട്ടങ്ങളിൽ നിന്നും പൂർണ്ണ ചന്ദ്രശോഭയോടെ പരിയാനംപറ്റ പുറത്ത് വന്ന് വിളങ്ങാൻ ഈ ലേഖനം ഹേതുവാകട്ടെ എന്ന് ആശംസിക്കുന്നു. സ്വസ്തിയുടെ വായനക്കാർ ഈ ലേഖനത്തിന് വമ്പിച്ച പ്രചാരണം നൽകണമെന്ന അപേക്ഷയോടെ .

**ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി**
ഓച്ചിറ, Mob +91 79079 31775

## ഉന്നതിയിൽ എത്തിച്ചത് കഠിനാദ്ധ്വാനം

2024 ജനുവരി 1 സ്വസ്തി വാർഷികപ്പതിപ്പിൽ പന്താവൂർ കൃഷ്ണൻ നമ്പൂതിരിയുടെ 'ചന്ദ്രയാനിലെ ജയൻ' എന്ന ലേഖനം വായിച്ചു.

എന്റെ അമ്മാമന്റെ മകനാണ് ജയൻ. ഏകദേശം സമപ്രായക്കാരായ ഞങ്ങൾ കളിക്കൂട്ടുകാരായാണ് വളർന്നു വന്നത്.

ചെറുപ്പം മുതൽക്കേ, കളിയിൽ ആയാലും പഠിപ്പിൽ ആയാലും ഒരേ പോലെ ഉത്സാഹം കാണിക്കുന്ന പ്രകൃതമായിരുന്നു ജയന്റെത്. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ കൂട്ടുകാരെ സമ്പാദിക്കാനുള്ള ഒരു പ്രത്യേക സ്വഭാവ വൈശിഷ്ട്യം എന്നും ജയനിൽ കണ്ടിട്ടുണ്ട്. ജയന്റെ കുട്ടിക്കാലത്ത്, അമ്മാമൻ ISRO യിൽ ജോലി ചെയ്യുന്ന കാലങ്ങളിൽ തൊട്ടു തന്നെ റോക്കറ്റുകളെ കുറിച്ചും റഡാറുകളെ കുറിച്ചും ചോദിച്ചു മനസ്സിലാക്കാനുള്ള താൽപര്യവും അമ്മാമനെ പോലെ ISRO യിൽ എൻജിനീയർ ആകാനുള്ള ആഗ്രഹവും വളരെ പ്രകടമായിരുന്നു. ഇന്ന് ഇത്രയും ഉന്നതിയിൽ എത്തിച്ചേർന്നത്, ഈ അത്യുത്സാഹവും അതോടൊപ്പം ഉള്ള കഠിനാദ്ധ്വാനവും കൊണ്ട് മാത്രമാണ്. കൂട്ടത്തിലുള്ള എല്ലാവരേയും ഒത്തൊരുമിച്ച് കൊണ്ടുപോകാനുള്ള ചെറുപ്പം മുതൽക്കേയുള്ള കഴിവ് ഔദ്യോഗിക ജീവിതത്തിലും തുടർന്നു പോരുന്നത് വലിയ ഉന്നതികൾ കീഴടക്കുന്നതിന് സഹായകമായി. ഇനിയും ഒരുപാട് ഉയരങ്ങളിൽ എത്തിച്ചേരാനും ജീവിതത്തിൽ എല്ലാവിധ ഐശ്വര്യങ്ങളും ഉണ്ടാകുവാനും സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്നു.

**കൊളത്താപ്പുള്ളി ഭവദാസൻ**
കൊളത്താപ്പുള്ളി മന, കല്ലൂർ (PO), വടക്കേക്കാട്(VIA),
തൃശൂർ(Dist), PIN-679 562.
Mobile - 9447142223

# വായനക്കാരുടെ പേജ്




## ഇല്ലപ്പെരുമ ഗംഭീരം

ശ്രീധരീയം നമ്പൂതിരിമാരിലെ ഏറ്റവും വലിയ സംരംഭം.ആ സ്ഥാപനം നടത്തുന്ന ഇല്ലം നെല്യക്കാട്ട് മന. ഇല്ലപ്പെരുമ ഗംഭീരമായി. ലേഖകൻ എവിടെയും വായിക്കാത്ത വസ്തുതകൾ നൽകി.

**മധു അരീക്കര.**
ജില്ലാ പ്രസിഡണ്ട് യോഗ ക്ഷേമസഭ, കോഴിക്കോട്
ഫോൺ:9447136571

## കഥ മികച്ച നിലവാരം പുലർത്തി

സ്വസ്തിയിലെ കുട്ടിക്കൂട്ടത്തിൽ ആര്യ എഴുതിയ 'രാവണൻ പുനർജനിയ്ക്കുന്നു' എന്ന കഥ വായിച്ചു.ഗംഭീരമായിട്ടുണ്ട്. ഇനിയും ധാരാളം എഴുത്തുകൾ ഉണ്ടാവട്ടെ.

**വിഷ്ണു വെങ്കിടെഷ്**
അരുവിക്കര ഉപസഭ, തിരുവനന്തപുരം ജില്ല

**തിരുത്ത്**

ജനുവരി ലക്കത്തിൽ വാസുകീ ശയനം എന്ന കവിതയോടൊപ്പം കവയത്രി വെണ്മണി മന ദേവസേന അന്തർജനത്തെ കുറിച്ച് കൊടുത്ത കുറിപ്പിൽ ചില ഗുരുതരമായ പാളിച്ചകൾ ഉണ്ടായി. മക്കളെക്കുറിച്ച് നൽകിയ ഭാഗം ഇങ്ങനെ തിരുത്തി വായിക്കാൻ അപേക്ഷ.

മക്കൾ: പ്രേമ, പരേതനായ വെണ്മണി ഹരിദാസ്, പരേതനായ വെണ്മണി സതീശൻ, വെണ്മണി നാരായണൻ, ശാന്ത, പത്മജ, പരേതനായ രാമഭദ്രൻ.

## നാരായണനും സ്വസ്തിക്കും നന്ദി



ശ്രീ പി. എം. നാരായണന്റെ, പ്രൊഫ. സുരേഷിനെപ്പറ്റിയുള്ള ലേഖനം വായിച്ചപ്പോൾ ചില ഓർമ്മകൾ മറ നീക്കി പുറത്തു വന്നു.

പതിനഞ്ചു വർഷങ്ങൾക്കു മുമ്പുള്ള ഒരു പ്രഭാതം. കുരുക്ഷേത്രം റെയിൽവേ സ്റ്റേഷൻ. ലക്ഷ്യം കുരുക്ഷേത്രം സർവ്വകലാശാല. ഏഴോ എട്ടോ പേരെ കയറ്റുന്ന വലിയ ഓട്ടോകൾ. സർവ്വകലാശാലയുടെ മുമ്പിൽ ഇറക്കും. പഠിക്കുന്നത് എം.എ. (മാസ്സ് കമ്മ്യൂണിക്കേഷൻ). വർഷത്തിൽ രണ്ടു തവണ ക്ലാസ്സ്. പങ്കെടുക്കണമെന്നു നിർബ്ബന്ധം. അതിനുള്ള യാത്ര. ഓട്ടോയിൽ കയറിയിരുന്നു. അഞ്ചാറു പേരെങ്കിലും കേറണം, യാത്ര പുറപ്പെടണമെങ്കിൽ. കാത്തിരിപ്പ്. മറ്റൊരാൾ കയറി. തെക്കേ ഇന്ത്യക്കാരനാണോ? അതോ മലയാളി തന്നെയോ? ചോദിക്കാൻ മടി. മൗനം അസഹ്യമായപ്പോൾ അദ്ദേഹം ചോദിച്ചു, 'എവിടെ പോകുന്നു?'
ഹാവൂ. സന്തോഷമായി. അദ്ദേഹം തന്നെ തുടക്കമിട്ടല്ലോ. ' സർവ്വകലാശാലയിൽ. ക്ലാസ്സിനു പോകുന്നു.'

അദ്ദേഹവും അങ്ങോട്ടു തന്നെ. ക്ലാസ്സിനു പോകുന്നു. പക്ഷെ പഠിക്കാനല്ല, പഠിപ്പിക്കാൻ. ഒരേ കോഴ്സ്. ഈയുള്ളവൻ പഠിക്കാൻ, അദ്ദേഹം പഠിപ്പിക്കാൻ.

രണ്ടുപേരും മലയാളികൾ. സംസാരം മലയാളത്തിലായി. ഏറെ സംസാരിച്ചു. പേര് കെ.ജി. സുരേഷ്. ജോലി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്സ് കമ്മ്യൂണിക്കേഷനിൽ. ഹിന്ദി വാർത്താ ചാനലുകളിലും മറ്റും ജോലി ചെയ്തിട്ടുണ്ടത്രേ! ഹിന്ദി വാർത്താ ചാനലിൽ ഒരു മലയാളി?! ഏറെ അത്ഭുതവും ബഹുമാനവും തോന്നി.

അദ്ദേഹം ക്ലാസ്സിൽ വന്നു. ഒന്നര മണിക്കൂർ ക്ലാസ്സ്. തുടക്കത്തിൽ ചോദിച്ചു, 'ഇംഗ്ലീഷിലോ ഹിന്ദിയിലോ?'
'ഇംഗ്ലീഷ്' - ആറോ ഏഴോ പേർ, 'ഹിന്ദി'- നാല്പതോ അമ്പതോ പേർ. ഒന്നും മിണ്ടാത്തവരുമുണ്ടായിരുന്നു കുറേപ്പേർ. 'ശരി. ഇംഗ്ലീഷിലും ഹിന്ദിയിലും എടുക്കാം.'

ഹിന്ദിയിൽ തുടങ്ങി. അടുത്ത തൊണ്ണൂറു മിനിറ്റുകൾ ഹിന്ദി അല്ലാതെ ഒരൊറ്റ വാക്ക് അദ്ദേഹത്തിൽ നിന്ന് കേട്ടില്ല. എല്ലാ സാങ്കേതിക വാക്കുകളും ഹിന്ദിയിൽ. എല്ലാ വിശദീകരണങ്ങളും ഹിന്ദിയിൽ. ലളിതമായി പറഞ്ഞു തന്നു. വിശദീകരിച്ചു വീണ്ടും പറയുമ്പോഴും അബദ്ധത്തിൽ പോലും ഒരു ഇംഗ്ലീഷ് വാക്ക് ആ നാവിൽ നിന്നു വീണില്ല. ആ ഊർജ്ജം, ഉത്സാഹം, പറഞ്ഞു മനസ്സിലാക്കാനുള്ള കഴിവ്, എല്ലാം ഇപ്പോഴും ഓർക്കുന്നു. ചിലരുടെ ക്ലാസ്സുകളിൽ 45 മിനിറ്റ് കഴിഞ്ഞുള്ള മണിയടിക്കുന്നതു നോക്കിയിരിക്കും. ഇവിടെ ഒന്നര മണിക്കൂർ പോയത് അറിഞ്ഞതേയില്ല. മനസ്സിലോർത്തു, 'വെറുതെയല്ല ഹിന്ദി വാർത്താ ചാനലിൽ ജോലി ചെയ്തത്.'

കുറേ നാളത്തേക്ക് കെ.ജി. സുരേഷ് എന്ന അദ്ധ്യാപകൻ പിടികിട്ടാത്ത ഒരു രഹസ്യമായി അവശേഷിച്ചു. രണ്ടു വർഷത്തിനു ശേഷം ഡൽഹി നമ്പൂതിരിമാരുടെ സാംസ്കാരിക സംഘടനയായ ഗായത്രിയുടെ രജത ജൂബിലി ആഘോഷത്തിന്റെ നടത്തിപ്പിനായുള്ള ഉപദേശകസമിതിയിൽ കെ.ജി. സുരേഷ് എന്ന പേരു കണ്ടപ്പോൾ അത്ഭുതം (ഈയുള്ളവനും ഉണ്ടായിരുന്നു ആ സമിതിയിൽ). അദ്ദേഹം തന്നെയായിരിക്കുമോ ഇദ്ദേഹം? അന്വേഷണത്തിൽ അതു സ്ഥിരീകരിച്ചു.

ജയശ്രീയോട് ഇക്കാര്യം സൂചിപ്പിച്ചപ്പോൾ പറഞ്ഞു, 'പേരമ്മയുടെ ചേച്ചിയുടെ കൊച്ചുമകനാണ്.' പറഞ്ഞുവന്നപ്പോൾ ഓർമ്മ വന്നു. ഡൽഹിയിൽ ഉത്തം നഗറിനടുത്ത് സൈനിക് നഗറിൽ താമസിക്കുമ്പോൾ ഒന്നു രണ്ടു തവണ കണ്ടിട്ടുണ്ട്, കൊച്ചുകുട്ടിയായിരുന്നപ്പോൾ. ജയശ്രീയുടെ പേരമ്മ താമസിച്ചിരുന്നതിന്റെ അടുത്തു തന്നെയായിരുന്നു ഞങ്ങളും താമസിച്ചിരുന്നത്. ചേച്ചിയുടെ മകൾ നൗറോജി നഗറിൽ താമസിക്കുന്നുണ്ടെന്ന് പേരമ്മ പറയാറുണ്ടായിരുന്നു. ഒന്നു രണ്ടു തവണ പേരമ്മയെ കാണാൻ വന്നപ്പോൾ കണ്ടിരുന്നു. പിന്നീട് പേരമ്മയും മറ്റും സ്ഥലം വിട്ട് നാട്ടിലേക്കു പോന്നതിനു ശേഷം കണ്ടിട്ടില്ല.

പിന്നീട് കാണുന്നത് ദശാബ്ദങ്ങൾക്കു ശേഷം കുരുക്ഷേത്രത്തിൽ ഒരു ഓട്ടോയിൽ സഹയാത്രികനായിട്ട്, മലയാളിയായിട്ട്, അദ്ധ്യാപകനായിട്ട്, നമ്പൂതിരിയായിട്ട്, ഗായത്രിയുടെ ഉപദേശകസമിതി അംഗമായിട്ട്, ദാ ഇപ്പോൾ ബന്ധുവായിട്ട്! പഴയ ഓർമ്മകൾ പൊടി തട്ടിയെടുക്കാൻ സഹായിച്ചതിന് ശ്രീ നാരായണനും സ്വസ്തിക്കും നന്ദി. പ്രൊഫ. സുരേഷിന് ആശംസകൾ!

**പൊത്തോപ്പുറം കേശവൻ ജയന്തൻ,**
സരസിജം (പൊത്തോപ്പുറം), കനാൽ റോഡ്, പട്ടരുകുന്ന്,
വെളിയന്നൂർ പോസ്റ്റ്, വഴി ഉഴവൂർ, കോട്ടയം 686634.
മൊബൈൽ: 9810453289

# പാണിഗ്രഹണം

| | | | | | |
|---|---|---|---|---|---|
| | | ച ശി | കു | ബു ശു മാ | |
| | | | ശി | | |
| | ച | ഗ്രഹനില | | | |
| | മ മാ | | | | |
| ല ര | ല | സ | ര ബു കു ഗു | ശു | മ |
| | | | ഗു സ | | |

**വാസുദേവ് കെ.പി.** ജനനം: 26.10.1993. സമയം: 11.55 a.m. ജനനസ്ഥലം: തൃപ്പൂണിത്തുറ. നക്ഷത്രം: പൂരുരുട്ടാതി. ഉയരം: 174 സെ.മീ. വിദ്യാഭ്യാസം: എം.ടെക് (എനർജി മാനേജ്മെന്റ്), ജോലി: എനർജി മാർക്കറ്റ് കൺസൾട്ടന്റ് (ഐ.സി.എഫ്. കൺസൾട്ടിംഗ് ഇന്ത്യ-ബാംഗ്ലൂർ), മുൻഗണന: നല്ല വിദ്യാഭ്യാസവും ജോലിയുമുള്ള പെൺകുട്ടികൾ. അച്ഛൻ: പരമേശ്വരൻ കെ.വി. (റിട്ട. എഫ്.എ.സി.ടി.), അമ്മ (ജയശ്രീ പി.യു. (Amphenol, എറണാകുളം), സഹോദരി: ഒരാൾ (ഇളയത്), അമ്മാത്ത്: പുളിയന്നൂർ മന, വിലാസം: കോക്കറ മന (സുദർശനം), വരിക്കോളി പി.ഒ., പുത്തൻകുരിശ്, എറണാകുളം), ഫോൺ: 9497023172 (വാട്സ് ആപ്പ്), 7994506775.

| | | | | | |
|---|---|---|---|---|---|
| | | വ ശു | | മ | |
| | ഗു | മ | ശു | ര കു | |
| | ശി | ഗ്രഹനില | | ബു | ബു സ |
| ര ശി | | | | ല ച സ | ഗു |
| മാ | | മാ | | | ല |
| | | | കു | | |

**ശ്രീവിദ്യ.** ജനനം: 28.06.1998, സമയം: 10.55 am, നക്ഷത്രം: മകം, ഉയരം: 154 സെ.മീ., വിദ്യാഭ്യാസം: എം.എസ്.സി, കെമിസ്ട്രി, ബി.എഡ്, ജോലി: അദ്ധ്യാപിക, അച്ഛൻ: ദാമോദരൻ നമ്പൂതിരി, അമ്മ: ബിന്ദു, സഹോദരൻ: ശ്രീനാഥ് പി.ഐ., വിലാസം: പുതുമന ഇല്ലം, പി.ഒ. അഴീക്കോട്, കണ്ണൂർ. മൊബൈൽ: 9446651370, 9656683689
ശിഷ്ടദശ 5 വർഷം 6 മാസം 27 ദിവസം വിശിഷ്ടദശ

| | | | | | |
|---|---|---|---|---|---|
| | | ല | | കു | |
| | | ച മാ | | സ | |
| | ല | ഗ്രഹനില | | | ര ശി |
| ബു സ | കു ബു | | | | ഗു |
| മാ മ ച | ര ഭ ശി | ഗു | മ | | |
| | | ഭ | | | |

**രെജു ഇ.എം.** ജനനം: 27.12.1982 (1158 ധനു 12). സമയം: 11.20 am, നക്ഷത്രം: കാർത്തിക. വിദ്യാഭ്യാസം: എം.കോം, (ഫോറിൻ ട്രേഡ്), പി.ജി.ഡി. സി.എ (ചിന്മയ മിഷൻ കോളേജ്), സി.എ സ്. ഇന്റർ. ജോലി: സ്വകാര്യ സ്ഥാപനത്തിൽ. അച്ഛൻ: ഇ.പി. മാധവൻ ഭട്ടതിരി (റിട്ട. കെ.എ സ്.എഫ്.ഇ.), അമ്മ: നളിനി (ഇ.എം.). സഹോദരൻ: ഒരാൾ (വിവാഹിതൻ). വിലാസം: എഴുമാവിൽ മന, എം.ജി. കാവ് പി.ഒ., തൃശൂർ- 680581. ഫോൺ: 0487 2200167, 8129990755, 989521443.

| | | | | | |
|---|---|---|---|---|---|
| | | സ | മാ | | |
| | മ ശി | ല | ച | | |
| ബു | മാ | ഗ്രഹനില | | | |
| ശു | | | | കു | ച |
| മ | ഗു | ര ബു | ശു | സ | |
| | | ല ഗു | ര കു ശി | മ | |

**അഡ്വ. ശ്രീകൃഷ്ണ ദത്ത്.** ജനനം: 26.11.1996. സമയം: 04.59 pm. നക്ഷത്രം: മകയീര്യം, ജനനസ്ഥലം: അടൂർ ഉയരം: 178 സെ.മീ. വിദ്യാഭ്യാസം: ബി.എ, എൽ.എൽ.ബി, ജോലി: വക്കീൽ. (ജില്ലാ കോടതി & ഹൈക്കോടതി), മുൻഗണന: നല്ല സ്വഭാവമുള്ള കുട്ടികൾ. അച്ഛൻ: ജി. ശ്രീനാരായണ പണ്ടാരത്തിൽ, അമ്മ: പരേതയായ വി.എൻ.മഞ്ജു മണി അന്തർജനം, ഇളയ സഹോദരി പഠിക്കുന്നു. അമ്മാത്ത്: വരടശ്ശേരി മന, ഞാറക്കൽ. ഗോത്രം: വിശ്വാമിത്ര ഗോത്രം. സൂത്രം: ബൗദ്ധായനം. വിലാസം: എടമനമഠം, പന്നിവിഴ, അടൂർ പി.ഒ., പത്തനംതിട്ട ജില്ല. മൊബൈൽ: 9447564458

| | | | | | |
|---|---|---|---|---|---|
| | | ഗു | ബു ശി | ശു | |
| | ച | ഗു മ | | | |
| | | ഗ്രഹനില | | സ | ര മാ |
| കു | കു ശി | | | ല മാ | |
| | | ര | ബു | ശു | മ |
| | | ച സ | ല | | |

**ശ്രീലക്ഷ്മി.** ജനനം: 19.11.1999, നക്ഷത്രം: ഉത്രട്ടാതി, വിദ്യാഭ്യാസം: എം.എസ്.സി. ന്യൂറോ സൈക്കോളജി (NFSU) (സെൻട്രൽ യൂണിവേഴ്സിറ്റിയിൽ ഒരു വർഷത്തെ റിഹാബിലിറ്റേഷൻ സൈക്കോളജി കോഴ്സ് ചെയ്യുന്നു).അച്ഛൻ: വക്കീൽ. അമ്മ: അദ്ധ്യാപിക. ഒരു സഹോദരൻ. കാശ്യപ ഗോത്രം. ഉയരം: 152 സെ.മീ. മൊബൈൽ: 9447092397. മുൻഗണന: വിദ്യാഭ്യാസവും ജോലിയുമുള്ള യുവാക്കൾ.

| | | | | | |
|---|---|---|---|---|---|
| | | കു | | | |
| ഗു | | | ശി | | |
| ല ശി | ബു മ | ഗ്രഹനില | | | ര |
| ബു | ര ശു കു | | | | ശു സ |
| മ | | ച സ മാ | ല ഗു | | |
| | | | ച മാ | | |

**ഗോകുൽ എം.എസ്.** ജനനം: 05.02.1994. (1169 മകരം 22). സമയം: 12.05 am. നക്ഷത്രം: അനിഴം. ശുദ്ധജാതകം. ഉയരം: 176 സെ.മീ. ജനനസ്ഥലം: അടൂർ. വിദ്യാഭ്യാസം: ബി.ടെക് (സിവിൽ). ജോലി: എൻജിനീയർ (ജറ്റൻ കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം). മുൻഗണന: വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ. അച്ഛൻ: ശ്രീധരൻ നമ്പൂതിരി (റിട്ട. ദേവസ്വം ബോർഡ്). അമ്മ: സുവർണാദേവി എസ്.ടി. (ഹൗസ് വൈഫ്). സഹോദരൻ: ഒരാൾ. അമ്മാത്ത്: ആലപ്പുറത്ത് മഠം പട്ടാഴി, വിലാസം: മേമന മഠം, ചൂരക്കോട് പി.ഒ. അടൂർ, പത്തനംതിട്ട (ജില്ല). മൊബൈൽ: 8547228154, 9526285298.

# നവതി ആശംസകൾ



2023 ഡിസംബർ 28ന്
നവതി ആഘോഷിച്ച
ഗരുഢത്ത് മനയിൽ

**സാവിത്രിക്കുട്ടി**
**അന്തർജ്ജനം**

ആശംസകളോടെ
മക്കൾ,
മരുമക്കൾ.
പേരക്കുട്ടികൾ

കൊളപ്പുറം നാരായണൻ നമ്പൂതിരി
9446213362



ചേക്രക്കൽ ഇല്ലത്ത് ശ്രീനാഥിന്റേയും
കവിതയുടേയും മകൻ **വിയാൻ**ന്റെ
ചോറൂണ് 2024 ജനുവരി നാലിന് നടന്നു.

*ആശംസകളോടെ*

മുത്തച്ഛൻ, മുത്തശ്ശി, ഹരി,
ആതിര, നെവാൻ



## സപ്തതി ആശംസകൾ

**2024 ജനുവരി 20 സരസ്വതി**
**അന്തർജനം@70**

**പാലാഞ്ചേരി കൃഷ്ണൻ നമ്പൂതിരി &**
**സരസ്വതി അന്തർജനം**

*ആശംസകളോടെ,*
മക്കൾ,മരുമക്കൾ,പേരക്കുട്ടികൾ.
Phone പരമേശ്വരൻ പാലാഞ്ചേരി:
9656039952

## യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ റിപ്പോർട്ട്

# കസർത്തു; കലാമേള

അൻപതിനായിരത്തിൽ താഴെ മാത്രം മെമ്പർഷിപ്പുള്ള യോഗക്ഷേമസഭ, 1908 ൽ തുടങ്ങുമ്പോൾ നമ്പൂതിരിമാരെ മാത്രമല്ല സമാന ചിന്താഗതിയും സംസ്കാരവുമുള്ള എല്ലാവരേയും ഉൾക്കൊള്ളാനായിരുന്നു പദ്ധതിയിട്ടിരുന്നത്.

കേവലം ഒരു ശതമാനത്തിൽ താഴെ മാത്രം അംഗസംഖ്യയുള്ള കേരളത്തിലെ ഇത്തരമാളുകൾ തമിഴ് ബ്രാഹ്മണരായും, സാരസ്വതരായും, പുഷ്പക സമാജമായും, ക്ഷത്രിയ സഭയായും, വാരിയർ സമാജമായും, മാധ്വാ സമാജമായും, ശിവദ്വിജസമാജമായും, മലയാള ബ്രാഹ്മണ സമാജമായും, ബ്രാഹ്മിൺസ് സർവീസ് സൊസൈറ്റിയായും വിഘടിച്ചു നിൽക്കുന്നതാണ് നാം കാണുന്നത്.

അണികൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് സാധാരണക്കാരുടെ സ്നേഹബഹുമാനങ്ങൾ നേടിയെടുത്ത് വ്യക്തിബന്ധങ്ങൾ ഉണ്ടാക്കിയെടുക്കുന്നതാണ് യഥാർത്ഥ സംഘടനാ പ്രവർത്തനം.




*യോഗക്ഷേമസഭാ സ്ഥാപകദിനത്തിൽ കോഴിക്കോട് ജില്ലാ മന്ദിരത്തിൽ പ്രസിഡണ്ട് പതാക ഉയർത്തുന്നു*



*ഗുജറാത്തി ഡാൻസ്*

### കലാമേളയും കുടുംബസംഗമവും

ഈ വർഷത്തെ കലാമേളയും കുടുംബസംഗമവും പ്രണവം 2024 ഒമ്പത് ഉപസഭകൾ വീതമുള്ള നോർത്ത് സോണിൽ 2023 ഡിസമ്പർ 30 ന് നന്മണ്ട സരസ്വതി വിദ്യാമന്ദിറിൽ വെച്ചും സൌത്ത് സോണിൽ 2024 ജനുവരി 13, 14 തീയതികളിൽ കൂഴക്കോട് എയു പി സ്കൂളിൽ വെച്ചുമാണ് നടത്തിയത്. ഉത്തരവാദിത്വ വിഭജനവും കൂടുതൽ പാർട്ടിസിപ്പേഷനും ഉദ്ദേശിച്ച് നടത്തിയ ഈ പരീക്ഷണം പൂർണ വിജയമായിരുന്നു എന്നാണ് ജില്ലാ കമ്മിറ്റിയുടെ വി




*മെഗാ തിരുവാതിര*



*സംഗീതക്കച്ചേരി*



*യോഗക്ഷേമസഭ ദക്ഷിണമേഖലാ കലാമേള പ്രശസ്ത ചിത്രകാരൻ ശ്രീ കരുവാട്ട് ഗിരീശൻ ഭട്ടതിരിപ്പാട് ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ സെക്രട്ടറി ശ്രീ താമരക്കുളം ദിവാകരൻ, പ്രസിഡണ്ട് ശ്രീ മധു അരീക്കര, സ്വാഗതസംഘം ജനറൽ കൺവീനർ ശ്രീ നാരായണൻ മൂസത് വനിതാ സഭ സെക്രട്ടറി ശ്രീമതി ശ്രീജ അരീക്കര എന്നിവരാണ് വേദിയിൽ.*



*ഉത്തരമേഖലാ കുടുംബസംഗമം, സരസ്വതി വിദ്യാമന്ദിർ, കാക്കൂർ*



*ദക്ഷിണമേഖലാ കുടുംബ സംഗമം, കുഴക്കോട് സ്കൂൾ*

ലയിരുത്തൽ. രണ്ടു മേഖലകളിലും വനിതാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടത് തന്നെയാണ്. അടുത്ത വർഷം മുതൽ കുടുംബ സംഗമം ഒന്നിച്ചു തന്നെയാണ് നടത്തപ്പെടുക.

## ഉത്തര മേഖലാ കുടുംബ സംഗമം

തെഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി ജനറൽ കൺവീനറായി രാമല്ലൂർ ഉപസഭയുടെ നേതൃത്വത്തിലാണ് കുടുംബസംഗമം നടന്നത്.

രാവിലെ 10 മണിക്ക് ആരംഭിച്ച ഉദ്ഘാടന പരിപാടികളും കലാപരിപാടികളും 3-30 വരെ ഇടതടവില്ലാതെ തുടർന്നു.

പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ നൽകി.

## ദക്ഷിണമേഖലാ കുടുംബ സംഗമം

പുതുശ്ശേരി നാരായണൻ മൂസത് ജനറൽ കൺവീനറായി ജനുവരി 13, 14 തീയതികളിലായി ചാത്തമംഗലം കൂഴക്കോട് എ.യു.പി സ്കൂളിൽ വെച്ച് ദക്ഷിണമേഖലാ കുടുംബസംഗമം മാനേജർ പാതിരിശ്ശേരി തന്ത്രി മിഥുൻ നാരായണൻ നമ്പൂതിരിപ്പിന്റെ പൂർണ സഹകരണത്തോടെ നടന്നു.

കമ്മറ്റികളുടെ ചിട്ടയോടെയ പ്രവർത്തനങ്ങളും ഉന്നതനിലവാരം പുലർത്തിയ കലാപരിപാടികളും എടുത്തു പറയേണ്ടതാണ്.



*ആദരിക്കൽ എ.പി. നമ്പൂതിരി*



*ആദരിക്കൽ - സി കൃഷ്ണൻ മൂസ്*



ആദരിക്കൽ- കാഞ്ഞിരത്തോട്ടം ദാമോദരൻ നമ്പൂതിരി



ആദരിക്കൽ - പാറക്കോട് ശങ്കരൻ നമ്പൂതിരി

## മുതിർന്ന പ്രവർത്തകരെ ആദരിക്കൽ

നമ്പൂതിരി സമാജം മുതൽ സമാനതകളില്ലാത്ത പ്രവർത്തനം നടത്തിയ, നടത്തിവരുന്ന നമ്മുടെ മുതിർന്ന 18 പ്രവർത്തകരെ മാർച്ച് 3 ന് നടന്ന അർധ വാർഷിക കൌൺസിലിൽ വെച്ച് ആദരിച്ചു.

1 സി.കൃഷ്ണൻ മൂസ്.
2 എ.പി. നമ്പൂതിരി
3 മക്കാട് മാധവൻ നമ്പൂതിരി
4. ഒ ടി.വാസുദേവൻ നമ്പൂതിരി.
5 പി.വി. ദാമോദരൻ നമ്പൂതിരി
6. നടുവിലേടം ദേവകി ടീച്ചർ.
7. മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി.
8 നാറണിയാട്ട് ദാമോദരൻ നമ്പൂതിരി.
9. കെ.ഐ വിഷ്ണുനമ്പൂതിരി
10. പാറക്കോട് ശങ്കരൻ നമ്പൂതിരി.
11 കാഞ്ഞിരത്തോട്ടം ദാമോദരൻ നമ്പൂതിരി.
12. ചാത്തനാട്ട് രാമചന്ദ്രൻ നമ്പൂതിരിപ്പാട്
13. മങ്ങത്തായ ഗോവിന്ദൻ നമ്പൂതിരി
14 ആറ്റുപുറം കമലം അന്തർജനം
15 കളം കേശവൻനമ്പൂതിരി
16 പിണക്കാമറ്റം കൃഷ്ണൻ മാഷ്.
17 നരിക്കുനി എടമന മോഹനൻ നമ്പൂതിരി.
18. പി.ഐ വാസുദേവൻ നമ്പൂതിരി എന്നിവരെ കൂടാതെ

1. സംസ്ഥാനത്തെ മികച്ച ക്ഷീര സഹകരണ സംഘം സെക്രട്ടറിക്കുള്ള സംസ്ഥാന അവാർഡിന് അർഹനായ ഓമശ്ശേരി ക്ഷീര സഹകരണ സംഘം സെക്രട്ടറി പി. എം. കേശവൻ നമ്പൂതിരിയേയും.
2. ആടുജീവിതം എന്ന സിനിമയിൽ നായകനോടൊപ്പം പ്രാധാന്യമുള്ള റോളിൽ അഭിനയിച്ച നമ്മുടെ സംസ്ഥാന പ്രതിനിധി കല്ലംവള്ളി രാമകൃഷ്ണ ഹരിയുടെ മകൻ ഗോകുൽനേയും
3. ശ്രീമദ്ഭാഗവതം പ്രമാണമാക്കി ലക്ഷ്മണാസ്വയംവരം എന്ന ആട്ടക്കഥ രചിച്ച സംസ്കൃതാദ്ധ്യാപകനും ഭാഗവതാചാര്യനും കവിയും കൂടിയായ ചെറുവാറ്റ ശ്രീരാജ് നമ്പൂതിരിയേയും



കേരള നമ്പൂതിരി സമാജത്തിന്റെ പ്രഥമ സെക്രട്ടറി ശ്രീ ഒ ടി വാസുദേവൻ നമ്പൂതിരി



യോഗക്ഷേമസഭയുടെ മുതിർന്ന പ്രവർത്തകൻ പി വി ദാമോദരൻ നമ്പൂതിരി



കേരളത്തിലെ ഏറ്റവും മികച്ച ക്ഷീരസഹകരണം സെക്രട്ടറിക്കുള്ള പുരസ്കാരം നേടിയ പി.എം. കേശവൻ നമ്പൂതിരി.



*ആദരിക്കൽ അനഘ പൊന്നടുക്കം*

4. സെൻട്രൽ സംസ്കൃത യൂനിവേഴ് സിറ്റി പുരിയിൽ അന്താരാഷ്ട്ര രൂപക മഹോത്സവം 2022-2023 മത്സരത്തിൽ 'ബാലചരിതം' മികച്ച നാടകത്തിനുള്ള പുരസ്കാരം, ബെസ്റ്റ് സ്റ്റേജ് ഡെക്കറേഷൻ പുരസ്ക്കാരം, 'ഭഗവ തജ്ജുതം' നാടകത്തിൽ എന്നിവ നേടിയ ബാലുശ്ശേരി സംസ്കൃത വിദ്യാ പീഠ എം.എ സംസ്കൃതം വിദ്യാർത്ഥിനി പൊന്നടുക്കം രാമൻ നമ്പൂതിരിയുടെ മകൾ അനഘയേയും അനുമോദിച്ചു.

### ഫോട്ടോ അനാഛാദനം

കേരള നമ്പൂതിരി സമാജത്തിന്റെ സ്ഥാപക പ്രസിഡണ്ട് പി.വി.നാരായണൻ നമ്പൂതിരി യോഗക്ഷേമസഭ സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന തരുപ്പ ടി.സി നാരായണൻ നമ്പൂതിരി എന്നിവരുടെ ഫോട്ടോ ശ്രീശങ്കര ഹാളിൽ അനാഛാദനം ചെയ്തു.

### ജില്ലാ വനിതാ സഭ

ശ്രീമതി ഹേമലത പാറക്കോട് പ്രസിഡന്റും ശ്രീജ അരീക്കര സെക്രട്ടറിയും ആയ ജില്ലാ വനിതാ സഭ ഡിസംബറിൽ തിരുവാതിര, ഗീതാദിനം എന്നിവ ആചരിച്ചു.

ജനുവരി മാസത്തിൽ നടന്ന ജില്ലാകലാമേള 50 അംഗങ്ങൾ പങ്കെടുത്ത മെഗാ തിരുവാതിര, കോലാട്ടം, ഗുജറാത്തി ഡാൻസ്, വനിതകളുടെ കഥകളി തുടങ്ങിയ പരിപാടികളാൽ വ്യത്യസ്തമായിരുന്നു. ശങ്കരായണം, ബാലജനസഭ തുടങ്ങിയവയുടെ മാസ പ്രവർത്തനങ്ങളും കൃത്യമായി നടക്കുന്നു.

### ജില്ലാ യുവജനസഭ

ഫെബ്രുവരി 3 ശനിയാഴ്ച യോഗക്ഷേ മസഭാ ജില്ലാ ആസ്ഥാന മന്ദിരത്തിൽവെച്ച് കോഴിക്കോട് ജില്ലാ യുവജനസഭയുടെ ആ ഭിമുഖ്യത്തിൽ 'ആനന്ദം 2024' യുവജനസംഗമം നടന്നു.

പ്രസാദ് വട്ടപ്പറമ്പ്, ശുഭദ് ശർമ്മ കണക്കില്ലം എന്നിവരുടെ നേതൃത്വത്തിൽ നടന്ന നേതൃത്വ പരിശീലന പരിപാടിയിൽ ഇരുപത്തഞ്ചോളം അംഗങ്ങൾ പങ്കെടുത്തു. രസകരമായ ചെറിയ ആക്ടിവിറ്റികളിലൂടെ ലീഡർഷിപ് ക്വാളിറ്റീസിനെക്കുറിച്ച് അറിവ് നൽകുന്ന ലീഡർഷിപ് ട്രെയി നിങ് സെഷൻ യുവജനങ്ങൾക്ക് വളരെ ആസ്വാദ്യകരമായിരുന്നു.

ദേശീയ യുവജന ദിനത്തോട് അനുബന്ധിച്ച് നടത്തിയ ഒരാഴ്ചത്തെ പ്രശ്നോത്തരി മത്സരമായ 'വിവേകോദയം' ഒന്നാം സീസണിലെ വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.

ലോകവനിതാദിനത്തിന്റെ ഭാഗമായി കോഴിക്കോട് യുവജനസഭയുടെ വനിതാ കൂട്ടായ്മയായ ജ്വാലയുടെ ആഭിമുഖ്യത്തിൽ



*മുൻ സംസ്ഥാന സെക്രട്ടറി തരുപ്പ ടി.സി നാരായണൻ നമ്പൂതിരിയുടെ ഫോട്ടോ അനാഛാദനം മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി നിർമ്മാക്കുന്നു*

ആശംസാപത്രം തപാൽ മുഖേന അയച്ചുകൊണ്ട് മിഷൻ സന്ദേശ് നടത്തി.

ലോക മാതൃഭാഷാ ദിനമായ ഫെബ്രുവരി 21 ന്, സാഹിത്യ വേദിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ യുവജനങ്ങൾക്കുമായി വായനാമത്സരം നടത്തി. ●



*ഭരതനാട്യം*



*സോപാന സംഗീതം : കെ.എം.പി.ഭദ്ര, ഫറോക്ക് ഉപസഭ*



*കഥകളി*

# മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



**നാരായണൻ എൻ.ഐ.**

കുളപ്പുറത്ത് നീർങ്ങാട്ട് ഇല്ലം എൻ.ഐ. ശങ്കരൻ നമ്പൂതിരിയുടെയും ദ്രൗപദി അന്തർജ്ജനത്തിന്റെയും മകൻ നാരായണൻ എൻ.ഐ. (അസിസ്റ്റന്റ് പ്രൊഫസർ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ) ഐ.ഐ.ടി. ബോംബെയിൽ നിന്നും functional graded plates എന്ന സ്ട്രക്ചറൽ എഞ്ചിനീയറിംഗ് ശാഖയിൽ പി.എച്ച്. ഡി. നേടി. ഇദ്ദേഹം കേരള പി.എസ്.സി. സിവിൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ കേരളത്തിൽ ഒന്നാം റാങ്ക് നേടിയിരുന്നു. ഭാര്യ സരസ്വതി എസ്. (കുഞ്ഞിമംഗലം ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപിക), മകൻ നയൻ ശങ്കർ എൻ.ഐ.) മകൾ: വരദ നാരായണൻ എൻ.ഐ.



**പ്രണതി**

എൽ.എസ്.എസ് സ്ക്കോളർഷിപ്പ് നേടിയ പുതുക്കുളങ്ങര ഇല്ലത്ത് ജിതേഷ്, സുജ ദമ്പതികളുടെ മകൾ പ്രണതി. കണ്ണിപറമ്പ് ഉപസഭ.



**ആര്യ കെ ആർ.**

കേരള സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫർമേറ്റിക്സിൽ PhD നേടിയ ആര്യ കെ ആർ. തിരുവനന്തപുരം കുളപ്പട തെക്കേമഠത്തിൽ കേശവൻ പോറ്റിയുടെയും തൊടുപുഴ തുരുത്തേൽ മഠത്തിൽ രതി ദേവിയുടെയും മകളും, നെടുമങ്ങാട് ശ്രീവിലാസത്തു മഠത്തിൽ വെങ്കിടേശ്വരൻ പോറ്റിയുടെയും മുവാറ്റുപുഴ താഴപ്പള്ളിയില്ലം ഗീതയുടെയും മരുമകളുമാണ്. ഭർത്താവ് : വിജയ് ശങ്കർ, മകൻ : ആരവ്



**ശ്രീനന്ദനാ രാജീവൻ**

കഥകളിസംഗീതം സംസ്ഥാന തലത്തിൽ എച്ച് വിഭാഗം എ ഗ്രേഡ് നേടിയ ശ്രീനന്ദനാ രാജീവൻ ( മയ്യനാട് ഉപസഭ), ലക്ഷ്മീ ദാമോദരം, കൂട്ടിക്കട. ജി.വി. എച്ച്. എസ്.എസ് വാളത്തുംഗൽ. അന്തരിച്ച പ്രശസ്ത കഥകളി നടൻ മയ്യനാട് കേശവൻ നമ്പൂതിരിയുടെ ചെറുമകളും, കഥകളി നടൻ കലാമണ്ഡലം മയ്യനാട് രാജീവൻ നമ്പൂതിരിയുടേയും ജീനയുടെയും മകളുമാണ്. ജ്യേഷ്ഠൻ ശ്രീഹരി രാജീവൻ



**പി. എം. കേശവൻ നമ്പൂതിരി**

സംസ്ഥാനത്തെ മികച്ച ക്ഷീര സഹകരണ സംഘം സെക്രട്ടറിക്കുള്ള കേരള സർക്കാർ ക്ഷീര വികസന വകുപ്പ് ഏർപ്പെടുത്തിയ സംസ്ഥാന അവാർഡിന് ഓമശ്ശേരി ക്ഷീര സഹകരണ സംഘം സെക്രട്ടറി പി. എം. കേശവൻ നമ്പൂതിരി തിരഞ്ഞെടുക്കപ്പെട്ടു.2024 ഫെബ്രുവരി 18, 19, 20 തിയ്യതികളിൽ ഇടുക്കി യിൽ വെച്ച് നടക്കുന്ന സംസ്ഥാന ക്ഷീര സംഗമത്തിൽ വെച്ച് അവാർഡുകൾ വിതരണം ചെയ്യും.



**നിരഞ്ജൻ മോഹൻ**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹാട്രിക് വിജയ വുമായി ശ്രീകൃഷ്ണപുരം ഹയർ സെക്കൻഡറി സ്കൂളിന്റെ അഭിമാനം നിരഞ്ജൻ മോഹൻ. ഹൈസ്കൂൾ വിഭാഗം ആൺകുട്ടികളുടെ കഥകളി സംഗീതത്തിൽ നിരഞ്ജന് എ ഗ്രേഡ് ലഭിച്ചു. നേരത്തെ അഷ്ടപദി, ശാസ്ത്രീയ സംഗീതം എന്നിവയിൽ എ ഗ്രേഡ് ലഭിച്ചിരുന്നു. കഥകളി സംഗീതജ്ഞൻ നെടുമ്പള്ളി രാംമോഹന്റെയും മീരാ രാംമോഹന്റെയും മകനാണ്.




**ഡോ. അഞ്ജലി**

കോഴിക്കോട് എൻ ഐ ടി യിൽ സിവിൽ എഞ്ചിനീയറിംഗ് അസി.പ്രൊഫസറായി നിയമനം നേടി ജോയൻ ചെയ്ത ഗുരുവായൂർ താമസിക്കുന്ന കൊല്ലോറ്റ കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ ഡോ. അഞ്ജലി.



**ആർദ്ര**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്കൃതം ഉപന്യാസത്തിനും സംസ്കൃതം പ്രസംഗത്തിനും എ ഗ്രേഡ് നേടിയ താമരക്കുളം ബംഗ്ലാവിൽ സുദേവന്റേയും നിഷയുടേയും മകൾ ആർദ്ര



**നമന്യ ഉണ്ണികൃഷ്ണൻ**

സി.ബി.എസ്.ഇ. സംസ്ഥാന കലോത്സവത്തിൽ കുച്ചിപ്പുഡിയിലും ഭരതനാട്യത്തിലും എ ഗ്രേഡ് നേടിയ നമന്യ ഉണ്ണികൃഷ്ണൻ വെള്ളയോട്ടില്ലം,വടകര ഉപസഭ (പത്താം ക്ലാസ്, അമൃത പബ്ലിക് സ്കൂൾ, പതിയാരക്കര)



**ശ്രീപഞ്ചമി**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അക്ഷരശ്ലോകത്തിന് എഗ്രേഡ് നേടിയ അണലക്കാട്ടില്ലത്ത് നാരായണൻ നമ്പൂതിരിയുടെ മകൾ ശ്രീപഞ്ചമി.

## ശംഭു നമ്പൂതിരി ഐ.എ.സി.സി. കേരള ചെയർമാൻ

കൊച്ചി ഇൻഡോ അമേരിക്കൻ ചേംബർ ഓഫ് കൊമേഴ്സ് (ഐ.എ.സി.സി.) കേരള ചാപ്റ്ററിന്റെ ചെയർ മാനായി അസോസിയേറ്റഡ് റബ്ബർ കെമിക്കൽസ് മാനേജിങ് ഡയറക്ടർ ശംഭു നമ്പൂതിരി തിരഞ്ഞെടുക്കപ്പെ ട്ടു. എറണാകുളം കോട്ടപ്പടിയിലെ കാവിൽ തോട്ടം മനയിലെ നാരായണൻ നമ്പൂതിരിയുടെയും ദേവകി അന്തർജനത്തിന്റെയും മകനാണ്.



കെ.ജെ. തോമസ് ഒന്നാം വൈസ് ചെയർമാനും ജോസഫ് തോമസ് രണ്ടാം വൈസ് ചെയർമാനുമാണ്. ഒരു വർഷത്തേക്കാണ് ഭരണസമിതിയുടെ കാലാവധി.

# മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ

### ദേവിക



ലക്ഷ്യം. അതിലെത്താനുള്ള കഠിനാധ്വാനം . പ്രതിഭ. ഇവ മൂന്നുമുണ്ടെങ്കിൽ അസാധ്യമായി ഒന്നുമില്ല എന്ന് തെളിയിച്ചിരിക്കുകയാണ് ദേവിക - കരിയന്നൂർ. ലക്കിടിക്കപ്പുറം ചിന്തിക്കാത്ത ദേവികക്ക് എറണാംകുളം ഗവർമെന്റ് ലോ കോളേജിൽ അഡ്മിഷൻ ലഭിച്ചത് എൻട്രൻസ് കടമ്പകടന്നാണ്. കോച്ചിംഗ് ഒന്നും കൂടാതെ തന്നെ. ആദ്യം ലക്കിടിയിലെ നഹ്റു കോളേജിൽ ചേർന്നിരുന്നു. ഏറണാംകുളത്തെ അഡ്മിഷൻ വലിയൊരു സാധ്യതയാണ് തുറന്നിട്ടത്. ആ സാധ്യതയെ പൂർണ്ണമായും ഉപയോഗിച്ച് ഒന്നാം റാങ്കോടെ BA LLB പാസായി. ഇപ്പോൾ ജുഡീഷ്യൽ സർവ്വീസസ് പരീക്ഷയും കടന്നിരുന്ന്, ദേവിക തന്റെ പ്രതിഭക്ക് അടിവരയിട്ടിരിക്കുന്നു. ഇനിയും ഒരുപാട് ഉയരങ്ങൾ കീഴടക്കാനുണ്ട്. പ്രതിഭയും കഠിനാധ്വാനവും യോജിക്കുമ്പോൾ ഒന്നും അസാധ്യമല്ല. അഖില കേരളതന്ത്രി സമാജം മദ്ധ്യ മേഖലാ വൈസ് പ്രസിഡണ്ട് കരിയന്നൂർ വാസുദേവൻ നമ്പൂതിരിയുടെ മകളാണ് ദേവിക



*മള്ളിയൂർ മഹാഗണപതി ക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ വെച്ച് ഭാഗവത ഹംസം ശങ്കരൻ നമ്പൂതിരിയുടെ മകൻ പരമേശ്വരൻ നമ്പൂതിരി നല്കി. റാവൽജിക്കും ശങ്കര സ്മൃതിപുരസ്ക്കാരം ഉണ്ട്*




*മള്ളിയൂർ അദ്ധ്യാത്മികപീഠം നൽകുന്ന ശങ്കരസ്മൃതി പുരസ്കാരം ബദരിനാഥ് ക്ഷേത്ര മുഖ്യപുരോഹിതനായ റാവൽജി എച്ച്.എച്ച്. ഈശ്വരപ്രസാദ് നമ്പൂതിരിയും മള്ളിയൂർ ഗണേശ പുരസ്കാരം ആയാംകുടി മണിയും 'ഭാഗവത വൈഡൂര്യം' ബഹുമതി ഭാഗവതാചാര്യൻ പുല്ലൂർമണ്ണ രാമൻ നമ്പൂതിരിയും മള്ളിയൂർ പരമേശ്വരൻ നമ്പൂതിരിയിൽ നിന്ന് ഏറ്റുവാങ്ങുന്നു*




### ഡോ. പി.കെ.എൻ. നമ്പൂതിരി

ഡോ. പി.കെ.എൻ. നമ്പൂതിരിക്ക് കേന്ദ്ര ആയുർവേദ കൗൺസിലിന്റെ അവാർഡ് ലഭിച്ചു. പതിനായിരം രൂപയും ബഹുമതിപത്രവുമാണ് അവാർഡ്. ചികിത്സാസംബന്ധമായ ഗവേഷണത്തിനാണ് അവാർഡ്. ചെറുതുരുത്തിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മയിലെ അസി. ഡയറക്ടറാണ് ഡോ. പി.കെ. എൻ. നമ്പൂതിരി.



### നിവേദ് വിഷ്ണു

സഹോദയ ടാലന്റ് ടെസ്റ്റ് എക്സാമിനേഷൻ, വിദ്യാ ദർശൻ ടാലന്റ് എക്സാമിനേഷൻ, കിൻഫർ നേഷനൽ ലെവൽ കോംപിറ്റേറ്റീവ് എക്സാമിനേഷൻ എന്നിവയിൽ മെഡലും സ്കോളർഷിപ്പും നേടിയ പയ്യന്നൂർ ചിന്മയ വിദ്യാലയത്തിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥി നിവേദ് വിഷ്ണു . വെദിരമന ഡോ കേശവന്റേയും ഡോ തുളസിയുടേയും മകനാണ്.



### ഹിമ ഹരികുമാർ

എൽ എൽ ബി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഇടുക്കി ജില്ലാ ജഡ്ജ് ഹരികുമാർ കാവിൽപടിഞ്ഞാറേടത്തിന്റെ മകൾ ഹിമ ഹരികുമാർ.

കോടഞ്ചേരി ഉപസഭാ പ്രസിഡണ്ട് കക്കാരുപള്ളി ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ അനിയനാണ് ശ്രീ ഹരികുമാർ.



### ഗോപാലകൃഷ്ണൻ പോറ്റി

ഏറ്റവും ഉയർന്ന മോട്ടോറബിൾ പാസ് 'ഉംലിംഗ് ലാ പാസ് (19,024 അടി)' തന്റെ സ്വന്തം ഹാർലി ഡേവിഡ്സണിൽ കീഴടക്കിയ ഏറ്റവും പ്രായം കൂടിയ മനുഷ്യൻ എന്ന ബഹുമതി കരസ്ഥമാക്കി ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയ തിരുവനന്തപുരം കുളപ്പട പെരിയമന ഇല്ലത്ത് ബി. ഗോപാലകൃഷ്ണൻ പോറ്റി.



### ശ്രീനന്ദിനി

സംസ്കൃതം സ്കോളർഷിപ് നേടിയ കണ്ണിപറമ്പ് ഉപസഭയിലെ ശ്രീനന്ദിനി - എൻ



### ശ്രീരാധിക

സംസ്കൃതം സ്കോളർഷിപ് നേടിയ കണ്ണിപറമ്പ് ഉപസഭയിലെ ശ്രീരാധിക എൻ.

# മികവിന്റെ തിളക്കം / എവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



**ഭദ്ര പി നമ്പൂതിരി**

സംസ്കൃതം സ്കോളർഷിപ്പ് നേടിയ നരിയങ്ങൽ തലപ്പണ ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരിയുടേയും അക്ഷയയുടേയും മകൾ ഭദ്ര പി നമ്പൂതിരി. കണ്ണിപറമ്പ് ഉപസഭ



**ഗംഗ**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ചെണ്ട - തായമ്പകയിൽ എ ഗ്രേഡ് നേടിയ മലപ്പുറം, ശുകപുരം ഉപസഭയിലെ ആലങ്കോട് കക്കാട്ട് കൃഷ്ണൻ നമ്പൂതിരിയുടെ മകൾ ഗംഗ



**സി.എം.കീർത്തി**

സംസ്ഥാന കലോത്സവത്തിൽ സംസ്കൃതം പദ്യം ചൊല്ലലിലും ഒപ്പനയിലും എ ഗ്രേഡ് നേടിയ പാലക്കാട് ചളവറ സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനി സി.എം. കീർത്തി.



**ഡോ. ശിവകുമാർ**

കേരള സെൻട്രൽ യൂണിവേഴ്സിറ്റിയിൽ ഡയറക്ടറായി ചാർജ്ജെടുത്ത ഏറ്റുമാനൂർ ഉപസഭാംഗം ഡോ. ശിവകുമാർ



**ഡോ. പി. നാരായണൻ നമ്പൂതിരി**

പയ്യന്നൂർ, വ്യാകരണ ശിരോമണി ഒ.കെ. മുൻഷിയുടെ സ്മരണയ്ക്കായുള്ള പുരസ്കാരം സംസ്കൃത പണ്ഡിതനും കാലിക്കറ്റ് സർവകലാശാല റിട്ട. പ്രൊഫസറുമായ ഡോ. പി. നാരായണൻ നമ്പൂതിരിക്ക് (മലപ്പുറം അരീക്കോട് പെരിഞ്ചേരി മന). വിദ്വാൻ എ.കെ. കൃഷ്ണൻ മാസ്റ്റർ സമിതിയാണ് പുരസ്കാരം ഏർപ്പെടുത്തിയത്. 15,000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം. കാലിക്കറ്റ്, കണ്ണൂർ, കാലടി, കേരള സർവകലാശാലകളിൽ പഠന ബോർഡ് അംഗമായിരുന്ന നാരായണൻ നമ്പൂതിരി ഇപ്പോൾ കാലടി സർവകലാശാല ഡീനാണ്. ഗുരുവായൂർ ദേവസ്വം വേദിക് ആന്റ് കൾച്ചറൽ സ്റ്റഡീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി നാരായണൻ നമ്പൂതിരി ചുമതലയേറ്റു.



**മേഘന കൃഷ്ണ**

സംസ്ഥാന സ്കൂൾ കലോൽത്സവത്തിൽ നങ്ങ്യാർ കൂത്ത് എ ഗ്രേഡ് മേഘന കൃഷ്ണ, മഞ്ചേരി ഉപസഭ, പാലിശ്ശേരി മനയിലെ അജിതിന്റേയും പ്രസീതയുടേയും മകളാണ്.




**മീരാകൃഷ്ണൻ**

സംസ്ഥാന സ്കൂൾ കലോൽത്സവത്തിൽ മലയാള പദ്യംചൊല്ലൽ എ ഗ്രേഡ് മീരാകൃഷ്ണൻ പി. അരീക്കോട് ഉപസഭ, നടുവത്തേടത്ത് മന മനോജ് കുമാറിന്റേയും രഞ്ജിനിയുടേയും മകളാണ്.



**പ്രിതു നാരായണൻ**

സംസ്ഥാന സ്കൂൾ കലോൽത്സവത്തിൽ സംസ്കൃത നാടകം എ ഗ്രേഡ്, പ്രിതു നാരായണൻ ഇ എം, വള്ളുവനാട് ഉപസഭ, എടത്തറ മുത്തേടത്ത് ശ്രീജിത്തിന്റേയും നന്ദിനിയുടേയും മകനാണ്.



**മധുസൂദനൻ നമ്പൂതിരി**

പള്ളിശ്ശേരി മന പി.എസ്.മധുസൂദനൻ നമ്പൂതിരി ഗുരുവായൂർ ക്ഷേത്രം മേൽശാന്തി. ഗുരുവായൂർ ക്ഷേത്രത്തിൽ ഏപ്രിൽ ഒന്നു മുതൽ അടുത്ത ആറ് മാസത്തേക്കുള്ള മേൽശാന്തിയായി വടക്കാഞ്ചേരി, പനങ്ങാട്ടുകര പള്ളിശ്ശേരി മനയിൽ പി എസ് മധുസൂദനൻ നമ്പൂതിരിയെ തിരഞ്ഞെടുത്തു.

ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പി.സി.ദിനേശൻ നമ്പൂതിരിപ്പാടിന്റെ സാന്നിധ്യത്തിൽ നടത്തിയ നറുക്കെടുപ്പിലാണ് പി.എസ് മധുസൂദനൻ നമ്പൂതിരിക്ക് ശ്രീഗുരുവായൂരപ്പന്റെ മേൽശാന്തിയാകാനുള്ള നിയോഗം ലഭിച്ചത്.



**ഘനശ്യാം**

സംസ്ഥാന സ്കൂൾ കലോൽത്സവത്തിൽ അഷ്ടപദിയിൽ എ ഗ്രേഡ് നേടിയ ഘനശ്യാം അങ്ങാടിപ്പുറം ഉപസഭ, മൂത്തമന ഇല്ലത്തെ പ്രകാശ് നമ്പുതിരിയുടേയും സംഗീതയുടേയും മകനാണ്.



**അക്ഷത് ശ്രീധർ**

പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സംസ്കൃതം സ്കോളർഷിപ്പ് സബ്ജില്ലയിൽ ഒന്നാം സ്ഥാനം നേടിയ അക്ഷത് ശ്രീധർ താമരക്കുളം. സുദേവൻ നമ്പൂതിരിയുടേയും നിഷയുടേയും മകനാണ്.



**ദേവനന്ദ.കെ.ടി**


സംസ്കൃതം സ്കോളർഷിപ്പ് നേടിയ ദേവനന്ദ കെ.ടി. കണ്ണിപറമ്പ് ഉപസഭയിലെ കോടിതലപ്പണ ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരിയുടേയും ലതയുടേയും മകളാണ്.



**സുചിത്ര പി**


ബാംഗ്ലൂർ സെന്റർ ഫോർ നാനോ ആൻഡ് സോഫ്റ്റ് മാറ്റർ സയൻസിൽ(CeNS) നിന്നും മെറ്റീരിയൽ സയൻസിൽ ഡോക്ടറേറ്റ് നേടിയ സുചിത്ര പി. പുളിയശ്ശേരി ഇല്ലത്തു കൃഷ്ണൻ നമ്പൂതിരിയുടെയും(കണ്ണിപറമ്പ് ഉപസഭ ) ആലങ്കോട് കക്കാട് മനക്കൽ(ശുകപുരം ഉപസഭ) സുശീലയുടെയും മകളാണ്.

# മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



**അതീന്ദ്ര കൃഷ്ണൻ**

കേരള ക്രിക്കറ്റ് ടീമിലേക്ക് സെലക്ഷൻ കിട്ടിയ തൃശ്ശൂർ ജില്ലയിലെ വടക്കേക്കാട് ഉപസഭാംഗം മണ്ണൂർ ഡോ: രാജേഷ് കൃഷ്ണന്റെയും, ഡോ: ശ്രീകലയുടേയും പുത്രൻ അതീന്ദ്ര കൃഷ്ണൻ



**അദ്വൈ അജയൻ**

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ജുറിഡിക്കൽ സയൻസസ് നടത്തിയ പതിനാറാമത് കോർപറേറ്റ് ലോ മൂട്ട് കോർട്ട് മത്സരത്തില് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അദ്വൈ അജയൻ തങ്ങൂർ. ബാംഗ്ലൂരിലെ നാഷണൽ ലോ സ്കൂള് ഓഫ് ഇന്ത്യ യൂണിവേഴ്സിറ്റിയിൽ രണ്ടാം വർഷ വിദ്യാർത്ഥിയായ അദ്വൈ തങ്ങൂർ മനക്കൽ അജയന്റെയും മറവഞ്ചേരി കിഴക്കേടത്ത് മനയിൽ ഉമയുടെയും മകനാണ്. പശ്ചിമ ബംഗാൾ നാഷണൽ യൂണിവേഴ്സിറ്റിഓഫ് ജുറിഡിക്കൽ സയൻസസും ഹെർബർട്ട് സ്മിത്ത് ഫ്രീഹിൽ എന്ന സ്ഥാപനവും സംയുക്തമായി നടത്തിപ്പോരുന്ന മത്സരത്തിൽ ഇത്തവണ ഇന്ത്യയിലെ ഇരുപത് നിയമ സർവ്വകലാശാലകളാണ് പങ്കെടുത്തത്. മൊബൈൽ: 9449244123.




**സാരംഗ് സുബ്രഹ്മണ്യൻ**

സംസ്കൃതം സ്കോളർഷിപ് നേടിയ സാരംഗ് സുബ്രഹ്മണ്യൻ. കെ.ടി.കോടിത്തലപ്പണ ഇല്ലത്തെ ശങ്കരൻ നമ്പൂതിരിയുടേയും ഗീതയുടേയും മകൻ. കണ്ണി പറമ്പ് ഉപസഭ.




**മാളവിക സി.എച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല എം.ബി.എ. പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ മാളവിക സി.എച്ച്. പാലക്കാട് പറളി കൊരട്ടിക്കര മന ഹരികൃഷ്ണൻ–സുഭ ദമ്പതികളുടെ മകളാണ്. ഫോൺ: 9074952991



**ഹരിഗോവിന്ദ്**

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ തബല എ ഗ്രേഡ്, ഹരിഗോവിന്ദ് എം. മലപ്പുറം ഉപസഭയിലെ കൃഷ്ണൻ നമ്പൂതിരിയുടേയും ഷീബയുടേയും മകനാണ്.



**ഹൃഷികേശ്**

സംസ്ഥാന സ്ക്കൂൾ കലോൽത്സവത്തിൽ ഹൃഷികേശ് പി. ബാൻഡ് മേളം എ ഗ്രേഡ്, പൂന്താനം ഉപസഭ പനയൂർ മന പ്രദീപിന്റേയും ആശയുടേയും മകനാണ്.



**ഒ.കെ.പരമേശ്വരൻ**

കണ്ണൂർ ഓണത്താൻ കാരക്കാട്ടില്ലത്ത് ശ്രീ. ഒ.കെ.പരമേശ്വരന് എൽ.ഐ.സി യിൽ ഡെവ. ഓഫീസറായി (കോഴിക്കോട് ഡിവിഷനൽ ഓഫീസ്) നിയമനം ലഭിച്ചു. മാതൃഭൂമി സീനിയർ ലേഖകൻ ശ്രീ. ഒ.കെ. നാരായണൻ നമ്പൂതിരിയുടെ മകനാണ്.



**ഡോ. കെ.എസ്.അമ്പിളി**

രാജീവ് ഗാന്ധി യൂനിവേഴ്സിറ്റി ഓഫ് മെഡിക്കൽ സയൻസ് എം.ഡി. ആയുർവേദം പരീക്ഷയിൽ നാലാം റാങ്ക് നേടിയ ഡോ. കെ.എസ്.അമ്പിളി. ഭർത്താവ് അരുൺ മുണ്ടാരപ്പള്ളി സൗത്ത് ഇന്ത്യൻ ബാങ്കിൽ മാനേജരാണ്. ഡോക്ടർ അമ്പിളി 8848712498



## ഹരി എൻ. നമ്പൂതിരിക്ക് സംരംഭക പുരസ്കാരം

ശ്രീധരീയം ഫാം ഹെർബ്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായ ഹരി എൻ.നമ്പൂതിരി സംരംഭക മേഖലയിലെ മികവിനുള്ള അവാർഡ് നേടി. വാണിജ്യവകുപ്പിന്റെ പുരസ്കാരം വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് സമ്മാനിച്ചു.



*കോഴിക്കോട് മാറാട് ഹിന്ദു സേവാകേന്ദ്രം കുടുംബക്ഷേത്രങ്ങളിലെ ജനകീയ തന്ത്രി പറമ്പിടി പുതുശ്ശേരി മോഹനൻ നമ്പൂതിരിയെ ഗോവ ഗവർണർ പി.എസ്.ശ്രീധരൻ പിള്ള ആദരിക്കുന്നു.*



**നവനീത് നമ്പൂതിരി**

കലാമണ്ഡലം നവനീത് നമ്പൂതിരി (കണ്ടമംഗലം ഇല്ലം, ചാത്തമംഗലം, കോഴിക്കോട്) കാലടി സർവ്വകലാശാലയിൽ നിന്ന് സംസ്കൃതം വേദാന്തത്തിൽ ഡോക്ടറേറ്റ് നേടി. കണ്ടമംഗലം നാരായണ മുനീവ്രത ബ്രഹ്മാനന്ദയുടെയും അന്തരിച്ച തങ്കമണി അന്തർജനത്തിന്റെയും മകൻ.



**സുപ്ത വിക്രമൻ**

ന്യൂഡൽഹി കേന്ദ്ര സംസ്കൃത സർവ്വകലാശാലയിൽ നിന്ന് യൂണിവേഴ്സിറ്റി ടോപ്പർക്കുള്ള ഗോൾഡ് മെഡൽ സുപ്ത വിക്രമൻ നേടി. പിതാവ് വിക്രമൻ ആറ്റുപുറം.

# കുട്ടിക്കൂട്ടം

**വായിച്ച പുസ്തകം, കണ്ട സിനിമ, നടത്തിയ വിനോദയാത്ര,
ലഭിച്ച സമ്മാനം, ഇഷ്ടപ്പെട്ട സ്ഥലം, അനുഭവിച്ച വേദന,
പറ്റിയ അബദ്ധം, സഹായിച്ച സുഹൃത്ത്... അങ്ങനെ
ജീവിതാനുഭവങ്ങളെ ചെറിയ കുറിപ്പുകളാക്കി
വാട്ട്സ് അപ്പിൽ അയച്ചു തരൂ. 9400992823**





**നൈനിക നാരായണൻ**
വയസ്സ് 12, ആറാം തരം,
മൊബൈൽ 9495889022





**അഞ്ജന എൻ.**
യു.പി. വിഭാഗം





**ഭഗത് വിഷ്ണു
കെ.പി.**
എൽ.പി. വിഭാഗം



**സാന്ദ്ര
എം.എ.**
എച്ച്.എസ്.
വിഭാഗം






**മലയമ്മ
കേശവദേവ്**
14 വയസ്സ്



**മലയമ്മ
കൃഷ്ണദേവ്**
3rd sid



മാളവിക കെ.പി.
എച്ച്.എസ്. വിഭാഗം



പറമ്പിടി സാരംഗി ആർ കൃഷ്ണൻ. *3rd std*

# അയാൾ



**ദേവദത്ത .ടി. കെ,**
മുക്കം ഉപസഭ

'ഏയ് ... ഓട്ടോ ..... ശ്ശെ ....' സമയം രാത്രി പത്ത് ആയിരിയ്ക്കുന്നു. ഒറ്റയ്ക്കാണ്. ഓട്ടോ കാത്തു നിൽക്കുന്ന അവൾക്കരികിലേയ്ക്ക് ചുരുണ്ടമുടിക്കാരനായ ഒരു ചെറുപ്പക്കാരൻ വന്നു.

'എന്താടോ.. ഓട്ടോ തിരഞ്ഞ് നിൽക്കുവാണോ?' അവൾ അയാളെ ശ്രദ്ധിച്ചില്ല. രാത്രിയാണ്. അപരിചിതനും. അയാൾ പിന്നെയും അവൾക്കരികിലേയ്ക്ക് നീങ്ങി നിന്നു.

'താൻ കഥ എഴുതുമല്ലേ?'

ആ ചോദ്യം കേട്ടപ്പോൾ അവൾ ഒന്ന് ഞെട്ടി. മൂന്നു വർഷമായി കഥയെഴുത്തൊക്കെ നിർത്തിയിട്ട്. ഇപ്പോഴിതാ ഒരു പരിചയവുമില്ലാത്ത ഒരാൾ, കഥാകാരിയാണോ എന്ന് ചോദിയ്ക്കുന്നു.

'ഉണ്ടായിരുന്നു, ഇപ്പോഴില്ല' അത്രമാത്രം പറഞ്ഞ് അവൾ കുറച്ച് മുന്നോട്ട് നടന്നു.

'അച്ഛൻ മരിച്ചതിനുശേഷം എഴുതിയിട്ടില്ല. അല്ലെ?'

അവൾ അയാളെ സൂക്ഷിച്ചു നോക്കി. മുമ്പ് എവിടെയും കണ്ടതായി ഓർക്കുന്നില്ല. പക്ഷെ, എന്തോ എവിടെയോ അറിയുന്ന പോലെ...

'ഗീതിക വിശ്വൻ!...' കുറച്ചു കൂടി മുന്നോട്ട് നടന്ന അവൾ ആ വിളി കേട്ടു.

തന്റെ തൂലികാ നാമം... ആ പേര് കേട്ടിട്ടുതന്നെ വർഷങ്ങളായി. അയാൾ ആരെന്നോ എവിടെ നിന്നെന്നോ അറിയില്ല.

പക്ഷെ, തന്നെ നന്നായി അറിയുന്ന ആരോ ആണെന്ന് അവൾക്ക് മനസ്സിലായി.

'അല്ല.., അത് ഞാനല്ല ....' തിരിച്ചു വന്ന അവൾ അയാളോടായി പറഞ്ഞു.

'താനെന്തിനാടോ കള്ളം പറയുന്നെ? തന്റെ കഥകളെല്ലാം ഞാൻ വായിച്ചിട്ടുണ്ട്. അവസാനം എഴുതിയ ഇരുട്ടിലെ നിലാപക്ഷി വായിച്ച് രണ്ട് ദിവസത്തിന് ശേഷമായിരുന്നു തന്റെ അച്ഛന്റെ മരണം ഞാൻ അറിഞ്ഞത്.''

സമൂഹത്തിൽ നടക്കുന്ന അനീതിക്കെതിരെ കഥയിലൂടെ പ്രതികരിച്ചിരുന്ന തനിയ്ക്ക് അച്ഛനെ നഷ്ടപ്പെട്ടതും അതുകൊണ്ടാണല്ലോ. അവൾക്കുള്ളിൽ പേടി നിറഞ്ഞു. മറക്കാൻ ആഗ്രഹിയ്ക്കുന്ന തന്റെ ഭൂതകാലം. ആറുവയസുകാരിയെ പീഡിപ്പിച്ച കേസിലെ പ്രതിയെ പിടിയ്ക്കാൻ സഹായിച്ച തന്റെ ആദ്യ കഥ.. അതിനു ശേഷം നടന്ന ഓരോ സംഭവങ്ങളും അവൾ കഥയാക്കി. ഒടുവിൽ അവളെ ഒതുക്കാൻ വന്ന ശത്രുക്കളുടെ മുന്നിൽ സ്വന്തം അച്ഛന് തന്നെ ബലിയാടാവേണ്ടിവന്നു. ആ സംഭവത്തിന് ശേഷം അവൾ പേന തൊട്ടിട്ടില്ല. അന്ന് നാട് വിട്ട അവൾ ഇന്നാണ് തിരിച്ചെത്തുന്നത്. ചെറുപ്പത്തിലേ അമ്മ മരിച്ച അവൾക്ക് താങ്ങും തണലുമായിരുന്ന അച്ഛന്റെ മരണം അവളെ ഒരുപാട് പേടിപ്പെടുത്തി. എല്ലാവരും തന്നെ മറന്നുകാണും എന്നായിരുന്നു അവൾ കരുതിയിരുന്നത്. പക്ഷെ, ഇപ്പോൾ .......

'താനാരാ? എന്റെ കാര്യങ്ങളെല്ലാം തനിയ്ക്കെങ്ങിനെ അറിയാം? അതിനുശേഷം ഞാൻ എഴുതിയിട്ടില്ല ... എന്റെ അച്ഛനെ കൊന്നപോലെ എന്നെയും വകവരുത്താനാണെങ്കിൽ, ഇനി ഞാൻ എഴുതുന്നില്ല എന്ന് പറഞ്ഞതല്ലെ, പിന്നെന്തിനാ എന്റെ പുറകെ വരുന്നെ?'

അവൾ മുഴുവൻ ധൈര്യവും സംഭരിച്ച് അയാളോട് ഒറ്റ ശ്വാസത്തിൽ ചോദിച്ചു

'ഞാൻ തന്റെ ഒരു ആരാധകനാണ്. തല്ലാനും കൊല്ലാനും ഒന്നും വന്നതല്ല. ഈ പെരുവഴിയിൽ ഒട്ടും പ്രതീക്ഷിയ്ക്കാതെ കണ്ടുമുട്ടിയപ്പോൾ ആഗ്രഹം കൊണ്ട് സംസാരിച്ചതാണ്...'

അയാളുടെ മറുപടി ഒരു കുളിർ മഴയായി പെയ്തിറങ്ങി. വർഷങ്ങൾ

ക്ക് ശേഷമാണ് അവൾക്ക് അങ്ങിനെയൊരനുഭൂതി ലഭിയ്ക്കുന്നത് .

'വിരോധമില്ലെങ്കിൽ ഞാൻ കൊണ്ടുപോയാക്കാം. എനിയ്ക്ക് കാറുണ്ട്.'

നാട്ടിലേയ്ക്ക് മൂന്ന് വർഷങ്ങൾക്ക് ശേഷമാണ് അവൾ വരുന്നത്. അടുത്ത സുഹൃത്തിന്റെ വീട്ടിൽ രാത്രി തങ്ങാം എന്ന് കരുതി. സ്വന്തം വീടാണെങ്കിൽ പൂട്ടിയ്ക്കിടക്കുകയും ആണ്. ആകെ പിടിവിട്ട അവസ്ഥയിലായിരുന്ന അവൾ സമ്മതം മൂളി.

കാറിൽ കയറിയതിനു ശേഷം അവൾക്ക് എന്തോ ഒരു വല്ലാത്ത സന്തോഷം തോന്നി. അവർ ഒരുപാട് സംസാരിച്ചു. സമയം പോയതറിയാതെ. അയാളെ അവൾക്കൊരുപാട് ഇഷ്ടമായി. നല്ലൊരു സൗഹൃദം ഒറ്റ രാത്രികൊണ്ട് അവർക്കിടയിൽ ഉണ്ടായി. അതുകൊണ്ട് തന്നെ അവർ രണ്ടുപേരും അവളുടെ സുഹൃത്തിന്റെ വീടെത്തും വരെ സംസാരിച്ചുകൊണ്ടിരുന്നു.

ആ യാത്ര അവസാനിയ്ക്കുമ്പോൾ, അവൾക്ക് അയാളുടെ വിവരങ്ങൾ ഒന്നും അറിയില്ലായിരുന്നു. പേര് പോലും. പക്ഷെ, തന്റെ എല്ലാ കാര്യങ്ങളും അയാൾക്ക് അറിയാമായിരുന്നു. പക്ഷെ, അതൊന്നും അവൾക്ക് വിഷയമായിരുന്നില്ല. കാലങ്ങൾക്ക് ശേഷം തന്നെയും തന്റെ കഥകളേയും പ്രശംസിയ്ക്കുന്ന ഒരു നല്ല സുഹൃത്തിനെ കിട്ടിയതിന്റെ സന്തോഷമായിരുന്നു അവൾക്ക്. ആ രാത്രി അവൾ നന്നായി ഉറങ്ങി.

പിറ്റേന്ന് രാവിലെ എഴുന്നേറ്റ് പത്രം വായിക്കുന്നതിന്റെ ഇടയിലായിരുന്നു അവളുടെ കണ്ണ് ആ വാർത്തയിൽ ഉടക്കിയത്:

ശ്രീനു ( 22 ) മൂന്നാം ചരമവാർഷികം

ഒരു നിമിഷം സ്തംഭിച്ചു പോയി അവൾ. താൻ ഇന്നലെ സംസാരിച്ച, തന്നെ കാറിൽ കൊണ്ടുവന്നാക്കിയ അയാൾ. മരിച്ചിട്ട് മൂന്നു വർഷം! അവൾക്ക് വിശ്വസിക്കാനായില്ല .

'ഡീ ... വാ .. ചായ കുടിയ്ക്കാം.'

അവളുടെ പുറത്ത് തട്ടി സുഹൃത്ത് വിളിച്ചപ്പോഴാണ് ഞെട്ടലിൽ നിന്നും അവൾ ഉണർന്നത്. ആകെ വിയർത്ത് മരവിച്ച അവൾ ചോദിച്ചു:

'ഇത് .. ഈ ... ഇയാളെ നിനക്കറിയുമോ?'

'ഇല്ലല്ലോ, എന്തേ?'

'ഒന്നൂല്ല.'

'നാട്ടിൽ പലരും മരിയ്ക്കും. അത് ഞാനെങ്ങനെ അറിയാനാ?... നീ വന്നേ.. ചായ കുടിയ്ക്കാം...'

'നിൽക്ക്, ഒരു മിനുട്ട്.. ഞാൻ ഇന്നലെ എങ്ങിനെയാ വന്നതെന്ന് നിനക്കറിയോ?

'നീ ഒരു കാറിലല്ലേ വന്നെ.. ഞാൻ വാതിൽ തുറന്നപ്പോഴേയ്ക്കും കാറും കൊണ്ട് അയാൾ പോയന്നല്ലേ നീ പറഞ്ഞെ. നിനക്കെന്താ പറ്റിയെ? ഉറക്കം പോയില്ലേ? പോയി മുഖം കഴുകി വാ...'

തന്റെ ജീവിതത്തിൽ എന്താണ് നടക്കുന്നതെന്നറിയാതെ ആ പത്രവാർത്ത തന്നെ അവൾ നോക്കിയിരുന്നുപോയി. ●



*വരുൺ വാഴാമ്പറ്റ, 17 വയസ്സ്, മുക്കം ഉപസഭ*




*ശ്രീദേവി കൃഷ്ണ 10 വയസ്സ് . ബാലുശ്ശേരി*

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ




**ശ്രീദേവി അന്തർജ്ജനം**

ഹരിപ്പാട് താമല്ലാക്കൽ വൈരമന ഇല്ലത്തു പരേതനായ പരമേശ്വരൻ നമ്പൂതിരി(വി.പി നമ്പൂതിരി) യുടെ സഹധർമ്മിണി ശ്രീദേവി അന്തർജ്ജനം (82) വിഷ്ണുപാദം പൂകി. മക്കൾ. മിനി, മീര,സച്ചിൻ, സരിക. മരുമക്കൾ പരേതനായ വാസുദേവൻ നമ്പൂതിരി, ഉണ്ണികൃഷ്ണൻ നമ്പൂതിരി, മായാ സച്ചിൻ, സുരേഷ് നമ്പൂതിരി.



**എ.പി.മാധവൻ നമ്പൂതിരി**

വേദ പണ്ഡിതനും മാനന്തവാടി വള്ളിയൂർ കാവടക്കം വിവിധ ക്ഷേത്രങ്ങളിൽ തന്ത്രിയുമായിരുന്ന കോങ്ങാട് പുതുമന ഇല്ലം മാധവൻ നമ്പൂതിരി അന്തരിച്ചു. ഭാര്യ. പരേതയായ സാവിത്രി അന്തർജനം യോഗക്ഷേമസഭ പാലക്കാട് ജില്ലാ മുൻ പ്രസിഡന്റ് കേശവദേവ് പുതുമന മകനാണ്. മറ്റു മക്കൾ സുകുമാരി , മധു, ശിവപ്രസാദ്, പരേതനായ ശങ്കരൻ നമ്പൂതിരി.



**രമണി അന്തർജ്ജനം**

കല്ലിപ്പാടം: ഒരുപുലാശ്ശേരി മന രമണി അന്തർജ്ജനം(76) അന്തരിച്ചു. കോട്ടയം എഴുമാവിൽ തിരുത്തുമ്മിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ നീലകണ്ഠൻ നമ്പൂതിരിപ്പാട്. മക്കൾ: ഒ.എൻ.രാജേഷ്(വൈദ്യമഠം വൈദ്യശാല,മേഴത്തൂർ), ഒ.എൻ. സുജീഷ്(കോട്ടയ്ക്കൽ ആര്യവൈദ്യശാല,തിരൂർ) മരുമകൾ: പി.എം.രമ്യ(തൊണ്ടിയന്നൂർ പാറയിൽ മന, അദ്ധ്യാപിക എ.യു.പി. സ്കൂൾ, കുലുക്കല്ലൂർ).



**രാധാ അന്തർജനം**

മുംബൈ: ആറങ്ങോട്ടുകര മുണ്ടയൂർ മനയ്ക്കൽ രാധാ അന്തർജനം (85) വാഷിയിൽ വിഷ്ണുപാദം പൂകി.

ഭർത്താവ്: പരേതനായ എം.കൃഷ്ണൻ നമ്പൂതിരി, മക്കൾ, രവി നാരായണൻ, രാധാകൃഷ്ണൻ, രഞ്ജിത്ത്, പരേതരായ രമേഷ്, രമണി. മരുമക്കൾ: കൈരളി, രമണി, ലാവണ്യ.




**കുഞ്ഞൻ ഭട്ടതിരിപ്പാട്**

മുല്ലമംഗലത്തു മന കുഞ്ഞൻ ഭട്ടതിരിപ്പാട് (റിട്ടയേർഡ് പഞ്ചാബ് നാഷനൽ ബാങ്ക്) അന്തരിച്ചു. മുൻ കാല യോഗക്ഷേമ പ്രവൃത്തകരായിരുന്ന പ്രേംജിയുടേയും എം.ആർ.ബി യുടേയും സഹോദര പുത്രനാണ്. ഭാര്യ തെക്കേടത്തു പെരുമ്പടപ്പു മന സാവിത്രി അന്തർജനം മക്കൾ. വൈശാഖ് (വൈദ്യരത്നം ഔഷധശാല) അജിത് (എസ് എൻ ഐ ഔഷധശാല)



**സാവിത്രി ദേവി**

കോട്ടയം നെല്ലിക്കുന്നത്തില്ലത്ത് പരേതനായ നാരായണൻ നമ്പൂതിരിയുടെ (സീ പേൾ വാച്ച് വർക്ക്സ്, കോട്ടയം) പത്നി ശ്രീമതി. സാവിത്രിദേവി (81 വയസ്സ്, (റിട്ട.ഡിസ്ട്രിക്ട് പ്രൊജക്ട് ഓഫീസർ,ഡി. ആർ.ഡി.എ, കോട്ടയം.) വിഷ്ണു പാദം പൂകി. പരേത പാറക്കടവ് (എറണാകുളം) കാളത്തി മേക്കാട്ടില്ലം കുടുംബാംഗമാണ്. മകൾ: ഡോ.ഗായത്രി മരുമകൻ: ബി.പരമേശ്വര ശർമ്മ ചെറുമക്കൾ : കാർത്തിക്, അദ്വൈത്.



**വിഷ്ണു നമ്പൂതിരി**

കൂഴക്കോട് വരിക്കാൽ പാണ്ടിക്കടവത്തില്ലത്ത് വിഷ്ണുനമ്പൂതിരി വിഷ്ണുപദം പൂകി. കുന്നമംഗലം ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്ററായിരുന്നു. തികഞ്ഞ കോൺഗ്രസ് പ്രവർത്തകൻ. ദീർഘകാലം കുന്നമംഗലം കോ ഓപ്പറേറ്റീവ് ഹൌസിംഗ് സൊസൈറ്റിയുടെ ഡയറക്റ്റർ ആയിരുന്നു. സഹധർമ്മിണി ചായേടത്തില്ലത്ത് ദേവകി അന്തർജനം. മക്കൾ മധു (കൂഴക്കോട് സ്കൂൾ ), മനോജ് (കുന്നമംഗലം ഹൈസ്കൂൾ)



**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

കോട്ടൂർ– എടശ്ശേരി മുന്നൂറ്റിമംഗലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി നിര്യതനായി. രവീന്ദ്രൻ നമ്പൂതിരിയുടെ സഹോദരൻ ആണ്



**ശങ്കരൻ നമ്പൂതിരിപ്പാട്**

ചാത്തനാട്ട് ഇല്ലത്ത് ശങ്കരൻ നമ്പൂതിരിപ്പാട്(90) നിര്യാതനായി




**ആര്യ അന്തർജ്ജനം**

പന്നിശ്ശേരി പഴേടത്ത് പരേതനായ ചെറിയ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പത്നി ആര്യ അന്തർജ്ജനം വിഷ്ണുപാദം പൂകി.



**ഡോ.സാവിത്രി**

ഡോ.സാവിത്രി (കാഞ്ഞൂർ - കൂടല്ലൂർ മഹൾ) വിഷ്ണുപാദം പൂകി



**പുൽപ്പറമ്പിൽ കൃഷ്ണൻ നമ്പൂതിരി**

ചെറുകാട്ടുമീത്തിൽ എടക്രമഞ്ചേരി പരേതനായ വാസുദേവൻ നമ്പൂതിരി മകൻ കൃഷ്ണൻ നമ്പൂതിരി (71) (സൗപർണിക,പെരുമൻപുറ, പെരുമണ്ണ, റിട്ടയേർഡ് ഓഫീസർ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ) നിര്യാതനായി. സഹധർമ്മിണി ഉമാദേവി (ഡപ്യൂട്ടി ഡയറക്ടർ – റിട്ടയേർഡ് –സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്) ഗുരുവായൂർ കക്കാട് മഹൾ. മക്കൾ ബിജോയ് (യു എസ് ഐ) ബീന (എഡ്യുക്കേഷൻ, എറണാകുളം)



**നാരായണൻ നമ്പൂതിരി**

മാടമ്പി മന നാരായണൻ നമ്പൂതിരി (80) ബാംഗളൂരിൽ മകളുടെ വസതിയിൽ വിഷ്ണുപാദം പൂകി. ബോംബെയിൽ ടെക്സ്റ്റൈൽ എഞ്ചിനീയർ ആയിരുന്നു. ഭാര്യ ദേവി ( ചെറുകുളപ്പുത്തു മന). മക്കൾ: അജിത്, ആശ. മരുമക്കൾ: പ്രിയ, ഈശ്വർ. സഹോദരങ്ങൾ: ദേവി, വാസുദേവൻ, ശാസ്ത്ര ശർമ്മൻ, പരേതരായ ജാതവേദൻ നമ്പൂതിരി, കുമാരസ്വാമി നമ്പൂതിരി, ദേവകി അന്തർജനം.



**വാസുദേവൻ നമ്പൂതിരി**

ഭട്ടിയിൽ തെക്കേടത്ത് മന നീലകണ്ഠൻ നമ്പൂതിരി മകൻ വാസുദേവൻ നമ്പൂതിരി (70) വിഷ്ണുപാദം പൂകി. പത്നി ആറ്റുപുറത്ത് മഹൾ ശ്രീദേവി. സഹോദരങ്ങൾ നെടുമ്പിള്ളി തരണനല്ലൂർ സാവിത്രി അന്തർജനം, പനയൂർ ഗോപാലിക അന്തർജനം, നീലകണ്ഠൻ നമ്പൂതിരി, ശങ്കരനാരായണൻ നമ്പൂതിരി (ഹരിതാ ആഗ്രോ ഫാം എക്യൂപ്മെൻറസ് .




**നാരായണൻ നമ്പൂതിരി**

ചെത്തല്ലൂർ അത്തിപ്പറ്റ മന നാരായണൻ നമ്പൂതിരി (72) വിഷ്ണുപാദം പൂകി. ആലിപറമ്പ് ജിച്ച്ഐഎസ് എസ് റിട്ടയേർഡ് അദ്ധ്യാപകനായിരുന്നു. പത്നി ജയശ്രീ (കരിങ്കല്ലത്താണി ഫാത്തിമ ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക. മക്കൾ ശ്രീനാഥ് (പ്രൊഫസർ എൻ ഐ ടി കോഴിക്കോട്) ശ്രീജിത് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ) അലനല്ലൂർ. മരുമക്കൾ, രാജേശ്വരി, അമൃത. സഹോദരങ്ങൾ: വാസുദേവൻ, രമേശൻ, ഉമാദേവി, സാവിത്രി, ഉഷ, ലീന, ശ്രീജ.



**ഉണ്ണികാളി അന്തർജനം**

പെരിന്തൽമണ്ണ : പാലക്കീഴ് ഉണ്ണികാളി അന്തർജനം(87) വിഷ്ണുപാദം പൂകി. അന്തരിച്ച സാഹിത്യകാരൻ പാലക്കീഴ് നാരായണന്റെ ജേഷ്ഠന്റെ പത്നിയാണ്. ഭർത്താവ് മേലാറ്റൂർ മുൻ പഞ്ചായത്ത് അംഗം പരേതനായ പി.ടി. നമ്പൂതിരി. മക്കൾ നളിനി (റിട്ട. അദ്ധ്യാപിക) ഡോക്ടർ നാരായണൻ (റിട്ട. റെയിൽവേ) രവീന്ദ്രൻ (റിട്ട. അദ്ധ്യാപകൻ) ശ്രീജ (അദ്ധ്യാപിക).



**സുധാകരൻ മൂസത്**

മുതുവല്ലൂർ: റിട്ട. നേവി ഉദ്യോഗസ്ഥൻ തലയൂർ ഇല്ലം സുധാകരൻ മൂസത് (86) വിഷ്ണുപാദം പൂകി. ഭാര്യമാർ: സുമതി, വത്സല. മക്കൾ: നന്ദിത, നമിത, പരേതനായ നന്ദനൻ. മരുമക്കൾ: ഉണ്ണികൃഷ്ണൻ (പനമരം), രഞ്ജിത്ത് (പേരാമ്പ്ര), നീതു കൃഷ്ണ (തേഞ്ഞിപ്പലം സെയ്ന്റ് പോൾസ് ഹയർ സെക്കൻഡറി സ്കൂൾ).




**നരേന്ദ്രൻ നമ്പൂതിരി**

മഞ്ചേരി : പുല്ലൂർ കുറ്റാനിക്കാട് നരേന്ദ്രൻ നമ്പൂതിരി (78 ) വിഷ്ണുപാദം പൂകി. മഞ്ചേരി തൃക്കലങ്ങോട് പഞ്ചായത്ത് മുൻ അംഗമായിരുന്നു. ഭാര്യ കാവുങ്ങൽ മന സുഭദ്ര അന്തർജനം. മക്കൾ. ശ്രീജിത് (ഖത്തർ), ഹരി( മഞ്ചേരി കെ.എസ്.ഇ.ബി,) ശ്രീജ (അദ്ധ്യാപിക, ഭവൻസ് സ്കൂൾ വടക്കാഞ്ചേരി).



**സാവിത്രി അന്തർജനം**

കല്ലറ (കോട്ടയം ജില്ല)ചേലമറ്റത്തില്ലം സാവിത്രി അന്തർജനം (93) വിഷ്ണുപാദം പൂകി. ഭർത്താവ് : പരേതനായ വാസുദേവൻ ഇളയത്. മക്കൾ : സി വി ശ്രീദേവി അന്തർജനം, സി വി ശങ്കരൻ, സി വി സുധാമണി. മരുമക്കൾ : കെ കെ നാരായണ ശർമ, എൻ. പ്രസന്നകുമാരി, കെ വി രാജീവ്



**കൃഷ്ണൻ ഭട്ടതിരിപ്പാട്**

മേഴത്തൂർ: പത്തിയിൽ കൃഷ്ണൻ ഭട്ടതിരിപ്പാട് (74) വിഷ്ണുപാദം പൂകി. ഭാര്യ: ഉമാദേവി (റിട്ടയേർഡ് അദ്ധ്യാപിക, പെരിങ്ങോട്.) മക്കൾ : മഹേഷ്, മഹിത, മനുജ. മരുമക്കൾ: ശ്രീദേവി, ശ്രീകുമാർ മുഡുവമ്പുറം, സന്ദീപ് നാരായൺ കുറുശ്ശാരൂർ. പേരക്കുട്ടികൾ: ശ്രീമയി മഹേഷ്, അയന, അഭയ്, രാം നാരായണൻ.




**ഹേമലത**

തൃശൂർ: അയ്യന്തോൾ അളകനന്ദ റസിഡൻസിയിൽ താമസിക്കുന്ന മങ്ങാട്ട് മനയ്ക്കൽ ഹേമലത (67) വിഷ്ണുപാദം പൂകി. പ്രതിരോധ വകുപ്പിലെ റിട്ട. ജോയിന്റ് ഡയറക്ടർ ആണ്. ദീർഘകാലം ഡൽഹിയിലെ ഷാലിമാർ ബാഗ് എന്ന സ്ഥലത്തായിരുന്നു താമസം. ഭർത്താവ്: പരേതനായ ഉണ്ണികൃഷ്ണൻ. മകൾ: സ്വാതി. മരുമകൻ: രഞ്ജിത്ത്.




**ഡോ. മിസിസ് കെ.പി.കെ. തമ്പുരാൻ**

യോഗക്ഷേമസഭ തൃശ്ശൂർ ജില്ലയിലെ വടക്കേക്കാട് ഉപസഭാംഗവും പരേതനായ കരുമത്താഴത്ത് മണ്ണൂർ ഡോ. കൃഷ്ണൻ നമ്പൂതിരിയുടെ പത്നി ഡോ. മിസിസ് കെ.പി.കെ. തമ്പുരാൻ (അമ്മിണി തമ്പുരാൻ) വിഷ്ണുപാദം പൂകി. മക്കൾ ഡോ. രാജേഷ് കൃഷ്ണൻ, രൺദീപ് കെ വർമ്മ, മരുമകൾ ഡോ. ശ്രീകല രാജേഷ്. പേരക്കുട്ടികൾ: വൈഷ്ണവി കൃഷ്ണൻ, അതീന്ദ്ര കൃഷ്ണൻ




**നാരായണൻ നമ്പൂതിരി**

മാള അരയന്നമംഗലത്ത് മനയ്ക്കൽ റിട്ടയേർഡ് കാത്തലിക് സിറിയൻ ബാങ്ക് സീനിയർ മാനേജർ, എ.ടി നാരായണൻ നമ്പൂതിരി മുംബൈയിൽ വിഷ്ണുപാദം പൂകി.



**അഡ്വ. ഇ.എം.സി.എൻ. നമ്പൂതിരിപ്പാട്**

ചിനക്കത്തൂർ കാവിലെ മാനേജിങ് ട്രസ്റ്റിയായ ഏറന്നൂർ മനക്കൽ ചെറിയ നാരായണൻ നമ്പൂതിരിപ്പാട് വിഷ്ണുപാദം പൂകി.



**അനുജൻ ഭട്ടതിരിപ്പാട്**

പട്ടാമ്പി: ചേക്കൂർ മനയിൽ അനുജൻ ഭട്ടതിരിപ്പാട് (89) അന്തരിച്ചു. ഇന്ത്യൻ ഓയിൽ പട്ടാമ്പി ഡീലറായിരുന്നു. ഭാര്യ: ശ്രീദേവി അന്തർജനം.



**ഇന്ദിര അന്തർജനം**

ചങ്ങരംകുളം ഒതളൂർ വേണാട്ട് മനക്കൽ പരേതനായ രാമൻ നമ്പൂതിരിയുടെ സഹധർമ്മിണി ഇന്ദിര അന്തർജനം (74) വിഷ്ണുപാദം പൂകി. മക്കൾ :കൃഷ്ണകുമാരി, നന്ദകുമാർ, ശിവപ്രസാദ്. മരുമക്കൾ :മൂർത്തിസുന്ദരൻ, ഉഷ, ശ്രീവിദ്യ.



**രുക്മിണി അന്തർജനം**

ഓച്ചിറ: തട്ടയിൽ തെക്കേ കുറ്റിയാ നിപ്പുറത്ത് ഇല്ലത്ത് രുക്മിണി അന്തർജനം (87) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ നാരായണൻ നമ്പൂതിരി (ഒരിപ്പുറത്തു ഭഗവതീ ക്ഷേത്രം മുൻ മേൽശാന്തി). മക്കൾ: പരേതയായ രാധാദേവി, ലീലാദേവി, രാധാകൃഷ്ണൻ നമ്പൂതിരി (റിട്ട. കേണൽ), മധുസൂദനൻ നമ്പൂതിരി (തിരുമംഗലം ക്ഷേത്രം മേൽശാന്തി), രോഹിണി ദേവി (കേരള ബാങ്ക് റിട്ട. ശാഖാ മാനേജർ). മരുമക്കൾ: പരേതനായ നാരായണൻ പോറ്റി, പരമേശ്വരൻ നമ്പൂതിരി, വീണ രാ ധാകൃഷ്ണൻ, ശ്രീലത മധുസൂദനൻ, നാരായണൻ നമ്പൂതിരി (റിട്ട. പ്രിൻസിപ്പൽ ഗ വ.എച്ച്.എസ്.എസ്.)



**രമണി അന്തർജനം**

വടകര : കോട്ടപ്പള്ളി കുനിയില്ലത്ത് ശ്രീധരൻ നമ്പൂതിരിയുടെ പത്നി രമണി അന്തർജനം വിഷ്ണുപാദം പൂകി. മക്കൾ ശ്രീരേഷ് നമ്പൂതിരി രേഖ.




**വി.എൻ.ശങ്കരനാരായണൻ**

വെള്ളിനേഴി: വെള്ളിനേഴി ഹയർ സെക്കൻഡറി സ്കൂളിലെ മുൻ അധ്യാപകനും, ഒളപ്പമണ്ണ ദേവിപ്രസാദം ട്രസ്റ്റ് മാനേജരുമായ നെടുമ്പിള്ളി മനയ്ക്കൽ വി.എൻ.ശങ്കരനാരായണൻ (69) വിഷ്ണുപാദം പൂകി. ഭാര്യ: സാവിത്രി (റിട്ട. പോസ്റ്റൽ അസിസ്റ്റന്റ്) മക്കൾ :അശ്വിൻ (കോർപറേറ്റ് അഫയേഴ്സ് മന്ത്രാലയം, ചെന്നൈ), അശ്വതി (ഗവേഷക, ഐ. ഐ.ടി. ഗുവാഹാട്ടി). മരുമക്കൾ: അനഘ, വാസുദേവൻ (ബെംഗളൂരു). സഹോദരങ്ങൾ: വി.എൻ. സാവിത്രി, രാമൻ നമ്പൂതിരി, നാരായണൻ, പരേതനായ വി.എൻ. കൃഷ്ണൻനമ്പൂതിരി.



**സത്യജിത്ത്**

ഉള്ളിയേരി യോഗക്ഷേമസഭാംഗം നടുവണ്ണൂർ ചാലിൽ ഇല്ലത്ത് രാജേഷിന്റെയും സബിതയുടെയും മൂത്തമകൻ സത്യജിത്ത് (19) ബൈക്ക് അപകടത്തിൽ നിര്യാതനായി.




**വാസുദേവര്**

ചൂഴാൽ കൽപ്പഴ മഠത്തിൽ വാസുദേവര് (88) വിഷ്ണുപാദം പൂകി. (തിരുവനന്തപുരം തളിയൽ ഹരിനിവാസ്). പത്നി: ദേവകി അന്തർജനം. മക്കൾ: ശാന്തി, ഉമ, ഹരികുമാർ. മരുമക്കൾ: ഗീതാനന്ദര്, വേണുഗോപാൽ, രോഷ്നി.



**ദേവകി അന്തർജനം**

പിലാത്തറ : ചെറുതാഴം കുന്നുമ്പ്രം വാരണക്കോട് എ.എൽ.പി സ്കൂൾ മാനേജർ ദേവകി അന്തർജനം (94) വിഷ്ണുപാദം പൂകി. പരേതനായ വാരണക്കോട് വിഷ്ണുനമ്പൂതിരിയുടെ ഭാര്യയാണ്. ശ്രീ രാഘവപുരം ക്ഷേത്രം പാരമ്പര്യ ട്രസ്റ്റി പ്രൊഫ. ഡോ. വി ഗോവിന്ദൻ നമ്പൂതിരി, വാരണക്കോട് സ്കൂൾ മാനേജരും പ്രധാനാദ്ധ്യാപകനുമായിരുന്ന പരേതനായ നാരായണൻ നമ്പൂതിരി എന്നിവർ മക്കളാണ്. മരുമക്കൾ: സാവിത്രി അന്തർജനം (കുസുമം), സാവിത്രി അന്തർജനം.



**ഇ.പി. ഹരിജയന്തൻ നമ്പൂതിരി**

ഇ.പി. ഹരിജയന്തൻ നമ്പൂതിരി വിഷ്ണുപാദം പൂകി. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രം ഉൾപ്പെടെ നിരവധി ക്ഷേത്രങ്ങളിലെ തന്ത്രിയും ടി.ടി. കെ . ദേവസ്വം പ്രസിഡണ്ട്, ടാഗോർ വിദ്യാനികേതൻ ഹെഡ് മാസ്റ്റർ, തളിപ്പറമ്പ് എ ഇ ഒ തുടങ്ങിയ നിരവധി പദവികൾ വഹിച്ചിരുന്നു. ഭാര്യ: പരേതയായ ഉമാദേവി. മകൻ: നാരായണൻ നമ്പൂതിരി (റിട്ട. എൽ.ഐ.സി. ഉദ്യോഗസ്ഥൻ). മരുമകൾ: എം.പി.ഗീത, സഹോദരങ്ങൾ: സാവിത്രി അന്തർജ്ജനം, കല്യാണി അന്തർജ്ജനം അനന്തൻ നമ്പൂതിരി, പരേതയായ ആര്യ അന്തർജ്ജനം, പരമേശ്വരൻ നമ്പൂതിരി.



**പത്മിനി അന്തർജനം**

കോട്ടൂർ: കാരാട്ട് ഇല്ലം പത്മിനി അന്തർജനം (82) വിഷ്ണുപാദം പൂകി. മക്കൾ: കൃഷ്ണകുമാർ, സിന്ധു. മരുമക്കൾ: പ്രജി, ശ്യാംപ്രസാദ്.



**ഡി.സുകുമാരൻ പോറ്റി**

കൊട്ടാരക്കര: പ്രശസ്ത എഴുത്തുകാരി ലളിതാംബിക അന്തർജനത്തിന്റെ സഹോദരൻ കോഴിക്കോട് മാവൂർ ഗ്വാളിയോർ റയോൺസ് റിട്ട. ഉദ്യോഗസ്ഥൻ കോട്ടവട്ടം ചിത്രാഞ്ജലിയിൽ (തെങ്കുന്നത്ത് മഠം) ഡി.സുകുമാരൻ പോറ്റി (95) വിഷ്ണുപാദം പൂകി. ഭാര്യ: ലീല അന്തർജനം. മക്കൾ: പ്രദീപ് (റിട്ട. ജനറൽ മാനേജർ, ഐഒസി), അനിൽ (റിട്ട. ചീഫ് മാനേജർ എസ്ബിഐ), മനോജ് (റിട്ട. ബ്രാഞ്ച് മാനേജർ, എസ്ബിഐ ലൈഫ്), ചിത്ര. മരുമക്കൾ: ഡോ. സുഷമ (പാലക്കാട്), ശ്രീദേവി (റിട്ട. അഗ്രികൾച്ചർ ഓഫിസർ), ഡോ. സജീവ്, പരേതയായ ജയശ്രീ.



**ആര്യ അന്തർജനം**

താനൂർ: കേരളാധീശ്വരപുരം മുന്നൂലം മങ്ങാട്ടു മനയ്ക്കൽ ആര്യ അന്തർജനം (92) വിഷ്ണുപാദം പൂകി. ഭർത്താവ്: ഗുരുവായൂർ മുൻ മേൽശാന്തി പരേതനായ വാസുദേവൻ നമ്പൂതിരി, മക്കൾ: നീലകണ്ഠൻ നമ്പൂതിരി, സുബ്രഹ്മണ്യൻ (റിട്ട. മാനേജർ, പഞ്ചാബ് നാഷണൽ ബാങ്ക്), പരമേശ്വരൻ (ഒഴൂർ എച്ച്.എസ്.എസ്. റിട്ട. അദ്ധ്യാപകൻ), സാവിത്രി (ബഹ്റൈൻ), അഡ്വ. ഹരി, ഭവൻ. മരുമക്കൾ: ഡോ. വനജ (റിട്ട. പ്രൊഫ. ഗുരുവായൂരപ്പൻ കോളേജ്), ഡോ. ശ്രീദേവി (റിട്ട. ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസർ), തുളസി (സരസ്വതി വിദ്യാനികേതൻ പ്രധാനാധ്യാപിക), ബിന്ദു (എൽ.ഐ.സി. ഏജന്റ്), ശങ്കരപ്രദാസ് (ബഹ്റൈൻ), ഷീജ (കെ.പി.ബി. നിധി).



**ഭവദാസൻ നമ്പൂതിരി**

ഒറപ്പാലം മായന്നൂർ മുണ്ടനാട്ടുമന ഭവദാസൻ നമ്പൂതിരി(92) വിഷ്ണുപാദം പൂകി. തൃക്കങ്ങോട് രണ്ടു മൂർത്തി ക്ഷേത്രം, മനിശ്ശേരി, കണ്ണിയാംപുറം, ചെറോട്ടൂർ, മായന്നൂർ എന്നീ കാവുകളിലടക്കം നിരവധി ക്ഷേത്രങ്ങളിലെ തന്ത്രിയായിരുന്നു. കൂടാതെ വടക്കാഞ്ചേരി വ്യാസാ കോളേജിലെ റിട്ടയേർഡ് ഇംഗ്ലീഷ് പ്രൊഫസർ ആയിരുന്നു. ഭാര്യ: പരേതയായ മാലതി അന്തർജനം (ചെറുകുന്നം). മക്കൾ: നിർമല, ശങ്കരൻ നമ്പൂതിരി, മിനി. മരുമക്കൾ: ഒരുപുലാശ്ശേരി ഇന്ദു, ശ്രീദേവി (ആലംമ്പിള്ളി), മുണ്ടായ നാരായണൻ.




**സരസ്വതി അന്തർജനം**

തിരുവനന്തപുരം: വഞ്ചിയൂർ അംബാനഗർ ഡി-7, കൊട്ടാരക്കര ചന്ദ്രമന ഇല്ലത്ത് പരേതനായ ഡോ.ഇ. ഈശ്വരൻ നമ്പൂതിരിയുടെ (റിട്ട. ഡയറക്ടർ, വേദാന്ത സ്റ്റഡി സെന്റർ, കേരള സർവകലാശാല, കാര്യവട്ടം ) ഭാര്യ സരസ്വതി അന്തർജനം (90) വിഷ്ണുപാദം പൂകി. മക്കൾ – സി. ഇ. ഈശ്വര ശർമ (റിട്ട. ടെക്നിക്കൽ അസിസ്റ്റന്റ്, മലയാളം ലെക്സിക്കൺ, കേരള സർവകലാശാല), സി. ഇ. വാസുദേവ ശർമ (റിട്ട. സ്പെഷ്യൽ കറെസ്പോൺഡന്റ്, മാതൃഭൂമി), സുഭദ്ര ദേവി, സാവിത്രി ദേവി. മരുമക്കൾ – ഉഷാദേവി, സാവിത്രി ദേവി, ഡോ. മാങ്കുളം കൃഷ്ണൻ നമ്പൂതിരി (റിട്ട. പ്രിൻസിപ്പൽ, എസ്.ഡി. കോളേജ്, ആലപ്പുഴ, പരേതനായ ശങ്കരൻ നമ്പൂതിരി (ബ്രഹ്മാ സോഫ്റ്റെക്).




**ദേവകി അന്തർജനം**

തിരുവാണിയൂർ: തുരുത്തിക്കാല ദേവകി അന്തർജനം (99) വിഷ്ണുപാദം പൂകി. കാലടി കോശാപ്പിള്ളി മഹളാണ്. ഭർത്താവ്: പരേതനായ പത്മനാഭൻ നമ്പൂതിരി. മക്കൾ: വാസുദേവൻ നമ്പൂതിരി (നമ്പൂതിരീസ് കാറ്ററേഴ്സ് തിരുവാണിയൂർ), ശ്രീദേവി, രാമൻ നമ്പൂതിരി, പത്മനാഭൻ നമ്പൂതിരി (അനിയൻ), നാരായണൻ (റിട്ട. ഒ.ഇ. എൻ.), വാസന്തി (റിട്ട. അധ്യാപിക ഗവ. ഹയർ സെക്കൻഡറി, കൊപ്പം), രമേശൻ (പശു ഫാം തിരുവാണിയൂർ), ലത (റിട്ട. അധ്യാപിക), ഹരീന്ദ്രനാഥ്. മരുമക്കൾ: ശ്രീദേവി (പോതായത്ത് മന), പരേതനായ നാരായണൻ (പ്ലാപ്പിള്ളി മന) ഇന്ദിര (കരിവേലിൽ, കോട്ടയം), ലതിക (മംഗലപ്പിള്ളി, അന്നമനട), ദേവകി (പാറയിൽ മന, പട്ടാമ്പി) പദ്മിനി (കാലബ്ലാവ് മന കോതമംഗലം) വാസുദേവൻ (പാറയിൽ മന പട്ടാമ്പി), പരേതനായ ദാമോദരൻ (മറസ്സി, കാഞ്ഞൂർ) ഡോ. മാലതി, (പുത്തൻപുരയിൽ കക്കാട്.)




**ഗോവിന്ദൻ നമ്പൂതിരി**

മേലേടത്തില്ലത്ത് ഗോവിന്ദൻ നമ്പൂതിരി നിര്യാതനായി. 69 വയസ്സ്. റിട്ട. ഹെഡ് മാസ്റ്റർ. ഭാര്യ സരസ്വതി അന്തർജ്ജനം. മക്കൾ വിദ്യ. ടെക്നോപാർക്ക് തിരുവനന്തപുരം. ദീപ പത്തനംതിട്ട മരുമക്കൾ ദീപു ദുബായ്, അർജ്ജുൻ മനോഹർ പത്തനംതിട്ട



**ശ്രീധരൻ നമ്പൂതിരി**

മാവൂർ: പൈപ്പ്ലൈനിൽ അയ്യപ്പക്ഷേത്രത്തിന് സമീപം പഴങ്ങോട്ട്പറ്റ ഇല്ലത്ത് ശ്രീധരൻ നമ്പൂതിരി (68, കുട്ടൻ നമ്പൂതിരി) വിഷ്ണുപാദം പൂകി. ഭാര്യ: ഉമാദേവി. സഹോദരങ്ങൾ: നാരായണൻ നമ്പൂതിരി, സാവിത്രി അന്തർജ്ജനം, പാർവ്വതി അന്തർജ്ജനം.




**നാരായണൻ നമ്പൂതിരി**

പെരുമ്പാവൂർ : ചേലാമറ്റംകരയിൽ വേലിയാംകോൽ ഇല്ലത്ത് നാരായണൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ: ശ്രീദേവി അന്തർജനം, മക്കൾ: ബാലരമ അസിസ്റ്റന്റ് എഡിറ്റർ വി.എൻ. രാംകുമാർ, വിനോദ്, ഗോപകുമാർ.



**ഹേമാ വരുൺ**

കുറിച്ചിത്താനം: തലയാറ്റുപിള്ളി വരുണിന്റെ ഭാര്യ ഹേമ (30, ബേപ്പൂർ നീലമന മകൾ) നെതർലാൻഡ്സിൽ നിര്യാതയായി.



**ദാമോദരൻ മാസ്റ്റർ**

പട്ടാമ്പി അഴകത്തുമന ദാമോദരൻ മാസ്റ്റർ (68) വിഷ്ണുപാദം പൂകി. മുതുതല എ.യു.പി. സ്കൂളിലെ റിട്ട. അദ്ധ്യാപകനായിരുന്നു.




**കെ.ബി. ശ്രീദേവി**

തൃപ്പൂണിത്തുറ: പ്രശസ്ത സാഹിത്യകാരി കെ.ബി. ശ്രീദേവി(84) വിഷ്ണുപാദം പൂകി. 1940 മെയ് 1ന് മലപ്പുറം ജില്ലയിൽ വെള്ളക്കാട്ടുമനയിൽ ജനനം.വണ്ടൂർ വി.എം.സി. ഹൈസ്കൂൾ, തൃപ്പൂണിത്തുറ ഗേൾസ് ഹൈസ്കൂൾ, വരവൂർ സർക്കാർ സ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. മൂന്നുവർഷം നരവത്ത് ദേവകിയമ്മയുടെ കീഴിൽ വീണാവാദനം അഭ്യസിച്ചു. പതിനാറാം വയസ്സിൽ വിവാഹിതയായി. എട്ടു വർഷത്തോളം സാമൂഹികപ്രവർത്തനം. കഥ, നോവൽ, പഠനം, ബാലസാഹിത്യം, നാടകം എന്നീ മേഖലകളിൽ നിരവധി സംഭാവനകൾ മലയാളസാഹിത്യത്തിനു നൽകി.കുങ്കുമം അവാർഡ്, നാലപ്പാടൻ അവാർഡ്, വി.ടി. അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു.



**നങ്ങേലി അന്തർജനം**

വിളയിൽ പറപ്പൂർ പൂക്കോട്ട് ഇല്ലത്ത് നങ്ങേലി അന്തർജനം വിഷ്ണുപാദം പൂകി.



**ബ്രഹ്മശ്രീ പരമേശ്വരൻ നമ്പൂതിരി**

കോഴിക്കോട്: കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ പിതൃഗൃഹമായ തളിപ്പറമ്പ് ചെറിയൂർ മുല്ലപ്പള്ളി ഇല്ലത്തെ കാരണവർ ബ്രഹ്മശ്രീ പരമേശ്വരൻ നമ്പൂതിരി (90) വിഷ്ണുപാദം പൂകി. മകൾ രേഖയുടെ വസതിയായ കോഴിക്കോട് തരിപ്പ ഇല്ലത്ത് വെച്ചായിരുന്നു അന്ത്യം. ശാന്തകുമാരി കൃഷ്ണൻ, സത്യഭാമ ജയന്തൻ, ഗീത കൃഷ്ണൻ, രേഖ ഹരീഷ് എന്നിവരാണ് മക്കൾ. മരുമക്കൾ: പുതുക്കുളം കൃഷ്ണൻ നമ്പൂതിരി (പയ്യന്നൂർ), പരേതനായ ജയന്തൻ നമ്പൂതിരി (പാലക്കാട്), മുതുമന കൃഷ്ണൻ നമ്പൂതിരി (കോഴിക്കോട്), പരേതനായ തരിപ്പ ഹരീഷ് നമ്പൂതിരി (കോഴിക്കോട്).



**ദേവകി അന്തർജ്ജനം**

കരിങ്കുഴി പടിഞ്ഞാറെ നീലമന ദേവകി അന്തർജ്ജനം (98) വിഷ്ണുപാദം പൂകി.




**സാവിത്രി അന്തർജനം**

ചെറുവായൂർ ചെറുവക്കാട്ടില്ലത്ത് കേശവൻ നമ്പൂതിരിയുടെ ഭാര്യ സാവിത്രി അന്തർജനം (78 ) അന്തരിച്ചു. മക്കൾ ശ്യാമപ്രസാദ്, പരേതനായ ശ്രീരാജ്. മരുമക്കൾ സിന്ധു , സുജ



**സുഭദ്ര അന്തർജ്ജനം**

പട്ടിലകത്തു മന പരേതനായ ശങ്കരൻ നമ്പൂതിരിയുടെ പത്നി സുഭദ്ര അന്തർജനം വിഷ്ണുപാദം പൂകി




**രാമൻ ഭട്ടതിരിപ്പാട്**

മുൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻണ്ട് തെക്കേടത്ത് മന രാമൻ ഭട്ടതിരിപ്പാട് വിഷ്ണുപാദം പൂകി. മുൻ കേരള മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ ഭാര്യാ സഹോദരനാണ്.



**പുരുഷോത്തമൻ നമ്പൂതിരി**

എടപ്പാൾ കുറ്റിപ്പാല തോട്ടുപുറത്ത് മന പുരുഷോത്തമൻ നമ്പൂതിരി വിഷ്ണുപാദം പൂകി. മുൻ ശുകപുരം ഉപസഭ പ്രസിഡന്റായിരുന്നു.



**നാരായണൻ നമ്പൂതിരിപ്പാട്**

ചോറ്റാനിക്കര പള്ളിപ്പുറത്തു മനക്കൽ നാരായണൻ നമ്പൂതിരിപ്പാട് (83) വിഷ്ണുപാദം പൂകി. സഹധർമ്മിണി പൂളമണ്ണ മന മഹൾ തങ്കമണി. മക്കൾ പ്രീത പുറയന്നൂർ, പ്രശാന്ത്.



**സുശീല അന്തർജ്ജനം**

ചെമ്മാണിയോട് പനയൂർമന കൃഷ്ണൻ നമ്പൂതിരിയുടെ പത്നി സുശീല അന്തർജ്ജനം(72) വിഷ്ണുപാദം പൂകി. ധന്യ,ഹരി എന്നിവർ മക്കളാണ്.




**സരസ്വതി അന്തർജ്ജനം**

കണ്ണൂർ : വടശ്ശേരി പയ്യളിക്ക ഇല്ലത്ത് സരസ്വതി അന്തർജ്ജനം (87) വിഷ്ണുപാദം പൂകി. ഭർത്താവ് പരേതനായ വി.പി കൃഷ്ണൻ നമ്പൂതിരി. മകൾ സുഭദ്ര പി. മരുമക പി. കുഞ്ഞികൃഷ്ണൻ നമ്പൂതിരി (റിട്ട: ഹെഡ് മാസ്റ്റർ, ഏറ്റുകുടുക്ക എ യു പി സ്കൂൾ).



**ശ്രീദേവി അന്തർജ്ജനം**


ചെറുതുരുത്തി: വാഴാലിക്കാവ് ക്ഷേത്രം ട്രസ്റ്റ് ചെയർമാൻ ചിത്രഭാനു നമ്പൂതിരിപ്പാടിന്റെ മാതാവ് പൈങ്കുളം കൂടലാറ്റു പുറം മന ശ്രീദേവി അന്തർജ്ജനം വിഷ്ണുപാദം പൂകി.



**ഗോവിന്ദൻ നമ്പൂതിരി**


മംഗലപള്ളി ഇല്ലത്ത് -മയ്യിൽ കണ്ണൂർ ഗോവിന്ദൻ നമ്പൂതിരി വിഷ്ണുപാദം പൂകി

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**വാസുദേവൻ നമ്പൂതിരി**

തിരുവല്ല കാവുംഭാഗത്ത് ഏറത്തുമേച്ചേരി മനയിൽ വാസുദേവൻ നമ്പൂതിരി (88) വിഷ്ണുപാദം പൂകി. നേവിയിലും മർച്ചന്റ് നേവിയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: സുകുമാരി അന്തർജ്ജനം, മക്കൾ: പരേതയായ വിനീത. വിനോദ്. മരുമകൻ: ദിലീപൻ നാരായണൻ നമ്പൂതിരി വാളവക്കോട്ടില്ലം.



**നാരായണൻ നമ്പൂതിരി**

ഏളനൂർകട ബാറത്ത് പനക്കാട് നാരായണൻ നമ്പൂതിരി (85) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ കോതാരി ഇല്ലത്ത് ശ്രീദേവി അന്തർജ്ജനം. മക്കൾ: സാവിത്രി, പ്രേമ, ഗിരീഷ്, ഹരീഷ്, ഉണ്ണി, പരേതയായ രമ. ഏളനൂർ അയ്യപ്പക്ഷേത്രം ഊരാളനാണ്. സഹോദരങ്ങൾ: കൃഷ്ണൻ നമ്പൂതിരി, ശ്രീമാൻ നമ്പൂതിരി വണ്ടൂർ, പരേതയായ അമ്മിണി എടവലത്ത് കോളശ്ശേരി.

സ്വസ്തിയിൽ നൽകാനുള്ള ചരമവാർത്തകൾ വാട്ട്സ് അപ്പിൽ അയക്കാം. വാട്ട്സ് അപ്പ് നമ്പർ 9400992823




**കൊട്ടാരക്കര ഭദ്ര**

കൊട്ടാരക്കര കഥകളി വേദികളിലെ നിറഞ്ഞ സ്ത്രീ സാന്നിധ്യം കോട്ടാത്തല പത്തടി ഗൗരി ഗോവിന്ദത്തിൽ കൊട്ടാരക്കര ഭദ്ര (76) വിഷ്ണുപാദം പൂകി. 35 വർഷം കഥകളിരംഗത്തു നിറഞ്ഞുനിന്ന ഭദ്ര പതിനായിരത്തിലധികം വേദികളിൽ വേഷമിട്ടു. ഭർത്താവ് പരേതനായ ഗോപാലകൃഷ്ണൻ. മകൻ ഗണേഷ് (പരസ്യ മാനേജർ, മാതൃഭൂമി, കൊല്ലം). മരുമകൾ രശ്മി. സാംസ്കാരിക വകുപ്പിന്റെ കഥകളി അവാർ ഡ്, സതിവർമ സ്മരക പുരസ്കാരം, കൊട്ടാരക്കര ശ്രീധരൻ നായർ പുരസ്കാരം, അഖില കേരള പുരാണ പാരായണ അവാർഡ് തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ നേടി.



**സാവിത്രി അന്തർജനം**

പുലാമന്തോൾ അവുഞ്ഞിക്കാട്ടുമന സാവിത്രി അന്തർജനം (96)വിഷ്ണുപാദം പൂകി. ഭർത്താവ് പരേതനായ വാസുദേവൻ ഭട്ടതിരിപ്പാട്. മക്കൾ യതീന്ദ്രദാസ് (റിട്ട. എഞ്ചിനീയർ കെൽ), മുരളീധരൻ (റിട്ട. ഫെഡറൽ ബാങ്ക്),ലൈല, സതി . മരുമക്കൾ, ശ്രീദേവി, സാവിത്രി. പണിക്കത്ത് അപ്പു, കുഞ്ഞനുജൻ നമ്പുതിരിപ്പാട്.




**ഹരിദത്തൻ നമ്പൂതിരി**

തൃശൂർ കൊടകര അഴകം ഹരിദത്തൻ നമ്പൂതിരി വിഷ്ണുപാദം പൂകി.




**ഹൈമവതി അന്തർജ്ജനം**

ആലുവ ഉളിയന്നൂരിൽ ശ്രീകൃഷ്ണ ഭവനിൽ പരേതനായ നാരായണൻ പോറ്റിയുടെ സഹധർമ്മിണി ഹൈമവതി അന്തർജ്ജനം (94) വിഷ്ണുപാദം പൂകി.



**പരമേശ്വരൻ നമ്പൂതിരി**

ഗുരുവായൂർ ക്ഷേത്രം ഓതിക്കൻ മുന്നൂലം മങ്ങാട്ട് മന പരമേശ്വരൻ നമ്പൂതിരി (62) വിഷ്ണുപാദം പൂകി.. റിട്ടയേർഡ് അദ്ധ്യാപകനായിരുന്നു. ഭാര്യ. തുളസി (പ്രധാന അദ്ധ്യാപിക, സരസ്വതി വിദ്യാനികേതൻ) മക്കൾ ശ്രീവാസ്, അഡ്വക്കേറ്റ് കൃഷ്ണദത്ത്.



**ലീല അന്തർജ്ജനം**

പുളിനെല്ലി റോഡ് ആട്ടീരി മൂത്തേടത്തുമനയിൽ ലീല അന്തർജ്ജനം (84) വിഷ്ണുപാദം പൂകി. ഭർത്താവ് പരേതനായ എ.എം.ജി.നമ്പൂതിരി. മക്കൾ. നാരായണൻ നമ്പൂതിരി (ജോത്സ്യൻ, ആറ്റുകാൽ) മരുമക്കൾ. സാവിത്രി, സവിത



**രാധ അന്തർജ്ജനം**

തൃശൂർ മാള കൊച്ചുകടവ് മരുതൂർ മന രാധ അന്തർജനം (90) നിര്യാതയായി. ഭർത്താവ് പരേതനായ മരുതൂർ കൃഷ്ണൻ നമ്പൂതിരി. മക്കൾ: സുധ, സുനിൽ, സുമ, സുഭ. മരുമക്കൾ: ഷൊർണ്ണൂർ കയില്യാട് ചേരമ്പറ്റ മന നാരായണൻ ഭട്ടതിരിപ്പാട്, തൃശൂർ താമരപ്പിള്ളി സിന്ധു, അന്നമനട തുറനെല്ലൂർ രവീന്ദ്രൻ, പറളി കൊരട്ടിക്കര ഹരികൃഷ്ണൻ.



**സുലോചന അന്തർജ്ജനം**

വളാഞ്ചേരി, വേണ്ടല്ലൂർ മൂത്തമല കുട്ടിനാരായണന്റെ ഭാര്യയും വടകര കടമേരി അമ്പിളിക്കുന്നത്തില്ലം പരേതനായ നാരായണൻ നമ്പൂതിരിയുടെ മകളുമായ സുലോചന അന്തർജനം വിഷ്ണുപാദം പൂകി.



**സാവിത്രി അന്തർജ്ജനം**

കുളങ്ങരങ്ങര നാരായണൻ നമ്പൂതിരിയുടെ ഭാര്യ സാവിത്രി അന്തർജനം വിഷ്ണുപാദം പൂകി.



**സരസ്വതി അ ന്തർജനം**

നരിപ്പറ്റ മനക്കൽ പരേതനായ ഭവത്രാതൻ ഭട്ടതിരിപ്പാടിന്റെ ഭാര്യ സരസ്വതി അന്തർജനം( 87) വിഷ്ണുപാദം പൂകി. തൃശൂർ കൊളങ്ങാട്ടുകര പൊറക്കുടിഞ്ഞത് മന വാസുദേവൻ ഭട്ടതിരിപ്പാടിന്റെയും കാളി അന്തർജനത്തിന്റെയും മകളാണ് . മക്കൾ മോഹനൻ, വാസുദേവൻ, ഗീത, സതീശൻ, ദിനേശൻ, മുരളി, ഹരി, പ്രേമ. മരുമക്കൾ സാവിത്രി (കിഴക്കിനിയകത്ത് മന), ശ്രീദേവി (ഇടമന മന), ത്രിവിക്രമൻ നമ്പൂതിരി (ഞാറ്റിയാല മന), രമ (അണ്ടലാടി മന), ലത (ഇരവിമംഗലത്ത് മന), സജി (എറയൂർ മന), സാവിത്രി (മുല്ലപ്പള്ളി മന), ദാമോദരൻ നമ്പൂതിരി (കരിപ്പാല മന). സഹോദരങ്ങൾ: പരേതനായ ഗംഗാധരൻ ഭട്ടതിരിപ്പാട്, ലീല തരണനെല്ലൂർ തേക്കിനിയേടത് മന, ശാന്ത കണ്ടഞ്ചാത മന.



# ശ്രദ്ധാഞ്ജലി

# പള്ളത്തേരി ഉമാദേവി

**എടക്കുന്നി. തൃശൂർ**

## ഒന്നാം ശ്രാദ്ധദിനം

**മാർച്ച് 24, 2024**

*ഭർത്താവ്:* **പള്ളത്തേരി പരേതനായ ചിത്രഭാനു നമ്പൂതിരി**

*മക്കൾ:* ഗിരിജ, മാധവൻ, ഗീത

*മരുമക്കൾ:* **പുല്യാട്ട് കൃഷ്ണൻ ഭട്ടതിരി, ഗോവ . ഭട്ടി തെക്കേടത്ത് സുധ, തൃശൂർ. കണ്ണനൂർ തെക്കേടം നാരായണൻ, മുംബൈ.**

*പേരക്കുട്ടികൾ:* **ശ്രീദേവി- നാരായൺ പ്രഭു ദേശായ്, ഉമ- ശ്രീകാന്ത് മുല്ലമംഗലം, ഗണേഷ് ഭട്ടതിരി- ഉത്തരാ ഗണേഷ്, അരുൺ ചിത്രഭാനു- അപർണ അരുൺ, അനഘ- സച്ചിൻ തോട്ടപ്പായ, സുപർണ.**

*പ്രപൗത്രർ:* **സിദ്ധാന്ത് പ്രഭു ദേശായ്, ആവണി പ്രഭു ദേശായ്, നിധി ശ്രീകാന്ത്, ദിയ ശ്രീകാന്ത്, നീൽ ഗണേഷ് ഭട്ടതിരി.**

ഫോൺ: **തെക്കേടം നാരായണൻ 9664800677**

# ശ്രദ്ധാഞ്ജലി



## പി കൃഷ്ണൻ നമ്പൂതിരി

## (ചരമം: 2024 ജനുവരി 13)

**'സൗപർണിക' പെരുമൻപുറ, പെരുമണ്ണ പി ഒ, കോഴിക്കോട്: 19**

**റിട്ടയേർഡ് അസിസ്റ്റൻറ് മാനേജർ (ടെക്നിക്കൽ), ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ**

*Your absence is deeply felt, but your love continues to guide us every day.*
*Your love was, is, and will always be our anchor. Your memory is a source of strength,*
*and we honor you by living the values you instilled in us.*

*പിതാവ്:* കോഴിക്കോട് പെരുമൻപുറ ചെറുകാട്ടുമഠത്തിൽ എടക്രമഞ്ചേരി **വാസുദേവൻ നമ്പൂതിരി** (Late), *മാതാവ്:* **ഉണ്ണിമായ അന്തർജനം** (Late), *സഹധർമ്മിണി:* **ഉമാദേവി കക്കാട്**, ഡപ്യൂട്ടി ഡയറക്ടർ ഓഫ് ഇൻഷുറൻസ്, കേരള സർക്കാർ. (റിട്ടയേർഡ്) *മക്കൾ:* **ബീന** (വിദ്യാഭ്യാസ വകുപ്പ്, കലക്ടറേറ്റ്, എറണാകുളം. **ബിജോയ്** (ടി സി എസ്, കണക്ടിക്കട്ട്, യു എസ് എ), *മരുമക്കൾ:* **രാമൻ വൈക്കാക്കര** (ഐടിഐ, പെരുവ, എറണാകുളം), **അപർണ** കുട്ടല്ലൂർ (യേൽ ന്യൂ ഹാവൻ ഹെൽത്ത്, കണക്ടിക്കട്ട്, യു എസ് എ), *പേരക്കുട്ടികൾ:* **സിദ്ധാർത്ഥ് നീലകണ്ഠൻ, പാർവ്വതി രാമൻ, അവന്തിക,** *സഹോദരങ്ങൾ:* **ദാമോദരൻ നമ്പൂതിരി** (Late), Kerala Soaps and Oils Ltd. **വാസുദേവൻ നമ്പൂതിരി** (Late), Medical College campus school, Kozhikode, **രാമൻ നമ്പൂതിരി,** FCI (Retd.) Kandamangalam **നങ്ങേലി അന്തർജനം, നാരായണൻ നമ്പൂതിരി,** Melsanthi (Retd.), Sri Perumanpura Vishnu Kshetram, Mundakkassery Pullurmanna **മാധവിക്കുട്ടി** (Late), **വിഷ്ണു പുൽപ്പറമ്പിൽ (**Saradhy tyre and care)

# കൃതജ്ഞത



## രമണി അന്തർജ്ജനം(76)

(കോട്ടയം എഴുമാവിൽ തിരുത്തുമ്മിൽ കുടുംബാംഗം)
W/o ഒരുപുലാശ്ശേരി നീലകണ്ഠൻ നമ്പൂതിരിപ്പാട്

**അമ്മയുടെ ദേഹവിയോഗദുഃഖത്തിൽ പങ്കുചേർന്ന് ഞങ്ങളെ സമാധാനിപ്പിക്കുകയും സംസ്കാരം, പിണ്ഡം തുടങ്ങി എല്ലാകാര്യങ്ങളിലും ഞങ്ങളോടൊപ്പം സഹകരിക്കുകയും സഹായിക്കുകയും ചെയ്ത ബന്ധുക്കൾ, സുഹൃത്തുക്കൾ എല്ലാവരോടും കൃതജ്ഞത അറിയിക്കുന്നു.**

എന്ന്, മക്കൾ: ഒ.എൻ.രാജേഷ് (വൈദ്യമഠം വൈദ്യശാല, മേഴത്തൂർ)
ഒ.എൻ.സുജീഷ് (കോട്ടയ്ക്കൽ ആര്യവൈദ്യശാല, തിരൂർ)
മരുമകൾ: പി.എം.രമ്യ, തൊണ്ടിയന്നൂർ പാറയിൽ മന,
(അദ്ധ്യാപിക എ.യു.പി.സ്കൂൾ, കുലുക്കല്ലൂർ) പേരക്കുട്ടി: നീലകണ്ഠൻ

**ഒരുപുലാശ്ശേരി മന, കല്ലിപ്പാടം പി.ഒ, ഷൊർണ്ണൂർ–2, പാലക്കാട് ജില്ല, ഫോൺ: 94955 02605**

# സുപ്രസിദ്ധ പാചക വിദഗ്ധൻ
# മലമേൽ നീലകണ്ഠൻ നമ്പൂതിരി
# ശതാഭിഷേകത്തിന്റെ നിറവിൽ

**പിതാവ്: വാസുദേവൻ നമ്പൂതിരി. മാതാവ്: പാർവ്വതി അന്തർജനം.**



പതിനാലാം വയസ്സിൽ ദേഹണ്ഡം തുടങ്ങി.സ്കൂൾ യുവജനോത്സവം, കായികമേള, പാർട്ടി സമ്മേളനങ്ങൾ, വിവാഹസദ്യകൾ - ആറു പതിറ്റാണ്ടുകളായി പതിനായിരക്കണക്കിനാളുകൾക്ക് തിരുമേനി സദ്യയൊരുക്കി. പഴയിടം മോഹനൻ നമ്പൂതിരിയെപ്പോലെ നിരവധി പാചകക്കാരുടെ ഗുരുവാണ് നീലകണ്ഠൻ നമ്പൂതിരി.

കഥാപ്രസംഗവേദികളിലും സംഗീതക്കച്ചേരികളിലും ഒന്നാന്തരം മൃദംഗവാദകൻ കൂടിയായിരുന്നു തിരുമേനി.

ഭാര്യ ആര്യ അന്തർജനം
(ഭരണങ്ങാനം പാണ്ട ത്തില്ലത്ത് മകൾ )
മക്കൾ :വൃന്ദ, വിനു, സന്ധ്യ
മരുമക്കൾ: പരമേശ്വരൻ പോറ്റി ,വിക്രമൻ നമ്പൂതിരി ,വിദ്യ

**നീലകണ്ഠൻ നമ്പൂതിരി**
വിലയിനിക്കൽ മഠം, മാത്തൂർ പി ഒ
ഓമല്ലൂർ, പത്തനംതിട്ട ജില്ല 689647

*പാചകകലയുടെ ഈ മുത്തച്ഛന് ആശംസകൾ നേരാം.*


Mob: 9447861061



ക്ഷേത്രങ്ങൾ, നാലുകെട്ടുകൾ തുടങ്ങിയവക്കും മറ്റു കെട്ടിടങ്ങൾക്കും
വാസ്തുശാസ്ത്രപ്രകാരമുള്ള അളവുകൾക്കും
സ്ഥാനനിർണ്ണയത്തിനും സമീപിക്കുക.
ശാസ്ത്രശർമ്മൻ കെഎം.
കരുവാട്ടുമന
പുന്നയൂർക്കുളം
തൃശൂർ ജില്ല
മൊബൈൽ: 9846579945




60th
വിവാഹ
വാർഷികാശംസകൾ
02/02/2024 ന് അറു
പതാം വിവാഹ വാർ
ഷികം ആഘോഷിച്ച
വൈദീകൻ തൃശൂർ
മണ്ണുത്തി കീഴെ
പെരുമ്പടപ്പ്
ശങ്കരനാരായണൻ
അടിതിരിപ്പാടിനും
ദേവകി
പത്തനാടിക്കും
ആശംസകളോടെ,
കുടുംബാംഗങ്ങൾ
Mob: 9544080465

അശീതി ആശംസകൾ
അശീതി ആഘോഷിക്കുന്ന തൃശൂർ
വെങ്കിടങ്ങ് മാന്തിട്ട മന വിഷ്ണു നമ്പൂതിരിക്ക്
ആശംസകളോടെ, കുടുംബാംഗങ്ങൾ
Mob: 9446723266



*കൊട്ടാരക്കര ഡോക്ടർ യോഗദത്തൻ നമ്പൂതിരി - ഡോക്ടർ ശ്രീഗംഗ ദമ്പതിമാരുടെ മകൾ അനാമിക നമ്പൂതിരിയും മകാൻ സിംഗ് സജ്വാൻ - രോഷ്ണീദേവി ദമ്പതിമാരുടെ മകൻ സൗരഭ് സജ്വാനും വിവാഹിതരായി. വിവാഹം 2024 ഫെബ്രുവരി 12 മുതൽ 14 വരെ ഡെറാഡൂണിലും റിസപ്ഷൻ മാർച്ച് 1 ന് കൊട്ടാരക്കര ശിൽപ്പ റെസിഡൻസിയിലും നടന്നു.*
*ഫോൺ: ഡോക്ടർ ശ്രീഗംഗ:8921467063*



*ഗുരുവായൂർ കൊടക്കാട് മന ഗോവിന്ദൻ (ശശി ) നമ്പൂതിരി - ദേവകി അന്തർജനം ദമ്പതിമാരുടെ മകൻ ഉണ്ണിക്ക്യൃഷ്ണനും ഇരിങ്ങാലക്കുട കെടങ്ങാശ്ശേരി തരണനല്ലൂർ മന കെ പി നാരായണൻ നമ്പൂതിരി - മാലിനീദേവി ദമ്പതിമാരുടെ മകൾ അഞ്ജനയും തമ്മിൽ 2024 ജനുവരി 21- 1199 മകരം 7 - തരണനെല്ലൂർ മനയിൽ വെച്ച് വിവാഹിതരായി.*
*Mob: 9446995229*



*ഫറോക്ക് നല്ലൂർ തെഞ്ചേരി രാമൻ നമ്പൂതിരിയുടെയും സതീദേവിയുടേയും മകൾ ഹരിതയും വിളയിൽ കൊളങ്ങര ഇല്ലത്ത് ജയപ്രകാശ് നമ്പൂതിരിയുടെയും ശോഭനയുടെയും മകൻ ആദിത്യനും വിളയിൽ ഇ.സി.എം. ഓഡിറ്റോറിയത്തിൽ വെച്ച് 22- 1 - 2024 ന് വിവാഹിതരായി (Mobile 9961210934)*



*തൃശൂർ വെസ്റ്റ് കൊരട്ടി തുറനെല്ലൂർ മന അജയകുമാർ നമ്പൂതിരിയുടെയും രമ അന്തർജനത്തിന്റെയും മകൻ വൈശാഖ് നമ്പൂതിരിയും കോട്ടയം ചിറക്കടവ് കര വേലിൽ ഇല്ലത്ത് (മേലണ്ണൂർ) എം എൻ മുരളീധരൻ നമ്പൂതിരിയുടെയും സുധ അന്തർജനത്തിന്റെയും മകൾ ശ്രീലക്ഷ്മിയും 4/2/24 ന് കൊരട്ടി ചെറ്റാരിക്കൽ എൻ എസ് എസ് കരയോഗം ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.*
*ഫോൺ: വൈശാഖ് 9048290887*




*മലപ്പുറം വളാഞ്ചേരിക്കടുത്തുള്ള ഇരിമ്പിളിയം പട്ടാഴി മനയിലെ നാരായണൻ നമ്പൂതിരിയുടെയും രാധ അന്തർജനത്തിന്റേയും മകൻ ഹരികൃഷ്ണനും തിരുവനന്തപുരം മടവൂർ മാമണ്ണൂർ മഠത്തിൽ (ഗംഗോത്രി) ശ്രീ കെ മുരളീധരന്റെ യും ശ്രീമതി സജിതയുടെയും മകൾ നീരജയും കൊല്ലവർഷം 1199 മകരം 3-ാം തീയതി (2024 ജനുവരി 17) ബുധനാഴ്ച പട്ടാഴി മനയിൽ വച്ച് വിവാഹിതരായി. ഫോൺ: 9495611126, 9495611125*



*മലപ്പുറം എടവണ്ണപ്പാറ അരീക്കര ഇല്ലത്ത് ശ്രീ.ദാമോദരൻ നമ്പൂതിരിയുടെയും ശ്രീമതി. തങ്കമണിയുടെയും പുത്രി കൃഷ്ണപ്രിയയും പാലക്കാട് കോട്ടായി നീലമന ശങ്കരൻ നമ്പൂതിരി - ഗീത ദമ്പതിമാരുടെ പുത്രൻ ജിഷ്ണുദേവനും തമ്മിലുള്ള വേളി 2024 ജനുവരി 17ന് എടവണ്ണപ്പാറയിലുള്ള 'പാർക്കോൺ' കല്യാണ മണ്ഡപത്തിൽവച്ച് നടന്നു.*
*മൊബൈൽ: അരീക്കര ദാമോദരൻ നമ്പൂതിരി: 9847934148*




തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം അമ്പാടി നഗർ ദേവീകൃപയിൽ ജി.ഗണേഷിന്റെയും എസ്.ജി. മഞ്ജുവിന്റെയും മകൾ ഭദ്ര ജി.യും, തൃശൂർ ജില്ല അവിണിശ്ശേരി കല്ലൂർ മനയിൽ കെ.ജെ.അജയകുമാർ നമ്പൂതിരിപ്പാടിന്റെയും എ.എസ്.സാവിത്രിയുടെയും മകൻ ജയന്ത് കെ.അജയും തമ്മിലുള്ള വിവാഹം തിരുവനന്തപുരം കാര്യവട്ടം ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 2023 ഡിസംബർ 9 ന് മംഗളകരമായി നടന്നു.



ഗുരുവായൂർ തേലമ്പറ്റ മന 'ഈശാവാസ്യം' വസതിയിൽ നാരായണൻ - പ്രവിത ദമ്പതിമാരുടെ മകൾ ശ്രദ്ധ നാരായണനും കൊച്ചി കാക്കനാട് പേരമന കൃഷ്ണൻ നമ്പൂതിരി - ഗിരിജാ കൃഷ്ണൻ ദമ്പതിമാരുടെ മകൻ സഞ്ജയ് പി കൃഷ്ണനും തമ്മിൽ വിവാഹിതരായി. വിവാഹ സുദിനം: 21/1/24 മുതുകുളങ്ങര ക്ഷേത്രം ഓഡിറ്റോറിയം, ഏരൂർ, തൃപ്പൂണിത്തുറ. വിവാഹ റിസപ്ഷൻ 24/1/24 ന് ഗുരുവായൂർ രുഗ്മിണി കല്യാണമണ്ഡപത്തിൽ നടന്നു. ആശംസകളോടെ, അഗ്നിവേശ് & അവിനാഷ്, തേലമ്പറ്റ മന, ഗുരുവായൂർ. Mob:9645135385



തൃശൂർ കരിക്കാട് ഭട്ടി തെക്കേടത്തു മനക്കൽ പരേതനായ നാരായണൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകൻ നന്ദകിഷോറും തോന്നല്ലൂർ പുതുമന മാധവൻ നമ്പൂതിരിയുടെയും ജയശ്രീയുടെയും മകൾ മഞ്ജുവും 2024 ജനുവരി 27 ന് വിവാഹിതരായി. നന്ദകിഷോർ : 6282492174



ആലുവ, പല്ലേരി ഇല്ലത്തു അഡ്വ. പി.എൻ.ഡി.നമ്പൂതിരിയുടെയും, ലളിതാംബികയുടെയും മകൻ ഹൃതിക്കും പെരുമ്പാവൂർ,വലിയമംഗലത്തില്ലത്തു ശ്രീ. മുരളികൃഷ്ണന്റെയും, ശ്രീമതിയുടെയും മകൾ ഇന്ദുമതിയും തമ്മിലുള്ള വിവാഹം 31.01.2024 ൽ ആലുവയിൽ വച്ച് നടന്നു.
അഡ്വ. പി.എൻ.ഡി. നമ്പൂതിരി 9447396577



കാട്ടുമാടം ഹരിദാസൻ - ശ്രീദേവി ദമ്പതിമാരുടെ മകൻ അനന്തുവും നീലമന ദേവദാസ് നമ്പൂതിരി - സിന്ധു ദമ്പതിമാരുടെ മകൾ ദേവികയും തമ്മിലുള്ള വിവാഹം 2024 ജനുവരി 28 ന് കോഴിക്കോട് ബാലുശ്ശേരി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്നു.
കാട്ടുമാടം ഹരിദാസൻ നമ്പൂതിരി Mob: 9645300 291



ആലങ്കോട് കക്കാട് ഹരി നമ്പൂതിരിയുടെയും ശ്രീജയുടെയും മകൾ ഹരിചന്ദനയും കണ്ണനൂർ അരിക്കത്ത് മോഹനൻ നമ്പൂതിരിയുടെയും വത്സലയുടെയും മകൻ അഖിലും തമ്മിലുള്ള വിവാഹം ജനുവരി 21ന് കുളപ്പുള്ളി ബ്ലൂ ഡയമണ്ട് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വെച്ചു നടന്നു.
ഹരി നമ്പൂതിരി Mob: 9539593234

YOGAKSHEMASABHA SWASTHI ❑ Reg.No:KERMAL/2022/83817 ❑ Rs 75
Vol. No:3 Issue No:2 ❑ Kozhikode ❑ Date of Publication: 1 April 2024

